# FOCUS

## A HALF YEARLY DIGEST FOR THE LAW MAKER

Prepared by
THE SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

FOCUS

വാല്യം : LIII ജൂലൈ - ഡിസംബർ 2024 നം. II

# ഉള്ളടക്കം

## നയജാലകം

പേജ് നമ്പർ

| | | | |
|---|---|---|---|
| മൂല്യനിർണ്ണയരീതി പരിശോധിക്കണം [മാതൃഭൂമി, 4 ജൂലൈ 2024] | - | ഡോ. ബി. ഇക്ബാൽ | 1-3 |
| പുഴകളെ കൊല്ലുന്ന നമ്മൾ ക്രൂരർ [മലയാള മനോരമ, 11 ജൂലൈ 2024] | - | | 4-5 |
| പേരുമാറ്റിയാൽ തീരില്ല ദളിത് കോളനിയിലെ ജീവിതപ്രശ്നങ്ങൾ [മാതൃഭൂമി, 27 ജൂലൈ 2024] | - | ഡോ. എൻ.പി. ശ്രീജേഷ് | 6-9 |
| നികുതിദായകർ എന്ന കറവപ്പശു [മാതൃഭൂമി, 30 ജൂലൈ 2024] | - | ഡോ. കെ. രാജേഷ് | 10-15 |
| Jan Aushadhi and the question of qualtiy [Down to Earth, 16-31 July 2024] | - | Latha Jishnu | 16-18 |
| വൻ ആരോഗ്യഭീഷണിയായി കാലാവസ്ഥാമാറ്റം [കലാകൗമുദി, 4-11ആഗസ്റ്റ് 2024] | - | ഡോ. എൻ. സുന്ദരേശൻ | 19-21 |
| ദുരന്തങ്ങൾ നൽകുന്ന പ്രകൃതി പാഠങ്ങൾ [സമകാലിക മലയാളം, 12 ആഗസ്റ്റ് 2024] | - | രേഖാ ചന്ദ്ര | 22-29 |
| The essence of India's inflation problem [The Hindu, 17th August 2024] | - | Pulapre Balakrishnan & M. Parameswaran | 30-32 |
| ശാസ്ത്രത്തെ വീണ്ടെടുക്കുക രാഷ്ട്രത്തെയും [മാതൃഭൂമി ആഴ്ചപ്പതിപ്പ് , 25-31 ആഗസ്റ്റ് 2024] | - | ടി.പി. കുഞ്ഞിക്കണ്ണൻ | 33-45 |
| മലയാളി വീണ്ടെടുക്കേണ്ട അയ്യൻകാളി [മാതൃഭൂമി ആഴ്ചപ്പതിപ്പ്, 1-7 സെപ്റ്റംബർ 2024] | - | സണ്ണി എം. കപിക്കാട് | 46-52 |

| | | | |
|---|---|---|---|
| | | | പേജ് നമ്പർ |
| അന്യമാകുന്ന രാഷ്ട്രീയ ചിന്തയ്ക്ക് ജീവശ്വാസം കൊടുക്കേണ്ടേ [മാതൃഭൂമി , 6 സെപ്റ്റംബർ 2024] | - | യോഗേന്ദ്ര യാദവ് | 53-56 |
| Women-led development in the Rajya Sabha [The Hindu, 17th September 2024] | - | Kusum Sudhir | 57-59 |
| An opportunity to rethink India's pension system [Frontline, 8th October 2021] | - | T.T. Sreekumar | 60-62 |
| ധനകാര്യ കമ്മീഷനും നികുതി പങ്കിടലും [ജനയുഗം, 25 സെപ്റ്റംബർ 2024] | - | പ്രൊഫ. കെ. അരവിന്ദാക്ഷൻ | 63-65 |
| വേണ്ടത് ഉപാധികളില്ലാത്ത വനിതാ സംവരണം [ജനയുഗം, 28 സെപ്റ്റംബർ 2024] | - | ആനി രാജ | 66-69 |
| ഒറ്റത്തിരഞ്ഞെടുപ്പ് ജനാധിപത്യത്തോട് നീതിപുലർത്താത്ത ആശയം [മാതൃഭൂമി , 30 സെപ്റ്റംബർ 2024] | - | പി. ചിദംബരം | 70-72 |
| ജനാധിപത്യത്തിന്റെ പ്രതിസന്ധി [ജനയുഗം, 19 ഒക്ടോബർ 2024] | - | അജിത് കൊളാടി | 73-76 |
| നിർമ്മിത ബുദ്ധിയുടെ തലതൊട്ടപ്പന്മാർക്ക് നോബൽ [കലാകൗമുദി, 20-27 ഒക്ടോബർ 2024] | - | ഡോ. സി.പി. ഗിരിജാവല്ലഭൻ | 77-79 |
| No boost to farmer income [Down to Earth, 16-31 October 2024] | - | Richard mahapatra | 80-81 |
| വൃദ്ധസദനമാകുന്ന കേരളം [കലാകൗമുദി, 3-10 നവംബർ 2024] | - | പി. ഹരികുമാർ | 82-87 |
| The 'new' Justitia and reimagining justice [The Hindu, 18th November 2024] | - | Shailesh Kumar | 88-90 |
| കേരളത്തിന്റെ ധനപ്രതിസന്ധി ബഹുമുഖസമീപനം അനിവാര്യം [മാതൃഭൂമി, 30 നവംബർ 2024] | - | ഡോ. ഷംന തച്ചപ്പറമ്പൻ | 91-93 |

*പേജ് നമ്പർ*


| | | | |
|---|---|---|---|
| ചുടുനിണമൊഴുകുന്ന പൊതുനിരത്തുകൾ ചുടുചോര കണ്ടിട്ടും അറപ്പില്ല, ഉത്തരവാദിത്തവും [കലാകൗമുദി, 22-29 ഡിസംബർ 2024] | - | പി. എസ്. ശ്രീകുമാർ | 94-98 |
| കർഷക സമരവും പാർലമെന്ററി സമിതി റിപ്പോർട്ടും [ജനയുഗം, 25 ഡിസംബർ 2024] | - | സജി ജോൺ | 99-102 |


## പാർലമെന്ററി അവലോകനം


| | | | |
|---|---|---|---|
| നിയമങ്ങളുടെ പൊളിച്ചെഴുത്ത് നീതി നിഷേധമാവരുത് (സമകാലിക മലയാളം, 1 ജൂലൈ 2024] | - | അഡ്വ. ടി. ആസിഫ് അലി | 103-110 |
| സ്വകാര്യതയിലേക്ക് നോക്കേണ്ടതില്ല (മാതൃഭൂമി, 10 ജൂലൈ 2024] | - | എം.ആർ. അഭിലാഷ് | 111-113 |
| A verdict on the Money Bill that India awaits [The Hindu, 2nd August 2024] | - | Suhrith Parthasarathy | 114-117 |
| All Change is not reform [Frontline, 9th August 2024] | - | T.K. Rajalakshmi | 118-122 |
| Sub-classification verdict through Ambedkar's ideals [The Hindu, 5th September 2025] | - | Prof. B.S. Waghmare & Shivam Mogha | 123-126 |
| The food Securtiy Act has revamped the PDS [The Hindu, 6th September 2024] | - | Reetika Khera | 127-130 |
| The Waqf Bill 2024 is one that needs review [The Hindu, 2nd October 2024] | - | Syed Zafar Mahmood | 131-134 |
| മതേതര വിദ്യാഭ്യാസത്തിനു തടസ്സം മദ്റസ്സകളോ? [സമകാലിക മലയാളം, 21 ഒക്ടോബർ 2024] | - | സതീശ് സൂര്യൻ | 135-142 |

| | | | പേജ് നമ്പർ |
|---|---|---|---|
| Sharpen the anti-defection law, srengthen democracy [The Hindu, 26th October 2024] | - | B. Vinod Kumar | 145 |
| സ്വകാര്യസ്വത്തും ഭരണകൂടവും സുപ്രീംകോടതി വിധിയുടെ സന്ദേശങ്ങൾ [മാതൃഭൂമി, 8 നവംബർ 2024] | - | അഡ്വ. കാളീശ്വരം രാജ് | 146-150 |
| ഇന്ത്യൻ ഭരണഘടനയെ രക്ഷിച്ച നീതിന്യായ വ്യവസ്ഥ [സമകാലിക മലയാളം, 16 ഡിസംബർ 2024] | - | അഡ്വ. ടി. ആസഫ് അലി | 157 |

## സവിശേഷ വിവരങ്ങൾ

| | | | |
|---|---|---|---|
| Supreme Court upholds the state's power to tax mines and minerals [PRS Legislative Research - July 2024] | - | Atri prasad Raut | 158 |
| Bill to amend law regulating waqf property itnroduced in Lok Sabha [PRS Legislative Research - August 2024] | - | Rutvik Upadhyaya | 159 |
| Bill to repeal Mussalman Wakf Act, 1923, itnroduced in Lok Sabha [PRS Legislative Research - August 2024] | - | | 160 |
| Disaster Management (Amendment) Bill, 2024 introduced in Lok Sabha [PRS Legislative Research - August 2024] | - | Atri Prasad Rout | 161 |
| Bill to reserve seats for STs in Goa Assembly introduced in Lok Sabha [PRS Legislative Research - August 2024] | - | Shirin Pajnoo | 162 |
| Cabinet approves the Pradhan Mantri Awas Yojana - Urban 2.0 scheme [PRS Legislative Research - August 2024] | - | Shrusti Singh | 163 |
| SC clarifies that browsing or storing child pornography is an offence [PRS Legislative Research September 2024] | - | Rutvik Upadhyaya | 164 |

| | | | |
|---|---|---|---|
| | | | പേജ് നമ്പർ |
| Supreme Court upholds states' right to regulate industrial alcohol [PRS Legislative Research October 2024] | - | Shrusti Singh | 165 |
| Environment Ministry invites comments on draft liquid waste management rules [PRS Legislative Research - October 2024] | - | Atri Prasad Rout | 166 |
| Supreme Court issues directives on demolition of properties of accused individuals [PRS Legislative Research - November 2024] | - | Anmol Kohli | 167 |
| Draft Bill issued to replace law on MPs holding an office for profit [PRS Legislative Research - November 2024] | - | Anmol Kohli | 168 |
| Parliament passes the Bharatiya Vayuyan Vidheyak, 2024 [PRS Legislative Research - December 2024] | - | Anirudh T.R. | 169-170 |

## പുസ്തക പരിചയം

| | | | |
|---|---|---|---|
| The desi hands that shaped India's foriegn policy [Frontline, 6th September 2024] | - | Vivek Katju | 171-174 |
| ഓർബിറ്റൽ പ്രപഞ്ചത്തിനും പൃഥ്വിക്കും ഒരു പ്രണയഗീതം [മാതൃഭൂമി ആഴ്ചപ്പതിപ്പ്, 24-30 നവംബർ 2024] | - | സുനീത ബാലകൃഷ്ണൻ | 175-179 |

## പാർലമെന്ററി അവലോകനം

| | | | |
|---|---|---|---|
| Resume of the Third Session of Ninth Mizoram Legislative Assembly | - | | 180-184 |

# മൂല്യനിർണയ രീതി പരിശോധിക്കണം

ഡോ. ബി. ഇക്ബാൽ

*ഗുണമേന്മാ വിദ്യാഭ്യാസത്തിനായുള്ള മൂല്യനിർണയ പരിഷ്കരണത്തിൽ സമഗ്രസമീപനം വേണം*

കേരളത്തിലെ സ്കൂൾ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ വർധിച്ചുവരുന്നതായി കാണാം. എന്നാൽ, പല വിദ്യാഭ്യാസ ഏജൻസികളുടെയും വിലയിരുത്തൽ പരിശോധിച്ചാൽ ഇത്തരത്തിലുള്ള റിസൾട്ടുകൾക്ക് അനുപാതമായ പഠനഗുണനിലവാരം നമ്മുടെ കുട്ടികൾക്ക് ഇല്ല. ഇതിന്റെ അടിസ്ഥാനത്തിലാണ് മൂല്യനിർണയരീതി പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട് എന്ന നിർദേശം ഉയർന്നുവന്നിട്ടുള്ളത്. മൂല്യനിർണയം കർശനമാക്കിയാൽ അത് സാമൂഹിക, സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ പ്രതികൂലമായി ബാധിക്കുമെന്നും ഇതിനകം നിയന്ത്രിക്കാൻ കഴിഞ്ഞ കൊഴിഞ്ഞുപോക്ക് തിരികെവരും എന്ന സംശയവുമുണ്ട്.

ഇത് ശരിയായിരിക്കാം. എന്നാൽ, പിന്നാക്ക സാമൂഹിക വിഭാഗങ്ങളെ സഹായിക്കാൻ വിലയിരുത്തൽ മാനദണ്ഡങ്ങൾ അമിതമായി ലഘുകരിക്കണമെന്ന വാദവും ശരിയല്ല.

### മൂല്യനിർണയം മാത്രം മതിയോ

മൂല്യനിർണയ തിരസ്കാരത്തിനും കേവല മൂല്യനിർണയത്തിനുമിടയിലാണു നമ്മുടെ വിദ്യാഭ്യാസ സമീപനം ആടിക്കളിക്കുന്നത്. വിദ്യാഭ്യാസ ഗുണനിലവാരം സമഗ്രമായി പരിഷ്കരിക്കുന്നതിനുള്ള ശ്രമങ്ങളെ മൂല്യനിർണയത്തിൽ മാത്രം കേന്ദ്രീകരിച്ചുള്ള സമീപനം തടസ്സപ്പെടുത്തുന്നുണ്ട്.

വിദ്യാഭ്യാസനിലവാരം പൊതുവിൽ വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങളാണു പരിശോധിക്കേണ്ടത്. അതിൽ ഒന്നു മാത്രമാണ് മൂല്യനിർണയം. അതിൽത്തന്നെ വർഷാന്ത്യ പരീക്ഷ മാത്രമല്ല നിരന്തര മൂല്യനിർണയവും പരിഗണിക്കേണ്ടതുണ്ട്. എന്തായാലും ഇപ്പോൾ പിന്തുടർന്നുവരുന്ന മൂല്യനിർണയരീതി തീർച്ചയായും പുനഃപരിശോധിക്കേണ്ടതാണ്. അതോടൊപ്പം ബോധനപഠന രീതികളും മൂല്യനിർണയവും സമഗ്രമായി പരിശോധിക്കയും പരിഷ്കരിക്കയും വേണം. അതിനായി ഇതിനകം പല പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിരുന്നത് പിന്നീട് അവഗണിക്കപ്പെട്ടതും ഇപ്പോഴത്തെ പഠനനിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

സമഗ്രമായ മൂല്യനിർണയ പരിഷ്കാരത്തിനു സഹായകരമായ സഹിതം മെന്ററിങ് പോർട്ടൽ, സമഗ്ര വിഭവ പോർട്ടൽ എന്നിവ ഇപ്പോൾ എത്രത്തോളം കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു എന്നത് വിലയിരുത്തപ്പെടണം.

വിദ്യാഭ്യാസവകുപ്പ് മൂല്യനിർണയം മെച്ചപ്പെടുത്താൻ ആവിഷ്ക്കരിച്ചിട്ടുള്ളതും ഏറ്റവും പ്രധാനപ്പെട്ടതും എന്നാൽ, ഫലപ്രദമായി നടപ്പാക്കാൻ കഴിയാതിരുന്നതും നിരന്തര മൂല്യനിർണയമാണ്.

പ്രധാനമായും ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി കണക്കാക്കി നിരന്തരമായി നിരീക്ഷിച്ച് കുട്ടിയുടെ പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കുകയാണ് നിരന്തരമൂല്യനിർണയം ലക്ഷ്യമാക്കുന്നത്. ഇതിനായി കുട്ടികളുടെ അടിസ്ഥാന വിവരങ്ങൾ, സാമൂഹിക, വൈകാരിക ഗുണങ്ങൾ, ഓരോ വിഷയത്തിലുമുള്ള മികവുകൾ, നേരിടുന്ന വെല്ലുവിളികൾ, പ്രത്യേകം സഹായം വേണ്ട മേഖലകൾ തുടങ്ങിയ വിവരങ്ങളും കുട്ടിയുടെ സവിശേഷ കഴിവുകളുടെ ഡിജിറ്റൽ രൂപങ്ങളും രേഖപ്പെടുത്താവുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണ് പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ സഹിതം മെന്ററിങ് പോർട്ടൽ. ഇങ്ങനെ രേഖപ്പെടുത്തിയ സഹാധ്യാപകർക്കും രക്ഷിതാക്കൾക്കും കാണാനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഈ സംവിധാനത്തെ കുടുതൽ മെച്ചപ്പെടുത്തുകയും ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുക എന്നത് ഇപ്പോൾ മുല്യനിർണയവുമായി ബന്ധപ്പെട്ട് നടക്കുന്ന ചർച്ചകളിൽ പരിഗണിക്കപ്പെടേണ്ടതാണ്.

പഠനപിന്നാക്കാവസ്ഥയുള്ള വിദ്യാർഥികൾക്ക് കൂടുതൽ പിന്തുണാ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും നിലവാരത്തിലുള്ള പഠനവിഭവങ്ങൾ തയ്യാറാക്കുക എന്നത് പ്രയാസകരമാണ്. ആധുനിക സങ്കേതിക വിദ്യാസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പല നിലവാരത്തി ലുള്ള പഠനവിഭവങ്ങൾ തയ്യാറാക്കി കുട്ടിക്ക് നൽകാൻ ശ്രമിക്കണം. പൊതുവിദ്യാഭ്യാസവകുപ്പ് തയ്യാറാക്കിയിട്ടുള്ള സമഗ്ര വിഭവ പോർട്ടൽ ആവശ്യമായ മെച്ചപ്പെടുത്തലു കൾ വരുത്തി ഇതിനായി പ്രയോജനപ്പെടുത്താം.

പൊതുവിദ്യാഭ്യാസ സംവിധാനങ്ങളുടെ ഏകോപനവും പ്രധാനമാണ്. ഗുണനിലവാരം മെച്ചപ്പെടുത്താൻ വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (QIP), എസ്.സി.ഇ.ആർ.ടി., സമഗ്രശിക്ഷ കേരള (SSK) എന്നിവ നടത്തുന്ന പരിപാടികൾ വിലയിരുത്തി അവയുടെ ആവർത്തനസ്വഭാവവും തമ്മിലുള്ള വൈരുധ്യങ്ങളും ഒഴിവാക്കി ഏകീകരിക്കപ്പെടണം. ഇതിൽ എസ്.എസ്.കെ. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. സമഗ്രശിക്ഷ കേരളയുടെ കർമ പരിപാടികളും സംസ്ഥാന പരിപാടികളും തമ്മിൽ പലപ്പോഴും യോജിച്ചുപോകാതിരിക്കുന്ന സാഹചര്യങ്ങളുമുണ്ട്. എന്നാൽ, അവ ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കി പരിഹരിക്കപ്പെടുന്നുണ്ടോയെന്ന സംശയം അവശേഷിക്കുന്നുണ്ട്. ഇതെല്ലാം പരോക്ഷമായി പഠനനിലവാരത്തെ ബാധിക്കുന്നുണ്ട്. ഐ.ടി.@സ്കൂൾ എന്ന പേരിൽ തുടങ്ങി കൈറ്റ് ആയി വികസിപ്പിച്ചിട്ടുള്ള വിദ്യാഭ്യാസ സംവിധാനം ഐ.ടി. പഠനത്തിന്റെ തുടർച്ചയായി ഐ.സി.ടി. സഹായക പഠനത്തിന് ഊന്നൽ നൽകിവരുന്നുണ്ട്. ഐ.ടി. നൈപുണികളോടൊപ്പം എജുക്കേഷണൽ സോഫ്റ്റ്‌വേറുകൾ ഉൾപ്പെടുത്തിയിട്ടുള്ളത് കുട്ടിയുടെ സ്വയം പഠനത്തിന് ഏറെ സഹായകമായിട്ടുണ്ട്.

**മറ്റു രീതികളും വിലയിരുത്തണം**

ദേശീയതലത്തിലുള്ള ഇതര സിലബസുകളുടെ മൂല്യനിർണയ രീതികളിൽ എന്തെങ്കിലും സ്വീകരിക്കാമോ എന്നും പരിശോധിക്കണം. ഐ.സി.എസ്.ഇ.യിൽ ശാസ്ത്രവിഷയങ്ങളുടെ ശരാശരി മാർക്ക് കൂട്ടിയാണു വിജയം നിശ്ചയിക്കുന്നത്. സി.ബി.എസ്.ഇ. സിലബസിൽ നിശ്ചയമായും വിജയിക്കേണ്ട ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നിവയിൽ ഏതെങ്കിലും ഒരു വിഷയത്തിൽ പരാജയപ്പെട്ടാൽ ഐച്ഛികമായി എടുത്ത സ്കിൽ സബ്ജക്ടുകളിലൊന്ന് പകരമായി സ്വീകരിച്ച് കുട്ടിയെ ജയിപ്പിക്കാനുള്ള തീരുമാനമുണ്ടായിട്ടുണ്ട്. ഇവ പരിശോധിച്ച് ഉചിതമായത് ഭേദഗതികളോടെ നമുക്കും സ്വീകരിക്കാവുന്നതാണ്.

നമ്മുടെ സ്കൂൾവിദ്യാഭ്യാസം നേരിടുന്ന ഗുണ നിലവാരപ്രതിസന്ധി പരിഹരിക്കുന്നതിനായുള്ള നീക്കങ്ങൾ കേവലം പരീക്ഷാപരിഷ്കരണത്തിൽ മാത്രമായി പരിമിതപ്പെടുത്തരുത്.

ബോധനം, പഠനം, മൂല്യനിർണയം ഇവ മൂന്നും പരിഗണിച്ചുകൊണ്ടുള്ള സമഗ്രമായ സമീപനമാണു സ്വീകരിക്കേണ്ടത്. ഇതിനകം ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ (സഹിതം മെന്ററിങ്, സമഗ്ര വിഭവ പോർട്ടലുകൾ, കൈറ്റ്) കുറവുകൾ പരിഹരിച്ച് ശക്തിപ്പെടുത്തി പ്രയോജനപ്പെടുത്തുകയും വിവിധ ഏജൻസികളുടെ (QIP, SCERT, SSK) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വേണം. കേന്ദ്ര സർക്കാർ വിദ്യാഭ്യാസ സിലബസുകളിലെ മെച്ചപ്പെട്ട രീതികളിൽനിന്ന് സ്വീകരിക്കാവുന്നത് ഉൾക്കൊള്ളാനും ശ്രമിക്കാവുന്നതാണ്.

*(കേരള സർവകലാശാല മുൻ വി.സി.യാണ് ലേഖകൻ)*

**മാതൃഭൂമി**

**4 ജൂലൈ 2024**

# പുഴകളെ കൊല്ലുന്ന നമ്മൾ, ക്രൂരർ

*ഇടപെടാൻ വൈകിയാൽ ദുഃഖിക്കേണ്ടിവരും*

പുഴകളുടെ മരണം ലോകത്തിന്റെ മുഴുവൻ സ്വസ്ഥത കെടുത്തുന്ന വിഷയമായിക്കഴിഞ്ഞു. ലോകത്തിലെ അഞ്ഞൂറിലേറെ വൻനദികളിൽ പകുതിയിലേറെയും വരളുകയാണെന്നാണ് ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പ്. ആമസോണും നൈലും ഗംഗയും ഡാന്യൂബുമടക്കം മഹാനദികളിൽ പലതും ശോഷിച്ചുകൊണ്ടിരിക്കുകയാണ്. പെരുകിവരുന്ന മാലിന്യങ്ങൾ പുഴകളുടെ നാശത്തിലേക്കുള്ള വേഗം കൂട്ടുന്നു. മറക്കാൻ പാടില്ലാത്ത ജലപാഠങ്ങൾ നാം മറന്നുപോയതിന്റെ ദുരന്തസാക്ഷ്യങ്ങളായി കേരളത്തിലെ പല പുഴകളും വിലാപം പോലെയാണിപ്പോൾ ഒഴുകുന്നത്. കേന്ദ്ര മലിനീകരണ നിയന്ത്രണബോർഡ് കഴിഞ്ഞ ദിവസം ദേശീയ ഹരിത ട്രൈബ്യൂണലിൽ നൽകിയ പുതിയ റിപ്പോർട്ട് ഇക്കാര്യം ശരിവയ്ക്കുന്നു.

2023-ലെ കണക്കിൽ കേരളത്തിൽ ഏറ്റവും മലിനമായതു കോഴിക്കോട്ടെ കല്ലായിപ്പുഴയാണെന്നാണ് ഈ റിപ്പോർട്ടിലുള്ളത്. 2022-ൽ മലിനീകരണം ഏറ്റവും രൂക്ഷമായിരുന്ന തിരുവനന്തപുരത്തെ കരമനയാർ 2023-ലെ കണക്കിൽ തൊട്ടുപിന്നിൽ തന്നെയുണ്ട്. കേരളത്തിൽ 130 ഇടങ്ങളിൽ പരിശോധന നടത്തിയപ്പോൾ 103 ഇടങ്ങളും കുളിക്കാൻ പോലും കൊള്ളില്ലെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. വെള്ളത്തിലെ ഓക്സിജന്റെ അളവു പരിശോധിച്ച് മലിനീകരണ തോത് കണക്കാക്കുന്ന ബി.ഒ.ഡി. (ബയോകെമിക്കൽ ഓക്സിജൻ ഡിമാൻഡ്) നിരക്ക് കല്ലായിപ്പുഴയിൽ ലീറ്ററിൽ 12.8 മില്ലിഗ്രാം വരെയാണ്. അനുവദനീയ പരിധി 3 മില്ലിഗ്രാം മാത്രം വിസർജ്യത്തിന്റെ തോതനുസരിച്ചുള്ള ഫീക്കൽ കൊളി ഫോം കൗണ്ട് (എഫ്.സി.കൗണ്ട്) 100 മില്ലിമീറ്ററിൽ 4,10,000 -4,80,000 വരെയാണെന്നും കണക്കുകൾ വ്യക്തമാക്കുന്നു. അനുവദനീയ പരിധി 2500 മാത്രം ഈ സ്ഥിതിയിൽനിന്നു കരകയറാനുള്ള നടപടികളിലേക്കു കേരളം അടക്കം സംസ്ഥാനങ്ങൾ കടക്കാനും കേന്ദ്ര റിപ്പോർട്ടിൽ നിർദേശിക്കുന്നു. കല്ലായി പുഴയിലടക്കം ഇതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നത് ആശ്വാസം തരുന്നുണ്ട്.

ജലസ്രോതസ്സുകൾ നമ്മുടെ മാത്രം സ്വത്തല്ല. വരും തലമുറയ്ക്കുവേണ്ടിയുള്ള നിക്ഷേപം കൂടിയാകുന്നു. പലിശയടക്കം കൈമാറാനുള്ള ബാധ്യതയുണ്ടെങ്കിലും അതു മറക്കുകയാണു നാം. നാൽപത്തിനാലു നദികളും കായലുകളും ലക്ഷകണക്കിന് കിണറുകളുമുള്ള നമ്മുടെ കേരളത്തിൽ ഇത്ര ഭീതിദമായ അളവിൽ മലിനീകരണമുണ്ടായതിന്റെ ഉത്തരവാദിത്തത്തിൽനിന്നു കൈ കഴുകിയൊഴിയാൻ നമുക്കാർക്കുമാവില്ല. ഏറ്റവുമൊടുവിലായി

മേയിൽ പെരിയാറിൽ ശ്വാസം കിട്ടാതെ പിടഞ്ഞതു പതിനായിരക്കണക്കിനു മത്സ്യങ്ങൾ മാത്രമല്ല, പരിസ്ഥിതി കൂടിയാണ്. വർഷങ്ങളായി രാസമാലിന്യ പ്രശ്നം അവിടെ രൂക്ഷമായി തുടർന്നിട്ടും ശാശ്വത പരിഹാരമുണ്ടാകുന്നില്ല.

മാലിന്യ വാഹിനികളായ കേരളത്തിലെ പുഴകളെല്ലാം തേടുന്നതു സംരക്ഷണവും പരിഗണനയുമാണ്. പുഴയും തോടും കുളവുമെല്ലാം മാലിന്യം വലിച്ചെറിയാനുള്ള കുപ്പത്തൊട്ടികളാണെന്ന തെറ്റിദ്ധാരണ മലയാളികളിൽ വേരുപിടിച്ചതുതന്നെ ഏറ്റവും വലിയ ശാപം. ഇരുളിന്റെ മറവിൽ അറവുശാലകളും ഹോട്ടലുകളുമെല്ലാം മാലിന്യങ്ങൾ പുഴയിലെറിയുന്നു. പുഴകളോട് ഇത്രയധികം കൂരമായി പെരുമാറുന്ന മറ്റൊരു സമൂഹം ലോകത്തുണ്ടാകുമോ?

മാലിന്യം നിറഞ്ഞ പുഴകൾ രോഗങ്ങൾ വിളിച്ചുവരുത്തുകയാണ്. കേരളത്തിലെ പുഴകൾ എത്രത്തോളം മാലിന്യവാഹിനികളാണെന്നറിയാൻ ഈ മഴക്കാലത്തെ കാഴ്ചകൾ മതി. വെള്ളപ്പാച്ചിലിൽ തീരങ്ങളിലും പാലങ്ങളുടെ തൂണുകളിലുമൊക്കെ വന്നടിയുന്ന മാലിന്യക്കൂമ്പാരം അങ്ങേയറ്റം ആശങ്കാജനകമാണ്. പുഴവഴിയിൽ ചിലയിടത്തു മാലിന്യങ്ങൾ കുന്നുകൂടി ചെറു'ദ്വീപുകൾ' തന്നെ രൂപപ്പെടുന്നു. ഓരങ്ങളിലെ മാലിന്യം മുഴുവൻ വർഷങ്ങളായി ഏറ്റുവാങ്ങി, ദുർവിധിയിലേക്കൊഴുകുന്ന നമ്മുടെ പുഴകൾ കേരളത്തിന്റെയാകെ ശ്രദ്ധയിൽ എത്തേണ്ടതുണ്ട്. മാലിന്യങ്ങൾ കൊണ്ടു പുഴ നിറഞ്ഞാൽ പോലും തദ്ദേശസ്ഥാപനങ്ങൾ നിയമമെടുത്തു പ്രയോഗിക്കുക വളരെ ചുരുക്കം ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന വകുപ്പുകൾ പ്രകാരം കേസെടുക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യംതന്നെയാണ്.

പുഴകളെ സംരക്ഷിക്കാൻ എളുപ്പ പണികളില്ലെന്നു ബന്ധപ്പെട്ടവരെല്ലാം തിരിച്ചറിയേണ്ടതുണ്ട്. മാലിന്യം തള്ളുന്നതു തടയുക എന്നതുതന്നെയാണു നദികളുടെ പുനരുജ്ജീവനത്തിനുള്ള ഏറ്റവും പ്രധാനമന്ത്രം. നിയമങ്ങൾ കൊണ്ടു മാത്രമല്ല, സർക്കാരിനോടൊപ്പം വ്യക്തികളും സമൂഹവും പാലിക്കേണ്ട നിതാന്ത ജാഗ്രത കൊണ്ടുകൂടി വേണം കേരളം ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ. നമ്മുടെ ഓരോ പുഴയും തേടുന്നത് സംക്ഷണവും പരിഗണനയുമാണ്. കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തു പാഴായിപ്പോകാതിരിക്കാനുള്ള ജല സംസ്കാരം മലയാളിക്കുണ്ടാകട്ടെ. പുഴയ്ക്കും മിടിക്കുന്ന ഒരു ഹൃദയം ഉണ്ടെന്നു നാം തിരിച്ചറിയേണ്ടതുണ്ട്.

**മലയാള മനോരമ**
**11 ജൂലൈ 2024**

# പേരുമാറ്റിയാൽ തീരില്ല ദളിത് കോളനിയിലെ ജീവിതപ്രശ്നങ്ങൾ

ഡോ. എൻ. പി. ശ്രീജേഷ്

*പൊതുമണ്ഡലത്തിൽനിന്ന് എന്നും പുറത്തു നിർത്തപ്പെടുന്ന ജാതിക്കോളനികൾ ഇനിയും കേരളത്തിൽ നിലനിർത്തേണ്ടതുണ്ടോ എന്നതാണ് സർക്കാർ മുന്നോട്ടുവെച്ച പേരുമാറ്റൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ നാം ചർച്ച ചെയ്യേണ്ടത്. കോളനി എന്ന വസ്തുനിഷ്ഠ യാഥാർഥ്യം അതേപടി തുടരുമ്പോൾ 'ഉന്നതി' യെന്നോ 'നഗർ' എന്നോ പേരുമാറ്റി വിളിക്കുന്നതുകൊണ്ട് എന്തുമാറ്റമാണ് ഉണ്ടാകുന്നത്*

കൃത്യമായി പറഞ്ഞാൽ 104 വർഷമായി കേരളത്തിലെ അഞ്ചര ലക്ഷത്തോളം ദളിത് കുടുംബങ്ങളുടെ ജീവിതം ലക്ഷംവീട്, നാലുസെന്റ്, ഹരിജൻ, പട്ടികജാതി, അംബേദ്കർ, ഐ.എച്ച്.ഡി.പി. കോളനികളിലാണ്. പട്ടികവിഭാഗക്കാർ അധിവസിക്കുന്ന മേഖലകളെ 'കോളനി' എന്നു വിളിക്കുന്നത് നിർത്തലാക്കാൻ ഉത്തരവിട്ടുകൊണ്ടാണ് ജൂൺ 18-ന് പട്ടികജാതിവർഗ്ഗ വികസന മന്ത്രിയായിരുന്ന കെ. രാധാകൃഷ്ണൻ സെക്രട്ടേറിയറ്റിന്റെ പടിയിറങ്ങിയത്. സാമൂഹികചലന നിയമങ്ങളിൽ ഒരു തിരുത്ത് ലക്ഷ്യംവെച്ചുള്ള ഈ ഉത്തരവ് കോളനികളുടെ യഥാർഥ ജീവിത അവസ്ഥയെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾക്കും ചർച്ചകൾക്കും വഴി തുറക്കേണ്ടതുണ്ട്.

**കോളനികളുടെ രൂപവത്കരണം**

നൂറ്റാണ്ടുകളായി ദളിത് വിഭാഗങ്ങൾക്ക് സ്വന്തമായി ഭൂമിയും കിടപ്പാടവും ഉണ്ടായിരുന്നില്ല. ഭൂരഹിതരായ ദളിതുകളുടെ ജീവിതയാഥാർഥ്യങ്ങളെ ആദ്യമായി പൊതുസമൂഹത്തിനുമുന്നിൽ തുറന്നു കാട്ടിയത് പ്രജാസഭയിലെ ദളിത് പ്രതിനിധികളായിരുന്ന അയ്യങ്കാളി, പൊയ്കയിൽ യോഹന്നാൻ, കുറുമ്പൻ ദൈവത്താൻ, കെ.പി. വള്ളോൻ തുടങ്ങിയവരാണ്. ജീവിക്കാൻ ഒരുതുണ്ടു ഭൂമിപോലും സ്വന്തമായി ഇല്ലാതിരുന്ന ദളിതരുടെ ജീവിത പ്രതിസന്ധികളെ മറികടക്കാൻ വേണ്ടി, പ്രജാസഭയിൽ അംഗമായിരുന്ന കുറുമ്പൻ ദൈവത്താനാണ് 1920-ൽ 'കോളനി' എന്ന ആശയം ആദ്യമായി അവതരിപ്പിച്ചത്. ഒരു പ്രദേശം കേന്ദ്രീകരിച്ചുള്ള ജീവിതം ദളിത് വിഭാഗങ്ങൾക്കിടയിൽ ഒരുമയും ആത്മ വിശ്വാസവും വളർത്തുമെന്ന് അദ്ദേഹം വിശദീകരിച്ചു.

ലഭ്യമായ രേഖകൾപ്രകാരം 1920-ൽ ചാലക്കുടിയിലാണ് കേരളത്തിലാദ്യമായി ജാതിക്കോളനി നിലവിൽവന്നത്. കൊച്ചി രാജ്യത്തെ ദിവാനായിരുന്ന സർ ടി. വിജയ രാഘവാചാര്യയാണ് ചാലക്കുടിയിൽ 'പുലയക്കോളനി' സ്ഥാപിച്ചത്. 1922-ൽ കുന്നംകുളത്ത് നായാടിവിഭാഗങ്ങൾക്കായി കോളനി നിലവിൽവന്നു. ഏകദേശം പത്തുവർഷം കഴിഞ്ഞാണ് തിരുവിതാംകൂറിൽ കുളത്തൂർ, നാരികുളം, മീനംകുളം എന്നിവിടങ്ങളിൽ കോളനികൾ സ്ഥാപിത മായത്. ദളിത് കോളനികൾ രൂപം കൊണ്ടതിന്റെ ചരിത്രവസ്തുതകൾ

ഇതൊക്കെയാണെങ്കിലും കോട്ടയം ജില്ലയിലെ കുറിച്ചി പഞ്ചായത്തിൽ 1938 -ൽ സ്ഥാപിച്ച 'സചിവോത്തമപുരം കോളനി' യാണ് കേരളത്തിലെ ആദ്യ ദളിത് കോളനിയായി പൊതുവേ പരിഗണിക്കപ്പെടുന്നത്. ഒരു 'മോഡൽ കോളനി'യായി പ്രഖ്യാപിച്ചുകൊണ്ടാണ് തിരുവിതാംകൂറിലെ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ഈ കോളനി സ്ഥാപിച്ചതെന്നതാണു കാരണം. മലബാറിൽ ഐക്യകേരള രൂപവത്കരണത്തിനുശേഷമാണ് കോളനികൾ നിലവിൽ വന്നത്

സംസ്ഥാനം രൂപം കൊണ്ടതിനു ശേഷം 1957 -ൽ നിലവിൽവന്ന ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭ ആ വർഷംതന്നെ ഭൂപരിഷ്കരണം നടപ്പാക്കാനുള്ള നിയമ നടപടികൾ ആരംഭിച്ചു. കേരളത്തിന്റെ ഭൂവുടമ ബന്ധങ്ങളെ പുനർനിർവചിച്ചുകൊണ്ട് കർഷകർക്ക് ഭൂമി പതിച്ചു നൽകുക ആയിരുന്നു ഭൂപരിഷ്ക്കരണത്തിന്റെ പ്രധാനലക്ഷ്യങ്ങളിലൊന്ന്. 1960-ൽ കൊണ്ടുവന്ന കാർഷികബന്ധനിയമം മുതൽ ഒട്ടേറെ സങ്കീർണമായ നിയമ പ്രക്രിയകളിലൂടെ കടന്നു പോയ നിയമം, ഒടുവിൽ 1970 ജനുവരിയിലാണ് പാസായത്. കർഷകർക്ക് പതിച്ചുനൽകാൻവേണ്ടി ഏതാണ്ട് ഏഴുലക്ഷം ഏക്കറിനുമുകളിൽ മിച്ചഭൂമി 1960-ൽ കണ്ടെത്തിയിരുന്നു. എന്നാൽ, 1970-ൽ ഭൂപരിഷ്കരണനിയമം നിലവിൽവരുമ്പോൾ മിച്ചഭൂമിയുടെ അളവ് 93,178 ഏക്കറായി ചുരുങ്ങുകയും കർഷകർക്ക് വാഗ്ദാനംചെയ്ത ഭൂമി നൽകുന്നതിൽ സർക്കാർ പരാജയപ്പെടുകയും ചെയ്തു. യഥാർഥ കർഷക തൊഴിലാളികളായ ദളിത് വിഭാഗങ്ങൾക്ക് ജീവിക്കാനാവശ്യമായ ഭൂമി നൽകാൻ നിയമത്തിന് സാധിച്ചില്ല. ഒടുവിൽ ഭൂപരിഷ്കരണം പുറന്തള്ളിയ ദളിത് വിഭാഗങ്ങളെ താമസിപ്പിക്കുന്നതിനുവേണ്ടി 1972-ൽ ഭവനനിർമാണമന്ത്രിയായിരുന്ന എം.എൻ. ഗോവിന്ദൻ നായർ 'ലക്ഷംവീട്' കോളനികൾക്ക് രൂപംനൽകി. നിയമസഭാ രേഖകൾ പ്രകാരം 1962-ൽ പട്ടികജാതി കോളനികളുടെ എണ്ണം 289 ആയിരുന്നു. എന്നാലിത് 1999 ആകുമ്പോഴേക്കും 8862 എണ്ണമായി. ഇന്ന് ചെറുതും വലുതുമായി 26,198 പട്ടികജാതികോളനികൾ കേരളത്തിലുണ്ടെന്ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ പഠനങ്ങൾ പറയുന്നു.

**കോളനിയും ജീവിത പ്രതിസന്ധികളും**

കേരളത്തിലെ 30 ലക്ഷത്തിനു മുകളിൽ വരുന്ന പട്ടികജാതി വിഭാഗങ്ങളുടെ കൈവശമുള്ളത് ആകെ 59,375 ഏക്കർ ഭൂമിയാണ്. ഇതിൽ കോളനികളിൽ ജീവിക്കുന്ന 5,58,231 കുടുംബങ്ങളുടെ കൈവശമുള്ളത് വെറും 36,085 ഏക്കർ ഭൂമിയും. ആദ്യകാലങ്ങളിൽ കോളനികളിലെ ദളിത് വിഭാഗങ്ങൾക്കു ലഭിച്ച ഭൂമിയുടെ അളവിന്റെ അഞ്ചുശതമാനം പോലും സംസ്ഥാന രൂപവത്കരണത്തിനു ശേഷം ലഭിച്ചില്ല എന്നതാണു യാഥാർഥ്യം. സംസ്ഥാനരൂപവത്കരണത്തിനുമുൻപ് സ്ഥാപിച്ച കോളനികളിൽ ഓരോ കുടുംബത്തിനും ഒന്നോ അതിലധികമോ ഏക്കർ ഭൂമി ലഭിച്ചിരുന്നു. അതേസമയം, ഭൂപരിഷ്കരണത്തിന്റെ ഉത്പന്നമായ ലക്ഷംവീട് - നാലുസെന്റ് കോളനികളിലെ ഓരോ കുടുംബത്തിനും ലഭിച്ചത് നാലുമുതൽ അഞ്ചുവരെ സെന്റ് പുരയിടം മാത്രമാണ്. കൃഷിഭൂമിയുടെ അപര്യാപ്തത കോളനികളിലെ കുടുംബങ്ങളെ ദുരിതങ്ങളിലേക്കും ദാരിദ്ര്യത്തിലേക്കും തള്ളിവിട്ടു.

**പേരല്ല, കോളനികളെയാണ് പുനഃക്രമീകരിക്കേണ്ടത്**

പൊതുമണ്ഡലത്തിൽനിന്ന് എന്നും പുറത്തുനിർത്തപ്പെടുന്ന ജാതിക്കോളനികൾ ഇനിയും കേരളത്തിൽ നിലനിർത്തേണ്ടതുണ്ടോ എന്നതാണ് സർക്കാർ മുന്നോട്ടുവെച്ച പേരുമാറ്റൽനിയമത്തിന്റെ അടിസ്ഥാനത്തിൽ നാം ചർച്ചചെയ്യേണ്ടത്. ഇതിനുമുൻപ് 2006-11-ൽ ലക്ഷം വീട് കോളനികൾക്ക് 'എം. എൻ. ഗോവിന്ദൻനായർ കോളനികൾ' എന്ന പുതിയ പേര് ഭവന നിർമാണമന്ത്രിയായിരുന്ന ബിനോയ് വിശ്വം നിർദേശിച്ചിരുന്നു. എന്നാലിന്ന് 'കോളനി' എന്ന പേരുതന്നെ പരിഷ്കൃത സമൂഹത്തിൽനിന്ന് ഒഴിവാക്കണമെന്ന തീരുമാനം വന്നിരിക്കുന്നു. 'കോളനി'കളിൽ ജനിച്ചതുകൊണ്ടും ജീവിച്ചതുകൊണ്ടും മാത്രം ജീവിതം വഴിമുട്ടിപ്പോയ ലക്ഷക്കണക്കിനു ദളിതർക്ക് ഒരളവുവരെ ആത്മവിശ്വാസവും പ്രത്യാശയും നൽകിയേക്കും ഈ പ്രഖ്യാപനം. ഭാഷാപരമായ ഈ പൊളിച്ചെഴുത്ത് 'കോളനിക്കാർ' എന്ന മുദ്രണത്തിൽനിന്ന് താത്കാലികമായി രക്ഷപ്പെടാൻ സഹായിക്കും. എങ്കിലും കോളനി എന്ന വസ്തുനിഷ്ഠ യാഥാർഥ്യം അതേപടി തുടരുമ്പോൾ 'ഉന്നതി'യെന്നോ 'നഗർ' എന്നോ പേരുമാറ്റി വിളിക്കുന്നതു കൊണ്ട് കോളനികളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക ഘടനയിൽ അടിസ്ഥാന പരമായി എന്തുമാറ്റമാണ് ഉണ്ടാകുന്നത്?

ജീവിതത്തിൽ ഒരിക്കലെങ്കിലും സമുഹത്തിന്റെ കുറ്റപ്പെടുത്തലുകളോ തുറിച്ചുനോട്ടങ്ങളോ നേരിടാത്തവർ കേരളത്തിലെ കോളനികളിൽ വിരളമാണ്. ജനപ്രിയ മാധ്യമമായ സിനിമയ്ക്ക് ഇന്നും കോളനികൾ ലഹരിയുടെയും ക്രിമിനലുകളുടെയും അരാജകത്വത്തിന്റെയും താവളങ്ങളാണ്. കോളനിഭാരം പേറിനടക്കുന്ന ലക്ഷക്കണക്കിന് ദളിത് ജീവിതങ്ങൾ നമുക്കു ചുറ്റുമുണ്ട്. നൂറു കണക്കിന് ആളുകൾ തിങ്ങിനിറഞ്ഞ് ജീവിക്കുന്ന കോളനികളുടെ മൊത്തത്തിലുള്ള ഘടന തന്നെ മനുഷ്യന്റെ സ്വകാര്യതയെ ഹനിക്കുന്നതാണ്.

കോളനികളുടെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ ഏറെ അസമത്വം നിറഞ്ഞതാണ്. കാരണം, ചെങ്കുത്തായ മലമ്പ്രദേശങ്ങളിലും കുന്നുകളുടെ അടിവാരങ്ങളിലും തരിശുഭൂമികളിലും പുറമ്പോക്കുകളിലുമാണ് ഒട്ടുമിക്ക കോളനികളും നിലകൊള്ളുന്നത്. കോളനിക്കുള്ളിൽ സഞ്ചാരയോഗ്യമായ വഴികളോ കൃത്യമായ നടപ്പാതകളോ ഇല്ല. ജീവിതംതന്നെ മൊത്തത്തിൽ വഴിമുട്ടിയ ഒരു ജനവിഭാഗത്തിനുമുൻപിൽ നടന്നു പോകാനുള്ള വഴികളെക്കുറിച്ചുള്ള ആലോചനതന്നെ ചിലപ്പോൾ അപ്രസക്തമാണ്. അതുകൊണ്ട് സാമൂഹികഘടനയുടെ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻപറ്റുന്ന വിധത്തിലേക്ക് കോളനികളെ ഭൂമിശാസ്ത്ര പരമായി പുനഃക്രമീകരിക്കണം.

ദളിതുകളുടെ ചരിത്രപരമായ പിന്നാക്കാവസ്ഥയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് ഉത്പാദനശേഷിയുള്ള ഭൂമിയുടെ അപര്യാപ്തതയും വിഭവാധികാരങ്ങളുടെമേൽ നിയന്ത്രണമില്ലായ്മയുമാണ്. അതുകൊണ്ട് കൃഷിചെയ്യാൻ താത്പര്യമുള്ളവർക്ക് അതിനാവശ്യമായ ഭൂമി നൽകണം. കൃഷിഭൂമിക്കുവേണ്ടിയുള്ള അവരുടെ നിരന്തരമായ ആവശ്യങ്ങൾ കൂടിയാണ് അടുത്തകാലത്തായി

കേരളത്തിൽനടന്ന ഭൂസമരങ്ങളിൽ പ്രതിഫലിച്ചത്.

കോളനിജീവിതത്തിന്റെ ഇരകളാണ് തങ്ങളെന്ന് ചരിത്രപരമായി തിരിച്ചറിഞ്ഞ ഒരു പുതിയ തലമുറ കോളനികളിൽനിന്ന് ഉയർന്നുവരുന്നുണ്ട്. കോളനി എന്ന പേരുമാത്രമല്ല, കോളനിതന്നെയാണ് പ്രശ്നം എന്നാണ് അവർ ഉറക്കെ പറയുന്നത്. 'കോളനിവിരുദ്ധമായ ഒരാശയം ചില സമയങ്ങളിൽ ഒച്ചവെച്ചും ചില നേരങ്ങളിൽ സ്വയം നിയന്ത്രിച്ചുകൊണ്ടും കേരളത്തിലുടനീളമുള്ള ദളിത് വിഭാഗങ്ങൾക്കിടയിലൂടെ നിരന്തരം സഞ്ചരിച്ചു കൊണ്ടിരിക്കുന്നുണ്ട്. കോളനികളിൽനിന്ന് പുറത്തുവരാനുള്ള പരിശ്രമത്തിലാണ് അവരിലേറെപ്പേരുമിന്ന്.

*(ജവാഹർലാൽ നെഹ്റു സർവകലാശാലയിൽനിന്നു ഗവേഷണബിരുദം നേടിയ ലേഖകൻ നിലവിൽ ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ്-ഡോക്ടറൽ ഫെലോ ആണ്.)*

**മാതൃഭൂമി**
**27 ജൂലൈ 2024**

# നികുതിദായകർ എന്ന കറവപ്പശു

ഡോ. കെ. രാജേഷ്

*ശരാശരി എഴുപതുശതമാനത്തോളം പേർ ഇന്ത്യയിൽ നികുതി അടയ്ക്കുന്നില്ല നികുതിദായകഗണത്തിൽ ബഹുഭൂരിഭാഗവും മധ്യവർഗമാണ്. രാജ്യത്തിന്റെ വികസനത്തിന് വലിയ സംഭാവനചെയ്യുന്ന അവർക്ക് നികുതി നൽകുന്നതിന്റെ പ്രത്യേകിച്ച് ഒരു നേട്ടവും ലഭിക്കുന്നില്ല*

ഒരു രാജ്യത്തിന്റെ വികസന സ്വപ്നങ്ങളെ താങ്ങിനിർത്തുന്നവർ, അഥവാ രാഷ്ട്രശില്പികളാണ് നികുതി ദായകർ. എന്നാൽ അതിനനുസരിച്ചുള്ള പരിഗണന സർക്കാർ അവതരിപ്പിക്കുന്ന ബജറ്റുകളിലോ മറ്റ് ഏതെങ്കിലും മേഖലകളിലോ അവന് ഇന്ത്യയിൽ ലഭിക്കുന്നുണ്ടോ? നമ്മൾ ഇതുപോലെ തുടരുന്നത് അഭികാമ്യമാണോ? ആ ഒരു അന്വേഷണമാണ് ഈ കുറിപ്പിനാധാരം.

## കറവപ്പശുവിന്റെ കഥയും വിശുദ്ധ പശുക്കളുടെ പാതയും

2024-25-ലെ കേന്ദ്രബജറ്റ് അനുസരിച്ച് ആകെ വരുമാനത്തിന്റെ 19 ശതമാനമാണ് ആദായ നികുതിയിൽ നിന്നു ലഭിക്കുന്നത്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി മികച്ച വളർച്ച നിരക്ക് സൂചിപ്പിക്കുന്ന പരോക്ഷ നികുതിയായ ജി.എസ്.ടി. പോലും 18 ശതമാനമേ സംഭാവന ചെയ്യുന്നുള്ളൂ എന്നോർക്കുക. ഇനി താഴെപ്പറയുന്ന പട്ടിക ശ്രദ്ധിക്കുക. കഴിഞ്ഞ വർഷം ഇതേ സമയം ലോക്സഭയിലെ ഒരു ചോദ്യത്തിന് മറുപടിയായി ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ച കണക്കാണിത്.

| വർഷം | വരുമാനനികുതി റിട്ടേൺ ഫയൽ ചെയ്തവർ | റിട്ടേൺ ഫയൽ ചെയ്തവരിൽ നികുതി ബാധ്യത ഇല്ലാത്തവർ |
|---|---|---|
| 2019-'20 | 6.48 | 2.9 |
| 2020-'21 | 6.78 | 4.85 |
| 2021-'22 | 6.94 | 5.05 |
| 2022-'23 | 7.4 | 5.16 |
| (തുക കോടിയിൽ) | | |

ലളിതമായി പറഞ്ഞാൽ, 2022 -23-ൽ വരുമാന തികുതി റിട്ടേൺ സമർപ്പിച്ച 5.16 കോടി ജനങ്ങളും ഒരു രൂപപോലും നികുതിയടച്ചിട്ടില്ല. അതിനർഥം 140 കോടി ജനങ്ങളെങ്കിലും ഉള്ള ഈ രാജ്യത്ത് നികുതി അടച്ചിട്ടുള്ളത്, 2.24 കോടി ജനങ്ങൾ മാത്രമാണ് എന്നാണ്. ലളിതമായി പറഞ്ഞാൽ ജനസംഖ്യയുടെ രണ്ടുശതമാനത്തിൽ താഴെ മാത്രമാണ് ഇന്ത്യയിലെ നികുതി ദായകരുടെ എണ്ണം. 2023-24-ൽ വരുമാന നികുതി റിട്ടേൺ ഫയൽ ചെയ്തവരുടെ എണ്ണം. വർധിച്ചു എന്ന സർക്കാരിന്റെ ചില കണക്കുകൾ വന്നിട്ടുണ്ട്. അപ്പോഴും ശരാശരി 70 ശതമാനത്തോളം പേർ ഇന്ത്യയിൽ നികുതിയടയ്ക്കുന്നില്ല. നികുതിദായകരിൽ

ഇരുനൂറോളംവരുന്ന ശതകോടീശ്വരന്മാരും ഏഴുലക്ഷത്തോളം വരുന്ന കോടീശ്വരന്മാരും ഉണ്ടാകാം എങ്കിലും ഈ ഗണത്തിൽ ഭൂരിഭാഗവും മധ്യവർഗം എന്ന ഓമന പ്പേരിൽ അറിയപ്പെടുന്ന ജനവിഭാഗ മാണുള്ളത്. ആ ഗണത്തെയാണ് കറവ പ്പശുക്കൾ എന്ന പേരുകൊണ്ട് മുകളിൽ ഉദ്ദേശിച്ചിരിക്കുന്നത്.

**എന്തുകൊണ്ട് കറവപ്പശുക്കൾ?**

140 കോടിയോളം ജനങ്ങളുള്ള ഒരു രാജ്യത്തിന്റെ ഖജനാവിലേക്കു നേരിട്ട് 19 ശതമാനം നൽകുന്നു എന്നതു മാത്രമല്ല അവർ ചെയ്യുന്നത്, പരോക്ഷ നികുതിയിലും അവരുടെ കൈയ്യൊപ്പുണ്ട്. അവരോളം വരുമാനം ഉണ്ടാക്കുന്ന പലരും പ്രത്യക്ഷ നികുതി ഒഴിവാക്കുമ്പോൾ, സാഹചര്യ ത്തിന്റെ സമ്മർദം കൊണ്ടാണെങ്കിലും അവർ നികുതി നൽകുന്നു. എന്നാൽ, രാജ്യത്തിന്റെ വികസനത്തിന് വലിയ സംഭാവന ചെയ്യുന്ന അവർക്ക് നികുതി നൽകുന്നതിന്റെ പ്രത്യേകിച്ച് ഒരു നേട്ടവും ലഭിക്കുന്നുമില്ല. വോട്ടർ പട്ടികയിൽ പേര് നേടിയവരുടെ എണ്ണത്തിൽ പ്രസ്തുത വസ്തുതകൾ പുനഃക്രമീകരിക്കുക യാണെങ്കിൽ ഇന്ത്യയിൽ 100 വോട്ടർമാരിൽ ഏഴുപേർ മാത്രമേ വരുമാന നികുതി നൽകുന്നുള്ളൂ. ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടു നിൽക്കുന്ന നോർവേയിൽ നൂറിൽ നൂറു വോട്ടർമാരും നികുതി അടയ്ക്കുന്നവരാണ് കാനഡയിൽ പ്രസ്തുത നിരക്ക് തൊണ്ണൂറ്റിയഞ്ചും അമേരിക്കയിൽ എഴുപതുമാണ് എന്നുകൂടി ഓർക്കുക.

**ആരൊക്കെയാണ് ഇന്ത്യയിൽ ആദായനികുതി അടയ്ക്കേണ്ടത്?**

ഇന്ത്യയിൽ വച്ച്, ഒരു സാമ്പത്തിക വർഷം പണം സമ്പാദിച്ച ഓരോരുത്തരും പ്രവാസികൾ ഉൾപ്പെടെ നികുതി അടയ്ക്കേണ്ടതുണ്ട്. ശമ്പളം, വാടകയി നത്തിൽ ലഭിച്ച വരുമാനം, മൂലധന നേട്ടം, ബിസിനസ് അല്ലെങ്കിൽ പ്രൊഫഷണൽ തൊഴിലാളികൾ, മറ്റു വരുമാന മാർഗങ്ങൾ (ലോട്ടറി, സമ്മാനം, പലിശ), എന്നീ വരുമാന സ്രോതസ്സുകൾ ഉള്ളവരെല്ലാം തന്നെ ആദായനികുതി അടയ്ക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞവയിൽ ഏതെങ്കിലും ഒരു വരുമാനമോ ഒന്നിൽക്കൂടുതൽ വരുമാനമോ ഉള്ള ഓരോരുത്തരും ഇന്ത്യയിൽ നികുതി അടയ്ക്കുക തന്നെ വേണം. അതുകൊണ്ടു തന്നെ വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനികൾ, ഹിന്ദു അവിഭക്ത കുടുംബം, സ്ഥാപനങ്ങൾ, കമ്പനികൾ, വ്യക്തികളുടെ അസോസിയേ ഷനുകൾ പ്രാദേശിക അധികാര കേന്ദ്രം തുടങ്ങി വരുമാനം ഉണ്ടാക്കുന്ന സകലരും നികുതി അടയ്ക്കേണ്ടതായുണ്ട് എന്ന് നിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

അതേസമയം, കൃഷിയിൽ നിന്നുള്ള വരുമാനം പൂർണമായും ഇന്ത്യയിൽ നികുതി വിമുക്തമാണ്. ഹിന്ദു അവിഭക്ത കുടുംബത്തിലെ ചില സ്വത്തു കൈമാറ്റ ത്തിനും ആനുകൂല്യം നൽകിയിട്ടുണ്ട്. ഗ്രാറ്റിവിറ്റി, ലീവ് എൻകാഷ്മെന്റ്, വിരമിക്കൽ, നഷ്ടപരിഹാരം തുടങ്ങി പല ഘടകങ്ങളും വരുമാന പരിധിക്കു പുറത്താണ്. എം.പി. മാർക്കും എം.എൽ.എ.മാർക്കും നൽകുന്ന എല്ലാ അലവൻസുകളും നികുതി വിമുക്തമാണ്. നിലവിൽ ഒരു ലക്ഷം രൂപ ശമ്പളം വാങ്ങുന്ന എം.പി മാരുടെ മറ്റെല്ലാ

പ്രതിഫലവും അലവൻസുകളായാണ് രേഖപ്പെടുത്തുന്നത്. കേരളത്തിൽ എംഎൽ.എ.മാരുടെ ശമ്പളം പല വിധ അലവൻസുകളായാണ് നൽകുന്നത്. അതുകൊണ്ട് തന്നെ, അവ നികുതി വിമുക്തമാണ്. അതേ സമയം ഇവരുടെ മറ്റു വരുമാന മാർഗ്ഗങ്ങൾക്ക് നികുതി കൊടുക്കാൻ അവർ ബാധ്യസ്ഥരാണ്.

**തീർത്തും ദരിദ്രമാണോ ഇന്ത്യ**

അല്ല എന്നുതന്നെ ഉത്തരം. സർക്കാരിന്റെ കണക്ക് വിഭിന്നമാണെങ്കിലും ഏതാണ്ട് ഒരു 10 ശതമാനം പേരെങ്കിലും ഇന്ത്യയിൽ അതിദരിദ്ര വിഭാഗത്തിൽ ഇപ്പോഴും കാണാം (കഴിഞ്ഞ 13 വർഷമായി സെൻസസ് എടുത്തിട്ടില്ല എന്നോർക്കുക). എന്നിരുന്നാലും പ്രശ്നങ്ങൾ ഏറെ ഉണ്ടെങ്കിലും കഴിഞ്ഞ മുപ്പതു വർഷമായി രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഗണ്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. ഏറ്റവും പുതിയ കണക്കനുസരിച്ച്, നമ്മുടെ ദേശീയ പ്രതിശീർഷ വരുമാനം 2.14 ലക്ഷം രൂപയാണ്. ആ മാറ്റങ്ങൾ പല തരത്തിൽ സമൂഹത്തിൽ പ്രതിഫലിക്കുന്നതും കാണാം. ഉദാഹരണത്തിന് 35 കോടിയോളം വാഹനങ്ങളാണ് ഇന്ത്യൻ നിരത്തുകളിൽ ഇപ്പോൾ ഓടുന്നത്. 2023-ൽ മാത്രം ഏതാണ്ട് 20 കോടിയോളം ജനങ്ങളാണ് ഇന്ത്യയിൽ വിമാനയാത്ര നടത്തിയിട്ടുള്ളത്.

ഇനി മറ്റൊരു വശം നോക്കാം. ഔദ്യോഗിക കണക്കനുസരിച്ച് ഇന്ത്യയിൽ തൊഴിലെടുക്കാൻ സാധിക്കുന്നവർ (15-നും 60-നും ഇടയിൽ പ്രായം ഉള്ളവർ) 68 ശതമാനമാണ്. സി.എം.ഐ.ഇ.(സെന്റർ ഫോർ മോണിറ്ററിങ് ഇന്ത്യൻ ഇക്കോണമി) യുടെ 2023-ലെ കണക്കനുസരിച്ച് ഇന്ത്യയിൽ വ്യത്യസ്ത മേഖലകളിൽ തൊഴിലെടുക്കുന്നവർ ഏതാണ്ട് 47 കോടിയാണ്. അതിൽ 18 വയസ്സിനു താഴെയുള്ളവരെയും മൂന്നുലക്ഷത്തിനു താഴെ വരുമാനമുള്ളവരെയും ഒഴിവാക്കി, ശരാശരി 50 ശതമാനമായി കണക്കാക്കിയാൽപ്പോലും കുറഞ്ഞത് 23.5 കോടി ജനങ്ങളെങ്കിലും ഇന്ത്യയിൽ നികുതി കൊടുക്കേണ്ടതായി വരും. അസോസിയേഷൻ ഓഫ് മ്യൂച്ചൽ ഫണ്ട്സ് ഇന്ത്യയുടെ (AMFI) 2019- ലെ റിപ്പോർട്ട് അനുസരിച്ച് 37 ശതമാനം ജനങ്ങളാണ് (52 കോടി) ഇന്ത്യയിൽ മൂന്നു ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽ വരുമാനം ഉണ്ടാക്കുന്നത് എന്നുകൂടി ചേർത്തു വായിക്കുക. കണക്കുകളിൽ അഭിപ്രായഭിന്നത ഉണ്ടായേക്കാം. എങ്കിലും ഇന്ത്യയിൽ വരുമാനനികുതി അടയ്ക്കേണ്ടവരുടെ എണ്ണം ജനസംഖ്യയുടെ രണ്ടു ശതമാനമല്ല എന്നത് പകൽപോലെ വ്യക്തമാണ്.

**എന്തുകൊണ്ട് ആളുകൾ നികുതി പരിധിയിൽ നിന്ന് ഒഴിവാകുന്നു**

ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ ഇന്ത്യയിൽ വരുമാന നികുതി ഏർപ്പെടുത്തിയിരുന്നു. സ്വാതന്ത്ര്യാനന്തരം ഭാരത സർക്കാരും ഭേദഗതികളോടെയാണെങ്കിലും അത് തുടർന്നു. ചരിത്രപരമായി ഇന്ത്യയിലെ വരുമാന നികുതി സമ്പ്രദായം തീർത്തും പ്രതിലോമപരമായിരുന്നു. 1970-71-ലേക്കുള്ള ബജറ്റ് അവതരിപ്പിച്ചത് അന്ന് ധനമന്ത്രാലയത്തിന്റെ കൂടി ചുമതല വഹിച്ചിരുന്ന പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധിയാണ്. ആ ബജറ്റിൽ പരാമർശിച്ച ഉയർന്ന വരുമാന നികുതി, 85 ശതമാനം

ആയിരുന്നു. രണ്ടുലക്ഷം രൂപയ്ക്കു മുകളിലെ എല്ലാ തുകയ്ക്കും സർച്ചാർജ് ഉൾപ്പെടെ 93.5 ശതമാനം നികുതി (അഡീഷണൽ സർച്ചാർജ് ഉൾപ്പെടെ, 97.5ശതമാനം) എന്നത് ഇന്ന് ചിലർക്കെങ്കിലും അവിശ്വസനീയമായി തോന്നിയേക്കാം.

പിന്നീടത് 1985-86 -ൽ വി.പി. സിങ് 50 ശതമാനമായി കുറച്ചു. 1991-ൽ അന്നത്തെ ധനമന്ത്രിയായിരുന്ന മൻമോഹൻ സിങ് ഉയർന്ന ടാക്സ് നിരക്ക് 40 ശതമാനമാക്കി കുറച്ചുകൊണ്ട് വിപ്ലവം സൃഷ്ടിച്ചു. 1997-98 അന്നത്തെ ധനമന്ത്രി പി. ചിദംബരം ആ നിരക്ക് 30 ശതമാനമായി പരിമിതപ്പെടുത്തി. 2017-18 ബജറ്റിൽ അരുൺ ജെയ്റ്റ്ലി 2.5 മുതൽ അഞ്ചുലക്ഷം വരെ വരുമാനമുള്ളവർക്ക് 5 ശതമാനം നികുതി നിരക്ക് പ്രഖ്യാപിച്ചതൊഴിച്ചാൽ, ചിദംബരം പ്രഖ്യാപിച്ച നികുതി നിരക്കുകൾ തന്നെയാണ് ഇപ്പോഴും നിലവിലുള്ളത്. കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പുതിയ സ്കീമിൽ ചെറിയ മാറ്റങ്ങൾ ഉണ്ടെങ്കിലും 2017-18 -ൽ പ്രഖ്യാപിച്ച വരുമാന പരിധി തന്നെയാണ് ഏറക്കുറെ ഇപ്പോഴും പിന്തുടരുന്നത്.

മേൽപ്പറഞ്ഞ സാങ്കേതിക കാരണത്തിനു പുറമേ, അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ ബാഹുല്യമാണ് നികുതിദായകരുടെ എണ്ണത്തിൽ കുറവു വരാൻ ഇടയാക്കുന്നത്. നമ്മുടെ സാമ്പത്തിക ക്രയവിക്രയങ്ങൾ ഇപ്പോഴും പൂർണമായും ഡിജിറ്റലല്ല എന്നത് പലർക്കും നികുതി ഒഴിവാക്കാൻ എളുപ്പമാകുന്നു, ഇന്ത്യയിൽ ജനസംഖ്യയുടെ പകുതിപ്പേർക്കു മാത്രമേ ഇപ്പോഴും ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമായിട്ടുള്ളൂ എന്നത് നാം കൈവരിച്ച വളർച്ചയുടെ പരിമിതി ചൂണ്ടിക്കാട്ടുന്നു. കൃഷിയിൽ നിന്നുള്ള വരുമാനത്തിന് നികുതിയില്ല എന്നതിനാൽ വരുമാനമുള്ളവർപോലും നികുതി നൽകാതെ രക്ഷപ്പെടുന്നു. പാശ്ചാത്യ രാജ്യങ്ങളിലെപ്പോലെ, ശക്തമായ നിയമ വ്യവസ്ഥ നടപ്പാക്കാത്തതും നമ്മുടെ വ്യവസ്ഥയിലെ പഴുതുകൾ ഇവിടെ നികുതി വെട്ടിപ്പുകാർക്ക് നിർഭയം വ്യാപരിക്കാൻ വഴിയൊരുക്കുന്നുണ്ട്.

**നികുതി വെട്ടിക്കുന്ന പ്രമുഖർ ആരാകും?**

മേൽപ്പറഞ്ഞ 'അനുകൂല' ഘടകങ്ങളുടെ സഹായത്താൽ ഡോക്ടർമാർ, വക്കീലന്മാർ, എഞ്ചിനിയർമാർ തുടങ്ങി വ്യത്യസ്ത മേഖലകളിൽ ജോലി ചെയ്യുന്ന പലരും യഥാർഥ വരുമാനത്തിൽ ആനുപാതികമായി നികുതിയടയ്ക്കാറില്ല. കഴിഞ്ഞ ജൂൺ 24-ന് മധ്യപ്രദേശ് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം ഇവിടെ ശ്രദ്ധേയമാണ്. കഴിഞ്ഞ മുപ്പതു വർഷമായി മധ്യപ്രദേശിലെ മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ആദായ നികുതിയടച്ച തുക സർക്കാർ മടക്കികൊടുക്കുകയായിരുന്നു. ഈ പതിവ് നിർത്തലാക്കാനുള്ള ബില്ലാണ് അവർ പാസാക്കിയത്. ഹിമാചൽപ്രദേശ്, ഛത്തീസ്ഗഢ്, ഹരിയാണ, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ പതിവ് ഇപ്പോഴും തുടരുന്നു. മന്ത്രിമാർക്കു പുറമേ, പാർലമെന്ററി സെക്രട്ടറിമാർക്കു പോലും അവിടെ ഈ സേവനം ലഭ്യമാണ്, ധീരതയ്ക്ക് അവാർഡ് ലഭിച്ച പട്ടാളക്കാർക്കും ഇവിടെ നികുതിയിളവ് ലഭ്യമാണ്. കാർഷിക മേഖലയിൽ ചെറുകിട കർഷകരാണ് ഏതാണ്ട് 85 ശതമാനവുമെങ്കിലും ഇന്ത്യയിൽ കോടിപതികളായ കർഷകർ

20,000-ത്തിനും 25,000-ത്തിനുമിടയിൽ ഉണ്ടെന്നകാര്യം കൂടി നാം ഓർക്കുക. ഇവർക്കാർക്കും ഒരു രൂപ പോലും നികുതി അടയ്ക്കേണ്ടതില്ല.

**എന്താകും പരിണിതഫലം?**

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവായ ആഡം സ്മിത്ത് സമത്വം, ഉറപ്പ്, സൗകര്യം, സാമ്പത്തികം എന്നീ നാല് അടിസ്ഥാന പ്രമാണങ്ങൾ നികുതി പിരിവിന്റെ അടിസ്ഥാന ലക്ഷ്യമായി വിലയിരുത്തിയിട്ടുണ്ട്. ചാൾസ് എഫ്. ബാസ്റ്റബിൾ എന്ന ആധുനിക സാമ്പത്തിക ശാസ്ത്രജ്ഞൻ അത് സമത്വം, സ്ഥിരത, സാമ്പത്തികം, സൗകര്യം, ഇലാസ്തികത, ഉല്പാദനക്ഷമത എന്ന് പുനർ നിർവചിക്കുകയുണ്ടായി. ഒരു രാജ്യത്തിന്റെ സമഗ്ര വളർച്ചയിൽ നികുതിയുടെ പ്രാധാന്യം വിളിച്ചോതുന്നു ഈ പ്രമാണങ്ങൾ. ഈ പ്രമാണങ്ങൾ ഒരേസമയം, നികുതി ദായകന്റെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും നികുതിയുടെ ഘടനയെക്കുറിച്ചും നികുതി പിരിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഓർമ്മപ്പെടുത്തുന്നു. അവകാശങ്ങളെക്കുറിച്ച് വാതോരാതെ സംസാരിക്കുമ്പോൾ കടമകളെക്കുറിച്ചും നാം ബോധവാന്മാരാകേണ്ടതുണ്ട്. പണമുള്ളവർ നികുതിയടയ്ക്കുന്നില്ല എന്നു പറഞ്ഞാൽ, രാജ്യത്തിന്റെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നവർ എന്നുതന്നെയാണ് അർഥം. അതിലേറെ ഈ പ്രവണതകൊണ്ട് ദോഷങ്ങൾ ഏറെയുണ്ട്. രാജ്യം വളർന്നു എന്നു പറഞ്ഞ കഴിഞ്ഞ മുപ്പതു വർഷത്തിൽ ഇവിടെ അസമത്വവും ക്രമാതീതമായി വളർന്നു. ഈ അസമത്വ വളർച്ചയിൽ ഇവിടത്തെ വികലമായ നികുതി സമ്പ്രദായത്തിന് വലിയൊരു പങ്കുണ്ട്. നികുതി വ്യവസ്ഥ യിലെ പോരായ്മകൾ പരിഹരിക്കാതെ രാജ്യത്തിന് സുസ്ഥിര വികസനം സാധ്യമല്ല.

**എന്താകണം ഒരു നല്ല നികുതി സമ്പ്രദായം ?**

ഓരോ വ്യക്തിക്കും അവന്റെ 'ന്യായമായ വിഹിതം' നൽകപ്പെടുന്ന തരത്തിൽ നികുതിഭാരം ആനുപാതികമായിരിക്കണം. തുല്യർ തുല്യ നികുതിയും കൂടുതലുള്ളവർ കൂടുതൽ നികുതിയും നൽകണം. തുല്യത ഒരിക്കലും ഉത്പാദനക്ഷമതയെ ബാധിക്കുന്നതുമാകരുത്. നികുതിയും നികുതി സമ്പ്രദായവും കൂടുതൽ സുതാര്യമാക്കുക. സാഹചര്യത്തിന്റെ ആവശ്യകതയനുസരിച്ച് നികുതി നിരക്കിൽ മാറ്റംവരുത്താൻ കഴിയുന്ന വിധമാണ് നികുതി ഈടാക്കേണ്ടത്. അതുപോലെ, നികുതി ഈടാക്കൽ ജനങ്ങളെ സംബന്ധിച്ച് ലളിതവും മനസ്സിലാക്കാൻ കഴിയുന്നതും ആയിരിക്കണം. കേന്ദ്ര സർക്കാർ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച പുതിയ നികുതി സമ്പ്രദായം ഒരു പരിധിവരെ ഈ ലക്ഷ്യം നിറവേറ്റുന്നു. നികുതി ഘടനയിലെ വൈവിധ്യവല്കരണമാണ് കൂടുതൽ അനുയോജ്യം. പ്രത്യക്ഷ-പരോക്ഷ നികുതികളിലൂടെ ഒരു പരിധിവരെ, ഈ പ്രമാണവും പലരും പ്രാവർത്തികമാക്കുന്നു.

ഇന്ത്യൻ ജനങ്ങളുടെ വരുമാന ബഹുലതയെയും കാലികമായ മാറ്റത്തെയും നികുതി ഘടന പൂർണമായും ഉൾക്കാള്ളുന്നില്ലെന്നത് ഒരു വലിയ പോരായ്മയാണ്. നികുതി നിരക്ക് കുറച്ച്, പരിധികൾ ഉയർത്തിയാൽ കൂടുതൽ ആളുകൾ നികുതി നൽകാൻ തയ്യാറാകും എന്നൊരു പ്രബലവാദവുമുണ്ട്.

അടിസ്ഥാനഘടന രണ്ടര ലക്ഷത്തിൽ നിന്ന് (പുതിയ സ്കീമിൽ, മൂന്നുലക്ഷത്തിൽ നിന്ന്) അഞ്ചു ലക്ഷമെങ്കിലുമാക്കി ഉയർത്തണം എന്ന ആവശ്യം ഇവിടെ ഉയരാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായി. പഴുതുകളടച്ച നിയമ നിർമാണവും നിയമം ലംഘിക്കുന്നവർക്ക് ഉയർന്ന പിഴ, തടവു ശിക്ഷകളും നൽകുന്ന അതേസമയം മെച്ചപ്പെട്ട സേവനങ്ങളും നൽകുന്ന രാജ്യങ്ങളിലാണ് ഉയർന്ന തോതിൽ നികുതി ലഭ്യതയുള്ളത്. ഇന്ത്യയിലെ നികുതി ലഭ്യത കൂട്ടാനും ഈ പ്രമാണങ്ങൾ തന്നെയാണ് അടിസ്ഥാനമാക്കേണ്ടത്. വലിയൊരു അവസരമാണ് സർക്കാരിനു മുന്നിലുള്ളത്. നിർഭാഗ്യവശാൽ അത് ഉപയോഗിക്കുന്നില്ല എന്നുമാത്രം.

2023-24 ബജറ്റ് എസ്റ്റിമേറ്റിനെക്കാൾ 1.35 ലക്ഷം കോടി രൂപയാണ് സർക്കാരിന് കൂടുതൽ ലഭിച്ചിരിക്കുന്നത്. ഈ വാർത്തയ്ക്കു മറ്റൊരു വലിയ മാനം കൂടിയുണ്ട്. ഇപ്പോഴും സർക്കാർ തങ്ങളുടെ പൗരരുടെ വരുമാനശേഷിയെ വില കുറച്ചാണ് കാണുന്നത്. നിലവിൽ രണ്ടു ശതമാനം ജനങ്ങൾക്ക് 19 ശതമാനത്തോളം സംഭാവന ചെയ്യാൻ സാധിക്കുന്നെങ്കിൽ, കുറഞ്ഞത് ഒരു ഇരുപത് ശതമാനം ജനങ്ങൾ നികുതി അടയ്ക്കുകയാണെങ്കിൽ രാഷ്ട്ര പുരോഗതി എത്ര വേഗത്തിലാകും എന്ന് ആലോചിക്കുക. നിലവിൽ ഇന്ത്യയിൽ നടക്കുന്നത് നികുതിദായകർ എന്ന ന്യൂനപക്ഷത്തെ കൊള്ളയടിക്കൽ മാത്രമാകുന്നു.

*(കേരള ഫിഷറീസ് സർവ്വകലാശാലയിലെ സാമ്പത്തിക ശാസ്ത്ര അസിസ്റ്റന്റ് പ്രൊഫസറും ബിസിനസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റ് വകുപ്പു മേധാവിയുമാണ് ലേഖകൻ.)*

**മാതൃഭൂമി**

**30 ജൂലൈ 2024**

# Jan Aushadhi and the question of quality

**Latha Jishnu**

*India's top drug firms oppose the move to allow government drug stores to sell generic substitutes, but what is the real reason?*

THE SITUATION is replete with ironies. In the "world's pharmacy", as India likes to be described for supplying inexpensive generic drugs to countries across the globe, there is an all-out war on this genre of drugs. The medical fraternity and the generics manufacturing industry are up in arms against government moves to push the use of unbranded generic medicines in Jan Aushadhi stores to widen access to medicines that would otherwise be out of the reach of the poor. In India, millions who might have got out of the rut of poverty by dint of their labour are pushed back into perilous living by the high cost of healthcare, since the state provides very little support. One estimate says 7 per cent of the population drops below the poverty threshold every year.

It might seem inexplicable, therefore, that there is so much opposition to a measure that lowers healthcare costs. To the outside world, it must be puzzling why the country's generics industry should itself be backing the campaign against unbranded generic medicines and, ironically, using the very arguments that it used to combat the power and pelf of the multinational drug companies decades ago. In one sense, it is a natural progression. Yesterday's small and struggling generics firms are today's biggies in the industry-a couple of them established among the top 10 in the world. Their lobby group, the Indian Pharmaceutical Alliance (IPA) represents the top 25 generics firms. In its initial years, IPA launched high-profile campaigns against global drug giants and their predatory practices, especially in the use of intellectual property, to crush the nascent generics industry. Those were the tumultuous decades when patient rights figured prominently under the strategic leadership of Dilip G Shah, who founded IPA in 1999 with just six member-firms.

Today's IPA is a different kettle of fish. It describes itself as representing the leading research-based pharma companies in the country and plays an influential role in shaping policies that augment its growth. It speaks the same language as PhRMA, the organisation that clubbed the multinationals it once fought. It is now resisting moves by the

government to allow Jan Aushadhis-it translates to medicine for the people to substitute prescription medicines with low-cost unbranded generic medicines. The tables have turned completely. In the view of these leading generics manufacturers who enjoy huge markets in the West and at home, such a move would be detrimental to the interests of patients. IPA has warned the Union health ministry that the proposed changes envisaged by Central Drugs Standard Control Organisation (CDSCO), the central drug regulatory authority, could result in poor-quality drugs being sold in Jan Aushadhi outlets because of the faulty drug regulatory system. Currently a new company is allowed to manufacture drugs that have already been in the market for four years without a licence from CDSCO as long as it gets approval from state regulations. This is one reason why there are so many substandard products in the market. Lack of drug inspection officials is another. But it would be naive to believe that all is well with licensed units, even those with approvals from the US. Food and Drug Administration (FDA). The scandal involving malpractices at Ranbaxy, once the top Indian drug manufacturer, is a telling case.

What are Jan Aushadhis and why is there such a rumpus over a move that will only help the poor? It is a scheme launched by Manmohan Singh government in 2008 to provide affordable generic medicines to the public, just one way to help improve the quality of affordable health care the nation. The predatory pricing of drugs by me big-name companies meant life-saving drugs were out of the reach of India's needy millions. When Narendra Modi's Bharatiya Janata Party (BJP) government came to power, the scheme was repackaged as the Pradhan Mantri Jan Aushadhi Yojana. In November 2016, it was renamed the Pradhan Mantri Bhartiya Janaushadhi Pariyojana, a deliberate attempt, say critics of the regime, to carve out and highlight the abbreviation BJP. Jan Aushadhi stores sport a huge billboard of Modi but not much has been done to expand the network significantly; the number being just over 10,500.

Given the limited reach, it is surprising that the big guns of the Indian pharma sector are making such a fuss over a move that cannot be faulted except on the question of quality. It is well known that India is awash in poor quality, spurious and untested drugs, some of these manufactured purely for export. Several developing countries, one of them among the poorest in Africa, have paid heavily for sourcing cheap drugs from India. In 2022, much to the country's shame, around 70 children in Gambia and about 18 in Uzbekistan died after being dosed with toxic cough syrup.

While these instances are indeed cause for concern, not many are convinced that IPA is speaking from an altruistic motivation. The All India Drug Action Network (AIDAN), a network of health organisations that has been campaigning for a rational drug use policy and for availability of essential medicines under generic names, thinks commercial interests are at work here. It believes that allowing Jan Aushadhi stores to substitute brands with generic medicines would prove to millions of customers that generic substitutes "are as good as the costly brands patients were using all these days".

In fact, when IPA claims that the permission for substitution of brand names with generic substitutes "would open floodgates of similar demands by trade channels"-meaning general pharmacy stores and would not be in the interest of patients, it indicates what the industry's real fears are. It does not want the generic substitution to spread from the Jan Aushadhi network to all pharmacy stores. AIDAN believes the move would help "bust the myth that only renowned brands are of good quality"-a development that can hurt the business interests of IPA members. Hence, IPA opposes the proposal on Jan Aushadhis. But equally vehement opposition comes from the medical fraternity that has petitioned everyone from the Prime Minister to the Union health minister and all departments engaged in the promotion of unbranded generic drugs. The Indian Medical Association (IMA), the largest organisation of doctors, has been up in arms since last year when the National Medical Commission issued a directive to doctors to prescribe generic medicines and warned them of penalties, including suspension of licence, in case of non-compliance. Such was the backlash against this proposal-from IMA to the Association of Physicians of India-that the order was withdrawn within days.

If CDSCO manages to push its order on generic drugs, quality will remain a critical concern. It would need a thorough overhaul of the regulatory system, from ramping up the functioning of state FDAS to vastly increasing the number of drug inspectors so as to drastically bring down the proportion of Not Standard Quality (NSQ) medicines in India to the absolute minimum. The generic revolution will not happen otherwise.

**Down to Earth**

**16-31 July 2024**

# വൻ ആരോഗ്യഭീഷണിയായി കാലാവസ്ഥാ മാറ്റം

ഡോ. എൻ. സുന്ദരേശൻ

*കാലാവസ്ഥാ വ്യതിയാനം എന്നാൽ മഞ്ഞുരുകുന്നതോ, സമുദ്ര നിരപ്പുയരുന്നതോ മാത്രമല്ല സമൂലമായി മനുഷ്യരുടെ ആരോഗ്യത്തിനു നേർക്കുള്ള കടുത്ത ഭീഷണിയാണ്. ചൂട് കൂടുന്നതോടെ മലേറിയ, ഡെങ്കി, തുടങ്ങിയ രോഗങ്ങൾ പരത്തുന്ന കൊതുകുകൾ കൂടാൻ ഇടയാകുന്നു. കോളറ പോലെയുള്ള ജലജന്യ രോഗങ്ങൾ പെരുകും. അന്തരീക്ഷ മലിനീകരണം കൂടുന്നതോടെ ശ്വാസകോശ രോഗങ്ങൾ വർദ്ധിക്കും. ഈ ഗ്രഹത്തെ രക്ഷിക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്.*

*'ഇനിയും മരിക്കാത്ത ഭൂമി നിന്നാസന്ന*
*മൃതിയിൽ നിനക്കാത്മ ശാന്തി*
*ഇതു നിന്റെ, എന്റെയും ചരമശുശ്രൂഷക്കു*
*ഹൃദയത്തിലിന്നേ കുറിച്ച ഗീതം'*

മലയാളത്തിന്റെ പ്രിയങ്കരനായ കവി നശിച്ചു കൊണ്ടിരിക്കുന്ന, അല്ലെങ്കിൽ അനുദിനം മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ ഭൂമിയെ ഓർത്തു വിലപിച്ചു കൊണ്ട് എക്കാലത്തെയും മികച്ച പരിസ്ഥിതി കവിത എഴുതിയത് എൺപതുകളിലാണ് വികസനം, വ്യവസായം, നഗരവത്കരണം ഇങ്ങനെ എന്തിന്റെ പേരിലും കടന്നുകയറ്റം നടക്കുന്നത് സർവംസഹയായ ഭൂമിയുടെ മേലാണ്. ആത്യന്തികമായി ഇത് പരിസ്ഥിതിയെയും കാലാവസ്ഥയേയും മനുഷ്യന്റെ ആരോഗ്യത്തേയും ഒക്കെ ബാധിച്ചുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാ വ്യത്യാസങ്ങൾ മനുഷ്യരുടെ ദൈനംദിന ജീവിതത്തെയും ആരോഗ്യത്തെയും ബാധിക്കും എന്ന് സാധാരണ ജനങ്ങൾക്കുവരെ ഇന്നറിയാം. കേരളത്തിൽ ഈയിടെ അനുഭവപ്പെട്ട അഭൂതപൂർവമായ ഉഷ്ണതരംഗവും മഴക്കെടുതികളും അതിനുദാഹരണമാണ്. ചക്രവാതച്ചുഴി, കൂമ്പാരമേഘങ്ങൾ, ന്യൂനമർദ്ദം മിന്നൽമഴ ഇങ്ങനെ ചില വാക്കുകൾ വരെ നിത്യജീവിതത്തിൽ സർവ്വസാധാരണമായിരിക്കുകയാണ്.

കാലാവസ്ഥാ ദുരന്തങ്ങൾ എന്നാൽ ഒരർത്ഥത്തിൽ പൊതുജനാരോഗ്യ ദുരന്തങ്ങൾ കൂടിയാണ്. ഉയർന്ന അന്തരീക്ഷ താപനില, അതിവർഷം, വെള്ളപ്പൊക്കം അതിനെ തുടർന്ന് വരുന്ന ജലജന്യരോഗങ്ങൾ, പ്രാണികൾ പരത്തുന്ന രോഗങ്ങൾ ഇതെല്ലാം നമ്മുടെ ആരോഗ്യത്തിനും മനുഷ്യ സമൂഹത്തിന്റെ നിലനിൽപ്പിനു തന്നെയും വൻ ഭീഷണിയായി തുടരുകയാണ്. അതുകൊണ്ടുതന്നെയാണ് ലോകാരോഗ്യ സംഘടന ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ ആഗോളവ്യാപകമായി ലോകം നേരിടുന്ന ഏറ്റവും വലിയ ഭീഷണി കാലാവസ്ഥാ വ്യതിയാനം ആണ് എന്ന് പ്രഖ്യാപിച്ചത്. ഇതിന്റെയൊക്കെ ഇരയാവാൻ വിധിക്കപ്പെട്ടത് സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങളാണുതാനും. ലോക ബാങ്കിന്റെ കണക്കുപ്രകാരം 2030 ഓടെ 100 മില്യണിലധികം ജനങ്ങൾ അതിദാരിദ്ര്യത്തിലേക്കു തള്ളിവിടപ്പെടുമത്രേ. കാലാവസ്ഥയിലുണ്ടാകുന്ന ഈ വ്യത്യാസങ്ങൾ മനുഷ്യരുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കു

ന്നതുതന്നെ കാരണം. ലോകത്തിലെ ദരിദ്ര രാഷ്ട്രങ്ങളായിരിക്കും ഇതിന്റെ പ്രത്യാഘാതങ്ങൾ കൂടുതൽ അനുഭവിക്കേണ്ടി വരുക.

2023 ഏറെ കാലാവസ്ഥാ ദുരന്തങ്ങൾക്കു സാക്ഷ്യം വഹിച്ച ഒരു വർഷമായിരുന്നു. യൂറോപ്പിലെയും വടക്കൻ ആഫ്രിക്കയിലെയും അത്യുഷ്ണം, ക്യാനഡയിലെയും ഹവായിയിലെയും കാട്ടുതീ ഇന്ത്യയിലുണ്ടായ വെള്ളപ്പൊക്കം, വരൾച്ച, സമുദ്രത്തിലും, കരയിലും ഉണ്ടായ ഉയർന്ന താപനില, അന്റാർട്ടിക്കയിലെ മഞ്ഞ് ഉരുകൽ പ്രതിഭാസം ഇങ്ങനെ ചൂടുകൂടിയ വർഷമായിരുന്നു പോയ വർഷം. 2024 -ഉം ഒട്ടും മോശമല്ല ഇതുവരെ കഴിഞ്ഞ രണ്ടു ദശാബ്ദകാലമായി വരൾച്ച, വെള്ളപ്പൊക്കം, അനിയന്ത്രിത അന്തരീക്ഷ ശീതോഷ്ണനില, കൊടുങ്കാറ്റുകൾ ഇതിനൊക്കെ ഇന്ത്യ സാക്ഷ്യം വഹിച്ചു. 2019-ലെ ആഗോള കാലാവസ്ഥ അപകട സാദ്ധ്യതാ പട്ടികയിൽ ഇന്ത്യ ഏഴാമത് ആയിരുന്നു. മാത്രമല്ല കഴിഞ്ഞ വർഷം ആദ്യ ഒൻപതുമാസത്തിനിടയ്ക്ക് ഏതാണ്ട് എല്ലാ ദിവസവും ഉഷ്ണ-ശീത തരംഗങ്ങളുടെ പിടിയിലായിരുന്നു നമ്മുടെ നാട്. ഇതുമൂലം ഒരുപാട് മനുഷ്യ ജീവനുകളും പാർപ്പിടങ്ങളും, കൃഷി ഇടങ്ങളും നഷ്ടമായി. അന്തരീക്ഷ മലിനീകരണ റെക്കോർഡിൽ ഇന്ത്യ ഏറെ മുന്നിലാണ്. ഇതോടൊപ്പം പകർച്ച വ്യാധികളും ചേർന്ന് മരണ നിരക്കുകളും ഉയർന്നു. ഇതൊക്കെ വച്ചു നോക്കുമ്പോൾ കാലാവസ്ഥാ മാറ്റങ്ങളെ അടിസ്ഥാനമാക്കിയുള്ള ആരോഗ്യപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് നമ്മുടെ നാടിന് അത്യന്താപേക്ഷിതമാണ്. ഇന്ത്യയിലെ നല്ലൊരു ശതമാനം ഗ്രാമീണരും കാർഷികവൃത്തി, മത്സ്യ ബന്ധനം, വന മേഖല, കന്നുകാലി വളർത്തൽ ഇങ്ങനെ കാലാവസ്ഥാ കേന്ദ്രീകൃതമായ തൊഴിൽ രംഗങ്ങളിലാണ് പണിയെടുക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

ഈയൊരു പശ്ചാത്തലത്തിലാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ കഴിഞ്ഞ ഡിസംബറിൽ ദുബായിയിൽ നടന്ന കാലാവസ്ഥാ വ്യതിയാന സമ്മേളനം Conference of Parties (COP 28) ശ്രദ്ധേയമാകുന്നത്. കാലാവസ്ഥയും, ആരോഗ്യവും തമ്മിലുള്ള അടിസ്ഥാന ബന്ധത്തെ വ്യക്തമാക്കി ഡിസംബർ മൂന്ന് ഉദ്ഘാടന ദിവസം 'ഹെൽത്ത് ഡേ'ആയിരുന്നു. കാലാവസ്ഥാ ദുരന്തങ്ങളുടെ ഒരു പ്രധാന കാരണം ഖനിജ ഇന്ധനങ്ങളുടെ അമിത ഉപയോഗമാണ്. അതായത് പെട്രോൾ, ഡീസൽ, പ്രകൃതി വാതകം, കൽക്കരി. ഇപ്പോഴും ഇന്ത്യ കൂടുതൽ ആശ്രയിക്കുന്നത് കൽക്കരിയാണ്. ഇത്തരത്തിലുള്ള ഖനിജ ഇന്ധനങ്ങളുടെ ഉപയോഗം ഗണ്യമായി കുറയ്ക്കുക എന്നതു എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യ ത്തിലേക്കുള്ള മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് എന്ന് ഇപ്പോൾ സംശയാതീതമായി തെളിഞ്ഞിട്ടുണ്ട്. പ്ളാസ്റ്റിക്കിന്റെ അമിത ഉപയോഗം, മറ്റൊന്നാണ്. അത് മണ്ണിൽ ലയിച്ചു ചേരാത്ത അജൈവ മാലിന്യമാണ്. അത് കത്തിക്കുമ്പോഴുണ്ടാകുന്ന വാതകങ്ങൾ അന്തരീക്ഷ മലിനീകരണം വർദ്ധിപ്പിക്കുന്നു. ഖരമാലിന്യ നിർമ്മാർജ്ജനത്തിലെ അപാകതകൾ, അനിയന്ത്രിതവും അശാസ്ത്രീയവുമായ നഗരവത്കരണത്തിന്റെ ദൂഷ്യവശങ്ങൾ, വ്യക്തമായ പാരിസ്ഥിതിക അവബോധത്തിന്റെ

അഭാവം ഇങ്ങനെ നിരവധി ഘടകങ്ങൾ കാലാവസ്ഥാ മാറ്റങ്ങൾക്കു കാരണ മാകുന്നുണ്ടെങ്കിലും ഇന്ധന ഉപഭോഗം കുറയ്ക്കാൻ ലോകരാഷ്ട്രങ്ങളെ പ്രേരിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗം എന്ന നിലക്കാണ് ഈ തരത്തിലുള്ള അന്താരാഷ്ട്ര സമ്മേളനങ്ങളെ കാണേണ്ടത്.

ഖനിജ ഇന്ധനങ്ങളുടെ അമിത ഉപയോഗം ഉയർന്ന കാർബൺ ബഹിർഗമനത്തിനു കാരണമാകുന്നു. വികസിത രാജ്യങ്ങളാണ് ഇതിന്റെ മുൻപന്തിയിൻ നിൽക്കുന്നത്. ഈയവസരത്തിൽ എന്താണ് കാർബൺ പാദമുദ്ര അഥവാ Carbon foot print എന്ന് അറിഞ്ഞിരിക്കണം. നമ്മുടെ ഓരോ പ്രവൃത്തികളിലൂടെയും ഹരിത ഗൃഹ വാതകങ്ങൾ, അതായത് കാർബൺ ഡയോക്സൈഡും. മീഥേയിനും കൂടും. ഉദാഹരണത്തിന് വാഹനം ഓടിക്കുക, വൈദ്യുതി ഉപയോഗിക്കുക, വിമാന യാത്രകൾ ചെയ്യുക ഇതൊക്കെ കാർബൺ പാദമുദ്രകൾ വർദ്ധിപ്പിക്കും. പ്ളാസ്റ്റിക് ബാഗുകളുടെയും പ്ളേറ്റുകളുടെയും മറ്റും ഉപയോഗം കുറച്ച് പുനർഉപയോഗ മൂല്യമുള്ള സ്റ്റീൽ പാത്രങ്ങളുടെ ഉപയോഗം കാർബൺ പാദമുദ്ര കുറയ്ക്കും. ഇതൊരു ചെറിയ ഉദാഹരണം മാത്രമാണ്.

ലോകരാജ്യങ്ങൾ സംയുക്തമായ ഒരു ശ്രമത്തിലൂടെ ഈ കാർബർ ബഹിർഗ്ഗമനം കഴിയുന്നത്ര കുറയ്ക്കുക എന്നതു മാത്രമേ ഇതിനൊരു പോം വഴിയുള്ളൂ എന്നതാണ് ഈ അന്തർദേശീയ സമ്മേളനങ്ങൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. മറ്റൊന്ന് നമ്മുടെ ഊർജ്ജ ആവശ്യങ്ങൾക്ക് ഖനിജ ഇന്ധനങ്ങൾക്കു പകരം മറ്റ് ഊർജ്ജസ്രോതസ്സുകളെ ആശ്രയിക്കുക എന്നുള്ളതാണ്. സൂര്യപ്രകാശത്തിൽ നിന്നുള്ള സോളാർ എനർജി കാറ്റിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വിൻഡ് എനർജി ഇവയൊക്കെ Renewable energy ആണ്. സ്വാഭാവിക സ്രോതസ്സുകളിൽ നിന്നും ഉണ്ടാകുന്ന ഇത്തരം ഊർജ്ജം ഉപഭോഗത്തേക്കാൾ വേഗത്തിൽ പുനരുൽപ്പാദിപ്പിക്കപ്പെടുന്നു എന്ന നേട്ടവും ഉണ്ട്. അതുകൊണ്ടുതന്നെ പുനരുൽപ്പാദന മൂല്യമുള്ള ഊർജ്ജം എന്നും പറയാം. കാർബൺ ബഹിർഗ്ഗമനം കുറയ്ക്കാൻ വ്യക്തിപരമായും, സമൂഹമെന്ന നിലയിൽ കൂട്ടായും നമുക്കു സംഭാവന നൽകാൻ കഴിയും.

അപ്പോൾ പറഞ്ഞു വരുന്നത് കാലാവസ്ഥാ വ്യതിയാനം എന്നാൽ മഞ്ഞുരുകുന്നതോ, സമുദ്ര നിരപ്പു യരുന്നതോ മാത്രമല്ല സമൂലമായി മനുഷ്യരുടെ ആരോഗ്യത്തിനു നേർക്കുള്ള കടുത്ത ഭീഷണിയാണ്. ചൂട് കൂടുന്ന തോടെ മലേറിയ, ഡെങ്കി, തുടങ്ങിയ രോഗങ്ങൾ പരത്തുന്ന കൊതുകുകൾ കൂടാൻ ഇടയാകുന്നു. കോളറ പോലെയുള്ള ജലജന്യ രോഗങ്ങൾ പെരുകും. അന്തരീക്ഷ മലിനീകരണം കൂടുന്നതോടെ ശ്വാസകോശ രോഗങ്ങൾ വർദ്ധിക്കും. കാലാവസ്ഥാ വ്യതിയാനങ്ങൾ ഭക്ഷ്യ-ജല സുരക്ഷയെ ബാധിക്കും. കാർഷിക വ്യവസ്ഥയെ തകിടം മറിക്കും. അതുകൊണ്ട് 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം യോഗ്യമോ ' എന്ന ആശങ്ക ഒഴിവാക്കാൻ ഭൂമി എന്ന ഈ ഗ്രഹത്തെ രക്ഷിക്കാൻ നാം പ്രതിജ്ഞാബന്ധരാണ്.

**കലാകൗമുദി**
**4-11 ആഗസ്റ്റ് 2024**

# ദുരന്തങ്ങൾ നൽകുന്ന പ്രകൃതിപാഠങ്ങൾ

**രേഖാചന്ദ്ര**

*നിരന്തരം ആവർത്തിക്കുന്ന പ്രകൃതിദുരന്തങ്ങൾ നമ്മെ എന്താണ് പഠിപ്പിച്ചിട്ടുള്ളതെന്നും പഠിച്ചതിൽനിന്ന് എന്താണ് പ്രവൃത്തി പഥത്തിലേയ്ക്കു കൊണ്ടുവന്നിട്ടുള്ളതെന്നും പര്യാലോചിക്കേണ്ട സന്ദർഭമാണിത്*

കേരള ജനത കണ്ടതിൽ ഏറ്റവും വലിയ പ്രകൃതി ദുരന്തം. മലയാളികൾ ഒന്നാകെ ഞെട്ടലോടെ, വിറങ്ങലിച്ചു നിന്ന ഇങ്ങനെയൊരു ദുരന്തം മുൻപെങ്ങും ഉണ്ടായിട്ടില്ല. വയനാട്ടിലെ ചൂരൽമലയിലും മുണ്ടക്കൈയിലും അട്ടമലയിലും ഉണ്ടായ കനത്തമഴയിലും ഉരുൾപൊട്ടലിലും മരിച്ച വരുടെ എണ്ണം സർക്കാർ കണക്കുപ്രകാരം 221 ആണ്. കണ്ടെത്തിയ ശരീരഭാഗങ്ങൾ 166. സംഭവസ്ഥലത്തുനിന്ന് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത് 385 പേർ മരിച്ചെന്നാണ്. അന്തിമമായ കണക്കുകൾ ഇനിയും വരാനിരിക്കുന്നതേയുള്ളൂ.

സർക്കാർ പുറത്തിറക്കിയ കുറിപ്പ് പ്രകാരം മേപ്പാടി ഗ്രാമപഞ്ചായത്തിലെ 16 ദുരിതാശ്വാസ ക്യാമ്പുകളിലായി 723 കുടുംബങ്ങളിലെ 2500-ൽ അധികം പേർ കഴിയുന്നുണ്ട്. അതിൽ അറുന്നൂറോളം പേർ കുട്ടികളാണ്. ആറു ഗർഭിണികളും. ജില്ലയിലാകെ അൻപതിലധികം ക്യാമ്പു കളിലായി എണ്ണായിരത്തോളം പേരുണ്ട്. ഇനിയും 180 പേരെ കണ്ടെത്താനുണ്ട്. മരിച്ചവരിൽ 171 പേരുടെ ശരീരങ്ങൾ ബന്ധുക്കൾക്കു വിട്ടുകൊടുത്തു. തിരിച്ചറി യാനാകാത്ത 232 ശരീരഭാഗങ്ങളും 37 മൃതദേഹങ്ങളും പുത്തുമലയിലെ ഹാരിസൺ എസ്റ്റേറ്റ് ഭൂമിയിൽ കൂട്ടമായി സംസ്കരിച്ചു.

ജൂലായ് 29-നു രാത്രിയിലും പിറ്റേന്നു പുലർച്ചെയിലുമുണ്ടായ മൂന്ന് ഉരുൾപൊട്ടലുകളിലാണ് വീടുകളും കെട്ടിടങ്ങളും തകരുകയും ഒലിച്ചു പോകുകയും ചെയ്തത്. ഉറങ്ങിക്കിടന്ന പലരും മണ്ണൊലിപ്പിൽ പുതഞ്ഞുപോയി. പത്തു കിലോമീറ്റർ അകലെയുള്ള ചാലിയാറിൽ മലപ്പുറം ജില്ലയിലെ പോത്തുകല്ലിൽ നിന്നാണ് ഏതാണ്ട് എഴുപതോളം മൃതദേഹങ്ങൾ കണ്ടെത്തിയത്. മൂന്നു ഗ്രാമങ്ങളിൽ നിന്നായി ഏതാണ്ട് 4800 പേർ ദുരന്തബാധിതരായി.

ദുരന്തത്തിൽ നിന്നു രക്ഷപ്പെട്ട വർക്കാകട്ടെ, പലർക്കും വീടും ഭൂമിയും മേൽ വിലാസവുമെല്ലാം നഷ്ടപ്പെട്ടു. ഇതുവരെയുള്ള ജീവിതത്തിൽ സ്വരു കൂട്ടിയതെല്ലാം നഷ്ടപ്പെട്ടിടത്തുനിന്നു വീണ്ടും പുതിയൊരു ജീവിതം തുടങ്ങണം. സർക്കാർ പുനരധിവാസ പദ്ധതിയെ കുറിച്ചുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ട്. ഇതു മാത്രമല്ല, വിദ്യാഭ്യാസ യോഗ്യത ഉൾപ്പെടെയുള്ള രേഖകൾ മണ്ണിൽ പുതഞ്ഞുപോയവർക്ക് അവ തിരിച്ചു കിട്ടാനുള്ള ശ്രമങ്ങളും തുടങ്ങണം. സ്വന്തമായി താമസിക്കാനൊരിടം, വരുമാനമുള്ള ജോലി എന്നിവയെല്ലാം അവർക്കു വേണം.

**തുടർച്ചയായുള്ള ഉരുൾപൊട്ടൽ**

വയനാട്ടിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും പുതിയതല്ല. 2018-ലെ പ്രളയത്തിനുശേഷം മാത്രം വയനാട്ടിൽ ഇരുന്നൂറിലധികം ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലും നടന്നതായാണ് പഠനങ്ങൾ. നിരവധി കാരണങ്ങളാലുള്ള ഉരുൾ പൊട്ടലിലും മണ്ണിടിച്ചിലിലും അതിതീവ്ര മഴയും ചെരിവുകളിലുള്ള ഭൂമിയുടെ രൂപമാറ്റവുമാണ് പ്രധാന കാരണമായി പ്രത്യക്ഷത്തിൽ കാണാൻ കഴിയുന്നത്. ഉരുൾപൊട്ടലുകളേക്കാൾ ഭീകരമായ മണ്ണിടിച്ചിലുകൾ പലപ്പോഴും വയനാട്ടിലുണ്ടായിട്ടുണ്ട്. ആൾനാശം വരുമ്പോൾ മാത്രമാണ് പലതും വാർത്തകളിലിടം പിടിക്കുകയും പുറം ലോകം അറിയുകയും ചെയ്യുന്നത്.

വനനശീകരണവും ഏകവിള തോട്ടങ്ങളും ചരിവുകൂടിയ പ്രദേശങ്ങളിലെ നിർമ്മാണവും പല സ്ഥലങ്ങളേയും ഉരുൾപൊട്ടൽ സാധ്യതാ പ്രദേശമായി മാറ്റിയിട്ടുണ്ട്. 2019-ൽ പുത്തുമലയിൽ ഉണ്ടായ ദുരന്തത്തിൽ 60 പേരാണ് മരിച്ചത്.

ആ ദുരന്തത്തിനുശേഷം അതിന്റെ തൊട്ടടുത്ത മലയിൽത്തന്നെ അതിഭീകരമായ ഉരുൾപൊട്ടൽ ഉണ്ടായിരുന്നു. ആളപായം ഉണ്ടായില്ല. ഒരു പ്ലാന്റേഷൻ മേഖലയപ്പാടെ കുത്തിയൊലിച്ച് ഇപ്പോഴത്തെ ദുരന്തം നടന്ന മുണ്ടക്കൈ പുഴയിലാണ് എത്തിയത്. തൊട്ടടുത്ത വർഷം തന്നെ മുണ്ടക്കൈ പുഴ പ്രദേശത്തുതന്നെ മറ്റൊരു ഉരുൾപൊട്ടലും ഉണ്ടായി. 2018-ൽ കുറിച്യർ മലയിലുണ്ടായ ഉരുൾപൊട്ടലിൽ ആളപായം ഉണ്ടായില്ല എങ്കിലും അതിദുർബല പ്രദേശമായ ഇവിടെ 800-ലധികം വീടുകളും 2000- ലധികം മനുഷ്യരും ഇപ്പോഴുമുണ്ട്. അതി തീവ്ര മഴയുണ്ടായാൽ ദുരന്തമുണ്ടാവാൻ സാധ്യതയുള്ള നിരവധി പ്രദേശങ്ങൾ വയനാട്ടിലുണ്ട്. കൃത്യമായ കണക്കുകളും മാപ്പിങ്ങും നടന്നിട്ടുണ്ടെങ്കിലും മുൻകരുത ലുകൾ കാര്യമായി നടന്നിട്ടില്ലാത്ത പ്രദേശങ്ങൾ കൂടിയാണിത്. വയനാടിന്റെ ഭൂവിസ്തീർണ്ണത്തിന്റെ 21 ശതമാനവും അതിസാധ്യതാ മേഖലയാണ്. 49 ശതമാനം മിതസാധ്യതാ പ്രദേശവും 30 ശതമാനം കുറഞ്ഞ സാധ്യതാ പ്രദേശവുമാണ്.

വയനാട് ദുരന്തത്തിനു പ്രധാനമായി രണ്ടു കാരണങ്ങളാണ് ശാസ്ത്രജ്ഞരും കാലാവസ്ഥാ-പരിസ്ഥിതി വിദഗ്ദ്ധരും ചൂണ്ടിക്കാണിക്കുന്നത്. ഒന്ന് വയനാട് മേഖലയിൽ കഴിഞ്ഞ അഞ്ചോ ആറോ വർഷമായി അസാധാരണമായ അളവിൽ മഴ ലഭിക്കുന്നുണ്ട്. ചൂരൽ മലയിലും മുണ്ടക്കൈയിലും അട്ടമലയിലും അപകടം ഉണ്ടാകുന്നതിനു തൊട്ടുമുൻപത്തെ 48 മണിക്കൂറിനുള്ളിൽ 570 മില്ലി മീറ്റർ മഴയാണ് രേഖപ്പെടുത്തിയത്. ഇത്തരത്തിൽ അമിതമായി അളവിൽ ഉണ്ടാകുന്ന മഴ കഴിഞ്ഞ വർഷങ്ങളിൽ വിവിധ സ്ഥാപനങ്ങൾ രേഖപ്പെടുത്തുകയും അതിനനുസരിച്ച് സ്വീകരിക്കേണ്ട മുൻ കരുതലുകളെക്കുറിച്ചു പറയുന്നുമുണ്ട്. രണ്ടാമത്തെ ഘടകം, വയനാട് ജില്ലയിലെ പരിസ്ഥിതി ലോലമായ, ഉരുൾപൊട്ടലു കൾക്കു സാധ്യതയുള്ള ഭൂപ്രകൃതിയാണ്. ഇതു സംബന്ധിച്ച് പരിസ്ഥിതി വിദഗ്ദ്ധനായ മാധവ് ഗാഡ്ഗിൽ ഉൾപ്പെടെയുള്ള വിദഗ്ദ്ധരുടെ പഠനങ്ങളും നമ്മുടെ മുന്നിലുണ്ട്.

ഐ.എസ്.ആർ.ഒയുടെ കീഴിലെ നാഷണൽ റിമോട്ട് സെൻസിങ്

സെന്ററിന്റെ മാപ്പിങ് പ്രകാരം തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യതാഭൂപടത്തിൽ അഞ്ചാം സ്ഥാനത്താണ് വയനാട്. വയനാട് മാത്രമല്ല, തൃശൂർ മൂന്നും പാലക്കാട് അഞ്ചും മലപ്പുറം ഏഴും കോഴിക്കോട് പത്തും സ്ഥാനത്തുണ്ട്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പ്രത്യേകത ഈ മേഖലകളിലെല്ലാം ജനവാസം കൂടുതലാണ് എന്നതാണ്. അതിനർത്ഥം, ഇതു പരിസ്ഥിതി പ്രശ്നം എന്നതിനപ്പുറം സാമൂഹ്യപ്രശ്നവും ജനകീയ പ്രശ്നവും ആണെന്നാണ്.

കേന്ദ്ര കാലാവസ്ഥാ വകുപ്പ് (ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്) തയ്യാറാക്കിയ മഴ ലഭ്യതയുടെ കണക്കും ഗൗരവമായ പരിഗണന അർഹിക്കുന്നുണ്ട്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ മഴ മലബാറിലും മധ്യ കേരളത്തിലും ലഭിക്കുന്നുവെന്നാണ് അവരുടെ കണക്കുകൾ പറയുന്നത്. ഇതു മനുഷ്യ നിർമ്മിത ദുരന്തമാണെന്നും വിവിധ സമിതികൾ നൽകിയ റിപ്പോർട്ടുകളെ സർക്കാരുകൾ ഗൗരവമായി കണക്കിലെടുക്കാത്തതിനാലാണ് ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നതെന്നുമാണ് മാധവ് ഗാഡ്ഗിൽ സംഭവത്തിനുശേഷം വാർത്താമാധ്യമങ്ങളോട് പ്രതികരിച്ചത്.

ഇത്തരം സംഭവങ്ങളിൽ, ദുരന്ത മേഖലകളിലെ രക്ഷാ പ്രവർത്തനത്തിനും പുനരധിവാസത്തിനുമപ്പുറം സർക്കാരുകൾക്കു ചെയ്യാൻ ഒന്നുമില്ലേ? ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളും ഉണ്ടാകുന്ന മേഖലകളിൽ ജനങ്ങളുടെ ജീവിതത്തിനു സുരക്ഷയും സംരക്ഷണവും നൽകുന്നതിൽ സർക്കാരുകൾ വേണ്ടത്ര താൽപ്പര്യമെടുത്തിട്ടുണ്ടോ എന്ന കാര്യം ആലോചിക്കാനുള്ള സമയം കൂടിയാണത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ സംഭവത്തിൽ അവരവരുടെ ഉത്തരവാദിത്വം നിറവേറ്റിയില്ല എന്നാണ് സംഭവത്തിന് ശേഷം കേന്ദ്രമന്ത്രി അമിത്ഷായും കേരള മുഖ്യമന്ത്രി പിണറായി വിജയനും തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ നിന്നു മനസ്സിലാക്കേണ്ടത്. കേന്ദ്ര സർക്കാരിന്റെ വകുപ്പുകൾ സംസ്ഥാനത്തിന് നിരന്തരം മുന്നറിയിപ്പുകൾ നൽകിയെന്നാണ് അമിത്ഷാ പാർലമെന്റിൽ പറഞ്ഞത്. അതിനപ്പുറം ഇത്തരം റിപ്പോർട്ടുകൾ കയ്യിലുണ്ടായിട്ടും ദീർഘകാല പദ്ധതികൾ നടപ്പാക്കാനുള്ള ധനസഹായവും സാങ്കേതിക സഹായവും നൽകാൻ കേന്ദ്ര സർക്കാരിനുകഴിയേണ്ടതല്ലേ? അതേ സമയം, ഓറഞ്ച് അലെർട്ട് മാത്രമാണ് കേന്ദ്രം നൽകിയതെന്നും 200 മില്ലിമീറ്റർ മഴയാണ് പെയ്തതെന്നും ഉള്ള മട്ടിലുള്ള മുഖ്യമന്ത്രിയുടെ വാദം ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാനുള്ള ശ്രമമായേ കാണാനാകു. ഇത്രയും മഴ പെയ്താൽ നമുക്കെന്തു ചെയ്യാനാകും എന്ന ചോദ്യം നിഷ്കളങ്കമെന്നു തോന്നാമെങ്കിലും ഗൗരവമായ പ്രശ്നങ്ങൾ ഇതു തുറന്നിടുന്നുണ്ട്.

ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പിലാക്കിയിരുന്നെങ്കിൽ ഈ ദുരന്തം ഒഴിഞ്ഞു പോകുമായിരുന്നോ എന്ന തരത്തിലുള്ള ചോദ്യവും കേരളത്തിൽ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന പരിസ്ഥിതി-ശാസ്ത്ര വിരുദ്ധ ബോധത്തിന്റെ സൂചനയായി കാണാം. വിദഗ്ദ്ധരുടെ റിപ്പോർട്ടുകൾ അതേപടി നടപ്പാക്കുകയല്ല സർക്കാരുകളുടെയും ഭരണ വകുപ്പുകളുടെയും ചുമതല. എന്നാൽ, അതിലെ ഉൾ കാഴ്ചകൾ ഉൾക്കൊണ്ട്, പ്രാദേശിക

ജീവിതത്തിന്റെ പ്രത്യേകതകളും ഭൂമി ശാസ്ത്രപരമായ സവിശേഷതകളും മനസ്സിലാക്കി ദീർഘദൂര കർമ്മപദ്ധതികൾ നടപ്പിലാക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്.

ദുരന്തമേഖലകളിൽ അപകട സൂചനകളുണ്ടാകുമ്പോൾ സ്കൂളുകളോ പൊതുസ്ഥാപനങ്ങളേയോ ആശ്രയിക്കുന്ന തിനപ്പുറം ജനങ്ങൾക്കു സുരക്ഷിതമെന്നു തോന്നുന്ന സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. പലപ്പോഴും അപകട സൂചന ലഭിച്ചാലും വീടും സാധന സാമഗ്രികളും വിട്ട് പോകാൻ ജനങ്ങൾ മടിക്കുന്നത് അവസുരക്ഷിതമായി മറ്റൊരിടത്ത് സൂക്ഷിക്കാൻ പറ്റുമോ എന്നും തിരിച്ചുവരാൻ പറ്റുമോ എന്നുമുള്ള ആശങ്കകൊണ്ടാണ്. തങ്ങളുടെ നീക്കി ഇരിപ്പുകളും വസ്തുവകകളും സൂക്ഷി ക്കാനും ആശങ്കകളില്ലാതെ അവർക്കു താൽക്കാലികമായി കയറിച്ചെല്ലാനും പറ്റുന്ന തരത്തിലുള്ള ആശ്വാസ കേന്ദ്രങ്ങൾ ഉണ്ടായാലേ ഇത്തരം സന്ദർഭങ്ങളിൽ മാറ്റിപ്പാർപ്പിക്കലുകൾ ഫലപ്രദമാകു. മാത്രവുമല്ല, ഇതു സംബന്ധിച്ച് ദൈനംദിനാടിസ്ഥാനത്തിൽ തന്നെ വിവരങ്ങൾ ലഭ്യമാക്കാനും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് മനസ്സി ലാക്കാനും സാധ്യമാകുന്ന തരത്തിലുള്ള വിവരവിനിമയ കേന്ദ്രങ്ങളും സഹായം വേണ്ടിവരുന്നവർക്ക് അവ ലഭ്യ മാക്കാനുമുള്ള സംവിധാനങ്ങളും ഉണ്ടാകണം.

അതേസമയം, ശാസ്ത്രജ്ഞരുടേയും സാങ്കേതിക വിദഗ്ദ്ധരുടേയും സ്ഥാപന ങ്ങളുടേയും കണ്ടെത്തലുകളെ ഗൗരവമായി ചർച്ച ചെയ്യാനും അവ ഉൾപ്പെടുത്തി നയങ്ങളും പദ്ധതികൾ രൂപപ്പെടുത്താനുമുള്ള സംവിധാനങ്ങളും വേണം.

**അതിതീവ്ര മഴയും അശാസ്ത്രീയ നിർമ്മാണവും**

ഇപ്പോൾ ദുരന്തമുണ്ടായ മുണ്ടക്കൈ പ്രദേശം ഭൂമിശാസ്ത്രപരമായിത്തന്നെ അപകടമേഖലയാണെന്ന് ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജി ഡയറക്ടറും ഗവേഷകനുമായ സി. കെ. വിഷ്ണുദാസ് പറയുന്നു. " സാധാരണ പശ്ചിമഘട്ട പ്രദേശം പോലെ സമുദ്രത്തിനു സമാന്തരമായി അല്ല ഇതുള്ളത്. നിലമ്പൂരിന്റെ ഉള്ളിലേയ്ക്ക് കയറി നിൽക്കുന്ന രീതിയിലാണ്. മേഘങ്ങൾ നിലമ്പൂർ താഴ് വരയ്ക്കുള്ളിൽ വരെ കയറിവരും. അവിടെ നിന്നു മുകളിലേയ്ക്ക് പൊങ്ങും. 500 മീറ്ററിൽ നിന്നു പിന്നെ പൊങ്ങുന്നത് 2300 മീറ്റർ ഉയരത്തി ലേക്കാണ്. മേഘങ്ങൾ ഉയർന്നു പൊങ്ങി കഴിഞ്ഞാൽ സ്വാഭാവികമായും തണുത്ത മഴ പെയ്യും, അങ്ങനെ ചെയ്യുമ്പോൾ അതിതീവ്രമഴ ഓരേ സ്ഥലത്തുതന്നെ കിട്ടും. അതാണ് ഈ സ്ഥലത്തിന്റെ ഒരു പ്രത്യേകത.

മഴയുടെ അളവ് വൻതോതിൽ വർദ്ധിച്ചിട്ടുണ്ട്. മുണ്ടക്കൈയിൽ രണ്ട് ദിവസം കൊണ്ട് 572 മില്ലി മീറ്റർ മഴ കിട്ടി എന്നുപറയുമ്പോൾ ഇതിന്റെ ഉൾഭാഗത്ത് ഇതിനേക്കാൾ കൂടുതൽ അളവ് മഴ ലഭിച്ചിട്ടുണ്ടാകും. താഴെ 570 കിട്ടിയിട്ടുണ്ട് എങ്കിൽ മുകളിൽ അറുന്നൂറോ എഴുന്നൂറോ ഒക്കെ കിട്ടി കാണും. അതു താങ്ങാൻ പറ്റാത്തതാണ് ജൂലായ്

മാസത്തിൽ മുണ്ടക്കൈ ഭാഗത്ത് 2093 മില്ലിമീറ്റർ മഴയാണ് കിട്ടിയത്. കഴിഞ്ഞ ജൂലായിൽ 1130 മില്ലിമീറ്ററായിരുന്നു. ഇത്തവണ ജൂലായ് 25 ആകുമ്പോഴേക്കും ഏകദേശം 1500 മില്ലീമീറ്ററായി. രണ്ട് ദിവസം കൂടി കഴിഞ്ഞപ്പോഴേക്കും 2000 കവിഞ്ഞു. കുതിർന്നുനിൽക്കുന്ന മലയുടെ ചെരിവിലേക്കാണ് മേഘവിസ്ഫോടനം പോലെയുള്ള അതിതീവ്ര മഴ പെയ്തതും. കേരളത്തിൽ പലയിടത്തും ഇത്തരത്തിൽ മലകളിൽ പെയ്ത മഴയാണ് ഉരുൾപ്പൊട്ടലുകൾ ഉണ്ടാക്കിയിട്ടുള്ളത്. കവളപ്പാറയിലും പെട്ടിമുടിയിലും കൂട്ടിക്കലും ഒക്കെ ഇങ്ങനെയായിരുന്നു. രണ്ടാമത്തെ ഘടകം ആ സ്ഥലം എങ്ങനെയായിരുന്നു എന്നതാണ്.

1834-ൽ വൈത്തിരിയിൽ ഏകദേശം 7300 മില്ലിമീറ്റർ മഴ പെയ്തിട്ടുണ്ട്. പക്ഷേ, 2018 വരെയുള്ള ഒരു 10–15 വർഷക്കാലം നോക്കിയാൽ വയനാട്ടിൽ മഴ കുറഞ്ഞു വരുന്നുണ്ടായിരുന്നു. വരൾച്ചയുടെ അടുത്തു നിൽക്കുന്ന തരത്തിലായിരുന്നു. വരൾച്ചയും വെള്ളക്ഷാമവും പല സമയത്തും ഉണ്ടായിട്ടുണ്ട്. അതിനുശേഷം 2018-ൽ അതിഭീകരമായ മഴപെയ്തു. 2019 വീണ്ടും അതിതീവ്ര മഴപെയ്തു. 2020–ലും ഇങ്ങനെത്തന്നെ. 2021, 22, 23 വർഷങ്ങൾ കുറഞ്ഞ തോതിലുള്ള മഴ ആയിരുന്നു. 2022-ൽ മഴ തുടങ്ങിയത് ജൂൺ 29-നും 2023 മഴ തുടങ്ങിയത് ജൂൺ 28-നുമാണ്. അതായത് ഒരു മാസം പെയ്തതേ ഇല്ല.

2018-ൽ കുറിച്ച്യർമലയിൽ ഉണ്ടായ ഉരുൾപൊട്ടൽ നോക്കിയാൽ അത് ഒരു പ്ലാന്റേഷൻ ഏരിയയാണ്. പ്ലാന്റേഷൻ ഏരിയയും ഫോറസ്റ്റും ചേരുന്ന ആ പോയിന്റിലാണ് പ്രഭവ കേന്ദ്രം. താഴത്തെ ഭാഗം അസ്ഥിരമായിരുന്നു എന്നുവേണം കരുതാൻ, പത്തഞ്ഞൂറു വർഷത്തെ കൃഷിയൊക്കെ കാരണം. മലയുടെ അറ്റം മുതൽ താഴ്‌വര വരെയുള്ള ഭാഗം സസ്യജാലങ്ങൾ കുറയുന്നതുകൊണ്ടും മരങ്ങൾ ഇല്ലാത്തതുകൊണ്ടും അസ്ഥിര മായിരിക്കും. അത്തരം സ്ഥലങ്ങളിലാണ് ഉരുൾപൊട്ടൽ പ്രധാനമായും നടക്കുന്നത്. ഇതേ സ്ഥലത്ത് 2019-ലും 2020-ലും 2021-ലും പൊട്ടിയിട്ടുണ്ട്. കുറിച്ച്യർ മലയിലെ മേൽമുറി, സേട്ടുക്കുന്ന് ഭാഗം ആളുകൾ പേടിയോടെ ജീവിക്കുന്ന ഒരു പ്രദേശമാണ്. അവിടെയുണ്ടായ ഉരുൾ പൊട്ടൽ ഒരു പാറയിൽ തട്ടി വലത്തോട്ട് ഗതിമാറിയതുകൊണ്ടാണ് മനുഷ്യർ രക്ഷപ്പെട്ടത്. ഇടതുഭാഗത്ത് നിറയെ വീടുകളായിരുന്നു.

കവളപ്പാറ ഒരു റബ്ബർ പ്ലാന്റേഷൻ ഏരിയ ആയിരുന്നു. ധാരാളം പ്രവർത്തനങ്ങൾ ആ സമയത്ത് അവിടെ നടക്കുന്നുണ്ടായിരുന്നു. വെള്ളം ധാരാളമായി മണ്ണിലിറങ്ങിയാൽ വേഗം തള്ളിപ്പോകും. വെള്ളം പെട്ടെന്ന് ഒഴുകിപ്പോകാൻ ചിലയിടത്ത് ഡ്രയിനേജ് വേണം. കുത്തനെയുള്ള ചെരിവുകളുള്ള സ്ഥലത്ത് മഴവെള്ളം പിടിച്ചു നിർത്തുന്ന തരത്തിലുള്ള ഘടന ആണെങ്കിൽ അതൊക്കെ ഇതിനു വേഗം കൂട്ടും. മഴയോടൊപ്പം തന്നെ പ്രധാനമാണ് ആ സ്ഥലം എങ്ങനെയാണ് എന്നതും.

100 മില്ലിമീറ്റർ മഴ ഒരു ചതുരശ്ര കിലോ മീറ്ററിൽ പെയ്താൽ ഒരു ലക്ഷം മെട്രിക് ടൺ ഭാരം ഉണ്ടാകും അവിടെ. ഒരു പരന്ന പ്രദേശമാണെങ്കിൽ അത് അങ്ങനെ നിൽക്കും പക്ഷേ, ചെരിവിൽ ആവുമ്പോൾ ഇതു തള്ളിപ്പോവും.

മുണ്ടക്കൈയിലും പുത്തുമലയിലും ഒക്കെ ആളുകൾ താമസിക്കുന്നത് താഴ്‌വരയിലാണ്. മലയിടുക്കുകളാണ്. അത് ഒരിക്കലും സുരക്ഷിതമല്ലാത്ത സ്ഥലമാണ്. എവിടെ ഉരുൾ ഉണ്ടായാലും ഈ വഴികളിലാണ് അതു വരിക. അങ്ങനെ വരുമ്പോൾ ആൾക്കാർ ഇതിൽപ്പെടും. പുത്തുമലയിലും അതേ അവസ്ഥയിലായിരുന്നു. എൺപതോ തൊണ്ണൂറോ വർഷമായി അവിടെ താമസിക്കുന്ന ആളുകളായിരുന്നു. അവർക്കു വേറെ എവിടെയും പോകാനില്ല, അവർ അവിടെ തന്നെ വീട് വെയ്ക്കുന്നു. ആ വീടുകളൊക്കെത്തന്നെയാണ് അന്ന് ഒലിച്ചു പോയത്. ഇവിടെയും അതു തന്നെയാണ് സംഭവിച്ചത്. ഒരേ ഫാമിലിയിൽപ്പെട്ട പത്തോ പന്ത്രണ്ടോ വീടുകളൊക്കെയുണ്ടായിരുന്നു. ഈ സ്ഥലങ്ങളിലൊക്കെ ആളുകൾ കൂടി. ടൂറിസം വന്ന ശേഷം മുണ്ടക്കൈ ഭാഗത്താണെങ്കിലും ഒരു പാട് ആളുകൾ അവിടെയെത്തി. ഹോംസ്റ്റേകൾ വന്നു. ആളുകളുടെ എണ്ണം കൂടുമ്പോഴാണ് നമുക്കു വലിയ ദുരന്തമായി മാറുന്നത്.

ബ്രട്ടീഷുകാർ പ്ലാന്റേഷൻ തുടങ്ങിയ സമയത്ത് പ്ലാന്റേഷൻ ഏരിയ കഴിഞ്ഞു ബാക്കിയുള്ള ചതുപ്പുകൾ അവർ ഒഴിവാക്കിയിരുന്നു. ആ സ്ഥലങ്ങളിലാണ് മനുഷ്യർ വീട് വെച്ചത്. അവരുടെ കാലത്ത് അവർ ഈ വാലി ഒന്നും ചെയ്യാതെ വിട്ടിരുന്നതാണ്. അവരത് തൊട്ടിരുന്നില്ല. ബ്രിട്ടീഷുകാർ തോട്ടം തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കിയ ക്വാർട്ടേഴ്സുകൾ ഈ താഴ്‌വാരത്തുനിന്ന് വളരെ ദൂരമാണ്. പുത്തുമല ഉരുൾ പൊട്ടലിലും ഒരു പാടി മാത്രമാണ് അതിന്റെ അറ്റത്ത് ഉണ്ടായിരുന്നത്. ബാക്കിയെല്ലാം അവർ ദൂരെയാണ് നിർമ്മിച്ചത്. ഉരുൾപ്പൊട്ടലോ മഴവെള്ളപ്പാച്ചിലോ ബാധിക്കാത്ത തരത്തിൽ. അവരുണ്ടാക്കിയ ക്വാർട്ടേഴ്സുകൾ നോക്കിയാൽ അതെല്ലാം കുന്നിന്റെ മുകളിലാണ്.

പിന്നീട് വന്ന നമ്മുടെ ആളുകൾ പോയത് ഈ താഴ്‌വാരങ്ങളിലാണ്. സ്ഥലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിൽ നമ്മുടെ ആളുകൾക്ക് വീഴ്ചകൾ പറ്റിയിട്ടുണ്ട്. ഇതിന്റെ കൂടെയാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള അതിതീവ്ര മഴ വരുന്നത്.

1984-ലും മുണ്ടക്കൈയിൽ ഉരുൾപൊട്ടി 14 പേർ മരിച്ചിരുന്നു. 1880-ൽ വയനാട് ചുരം മുഴുവൻ ഇടിഞ്ഞു താഴെ പോയിട്ടുണ്ട്. അപ്പോൾ മഴ ഈ പ്രദേശത്ത് പണ്ടുമുതലേ ഉണ്ട്.

2018-ൽ വൈത്തിരി പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ഉരുൾപ്പൊട്ടലും മണ്ണിടിച്ചിലും ഉണ്ടായിട്ടുള്ളത്. അവിടെ നടത്തിയ പഠനത്തിൽ കണ്ടത് 41 ശതമാനം മണ്ണിടിച്ചിലും ഉണ്ടായത് വീടുകളുടെ പുറകിലാണ്. 21 ശതമാനം റോഡുകളുടെ വശത്താണ്. 19 ശതമാനം വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് അടുത്താണ്, പിന്നെ പ്ലാന്റേഷനും ഫോറസ്റ്റുമാണ്. അതിൽ തന്നെ ക്ലിയറാണ് ഇത് എവിടെയാണ് സംഭവിക്കുന്നത് എന്ന്. കുന്നുകളെ മുറിച്ചാണ് വീടുകൾ നിർമ്മിക്കുന്നത്. പാറക്കല്ലുകളാണെങ്കിൽ കുത്തനെ 90 ഡിഗ്രിയാണ് നമുക്കു മുറിക്കാൻ പറ്റുന്നത്. സാധാരണ മണ്ണാണെങ്കിൽ 30

'കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കുന്നത് വലിയ സംഭവങ്ങൾ വരുമ്പോഴാണ്. വെള്ളപ്പൊക്കം, ഉരുൾ പൊട്ടൽ, ചുഴലിക്കാറ്റ് അങ്ങനെയൊക്കെയുള്ള സംഭവങ്ങളാണ് സർക്കാറും പൊതുസമൂഹവും കൂടുതൽ ശ്രദ്ധിക്കുന്നത്. അതേസമയം ദീർഘകാലത്തേയ്ക്കുള്ള മാറ്റങ്ങളെക്കുറിച്ചു നമ്മൾ അജ്ഞരാണ്. കൃഷിയെ ബാധിക്കുന്നത് ദീർഘകാല മാറ്റമാണ്. അതിനെക്കുറിച്ച് നമ്മൾ അത്ര ജാഗരൂകരല്ല. അതിനെക്കുറിച്ച് കാര്യഗൗരവമായ പഠനങ്ങളും കുറവാണ്.

വയനാട്ടിൽ നടന്നതു പോലെയുള്ള കാലാവസ്ഥാ ദുരന്തങ്ങൾ ഉണ്ടാവുമ്പോൾ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമായിരുന്നു എന്ന തരത്തിലുള്ള ചർച്ചകളാണ് കൂടുതലായും വരുന്നത്. പരിസ്ഥിതി സംരക്ഷണത്തിലാണ് ചർച്ച പോകുന്നത്. പ്രശ്നങ്ങൾ ഉണ്ടാവാതിരിക്കാനുള്ള പ്രതിരോധങ്ങളാണ്. പരിസ്ഥിതി സംരക്ഷണം അനിവാര്യം തന്നെയാണ്. ഗാഡ്ഗിൽ റിപ്പോർട്ട് അടക്കം ഗൗരവമായി പരിഗണിക്കപ്പെടേണ്ടതാണ്. പക്ഷേ അതിനൊപ്പം അതിജീവിക്കാനുള്ള നയംകൂടി ഉണ്ടാവണം. മുൻകരുതലുകൾ കൊണ്ട് മാത്രം പരിഹരിക്കപ്പെടാം എന്ന രീതിയിൽ നിന്നു മാറി അതിനൊപ്പം അതിജീവനത്തിനുള്ള കഴിവ് കൂടി ഉണ്ടാക്കണം എന്നത് ലോകത്ത് ചർച്ച ചെയ്യപ്പെടുന്നുണ്ട്.

2018-ലെ പ്രളയത്തിനുശേഷം കേരളം ഈ രീതിയിൽ മുന്നോട്ട് പോകാൻ ശ്രമിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തെ കൈകാര്യം ചെയ്യാൻ വർക്കിങ് ഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ, അതിനുള്ള ബഡ്ജറ്റ് ഡിഗ്രിയാണ്. അതിൽ കൂടുതൽ ചെരിച്ചാൽ അതു താഴേയ്ക്ക് ഇടിഞ്ഞു വീഴും. പക്ഷേ, പൊതുവെ 90 ഡിഗ്രിയിൽ മുറിക്കും. മനുഷ്യന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് കാരണമാകുന്നത് എന്നു മനസ്സിലാക്കാം. റോഡിനുവേണ്ടി മുറിക്കുമ്പോൾ വെള്ളം ഇറങ്ങുകയും കൃത്യമായി ഡ്രയിനേജ് ഇല്ലാതിരിക്കുകയും ചെയ്യുന്നു. വെള്ളത്തിന്റെ റൂട്ട് മാറിപ്പോകും. നമ്മൾ ചെയ്യുന്ന കാര്യങ്ങൾ വെച്ച് ഇതിന്റെ വൾനറബിലിറ്റി കൂടും.

മഴമാപിനി വെച്ച് മഴ അളന്നു കഴിഞ്ഞാൽ അവിടെനിന്ന് ആളുകൾ ഒഴിയേണ്ടതാണ് എന്നു നമുക്കു പറയാൻ പറ്റും. മാറി താമസിക്കാൻ ഷെൽട്ടറുകൾ ഉണ്ടാക്കണം. സ്കൂളുകളാണ് ക്യാമ്പായി ഇപ്പോൾ മാറ്റുന്നത്. ഷെൽട്ടറുകൾ ഉണ്ടെങ്കിൽ പെട്ടെന്നു മുന്നറിയിപ്പു വരുമ്പോൾത്തന്നെ അവർക്ക് മാറി താമസിക്കാം. ഒറീസയിലൊക്കെ സൈക്ലോൺ ഷെൽട്ടറുകൾ ഉണ്ട്. ഇത്തരം സ്ഥലങ്ങളിലെ വീടുകൾ സുരക്ഷിത സ്ഥലത്തേയ്ക്ക് മാറ്റുക എന്നതും വളരെ പ്രധാനപ്പെട്ടതാണ് വിഷ്ണുദാസ് പറയുന്നു.

**അതിജീവനത്തിനുള്ള പ്ലാൻ ഉണ്ടാവണം**

പ്രതിരോധത്തിനും മുൻ കരുതലിനുമൊപ്പം ആവർത്തിച്ചുണ്ടാകുന്ന ദുരന്തങ്ങളിൽ നിന്ന് അതിജീവിക്കുന്നതിനെക്കുറിച്ചുകൂടി ഗൗരവമായ പഠനങ്ങളും പ്ലാനിങ്ങുകളും വേണമെന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള മനുഷ്യരുടെ അതി ജീവനത്തിൽ ഗവേഷണം നടത്തുന്ന നരവംശ ശാസ്ത്രജ്ഞൻ നിസാർ കണ്ണങ്കര പറയുന്നു:

കുറവാണ്, അവരുടെ പ്രവർത്തനവും കുറവാണ്. കോളേജുകളിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ചെടി നടുക, ഉദ്യാനങ്ങൾ ഉണ്ടാക്കുക തുടങ്ങിയ കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതും നേരത്തെ പറഞ്ഞ മുൻ കരുതൽ എന്ന രീതിയിലുള്ള പ്രവർത്തനമാണ്.

മറ്റൊന്ന് വയനാട്ടിലേതുപോലുള്ള സംഭവങ്ങൾ നടക്കുമ്പോൾ ജാതി, മത സമുദായ രാഷ്ട്രീയ സംഘടനകളുടെ വളന്റിയർമാർ വന്നു പ്രവർത്തനങ്ങളിൽ പങ്കെടുക്കും. ഇത് അങ്ങനെ ചെയ്യേണ്ട ഒരു സംഭവം അല്ല. ശാസ്ത്രീയമായി ഉണ്ടാക്കുന്ന ഫ്രെയിംവർക്കിന്റേയും പ്രോട്ടോക്കോളിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ചെയ്യേണ്ടതാണ്.

ദുരന്തം നടന്ന സ്ഥലങ്ങളിൽ സംഘടനകളും രാഷ്ട്രീയപാർട്ടികളും സഹായിക്കാൻ ചെല്ലുമ്പോൾ അത് ഉണ്ടാക്കുന്ന ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ കൂടി കാണണം. എന്തു കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാവുമ്പോൾ അതിജീവനമടക്കമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സർക്കാറിനു കഴിയാത്തത്. റിഗ്രസീവ് ഐഡിയോളജിയുള്ള സംഘടനകൾ അവരുടെ ഐഡിയോളജി പ്രചരിപ്പിക്കാൻ ഇത്തരം സംഭവങ്ങളിലെ പ്രവർത്തനങ്ങളെ ഉപയോഗിക്കുന്നുണ്ട്. അതിനുള്ള ഇടമാണോ ദുരന്തമേഖല. അത് എന്തു കൊണ്ട് സംഭവിക്കുന്നു എന്നു ചോദിച്ചാൽ സർക്കാറിനു കപ്പാസിറ്റി കുറഞ്ഞതുകൊണ്ട് എന്നതാണ് ഉത്തരം. സർക്കാർ തന്നെ പര്യാപ്തമാവണം ഇതു ചെയ്യാൻ. ആ രീതിയിൽ വരും കാലങ്ങളിൽ നമ്മുടെ പ്ലാനിങ്ങിനും ബജറ്റിങ്ങിലും ദുരന്തനിവാരണത്തിനു പ്രാമുഖ്യം കൊടുക്കണം. ആളുകൾക്കു പരിശീലനം നൽകണം. വയനാട് ഒരു പാഠമാണ്.

ഇതു ഭാവിയിലും ആവർത്തിക്കാൻ സാധ്യതയുള്ള ദുരന്തമാണ്. അതി ജീവനത്തിന്റെ മേഖലയിൽ കുറേയധികം അറിവുല്പാദനവും നടക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് അവബോധവും ഉണ്ടാക്കണം. അതിനനു സരിച്ചുള്ള ലൈഫ് സ്റ്റൈൽ ചേഞ്ച് വേണം. നിർമ്മാണമടക്കം പലതരം പോളിസികളിൽ ഇതു പ്രതിഫലിക്കണം, നിസാർ കണ്ണങ്കര പറയുന്നു.

**സമകാലിക മലയാളം**

**12 ആഗസ്റ്റ് 2024**

# The essence of India's inflation problem

**Pulapre Balakrishnan & M. Parameswaran**

*The rising price of food lies at the core of India's inflation*

The Economic Survey that preceded this year's Union Budget presentation makes a suggestion which has implications for inflation cotnrol. It is that the price of food be taken out of the inflation target that the Reserve Bank of India (RBI) is mandated with. In technical jargon, this would amount to targeting 'core' instead of 'headline' inflation, which is the practice now. To appreciate fully the implication of such a move, were it to be implemented, would require recognition of two aspects. These concern the recent experience with inflation in India and the current policy for inflation control.

## Food price and inflation trajectory

First, of late, food price inflation has been very high by historical standards. In June, the year-on-year increase in the price of food was close to 10%, Food price inflation has been elevated since 2019. Note that this is before the onset of the COVID-19 pandemic, not to mention the Ukraine war, implying that domestic factors are at work. With food inflation high and food accounting for a large part of the consumer price index, overall inflation has been higher than usual too.

Now to the second aspect that needs to be understood. Since 2016, by an act of Parliament, controlling inflation in India has been hived-off to the RBI, which is expected to cotnrol it through variations in the interest rate, a practice termed as 'inflation targeting'. The term conveys a sense of both capactiy and precision, that a cetnral bank can choose the level of inflation. Actually, this is far from assured. The RBI has missed the targeted 4% every year in the past five years. In the United Kingdom, the Bank of England's record has been patchy too. Finally, in the United States, where the Federal Reserve aims at 2% inflation, it shot up to over 8% in 2022. Since then it has plummeted to a level close to the target. In all these economies, the recent trajectory of inflation has been undergirded by fluctuations in the price of food globally.

Two questions arise when we consider the suggestion made in the

Economic Survey. First, is the move to remove the price of food from the inflation target justifiable in terms of the goals of economic policy? Second, is the RBI likely to be any more successful in controlling core inflation than it has been in its efforts to control headline inflation? The answer to both the questions is 'no'. India is an economy in which the share of food in household expenditure is close to 50%. This is very high by international standards. For instance, in the U.S., it is less than 10%.

Generally the food share is taken as a proxy for the standard of living and, therefore, of poverty. A high share of food in a household's expenditure leaves it vulnerable to a rise in the price of food. Given this to ignore changes in the price of food, by adopting an inflation target which excludes it, amounts to ignoring what matters most to a very large section of the Indian population. A technical justification is given to such a proposal by asserting that food price fluctuations are ‘transitory’, that is increases are inevitably followed by a downward movement. Well, this certainly is not true for the Indian economy.

Food price inflation has not been negative in any of the 13 years since 2011-12, the base year for the current consumer price index. In fact, it may be said that “India has a food inflation problem” and the assertion that food prices may be ignored as the spikes are only transitory is not credible.

**Targeting core inflation**

This takes us to the second issue- whether the RBI can be expected to be any more successful if it were to confine itself to targeting core inflation. This question may be answered quite easily. In the past 13 years, the annual average core inflation has been within the targeted 4% in only one year, that too barely.

This does not surprise us, for our statistical investigation yielded two reasons why this must be so. First, a rise in the RBI's repo rate does not dampen core inflation as claimed. In fact, increasing it is seen to lead to a rise in the inflation rate. This is not without economic logic. As the higher interest rate chokes-off demand, which is how it is meant to work, firms may well raise prices to guard their profits. After all, firms face a double whammy now. Working capital costs would have increased and revenues fallen as aggregate output contracts. We found something else to be the case that food price inflation is a determinant of core inflation, which, again, is only to be expected. After all, food prices determine wages, which are a part of a firm's costs, the other being materials. So, wages rise as there is food price inflation.

The finding that food prices affect core inflation renders this measure of it without operational significance. It also leads to a deeper understanding. As labour enters all lines of production to a greater or lesser extent, changes in the

price of food determine the inflation rate across an economy. Monetary policy working via changes in the interest rate cannot control inflation as the central bank has no control over the price of food.

If all this is so widely known among discerning economists, why does economic policy in India have to persist with the idea that inflation can be left to the central bank? This is because of an ideological shift that occurred globally after the collapse of the Soviet Union. The view that got installed was that production was to be left to the market and inflation alone was to be controlled by the central bank.

Since 1991, all political parties in India have been eager to demonstrate that they follow closely practices adopted in the West, no matter that they may be irrelevant or, worse still, damaging, to this country. Leaving food price inflation out of the inflation target is one such practice.

**Focus on agricultural production**

The rising price of food lies at the core of India's inflation. The proposal to take the price of food out of the official measure of it is no solution to the ongoing inflation. For reasons explained here, if for whatever reason the price of food was to keep rising, as it has for the last five years, the RBI will not be able to control core inflation either. The current inflation in India can only be handled through supply-side measures that raise the yield in agriculture. The challenges are serious, though not insurmountable for a country that ended chronic food shortage over half a century ago. But success would require a comprehensive approach to agricultural production, one that keeps costs in check so that supply is forthcoming at a steady price as the population and economy grow.

Taking food inflation out of the inflation target without any plan for its control would leave India defenceless against an ever-present threat to the standard of living of its population. The Economic Survey suggests that the adverse welfare effect of food price inflation may be taken care of by income transfers to households. However, if food prices keep rising faster than the overall inflation rate, as they are right now, such transfers would absorb a rising share of the Budget, leaving less and less for public goods. This is undesirable. There is no alternative to controlling the rise in the prices of all goods, which currently is the avowed policy.

*(Pulapre Balakrishnan, Honorary visiting professor of the Centre for Development Studies, Thiruvananthapuram*

*M. Parameswaran, Professor of the Centre for Development Studies, Thiruvananthapuram )*

**The Hindu**

**17 August 2024**

# ശാസ്ത്രത്തെ വീണ്ടെടുക്കുക രാഷ്ട്രത്തേയും

ടി. പി. കുഞ്ഞിക്കണ്ണൻ

*തീവ്രവലത് എന്നത് ഒരു രാഷ്ട്രീയപ്രയോഗം മാത്രമല്ല, ജീവതപദ്ധതി കൂടിയാണ്. ശാസ്ത്രാവബോധമില്ലാത്ത സമൂഹം തീവ്രവലതിലേക്ക് ആട്ടിത്തെളിക്കപ്പെടും. ചരിത്രത്തെ വളച്ചൊടിച്ച് നടത്തുന്ന ഹിന്ദുത്വ ആഖ്യാനങ്ങൾ വലതുപക്ഷത്തന്റെ ആയുധമാണ്. ശാസ്ത്രത്തിന്റെ ചിറകിൽ സാമൂഹികമായി വികസിച്ച ഉന്ത്യയെ അപകീർത്തിപ്പെടുത്തുകയാണ് അത്തരം ആഖ്യാനങ്ങൾ. ശാസ്ത്രവബോധത്തിന്റെ വീണ്ടെടുക്കലാണ് പ്രതിരോധം എന്ന് അഭിപ്രായപ്പെടുന്നു. ശാസ്ത്രസാഹിത്യ പരിഷത്ത് മുൻ അധ്യക്ഷൻ കൂടിയായ ലേഖകൻ*

മൗലികമായ സംഭാവനകളിലൂടെ ലോകത്തിന്റെ അംഗീകാരം നേടിയെടുത്ത ശാസ്ത്രപാരമ്പര്യവും ചരിത്രപാരമ്പര്യവും അവകാശപ്പെടാവുന്ന രാജ്യമാണ് ഇന്ത്യ. ഈ മൗലികതയെ കേവലം വിവരണോപാധികളാക്കിമാറ്റുന്നതിനുപകരം, അവയിലൂടെ ഊർന്നിറങ്ങിയ ചരിത്രബോധവും ശാസ്ത്രബോധവും എത്രമാത്രം രാജ്യത്തിന്റെ രാഷ്ട്രീയ അവബോധമായി വളർന്നുവെന്നത് ഇക്കാലത്ത് പരിശോധനയാവശ്യപ്പെടുന്ന വിഷയമാണ്. സ്വതന്ത്രചിന്തയെ സാമൂഹികമായും രാഷ്ട്രീയമായും തടസ്സപ്പെടുത്തിയപ്പോഴെല്ലാം ശാസ്ത്രത്തിന്റെ ദുരുപയോഗവും ചരിത്രത്തിന്റെ ദുർവ്യാഖ്യാനവും നടന്നിട്ടുണ്ട്. അത് സാമൂഹിക മാറ്റത്തിന് വിലങ്ങായിട്ടുണ്ടെന്നാണ് ഇന്ത്യൻ അനുഭവങ്ങൾ കാണിക്കുന്നത്. ഈ സ്ഥിതി പതിന്മടങ്ങ് ശക്തിയോടെ ആവർത്തിക്കുന്നുവെന്നതാണ് വർത്തമാനകാല ഇന്ത്യയിലെ ദു:സ്ഥിതി. നാടിന്റെ പിൻനടത്തത്തിന് ആക്കം കൂട്ടുന്ന ഈയൊരവസ്ഥയെ വാക്കിലും പ്രവൃത്തിയിലും പ്രതിരോധിക്കുന്നതിനുള്ള ജനകീയ ഇടപെടലുകളെ സഹായിക്കാനുദ്ദേശിച്ചാണ് ഈ അന്വേഷണം.

### ഇന്ത്യൻ അവസ്ഥ

ജൂണിലെ തിരഞ്ഞെടുപ്പുഫലം ആശ്വാസകരമാണെങ്കിലും ഇന്ത്യയിൽ ഏകാധിപത്യ പ്രവണതകളോടെയുള്ള വലതുവത്കരണം ശക്തിപ്പെട്ടു വരികയാണ്. ഡോ. സോയ ഹസ്സൻ ഈ പ്രവണതകളെ ഭൂരിപക്ഷവാദം, ദേശീയത, പോപ്പുലിസം, അമിതാധികാരപ്രവണത എന്നിങ്ങനെ തരംതിരിക്കുന്നു. മറ്റു രാജ്യങ്ങളിൽ വ്യക്തികളും സമ്പന്ന വിഭാഗവും പുറത്തുനിന്ന് ഭരണത്തെ സ്വാധീനിക്കുകയാണെങ്കിൽ, ഇന്ത്യയിൽ ഭരണസംവിധാനത്തെ ഉള്ളിൽ നിന്ന് നിയന്ത്രിക്കുന്ന ഒരു തീവ്രവലതുപക്ഷ സംഘടന തന്നെ പ്രവർത്തിക്കുന്നു. ആ സംഘടനയ്ക്കാകട്ടെ കൃത്യമായൊരു രാഷ്ട്രീയ അജൻഡയുണ്ട്. അത് മതധ്രുവീകരണത്തിലൂടെ ഒരു ഹിന്ദുത്വ ഭരണകൂടം സ്ഥാപിച്ച് സ്ഥായിയായി നിലനിർത്തുക എന്നതാണ്. ഇത് സാധ്യമാകണമെങ്കിൽ ജനജീവിതവുമായി

ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും ഹിന്ദുത്വ അജൻഡയ്ക്കനുകൂലമായ മതധ്രുവീകരണം നടക്കണം. അതിനാകട്ടെ, ചോദ്യങ്ങളുയരാത്ത, യുക്തഭദ്രമല്ലാത്ത, ശാസ്ത്രബോധവും ചരിത്രബോധവും അവഗണിക്കപ്പെടുന്ന ഒരു സമൂഹമാണ് വേണ്ടത്. അത്തരമൊരു സമൂഹസൃഷ്ടിക്കുള്ള പണികളാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നത്.

ഒരു വിഭാഗം ജനങ്ങൾ നരകിക്കാനായി മാത്രമുള്ളവരാണെന്ന ഉറച്ച വിശ്വാസത്തിലാണ് കേന്ദ്ര സർക്കാർ ഇന്ന് പ്രവർത്തിക്കുന്നത്. ബർത്തോൾഡ് ബ്രെഹ്ത്തിന്റെ ഭാഷയിൽ "കടലിലെ മീനുകൾ നനയുന്നുവല്ലോ എന്ന് ആരാണ് വേവലാതിപ്പെടുക" ? കാരണം, അവ നനയാനായിത്തന്നെ ഉള്ളവയാണ്. വിയർപ്പിൽ നനയുന്നവർ മോചനത്തിനായി വിളിക്കേണ്ട മുദ്രാവാക്യങ്ങൾ, വഴിമാറി, മറ്റാരോ ചൊല്ലിക്കൊണ്ടിരിക്കയാണ്. സാമൂഹിക ചിന്തകനായ വാൽഡൻ ബെല്ലോവിന്റെ Counter Revolution of the Far Right എന്ന ഗ്രന്ഥത്തിൽ പറയുന്നത്, "നവലിബറലിസത്തിനെതിരായ മുദ്രാവാക്യങ്ങൾ പുരോഗമന പ്രസ്ഥാനങ്ങളിൽ നിന്ന് ലോകത്തിലെ തീവ്രവലതുപക്ഷം ഏറ്റെടുത്തിരിക്കയാണ്. അതിലൂടെ അവർ നമ്മുടെ ഭക്ഷണമാണ് തിന്നുതീർത്തത് " എന്നാണ്. ഏറ്റുവിളിക്കുന്നവർപോലും അറിയാതെ മുദ്രാവാക്യങ്ങൾ വഴിമാറി പോകുന്നത് രാഷ്ട്രീയാവബോധത്തിലെ വഴിമാറ്റം തന്നെയായി കാണേണ്ടിയിരിക്കുന്നുവെന്നാണ് കേരളത്തിലെയും വർത്തമാനകാലാനുഭവങ്ങൾ കാണിക്കുന്നത്.

**ചരിത്രബോധവും ശാസ്ത്രബോധവും**

ജനങ്ങൾക്കിടയിലെ പരസ്പര ബന്ധങ്ങളെപ്പറ്റിയുള്ള അവബോധമാണ് ചരിത്രബോധം. അത് നമ്മുടെ പ്രവർത്തനങ്ങൾക്കും ചിന്തകൾക്കും തുടർച്ചയും ദിശാബോധവും നൽകുന്നതോടൊപ്പം സാമൂഹികമാറ്റങ്ങളുടെ കാരണങ്ങളും ഗതിവിഗതികളും ബോധ്യപ്പെടുത്തുന്നു. വിശാലാടിസ്ഥാനത്തിൽ മനുഷ്യനും മനുഷ്യനും തമ്മിലും, പ്രകൃതിയും മനുഷ്യനും തമ്മിലും കാലാകാലങ്ങളിലായി നടക്കുന്ന പ്രവർത്തന-പ്രതിപ്രവർത്തനങ്ങളിൽനിന്നാണ് ചരിത്രബോധം രൂപപ്പെടുന്നതും നിരന്തരമായി വളരുന്നതും അതത് കാലത്തെ ഉത്പാദന ബന്ധങ്ങളാണ് സാമൂഹിക സാമ്പത്തിക വ്യവസ്ഥയുടെ സ്വഭാവം നിർണ്ണയിക്കുന്നത്. ഉല്പാദന ബന്ധങ്ങളാകട്ടെ ഉദ്പാദനോപാധികളുടെ ഉടമസ്ഥതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമൂഹികമാറ്റങ്ങളെ ഉത്പാദന ബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുമായി ബന്ധപ്പെടുത്തി കാണുകയെന്നത് ചരിത്ര ബോധത്തിന്റെ അവശ്യോപാധിയാണ്. അതായത്, ചരിത്രബോധം സ്വയംഭൂവല്ല, കാര്യകാരണ ബന്ധമായ സാമൂഹിക മാറ്റം വഴി രൂപപ്പെടുന്നതാണ്. അത് അധ്വാനത്തിന്റെ സൃഷ്ടികൂടിയാണ്.

ചരിത്രബോധം പോലെ ശാസ്ത്രബോധവും ഒരു ജീവിത വീക്ഷണമാണ്. ശാസ്ത്രവിജ്ഞാനവും ശാസ്ത്രത്തിന്റെ രീതിയുമാണ് സമൂഹത്തെ മുന്നോട്ട് നയിക്കുന്നതെന്നും അതുവഴി മാത്രമേ പ്രശ്നപരിഹാരം സാധ്യമാവൂ എന്നുമുള്ള അവബോധമാണ് ശാസ്ത്രബോധത്തിന്റെ അടിസ്ഥാനം. ശാസ്ത്രബോധം

വിവരങ്ങളെ തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നു. ശാസ്ത്രീയമായ പ്രപഞ്ചവീക്ഷണം പ്രചരിപ്പിക്കുന്നു. വിഭാഗീയതയ്ക്കുപകരം തുല്യതയിൽ ഊന്നുന്നു. നിരീക്ഷണ പരീക്ഷണങ്ങളിലധിഷ്ഠിതമായ രീതി ശാസ്ത്രത്തെ അവലംബിക്കുന്നു. അറിവ് ഈട്ടം കൂടിവരുന്നതായതിനാൽ, ഇന്നത്തെ അറിവ് അവസാനവാക്കല്ലെന്ന് കരുതുന്നു. മാറ്റത്തെ ഉൾക്കൊള്ളുന്നു. തെറ്റിൽനിന്ന് ശരിയിലേക്കും ശരിയിൽ നിന്ന് കൂടുതൽ ശരിയിലേക്കും ചിന്തിക്കാൻ ജനങ്ങളെ സഹായിക്കുന്നു. സിദ്ധാന്തങ്ങളിൽ നിന്നല്ല, പ്രയോഗങ്ങളിൽ നിന്നാണ്, അഥവാ പുതിയ അനുഭവങ്ങളിലും അധ്വാനത്തിലും നിന്നാണ് പുതിയ അറിവ് ഉണ്ടാകുന്നതെന്നതിനാൽ, മനുഷ്യന്റെ അധ്വാനമാണ് അറിവിന്റെ/ ശാസ്ത്രത്തിന്റെ ഉറവിടമെന്ന് വിശ്വസിക്കുന്നു.

ചുരുക്കത്തിൽ, ശാസ്ത്രവും ചരിത്രവും മനുഷ്യാധ്വാനത്തിന്റെ സൃഷ്ടിയാണ്. അതിനാൽ, ശാസ്ത്രബോധത്തിന്റെയും ചരിത്രബോധത്തിന്റെയും യുക്തിസഹമായ സമന്വയം നടക്കുന്നത് അനുഭവങ്ങളിലൂടെ, അഥവാ പ്രവർത്തനങ്ങളിലൂടെ ആർജിക്കുന്ന തിരിച്ചറിവുകളിലൂടെയാണ്. പ്രകൃതി പ്രതിഭാസങ്ങളുടെ വർഗീകരണം, തെറ്റും ശരിയും തമ്മിലുള്ള വേർതിരിവ്, ഉൾക്കൊള്ളൽ, പുറംതള്ളൽ എന്നിങ്ങനെ ജനജീവിതവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ വഴിയാണ് ഇവ സമൂഹത്തിൽ പ്രചരിക്കുന്നത്. ആർക്ക് ? എന്തിന് ? എവിടെ? എപ്പോൾ? എങ്ങനെ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് ജനപക്ഷ ഉത്തരങ്ങൾ കണ്ടെത്തുക വഴിയാണത് അവ നടപ്പാക്കുന്നത്. അവ പലപ്പോഴും നിഷ്പക്ഷ തീരുമാനങ്ങൾ, അഥവാ ഉത്തരങ്ങൾ ആയിക്കൊള്ളണമെന്നില്ല, ദുരിതമനുഭവിക്കുന്നവരുടെ ദുരിതമകറ്റാനുള്ള ബോധപൂർവമായതും പക്ഷപാതവുമായ തീരുമാനങ്ങളായിരിക്കാം. ഇത്തരം തീരുമാനങ്ങളിലൂടെയാണ് ശാസ്ത്രബോധവും ചരിത്ര ബോധവും കൂടിച്ചേർന്ന് ഉയർന്ന രാഷ്ട്രീയ ബോധമായി മാറുന്നത്. ഇക്കാര്യങ്ങൾ ഇന്ത്യൻ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി അല്പം വിശദമായി പരിശോധിക്കാം.

**ചരിത്രത്തിന്റെ ശാസ്ത്രം**

ഹാരപ്പ സംസ്കാരം മുതൽ ആര്യ കാലഘട്ടം, വിവിധ രാജവംശഭരണങ്ങൾ എന്നിങ്ങനെ സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള രാജ്യമാണ് ഇന്ത്യ. ഇക്കാലങ്ങളെപ്പറ്റി പ്രൊഫ. ഇർഫാൻ ഹബീബിനെപ്പോലുള്ള ഒട്ടേറെ ചരിത്രകാരന്മാർ നൽകിയ സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. അത്തരം വിശദാംശങ്ങളിലേക്ക് കടക്കാതെ, നമുക്ക് ബ്രിട്ടീഷ് ഇന്ത്യയിലെ സ്ഥിതി വെച്ച് തുടങ്ങാം.

ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യ ചരിത്രഗ്രന്ഥം ജെയിംസ് മിൽ (1817) എഴുതിയ History of British India ആണ്. മൊത്തം ഇന്ത്യാ ചരിത്രത്തെ വർഗീയമായി വിഭജിക്കുകയാണ് ജെയിംസ് മിൽ ചെയ്തത്. ഈ ഗ്രന്ഥത്തെപ്പറ്റി റൊമീലാ ഥാപ്പർ പറയുന്നത്, " ജെയിംസ് മില്ലിന്റെ പ്രധാന സംഭാവന (അതിനെ സംഭാവനയെന്ന് കരുതാമെങ്കിൽ), ഇന്ത്യാ ചരിത്രത്തെ ഹിന്ദുനാഗരികത, മുസ്ലീം നാഗരികത, ബ്രിട്ടീഷ് കാലഘട്ടം എന്നിങ്ങനെ വേർതിരിച്ചതാണ്. ഇത് പിൽക്കാലത്ത് ഹിന്ദുകാലഘട്ടം, മുസ്ലീം കാലഘട്ടം, ബ്രിട്ടീഷ് കാലഘട്ടം എന്നീ

പേരുകളിൽ നമ്മുടെ ചരിത്ര സിലബസുകളിൽ സ്ഥാനം പിടിച്ചു. 19, 20 നൂറ്റാണ്ടുകളിലെ ദേശീയവാദവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നമ്മുടെ ഭൂതകാല സങ്കല്പത്തിൽ ഈ കാല നിർണയം സുപ്രധാന സ്വാധീനം ചെലുത്തി എന്നാണ്. പക്ഷേ കാര്യങ്ങൾ അവിടെയും നിന്നില്ല.

ജെയിംസ് മില്ലിനുശേഷം ഇന്ത്യയിലെ ദേശീയ ചരിത്രകാരൻമാർ മില്ലിന്റെ വിഭജന രീതി അംഗീകരിക്കുകയും ഡൽഹിയിലെ സുൽത്താൻ (മുസ്ലീം) ഭരണകാലത്തെ ഇരുണ്ട കാലമായി ചിത്രീകരിക്കുക ആയായിരുന്നു. തീവ്രഹിന്ദുത്വ ചരിത്ര കാരൻമാരാകട്ടെ, ഒരു പടികൂടി കടന്ന്, മുസ്ലീം ഭരണകാലത്തെ നാശത്തിന്റെയും തകർച്ചയുടെയും കാലമായി വ്യാഖ്യാനിച്ചു. അവർ ഹിന്ദുകാലത്തെ സുവർണ കാലമാക്കിമാറ്റി. ആദ്യകാലത്തെ നേട്ടങ്ങളെല്ലാം ഇല്ലാതാക്കിയത് വിദേശ മുസ്ലീം അക്രമകാരികളാണെന്ന് വരുത്തി തീർക്കാൻ ശ്രമിച്ചു. ആ രീതിയിൽ ഹിന്ദുകാലത്തെ സുവർണ കാലമായും മുസ്ലീംകാലത്തെ അക്രമകാലമായും ബ്രിട്ടീഷ് കാലത്തെ പുനരുദ്ധാരണ കാലമായും പ്രചരിപ്പിച്ചു.

എന്നാൽ, എ.എൽ. ബാഷാമിനെ പ്പോലുള്ള ചരിത്രകാരന്മാരും നെഹ്റുവിനെ പോലുള്ള രാഷ്ട്രീയനേതാക്കളും തുടങ്ങിവെച്ചതും പിന്നീട് ഡി.ഡി. കൊസാംബിയെപ്പോലുള്ള ചരിത്രകാരന്മാർ വികസിപ്പിച്ചതുമായ ചരിത്ര രചനാരീതി തുടക്കത്തിൽ സൂചിപ്പിച്ച ശാസ്ത്ര-ചരിത്ര ബോധങ്ങളിലധിഷ്ഠിതമായിരുന്നു. മാത്രമല്ല, ശാഖകൾ ആധുനിക ശാസ്ത്രം നൽകുന്ന തെളിവുകൾ ഉപയോഗിച്ചും, നിരീക്ഷണ പരീക്ഷണങ്ങൾ വഴിയുള്ള തുമായ വസ്തുതാപരമായ അപഗ്രഥനം കൂടിയായിരുന്നു. ഈ രീതിയെ ശാസ്ത്രീയ ചരിത്രരചനാരീതി എന്നുപറയുന്നു. അതായത്, ചരിത്രമെന്നാൽ, അതത് കാലത്തെ രാഷ്ട്രീയംപറച്ചിൽ മാത്ര മല്ലെന്നും ജനജീവിതത്തിലെ സാമ്പത്തികം, സാംസ്കാരികം, സാമൂഹികം ശാസ്ത്ര സാങ്കേതികം എന്നീ ഘടകങ്ങളെയെല്ലാം ഉദ്ഗ്രഥിച്ച് തയ്യാറാക്കേണ്ടതാണെന്നും, അപ്പോൾ മാത്രമേ ചരിത്രബോധത്തിന് സമഗ്രത കൈവരിക്കാൻ കഴിയൂ എന്നും ശാസ്ത്രീയ ചരിത്രരചന അടിവരയിടുന്നു. ഈ രീതി പ്രകാരം ഇന്ത്യാ ചരിത്രത്തെ പ്രാചീനം, മധ്യകാലം, ആധുനികം എന്നാക്കി കാലഘടന നടത്തി. ഹിന്ദുത്വ ചരിത്രകാരന്മാർ മറ്റൊന്നും കാണാതെ കേവലം വർഗീയ കണ്ണിലൂടെ കാര്യങ്ങൾ കണ്ടതിന്റെ അപകടങ്ങൾ ശാസ്ത്രീയ ചരിത്രകാരന്മാർ തിരുത്താനും ശ്രമിച്ചു.

ശാസ്ത്രീയ ചരിത്രകാരന്മാരി ലൊരാളായ പ്രൊഫ. എം.പി. ശ്രീധരൻ ഇങ്ങനെ പറയുന്നു. “ മധ്യകാല ഇന്ത്യാ ചരിത്രത്തെ ഹിന്ദുക്കളുടെ മേലുള്ള ആധിപത്യകാലമായും മുസ്ലീം ഭരണത്തി നെതിരായുള്ള ഹിന്ദു ചെറുത്തു നിൽപ്പിന്റെ കാലമായും ചിത്രീകരിക്കുക വഴി മധ്യകാല ചരിത്രത്തെയാകെ അന്ധകാരയുഗമാക്കി കണക്കാക്കുന്നതിലേക്ക് ദേശീയ ചരിത്ര കാരന്മാർ എത്തി. ഈ അവഗണന മധ്യ കാലത്തുണ്ടായ പലതരം നേട്ടങ്ങളെയും മുന്നേറ്റങ്ങളെയും മറച്ചുവയ്ക്കുക യായിരുന്നു. ”

അദ്ദേഹം തുടരുന്നു: “ സംഗീതം, സാഹിത്യം, സംസ്കാരം, ചിത്രകല, വാസ്തുവിദ്യ, നൃത്തം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നീ രംഗങ്ങളിലെല്ലാം

വലിയ മുന്നേറ്റങ്ങളുണ്ടായി ഹിന്ദുസ്ഥാനി സംഗീതവും കർണാട്ടിക് സംഗീതവും പൂർണതയിലേക്കെത്തുന്നത് ഇക്കാല ത്താണ്. താജ്മഹൽ പോലുള്ള നിർമിതികൾ ലോകത്തിലെ അദ്ഭുതമായി ഇന്നും നിലകൊള്ളുന്നു. പ്രാദേശിക ഭാഷകൾ പലതിനും വലിയ പ്രചാരം കിട്ടി. ഭക്തിപ്രസ്ഥാനം, എന്തിന് കഥകളി പോലുള്ള ക്ലാസിക്കൽ കലകൾ പോലും വിപുലപ്പെട്ടത് ഇക്കാലത്താണ്. ശാസ്ത്ര രംഗത്ത്, രസതന്ത്രം, സസ്യശാസ്ത്രം, ജൈവരസതന്ത്രം എന്നിവ വലിയതോതിൽ മുന്നേറി. "

എന്നാൽ, മധ്യകാലത്ത് ക്ഷേത്ര ങ്ങൾക്കുനേരേ ആക്രമണം ഉണ്ടായിട്ടുണ്ട്. അത് മുസ്ലിങ്ങൾ ഹിന്ദു ക്ഷേത്രങ്ങൾ ക്കെതിരെ നടത്തിയവ മാത്രമല്ല; ഹിന്ദുക്കൾ ധാരാളം ബുദ്ധ-ജൈന ക്ഷേത്രങ്ങളും നശിപ്പിച്ചിട്ടുണ്ട്. അന്ന് ക്ഷേത്രങ്ങളാ യിരുന്നു അധികാരത്തിന്റെയും സമ്പത്തി ന്റെയും കേന്ദ്രമെന്നതിനാലാണ് ഇത്തരം ആക്രമണങ്ങളുണ്ടായത്.

അതുകൊണ്ടുതന്നെ മതാധിപത്യ മായിരുന്നില്ല, സമ്പത്തിന്റെയും ഭരണത്തി ന്റെയും ആധിപത്യമുറപ്പാക്കലായിരുന്നു അന്നത്തെ ആക്രമണങ്ങളുടെ ലക്ഷ്യം. ഇവിടെ തെളിവാണ് പ്രധാനം, ഐതിഹ്യമല്ല.

ഇതുമാത്രമല്ല, ആദ്യകാല ഇന്ത്യയെ 'ഹിന്ദു ഇന്ത്യ' എന്നുപറയാൻ ഹിന്ദുത്വ വാദികൾക്ക് അവകാശമില്ലെന്നും ശാസ്ത്രീയ ചരിത്രകാരന്മാർ പറയുന്നു. കാരണം, ഒരു വ്യക്തമായ മതമെന്ന നിലയിലുള്ള ഹിന്ദുമതത്തിന്റെ ആവിർ ഭാവം പൂർണമായും 19-ാം നൂറ്റാണ്ടിലെ ഒരു പ്രതിഭാസമാണെന്ന് തെളിവുകൾ സഹിതം രേഖപ്പെടുത്തുന്നു. ഡോ. കെ.എൻ. പണിക്കർ പറയുന്നു.

**"ഇന്നത്തെ ഭാരതീയ സംസ്കാരത്തെ ഭൂതകാലത്തെ ഹൈന്ദവ സംസ്കാരമാക്കി ഉറപ്പിക്കുന്നതുമൂലം ഇന്ത്യയുടെ ചരിത്രവികാസത്തിന്റെ വളരെ പ്രധാനപ്പെട്ട സവിശേഷതകളെ തള്ളിക്കളയുകയാണ്. ഇവിടെ മതവും ദേശീയതയും ഒന്നാണെന്നുവരുത്തുകയാണ്. അത് ഇന്ത്യയിൽ നൂറ്റാണ്ടുകളായി വളർന്നു വരുന്ന ബഹുസ്വരതാ സംസ്കാരത്തിന് വിരുദ്ധമാണ്".**

ഈ സാഹചര്യത്തിൽ ശാസ്ത്രീയ ചരിത്രരചനയെ മുന്നോട്ടുനയിക്കാനായി രണ്ടുതരം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടി യിരിക്കുന്നു. ഒന്ന്, ഇന്നത്തെ ഹിന്ദുത്വ വർഗീയ അജൻഡയുടെ രാഷ്ട്രീയ ചരിത്രം ജനങ്ങളെ ബോധ്യപ്പെടുത്തുക.

രണ്ട്, വളച്ചൊടിച്ച ചരിത്രത്തിലെ തെറ്റുതിരുത്തുന്നതിനുള്ള ഇടപെടലുകൾ വർധിപ്പിക്കുക. അതിനായി ആധുനിക ശാസ്ത്രശാഖകൾ പ്രദാനം ചെയ്യുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ചരിത്രത്തെ അവതരിപ്പിക്കുക.

**ശാസ്ത്രത്തിന്റെ ചരിത്രം**

സ്വതന്ത്രചിന്തയ്ക്കൊപ്പം ഇന്ത്യയിൽ ശാസ്ത്രം വളർന്നുവന്നതിനെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. നമുക്ക് ഹാരപ്പാസംസ്കാരത്തിൽ തുടങ്ങാം. ബാഷാമിന്റെ അഭിപ്രായത്തിൽ "ലഭ്യമായ തെളിവുകളനുസരിച്ച് മോഹൻജെദാരോ, ഹാരപ്പ സംസ്കാരം ബി.സി. മൂന്നാം സഹസ്രാബ്ദത്തന്റെ ഒന്നാം ഘട്ടത്തിലാണ്

(3000 -2500 ബി.സി.) ശക്തിപ്പെട്ടത്. 2000 ബി.സി. യോടെ അത് അവസാനിച്ചതായും കണക്കാക്കുന്നു.'' ഉത്ഖനനം വഴി കിട്ടിയ വിവരങ്ങൾ വെച്ച് (ലോകത്തിലെ വിവിധ സർവകലാശാലകൾതൊട്ട് കേരളത്തിലെ പത്തനംതിട്ടയിലെ ഇലന്തൂരിൽവരെ ഹാരപ്പൻ ജീവിതത്തെപ്പറ്റി മനസ്സിലാക്കാനുള്ള ഗവേഷണം നടക്കുന്നുണ്ട്.) പൊതുവിലെത്തിയ നിഗമനം, സിന്ധുനദീതടത്തിലെത് ഒരു നാഗരിക സംസ്കാരമായിരുന്നു എന്നാണ്. ഇതിന് സഹായകമായ ധാരാളം തെളിവുകൾ ഇവിടെനിന്ന് കണ്ടെടുത്തിട്ടുണ്ട്. പ്രാചീനമെങ്കിലും ശാസ്ത്രത്തിന്റെ പിന്തുണയോടെ ഉള്ള ജീവിതമാണ് അവർ നയിച്ചത്. ലഭ്യമായ വിവരങ്ങൾ എല്ലാവരിലേക്കും സ്വതന്ത്രമായി എത്തിയിരുന്നതായി അനുമാനിക്കുന്നു. അതു കൊണ്ട്തന്നെ ഇന്ത്യയിൽ ശാസ്ത്രത്തിന്റെ രീതികൾ ആദ്യമായി പ്രതിഫലിക്കുന്നത് ഹാരപ്പൻ സംസ്കാരത്തിലാണെന്നു പറയാം.

ഹാരപ്പൻ സംസ്കാരത്തെ തുടർന്നു വളർന്നു വന്നത് വൈദിക (ആര്യൻ) നാഗരികതയാണ്. അവർക്ക് ഇടയിൽ പിൽക്കാലത്ത് (ഏതാണ്ട് ബി.സി. 1000 ത്തിനടുത്ത്)ശക്തിപ്പെട്ട ചാതുർവർണ്യ വ്യവസ്ഥയാണ് ഇന്ത്യയിൽ വിജ്ഞാന വ്യാപനത്തിന് ആദ്യമായി തടസ്സം നിന്നത്. അതനുസരിച്ച് ജനിച്ച വർണമാണ് ഒരാളുടെ അറിവാർജിക്കാനുള്ള അവസരത്തെ നിർണയിച്ചത്. അപകടകരമായ ഈ സാമൂഹിക വ്യവസ്ഥയാണ് ഇന്ത്യയിൽ സ്വതന്ത്ര ചിന്തയുടെ മേലുള്ള ആദ്യത്തെ ഉപരോധം. ഇക്കാര്യം 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ പറഞ്ഞു വെച്ചത് പ്രഗല്ഭ ശാസ്ത്രജ്ഞനായിരുന്ന പ്രഫുല്ല ചന്ദ്ര റായ് ആണ്. 1902-ൽ അദ്ദേഹം പ്രസിദ്ധീകരിച്ച ' A Hostory of Hindu Chemistry' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു. "The main cause of decline of the scientific spirit in India, was the entrenchment of caste within society, with disastrous degaradation of the society of the technicians, craftsmen and other manual workers' caste structure seperate them from practice the mental and manual works." ഇന്ത്യയിൽ എല്ലാ കാലത്തും അറിവിന്റെ മുന്നേറ്റമുണ്ടായിരുന്നു. എന്നാൽ, അറിവിനെ താഴേത്തട്ടിൽ പണിയെടുക്കുന്ന ശൂദ്രരിലേക്കോ, അതിനും താഴേത്തട്ടിൽ പണിയെടുക്കുന്ന ശൂദ്രരിലേക്കോ, അതിനും താഴെയുള്ള പഞ്ചമരിലേക്കോ പകർന്നുനൽകിയില്ല. അതോടെ ആശയ കൈമാറ്റങ്ങൾ ഇല്ലാതായി. ലഭ്യമായ അറിവുകളെല്ലാം ബ്രാഹ്മണരുടെ സ്വകാര്യ സ്വത്തായി . അതിനെ താഴേക്ക് പകർന്നു നൽകിയില്ലെന്ന് മാത്രമല്ല കീഴ് വിഭാഗക്കാരെ ദ്രോഹിക്കിനായി ഉപയോഗിക്കുകയും ചെയ്തിരുന്നു.

ചാതുർ വർണ്യ വ്യവസ്ഥയ്ക്കെതിരായി രാജകുടുംബങ്ങളിൽ നിന്നു തന്നെയുള്ള ശക്തമായ എതിർപ്പായാണ് ബുദ്ധ-ജൈന ദർശനങ്ങൾ ബി.സി. ആറാം നൂറ്റാണ്ടോടെ ഉണ്ടായിവന്നത്. ബുദ്ധ ദർശനം അഹിംസയിലധിഷ്ഠിതമായിരുന്നു. അവർ മുന്നോട്ടുവെച്ച മധ്യമാർഗദർശനം എല്ലാ രംഗങ്ങളിലും വിപുലമായ അംഗീകാരം നേടിയെടുത്തു.അക്കാലത്തെ ശ്രദ്ധേയങ്ങളായ പഠന കേന്ദ്രങ്ങളായിരുന്നു തക്ഷശില, നളന്ദ എന്നീ സർവകലാശാലകൾ. ഒരു പക്ഷേ, ലോകത്തിൽത്തന്നെ സർവകലാശാല

എന്ന ആശയം ആദ്യമായി സംഭാവന ചെയ്തത് ഇന്ത്യയാകാം. അവ ബുദ്ധ ദർശനത്തിന്റെ സംഭാവനയാണ്, ഹിന്ദുത്വ ബ്രാഹ്മണ്യത്തിന്റെതല്ല. ബി.സി. 600 മുതൽ എ.ഡി. 200 വരെയായിരിക്കും ഇവയുടെ ഒക്കെ പ്രഭാവം ഉയർന്നു നിന്നതെന്ന് കരുതുന്നു.

എ.എൽ. ബാഷാം പറയുന്നു. "ബുദ്ധപുരോഗിതന്മാരെ (സംഘം) വളർത്തിയത് ബുദ്ധനായിരുന്നു. ഒരു റിപ്പബ്ലിക്കൻ ഗോത്രഭരണ സംവിധാന മായിരുന്നു ഇതിന്റെ മാതൃക. ഇത് തികച്ചും യുക്തിസഹമായിരുന്നു." മറ്റൊരർഥത്തിൽ അത് ജനങ്ങളിലേക്ക് അറിവ് കൂടുതൽ ഇറങ്ങിച്ചെന്ന കാലവും, പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വർധിച്ച അവസരവും ആയിരുന്നു.

ഈ ഉയിർത്തെഴുന്നേൽപ്പ് പക്ഷേ, അധികകാലം നീണ്ടുനിന്നില്ല. ഡോ. പി. സി. റായ് ഇപ്രകാരം എഴുതുന്നു: " with the decay of the ancient Hindu and Budhist Culture, an intellectuall stupe took possession of the Indian mind and the spirit of enquiry after truth rapidly declined. Authority of Shastras took the place of reason and clouded human intellect. A state of mind was fostered which was inimical to the study of science which accepts things not to trust, but by verification". അതായത്, ബൗദ്ധ സംസ്കാരത്തിന് ശേഷമുണ്ടായ ബൗദ്ധിക മയക്കം അന്വേഷണാത്മക മനസ്സുകളെ തളർത്തുകയും യുക്തിയുടെ സ്ഥാനത്ത് ശാസനകൾ കയറിപ്പറ്റുകയും ചെയ്തു. പരിണതഫലമാകട്ടെ, നിരീക്ഷണ പരീക്ഷണങ്ങളിലൂടെ പ്രവർത്തിക്കുന്ന ശാസ്ത്രത്തിന്റെ വളർച്ചക്ക് നേർ വിപരീതമായ ഒരന്തരീക്ഷത്തിന്റെ രൂപ വത്ക്കരണമായിരുന്നു.

ഈ ബൗദ്ധിക മന്ദത ശക്തി പ്പെടുന്നത് മനുസ്മൃതിയുടെ (എ.ഡി. 200-ൽ) വരവോടെയാണ്. സ്ത്രീകൾ സ്വാതന്ത്ര്യമർഹിക്കുന്നില്ലെന്നും അക്ഷരം കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയമുരുക്കിയൊഴിക്കണമെന്നും ശാസിക്കുന്ന മനുവിന്റെ സ്മൃതികൾ അഞ്ചാറുനൂറ്റാണ്ടുകാലം തഴച്ചുവളർന്ന ബൗദ്ധിക നേട്ടങ്ങളെ പാടേ തകർക്കുക ആയിരുന്നു. (ഈ മനുസ്മൃതിയെയാണ് ജനാധിപത്യ ഇന്ത്യയുടെ ഭരണഘടനയായി ഹിന്ദുത്വ ശക്തികൾ ഉയർത്തി ക്കാണിക്കുന്നത്.) മനുസ്മൃതിയുടെ ഈ ബുദ്ധവിരുദ്ധ നിലപാട് കൂടുതൽ കൂടുതൽ ബുദ്ധക്ഷേത്രങ്ങളടക്കമുള്ള ബൗദ്ധിക കേന്ദ്രങ്ങൾ തകർക്കുന്നതിലേക്കെത്തി. അവസാനം ശങ്കരാചാര്യരുടെ മായാ/ വേദാന്ത ദർശനം കൂടിയായതോടെ (എ.ഡി.800) തികഞ്ഞ ഒരു ബൗദ്ധിക തകർച്ചയിലേക്കുതന്നെ ഇന്ത്യ വഴുതി വീഴുകയായിരുന്നു. നമുക്ക് വീണ്ടും പി.സി. റായിയെത്തന്നെ ഉദ്ധരിക്കാം: " The Vedanta Philosophy, as modified and expanded by Sankara, which teaches, the unreality of material world is also to a large extent, responsible for bringing the study of physical science into disrepute" ബുദ്ധമതാശയങ്ങളെ തുത്തെറിയാനായി നടത്തിയ ശ്രമങ്ങളും അതുവഴി നേടിയ ബ്രാഹ്മണാധിപത്യവും ഇന്ത്യയുടെ ഭൗതികാടിത്തറത്തന്നെ തകർക്കുകയായിരുന്നു.

ഈ സാഹചര്യങ്ങളെ മുൻനിർത്തി ഇ.എം.എസ്, നമ്പൂതിരിപ്പാട് പറയുന്നു: " മറ്റ് പലതരത്തിലും പ്രത്യക്ഷപ്പെട്ട ആശയവാദദർശനം ശങ്കരന്റെ അദ്വൈത വാദ ദർശനമായപ്പോഴേക്കും ഭൗതികവാദ ദർശനത്തിന് തീരെ നിൽക്കക്കള്ളി യില്ലാതായി. അതോടെ, സയൻസിന്റെ വളർച്ചയും മുട്ടി. ഇന്ത്യൻ സയൻസിന്റെ ആദ്യത്തെ പ്രാമാണിക ചരിത്രകാരനായ പി.സി. റായ് ചൂണ്ടിക്കാണിച്ചതുപോലെ, ഇന്ത്യൻ സയൻസിന്റെ വളർച്ച മുട്ടിക്കുന്നതിൽ ഏറ്റവും പ്രധാനമായ പങ്കുവഹിച്ചത് ശങ്കരന്റെ അദ്വൈത വേദാന്തദർശനമാണ്. ഇങ്ങനെ ഇന്ത്യൻ സയൻസ് വളർച്ചമുട്ടിനിൽക്കുമ്പോഴാണ് യൂറോപ്പിൽ സയൻസ് പുരോഗമിക്കാൻ തുടങ്ങിയത്." പ്രാചീന ചരിത്ര കാലഘട്ടത്തിൽ, ഇന്ത്യയെ അപേക്ഷിച്ച് വളരെ പിന്നിൽ നിന്നിരുന്ന യൂറോപ്പ് ഇന്ത്യയെ പിൻതള്ളി മുന്നോട്ടുപോയി. അതിനുള്ള കാരണം വർണാശ്രമ ധർമവും മനുസ്മൃതിയും ശങ്കരനും അദ്വൈത വേദാന്തവുമൊക്കെയായിരുന്നു.

ചുരുക്കത്തിൽ, മധ്യകാല ഇന്ത്യാ ചരിത്രം ആരംഭിക്കുന്നതിനുമുൻപുതന്നെ, ഇന്ത്യയുടെ പല ഭാഗങ്ങളിലും വളർന്നു വന്ന ഭൗതികദർശനങ്ങളടക്കമുള്ള വിജ്ഞാനവും ശാസ്ത്രവും സാങ്കേതിക വിദ്യകളുമെല്ലാം കൂടിച്ചേരുന്ന വൈജ്ഞാനിക പാരമ്പര്യം, ദരിദ്രരും സാധാരണക്കാരുമായ ജനങ്ങളിലേക്കിറങ്ങിച്ചെന്ന് അവരുടെ ജീവിതപ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഉപാധിയാകാതിരിക്കാനും അവരുടെ അധ്വാനത്തിന് പിൻബലമാകാതിരിക്കാനും, കാരണമായത് ആദ്യകാല ഇന്ത്യയിലെ ചാതുർവർണ്യത്തിലധിഷ്ഠിതമായ സ്വേച്ഛാധിപത്യവുമായിരുന്നു. അല്ലാതെ മധ്യകാലത്തെ സുൽത്താൻ/മുഗൾ ഭരണമായിരുന്നില്ല.

### ബ്രിട്ടീഷ് ഇന്ത്യ

18-20 നൂറ്റാണ്ടുകളിൽ ഇന്ത്യ ഭരിച്ച ബ്രിട്ടീഷുകാർക്ക് തനതും വ്യത്യസ്തവുമായ അജൻഡയുണ്ടായിരുന്നു. അതിനാൽ, ഇന്ത്യയിലെ വർണാധിഷ്ഠിത സാമൂഹിക വ്യവസ്ഥയിൽ കാര്യമായി ഇടപെടാൻ യൂറോപ്യൻമാർ തുനിഞ്ഞിരുന്നില്ല. പകരം, തങ്ങൾ പ്രതിനിധാനം ചെയ്യുന്നതും യൂറോപ്പിൽ ശക്തിപ്പെട്ടുവന്നതുമായ മുതലാളിത്ത വ്യവസ്ഥയ്ക്ക് അനുകൂലമായ അന്തരീക്ഷവും സാധ്യതകളും ഇന്ത്യയിൽ സംഘടിപ്പിക്കാനുള്ള തന്ത്രങ്ങളാണ് അവർ പ്രധാനമായും ആവിഷ്കരിച്ചത്. ഈ തന്ത്രങ്ങൾക്ക് പൊതുവിൽ രണ്ട് ലക്ഷ്യങ്ങളുണ്ടായിരുന്നു. ഒന്ന്, വളർന്നുവരുന്ന തങ്ങളുടെ ഫാക്ടറികൾക്ക് വേണ്ട അസംസ്കൃത പദാർത്ഥങ്ങൾ സംഘടിപ്പിക്കുക. രണ്ട്, ഇംഗ്ലണ്ടിലെ ഫാക്ടറി ഉത്പ്പന്നങ്ങൾക്ക് ഇന്ത്യയടക്കം ലോകത്താകെ കമ്പോളം കണ്ടെത്തുക. ഇതിനുരണ്ടിനും ഭീഷണി ആണെന്നു തോന്നിയ എല്ലാ ഇന്ത്യൻ അറിവുകളെയും സംരംഭങ്ങളെയും ബ്രിട്ടീഷുകാർ നശിപ്പിച്ചിട്ടുണ്ട്. ഒപ്പം അനുകൂലമായവയെ സംരക്ഷിക്കാനും ശ്രമിച്ചിട്ടുണ്ട്.

ഇതിനെതിരേ രണ്ടുതരം പ്രതികരണങ്ങളാണ് ഇന്ത്യയിൽ വളർന്നു വന്നത്. യൂറോപ്യൻ താത്പര്യങ്ങൾ മുന്നോട്ടുവയ്ക്കുന്ന പരിപാടികൾ ഏറ്റെടുത്ത ഒരു വിഭാഗം ബ്രിട്ടീഷ് നിലപാടുകളെ എതിർത്തുകൊണ്ട് ഇന്ത്യയുടെ തനത് വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിച്ച രണ്ടാമത്തെ കൈവഴി. ഇത്,

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട തായിരുന്നു. അതിൽ ശാസ്ത്രത്തിന്റെ കേന്ദ്രം പ്രധാനമായും കൊൽക്കത്ത ആയിരുന്നു. പി.സി. റായ്, അദ്ദേഹത്തിന്റെ പ്രമുഖശിഷ്യരായ എം.എൻ. സാഹ, എസ്.എൻ. ബോസ് കൂടാതെ ഹോമി ജെ ഭാഭ, പി.സി. മെഹലനോബിസ്, സി.വി. രാമൻ, എസ്.എസ്. ഭട്നഗർ എന്നിവരൊക്കെയായിരുന്നു. നേതൃത്വത്തിലുള്ളവർ. അവർക്ക് ശാസ്ത്രത്തെക്കാൾ പ്രധാനം സ്വാതന്ത്ര്യമായിരുന്നു. പി.സി. റായ് പറഞ്ഞു. " Science can afford to wait, but Swaraj cannot. " 1921 -ൽ ടാഗോർ സ്ഥാപിച്ച വിശ്വഭാരതി സർവകലാശാല, കൊൽക്കത്തയിൽ നിന്ന് സാഹയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച ' Science and Culture' എന്ന മാസിക, ഇവരുടെ ഉത്സാഹത്തിൽ 1938-ൽ നെഹ്റുവിന്റെ നേതൃത്വത്തിൽ രൂപവത്കരിച്ച **'ദേശീയ ആസൂത്രണ സമിതി'** എന്നിവയെല്ലാം ഇന്ത്യൻ ശാസ്ത്ര മുന്നേറ്റങ്ങൾക്ക് ശക്തിപകർന്ന നടപടികളായിരുന്നു.

1914-ൽത്തന്നെ ദേശീയ ശാസ്ത്ര കോൺഗ്രസ് ആരംഭിച്ചിരുന്നു, ആദ്യ ശാസ്ത്ര കോൺഗ്രസിലെ അധ്യക്ഷ പ്രസംഗത്തിൽ അശുതോഷ് മുഖർജി ഇപ്രകാരം പറയുകയുണ്ടായി. "പൊതുമുതൽ ശാസ്ത്രത്തിനുവേണ്ടി വിനിയോഗിക്കേണ്ടതിന്റെ പരമപ്രാധാന്യം ഏറ്റവും പ്രബുദ്ധങ്ങളായ ഗവൺമെന്റുകളെപ്പോലും ചിലപ്പോഴൊക്കെ ഓർമ്മിപ്പിക്കേണ്ടത് ആവശ്യമായി വരുമെന്ന് അനുഭവം തെളിയിച്ചിട്ടുണ്ട്." (എന്നാൽ 110 വർഷത്തിനുശേഷം 2024-ൽ ബി.ജെ.പി. സർക്കാർ ദേശീയ ശാസ്ത്ര കോൺഗ്രസ് ഇല്ലാതാക്കിയെന്നത് ഒരു സത്യം മാത്രമാണ്) ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിന്റെ രൂപവത്കരണം ഹോമി ജെ. ഭാഭയുടെ നേതൃത്വത്തിൽ, ടാറ്റ കുടുംബത്തിന്റെയും മൈസൂർ രാജാവിന്റെയും സഹായത്തോടെ 1909-ൽ നടന്നിരുന്നു. 1940-കളിലാണ് ശാസ്ത്ര, വ്യാവസായിക ഗവേഷണ കൗൺസിൽ (CSIR) ആരംഭിക്കുന്നത്. ദേശീയ പ്രസ്ഥാനവും സ്വാതന്ത്ര്യസമരവും മുന്നോട്ടുവെച്ച സ്വതന്ത്രചിന്തയുടെ അന്തരീക്ഷത്തിലാണ് ഇവയൊക്കെ വളർന്നുവന്നത്. ദേശീയപ്രസ്ഥാനത്തിന്റെ പ്രോത്സാഹനം ഏറ്റുവാങ്ങിയും ബ്രിട്ടീഷുകാരുടെ നിയന്ത്രണങ്ങളോട് ഏറ്റുമുട്ടിയുമാണ് വിദേശഭരണകാലത്ത് ഇന്ത്യയിൽ ശാസ്ത്രസാങ്കേതിക രംഗം വളർന്നതും വികസിച്ചതും.

**നെഹ്റുവിയൻ കാലം**

ലോകത്തിലെ ശാസ്ത്രജ്ഞരായ ഭരണാധികാരികളിൽ നിന്നുപോലും വ്യത്യസ്തനായി, ശക്തമായൊരു ശാസ്ത്ര സംവിധാനവും ശാസ്ത്രബോധ പ്രചാരണവും ഇന്ത്യയിൽ ഉറപ്പിക്കാനാണ് നെഹ്റു ശ്രമിച്ചത്. ഇതിനായി ഇന്ത്യക്കകത്തും പുറത്തുമുള്ള ശാസ്ത്രജ്ഞരെ കണ്ടെത്തി, അവരുടെയായ ഗവേഷണങ്ങൾ ഇന്ത്യയിൽ വിപുലപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തി. 1948 -1958 കാലത്തിനിടയിൽ CSIR ന്റെ കീഴിൽ 22 മികവാർന്ന ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു. ഇവ 1964 ആകുമ്പോഴേക്കും 50- ഓളമായി. 1956-ൽ രണ്ടാം വ്യാവസായിക നയവും, 1958-ൽ ഒന്നാം ശാസ്ത്ര നയവും പ്രഖ്യാപിച്ചു.

നെഹ്റുവിന്റെ കാലത്തെ ഇന്ത്യൻ

ശാസ്ത്രസാങ്കേതിക സംവിധാനത്തെ ഈ വിധം ചുരുക്കിപ്പറയാം. CSIR, ICAR തുടങ്ങിയ ധാരാളം ഗവേഷണ കൗൺസിലുകൾ, ബൃഹത്തായ ലബോറട്ടറി സംവിധാനങ്ങൾ, അസംഖ്യം സർവകലാശാലകൾ, IIT കൾ, IIM കൾ, അണുശക്തി-ബഹിരാകാശഗവേഷണ കേന്ദ്രങ്ങൾ എന്നിങ്ങനെ ഒരു വശത്ത്. മറുവശത്താകട്ടെ, ഇവിടങ്ങളിലെ ഗവേഷണങ്ങളെയും പഠനങ്ങളെയും പ്രയോഗത്തിൽ കൊണ്ടുവരുന്ന ധാരാളം പൊതുമേഖലാ വ്യവസായങ്ങൾ, അണക്കെട്ടുകൾ, ഇരുമ്പുരുക്ക് ശാലകൾ എന്നിവയെല്ലാം ചേർന്ന് ഇന്നും രാജ്യത്തെ പച്ചപ്പായി നിലകൊള്ളുന്ന ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ നെഹ്റുവിയൻ കാലത്തെ സംഭാവന കളാണ്. ഇവയെല്ലാം ഏകോപിപ്പിച്ചു കൊണ്ട് ആസൂത്രണ കമ്മീഷനും പ്രവർത്തിച്ചു.

**നവലിബറലിസം**

എന്നാൽ 1990-കളിലെ നവ ലിബറൽ ആഗോളീകരണത്തോടെ, കാര്യങ്ങളിൽ വലിയ മലക്കം മറിച്ചിലുണ്ടായി. അറിവ് പ്രധാന കച്ചവട ചരക്കായതോടെ അറിവിന്റെ ജനകീയ വത്കരണം എന്ന സാമൂഹിക നിലപാട്, അറിവിന്റെ സ്വകാര്യവത്കരണം എന്ന കമ്പോള നിലപാടിലേക്ക് മാറി. നവ ലിബറൽ കാലം ജനാധിപത്യത്തിന്റെയും തൊഴിലാളി സംഘടനകളുടെയും സംഘടിത വിലപേശലിന്റെയും തകർച്ചയുടെ കാലം കൂടിയാണ്. കോർപ്പറേറ്റ് മൂലധനവും ഏകാധിപത്യ ഭരണകൂടങ്ങളും തമ്മിലുള്ള ബന്ധങ്ങളാണ് ഇക്കാലത്ത് ഇന്ത്യയിലടക്കം ശക്തിപ്പെട്ടത്.

**വർത്തമാന കാല ഇന്ത്യ**

2014 -ൽ ഹിന്ദുത്വ രാഷ്ട്രീയം അധികാരത്തിൽ വന്നതോടെ ഇന്ത്യയിൽ സ്ഥിതിഗതികൾ മാറിമറിഞ്ഞു. ഇന്ന് ലോകത്താകെ കോർപ്പറേറ്റുകൾ തങ്ങളുടെ സംരക്ഷണത്തിനായി 'ശക്തരായ ഭരണാധികാരി ' കളെ തിരയുകയാണ്. ഈയൊരു സാഹചര്യത്തിൽ തീവ്ര വലതുപക്ഷ ഭരണാധികാരികൾ ഇന്ത്യയടക്കം പല രാജ്യങ്ങളിലും തങ്ങളുടെ ഫണ്ടിങ്ങിനായി കോർപ്പറേറ്റു കളെ ആശ്രയിക്കുകയും പകരമായി അവയെ വഴിവിട്ട് സഹായിക്കുകയുമാണ്. ഹിറ്റ്ലറുടെ കാലത്തുണ്ടായ സമാന സംഭവങ്ങളെക്കുറിച്ച് ആന്റണി സൂട്ടൺ അദ്ദേഹത്തിന്റെ ' Wall Street and the Rise of Hitler' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്.

ഇന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയ നിലപാടുമാറ്റം ശാസ്ത്ര ചരിത്ര രംഗങ്ങളെ മാറ്റി മറിക്കുകയാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രഗവേഷണത്തിൽ നേടിയ നേട്ടങ്ങൾ കഴിഞ്ഞ ഒരു ദശാബ്ദത്തി നിടയിൽ പാടേ ദുർബലപ്പെട്ടുകഴിഞ്ഞു. ശാസ്ത്രത്തോടുള്ള കടുത്ത അവഗണനയാണ് ഇതിനിടയാക്കിയത്. ശാസ്ത്രരംഗത്തേക്കുള്ള സർക്കാർ വക ഫണ്ട് നീക്കിയിരിപ്പ് ഗണ്യമായി കുറഞ്ഞിരിക്കുന്നു, പരിമിതമായ വിഹിതത്തിന്റെ മൂന്നിൽ രണ്ടും ആണവം, പ്രതിരോധം, ബഹിരാകാശം എന്നീ രംഗങ്ങൾക്കായി മാറ്റിവയ്ക്കുന്നു. കൃഷി, വ്യവസായം, ആരോഗ്യം, വിദ്യാഭ്യാസം, അടിസ്ഥാനശാസ്ത്രഗവേഷണം തുടങ്ങിയ രംഗങ്ങൾ അവഗണിക്കപ്പെടുന്നു. അവയോടൊക്കെ വിദേശ/സ്വകാര്യ

ഫണ്ടിങ് ഏജൻസികളെ ആശ്രയിക്കാനാണ് സർക്കാർ ആവശ്യപ്പെടുന്നത്. മിത്തും സങ്കല്പങ്ങളും വിശ്വാസങ്ങളുമൊക്കെയാണ് ശാസ്ത്രവും ചരിത്രവുമായി മാറിക്കൊണ്ടിരിക്കുന്നത്. ജനാധിപത്യ സെക്യുലർ മൂല്യങ്ങൾ ദുർബലപ്പെടുന്നതോടെ സ്വതന്ത്ര ചിന്തയും അതിനുള്ള ഇടങ്ങളും ചുരുങ്ങുകയാണ്. ഇത് ശാസ്ത്രബോധത്തെയും ചരിത്രബോധത്തെയും ദുർബലപ്പെടുത്തുന്നു. ഈ നീക്കത്തെ ശക്തിപ്പെടുത്താനെന്നോണം, വരുംതലമുറയെ എന്തൊക്കെ ശാസ്ത്രവും ചരിത്രവും പഠിപ്പിക്കണമെന്ന് പുതിയ വിദ്യാഭ്യാസ നയം വഴിയും എന്തൊക്കെ പഠിപ്പിക്കേണ്ടെന്ന് പാഠഭാഗം വെട്ടിമാറ്റുന്നതിലൂടെയും കേന്ദ്ര സർക്കാർ തീരുമാനിക്കുന്നു. പുതിയ അറിവുകൾ ഉത്പാദിപ്പിക്കുന്ന സർവ്വകലാശാലകളിൽ തന്നെ സ്വതന്ത്ര ചിന്തയ്ക്കുള്ള ഇടം ചുരുങ്ങുന്നു. അവിടെയെല്ലാം സനാതന ധർമ്മത്തിന്റെ മാറ്റൊലികളാണ് ഉയർന്നു കേൾക്കുന്നത്. അക്കാദമിക് സ്വാതന്ത്ര്യവും ക്ലാസ് മുറികളിലെ സംവാദാത്മകതയും മതേതര വേദികളുമൊക്കെ ചുരുങ്ങുകയും സ്വകാര്യ മത, വർഗീയ സ്ഥാപനങ്ങളും ക്ലാസുകളും കൂടിവരികയുമാണ്. ഇതുവഴി ഉണ്ടാകുന്ന ധ്രുവീകരണം ജനങ്ങളിൽ സൃഷ്ടിക്കുന്ന വിഭാഗീയതകൾ വലിയ സംഘർഷങ്ങളായി മാറിക്കൊണ്ടിരിക്കുന്നു, ഈയൊരു പശ്ചാത്തലത്തിൽ ജാതി വ്യവസ്ഥയെ തകർത്തുകൊണ്ടും സമൂഹത്തിൽ ശക്തിപ്പെടുന്ന ദരിദ്രവത്കരണ, ധനികവത്കരണ പ്രക്രിയയെ പ്രതിരോധിച്ചുകൊണ്ടും മാത്രമേ അറിവിനെ (ശാസ്ത്രത്തെ) ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ മോചനോപാധിയാക്കി മാറ്റാൻ കഴിയൂ.

**കേരളത്തിൽ എന്തുചെയ്യണം?**

ഈ സ്ഥിതിക്കെതിരെ പൊതു അവബോധം സൃഷ്ടിക്കാനുള്ള സ്ഥൂലതല പ്രചാരണങ്ങൾക്ക് വർധിച്ച പ്രാധാന്യമുള്ളപ്പോഴും ലക്ഷ്യബോധത്തോടെയുള്ള ആസൂത്രിതമായ പ്രവർത്തനങ്ങൾ നടക്കേണ്ടത് സൂക്ഷ്മതലങ്ങളിലും വ്യക്തികളുടെ മനസ്സിലുമാണ്. ഈയൊരു നിലപാടിൽ നിന്നുകൊണ്ട് കേരളത്തിൽ എന്തൊക്കെ ചെയ്യാമെന്ന് ജനകീയ പ്രസ്ഥാനങ്ങൾ പ്രത്യേകം ചർച്ച ചെയ്യേണ്ടതുണ്ട്. കേരളത്തെ ' മാതൃകാ സംസ്ഥാന' മാക്കി മാറ്റിയ നവോത്ഥാന പ്രസ്ഥാനം, ദേശീയ പ്രസ്ഥാനം, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്നിവയെല്ലാം ചേർന്ന് സ്വാതന്ത്ര്യത്തിന് മുൻപ്തന്നെ വിശാലമായൊരു സാമൂഹിക രാഷ്ട്രീയ അവബോധത്തിന് കളമൊരുക്കിയിരുന്നു. പക്ഷേ, ഒപ്പം നടക്കേണ്ടിയിരുന്ന ശാസ്ത്രാവബോധപ്രസ്ഥാനം കേരളത്തിൽ ഉണ്ടായിവന്നിരുന്നില്ല. 1960-കളുടെ തുടക്കത്തിൽ ഒരു ജനകീയ ശാസ്ത്ര പ്രസ്ഥാനമെന്ന നിലയിൽ കേരള ശാസ്ത്ര സാഹിത്യപരിഷത്ത് രൂപവത്കരിച്ചെങ്കിലും ഇത്തരത്തിലുള്ള വിശാലലക്ഷ്യം സാക്ഷാക്കരിക്കും വിധമുള്ള രാഷ്ട്രീയ പിന്തുണ ആ പ്രസ്ഥാനത്തിന് ലഭിച്ചിരുന്നില്ല, ഇപ്പോഴും ലഭിക്കുന്നില്ല. മാത്രമല്ല, 1950-കളുടെ അവസാനം നടന്ന 'വിമോചനസമരം' മറ്റെങ്ങുമില്ലാത്ത വിധത്തിലുള്ള സാമൂഹിക- രാഷ്ട്രീയ ധ്രുവീകരണം കേരളത്തിൽ വരുത്തിവയ്ക്കുകയും ചെയ്തു. യഥാർത്ഥത്തിൽ വിമോചന സമരം നടന്നത് ഒരു ശാസ്ത്ര വിരുദ്ധ കൂട്ടായ്മയുടെ നേതൃത്വത്തിലായിരുന്നു.

ഈയൊരു സാഹചര്യത്തിൽ കേരളത്തിൽ സാമൂഹിക സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കെതിരെ ഉയർന്നുവന്നത്ര ജാഗ്രത ശാസ്ത്ര വിരുദ്ധതയ്ക്കെതിരെയും ചരിത്രവിരുദ്ധതയ്ക്കെതിരെയും ഉണ്ടായിവന്നില്ല. അതുകൊണ്ടാവാം, സാമൂഹിക-സാമ്പത്തിക സൂചികകളിൽ ഉയർന്നുനിൽക്കുമ്പോഴും ശാസ്ത്ര വിരുദ്ധതയ്ക്കും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കേരളീയ മനസ്സുകളിൽ ഇപ്പോഴും ഒരു ഉറച്ച സ്ഥാനമുള്ളത്. ഈ മാനസികാവസ്ഥയെ തിരുത്തുന്നതിന് ഇവിടത്തെ ശാസ്ത്രപഠനത്തിനോ ഗവേഷണങ്ങൾക്കോ സഹായിക്കാനായിട്ടില്ല. കഴിയുന്നുമില്ല.

ഇപ്പോഴിതാ, തെറ്റും ശരിയും വേർതിരിച്ചു മനസ്സിലാക്കാൻ കഴിയാത്ത സ്ഥിതിയിലേക്ക് കേരളം നാൾക്കുനാൾ നടന്നടുക്കുകയാണ്. ദേശീയ തലത്തിൽ തീവ്ര വലതുപക്ഷ രാഷ്ട്രീയത്തിന്റെ ഇടപെടൽ കൂടിവരുന്നതോടെ, കേരളത്തിൽ അന്ധവിശ്വാസത്തിനെതിരേ ഉയർന്നുവരുന്ന ഏതൊരു ചെറിയ പരാമർശം പോലും മതവിശ്വാസത്തിനും ദൈവവിശ്വാസത്തിനും എതിരാണെന്ന് എളുപ്പത്തിൽ വരുത്തിത്തീർക്കാൻ കഴിയുന്നു. മാത്രമല്ല, ഇത്തരം പ്രചരണങ്ങൾ പെട്ടന്നുതന്നെ തെരുവുകളെ സംഘർഷാത്മകമാക്കുന്നു. പുരോഗമന പ്രസ്ഥാനങ്ങൾ പോലും കൃത്യമായ നിലപാടെടുക്കാതിരിക്കുമ്പോൾ, ജനങ്ങൾക്കും തീരുമാനമെടുക്കാൻ കഴിയാതാകുന്നു.

ഒപ്പം കുടുംബത്തിനകത്തെ സംഘർഷങ്ങൾ വർധിപ്പിക്കും വിധം തൊഴിലില്ലായ്മ, പരസ്യം, പരിസ്ഥിതി കൈയേറ്റം, പുരുഷമേധാവിത്വം, അഴിമതി, മദ്യം, റോഡപകടം, ആത്മഹത്യ, പങ്കുപറ്റ് രാഷ്ട്രീയം എന്നിവയെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന സവിശേഷമായൊരു മാനസികാവസ്ഥയിലാണ് കേരളീയർ കഴിഞ്ഞുകൂടുന്നത് .

സോവിയറ്റ് യൂണിയൻ അടക്കമുള്ള സോഷ്യലിസ്റ്റ് ചേരിയുടെ രാഷ്ട്രീയ തകർച്ച മറ്റൊരുതരം നിസ്സഹായാവസ്ഥ സൃഷ്ടിച്ചിരിക്കുന്നു. ജനങ്ങളിൽ ശക്തിപ്പെടുന്ന ഇത്തരം സംഘർഷഭരിതമായ മാനസികാവസ്ഥയിലേക്ക് എളുപ്പത്തിൽ കടന്നുപറ്റാൻ കഴിയുന്നത് പ്രതിലോമ ചിന്തകൾക്കായിരിക്കും. അതിനാൽ ശാസ്ത്രബോധത്തിലും ചരിത്രബോധത്തിലും അധിഷ്ഠിതമായ ഉയർന്ന രാഷ്ട്രീയാവബോധ നിർമിതി ഒരു പ്രതിരോധ രാഷ്ട്രീയ പ്രവർത്തനമെന്ന നിലയിൽ കേരളത്തിൽ എന്നത്തെക്കാളും അനിവാര്യമാവുകയാണെന്ന് പുരോഗമന പ്രസ്ഥാനങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു.

ഈ സാഹചര്യത്തിൽ, കേരളത്തിൽ പ്രവർത്തിക്കുന്ന പുരോഗമനാശയക്കാരായ വ്യക്തികളും പ്രസ്ഥാനങ്ങളും രണ്ടുതരം ദൗത്യങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ഒന്ന്, ഇന്ത്യയുടെ ഭാഗമെന്ന നിലയിൽ രാജ്യത്ത് ശക്തിപ്പെടുന്ന തീവ്ര വലതുപക്ഷ രാഷ്ട്രീയത്തെയും വിവിധ രംഗങ്ങളിലേക്കുള്ള അതിന്റെ കടന്നുകയറ്റത്തെയും പ്രതിരോധിക്കുക, ചെറുത്തു പരാജയപെടുത്തുക. രണ്ട്, കേരളം ഇതിനകം നേടിയ നേട്ടങ്ങളിൽ മാത്രം അഭിരമിക്കാതെ, കേരളം എല്ലാവർക്കും എന്തിനും മാതൃകയാണെന്ന തെറ്റായ ബോധത്തിൽ മാത്രം ആശ്വസിക്കാതെ, കാലഘട്ടത്തിനനുസരിച്ച് പുതിയ

സാമൂഹിക നേട്ടങ്ങൾ കൈവരിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക. ഇതിന് രണ്ടിനും സഹായകമായ ഒരു രാഷ്ട്രീയ പദ്ധതി രൂപപ്പെടുത്തുക.

ആ പദ്ധതിക്കുപിന്നിൽ, ഇന്നത്തെ തിനെക്കാൾ നല്ലതായിരിക്കും നാളെ എന്ന ശുഭാപ്തി വിശ്വാസത്തിൽ അധിഷ്ഠിത മായി ജനങ്ങളെ വൻതോതിൽ പങ്കാളി ആക്കാൻ കഴിയണം. ഇതിലേക്കുള്ള പരിപാടികളാകട്ടെ, താഴേത്തലങ്ങളിൽ ജനങ്ങളുടെ സക്രിയപങ്കാളിത്തം വഴി ഉണ്ടാകുന്നവയാകണം.

ഇവയുടെ സംഘാടനവും ഏകോപനവും തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാവണം. ഈ പ്രക്രിയ ഏറ്റവും നൂതനമായ സാങ്കേതിക വിദ്യയുടെ ജനകീയ ഉപയോഗവും കൃത്യമായ സ്ഥിതി വിവരക്കണക്കുകളും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതുമാവണം. ഇവയ്ക്കൊപ്പം സന്നദ്ധവും സംഘടിതവുമായ അധ്വാന ശേഷിയും, ഉയർന്ന ജനാധിപത്യ സെക്യൂലർ മൂല്യവും സമന്വയിപ്പിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എല്ലാ പൊതു ഇടങ്ങളും മതേതരമാകണം.

എങ്കിൽ മാത്രമേ, ശാസ്ത്ര ബോധത്തെയും ചരിത്രബോധത്തെയും ഉയർന്ന രാഷ്ട്രീയ ബോധമാക്കി മാറ്റാൻ ശേഷിയുള്ള ഒരു ജനതയും അവർ നേതൃത്വം നൽകുന്ന ഒരു സമൂഹവും രൂപപ്പെടുകയുള്ളൂ. ഇന്ത്യയിൽ ഈ മാറ്റത്തിന് മാർഗദർശകമായി പ്രവർത്തി ക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം. അത് സാധ്യമാവണമെങ്കിൽ പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തന പരിപാടിക ളിൽ അനുയോജ്യമായ കൂട്ടിച്ചേർക്കലുകൾ അനിവാര്യമാണ്. അത്തരത്തിലുള്ള ഒരു രാഷ്ട്രീയ ഉത്തേജനം കേരളത്തിലെ ജനങ്ങൾ ഇന്ന് ആഗ്രഹിക്കുന്നുണ്ട്.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
**25-31 ആഗസ്റ്റ് 2024**

# മലയാളി വീണ്ടെടുക്കേണ്ട അയ്യൻകാളി

സണ്ണി എം. കപിക്കാട്

*കേരളീയ സമൂഹത്തെ അയ്യൻകാളി എന്ന പരിഷ്കർത്താവ് എങ്ങനെയൊക്കെയാണ് മാറ്റിമറിച്ചത് എന്നതിന്റെ ആഴത്തിലുള്ള അന്വേഷണമാണ് ഈ ലേഖനം. ഏതെങ്കിലുമൊരു സമുദായത്തിന് പ്രത്യേകമായ ചില അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിയായിരുന്നില്ല അയ്യൻകാളിയുടെ പോരാട്ടം. മറിച്ച് എല്ലാവർക്കും ഒരുപോലെയുള്ള അവകാശങ്ങൾ ലഭിക്കണമെന്നതായിരുന്നു അദ്ദേഹം എപ്പോഴും മുന്നോട്ടുവെച്ച ചിന്ത. സമഭാവനയുടെ ഈ കാഴ്ചപ്പാട് ആധുനിക മനുഷ്യ സങ്കല്പം തന്നെയാണ്. അതിൽ നിന്ന് ദളിത് സമുദായത്തിനു മാത്രമല്ല, മലയാളി സമൂഹത്തിനും നിരവധി പാഠങ്ങൾ പഠിക്കാനുണ്ടെന്ന് നിരീക്ഷിക്കുന്നു.*

ഭാസ്കരനുണ്ണി രചിച്ച 'പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം' എന്ന ഗ്രന്ഥത്തിൽ വരച്ചിരിക്കുന്ന തിരുവിതാംകൂർ സമൂഹം അതിപ്രാകൃതവും ദയനീയവുമാണ്. അതിപ്രാകൃതമെന്നുപറഞ്ഞാൽ അവിശ്വസനീയവും ക്രൂരവും ആഭാസകരവുമായ ആചാരാനുഷ്ഠാനങ്ങളിൽ ജീവിച്ചവരെന്നാണ് ഉദ്ദേശിച്ചത്. ദയനീയമെന്ന് പറഞ്ഞത് 'മനുഷ്യൻ' എന്ന് വിളിക്കാൻ കഴിയുന്ന ഒരു ജീവിപോലും തിരുവിതാംകൂറിലില്ലായിരുന്നു എന്നതുകൊണ്ടാണ്. കേവലം ഒന്നേകാൽ നൂറ്റാണ്ടിനുമുൻപ് നമ്മുടെ മുൻതലമുറ ജീവിച്ചതിന്റെ ബാക്കിപത്രമാണിത് ഇതിനെ നമ്മുടെ പാരമ്പര്യമെന്നു വിളിക്കാമെങ്കിൽ, അതിനകത്ത് കോൾമയിർ ക്കൊള്ളാനോ വികാരവിജ്യംഭിതരാകാനോ ഉള്ള ഒന്നും തന്നെയില്ലെന്ന് നിസ്സംശയം പറയാൻ പറ്റും. എന്നാൽ, ഇങ്ങനെയൊരു സമൂഹം നിലനിന്നുപോയതെങ്ങനെ? ജാതിയും അതിന്റെ മൂല്യ സംവിധാന ങ്ങളുമാണ് ഇത് സാധ്യമാക്കിയത്, കാരണം, ജാതി ദൈവദത്തമാണെന്നും അതിന്റെ മൂല്യങ്ങൾ സനാതനമാണെന്നും അതിനെതിരെ സംസാരിക്കുന്നത് പാപമാണെന്നും എല്ലാവരും കരുതി. ബഹുജനങ്ങൾക്കിടയിൽ വേരോട്ടമുള്ള ഈ വിധിവിശ്വാസമാണ് മേൽ സൂചിപ്പിച്ചവിധമുള്ള തിരുവിതാംകൂർ സമൂഹത്തെ നിലനിർത്തിയത്.

ഏറെക്കുറെ നിശ്ചലമായിരുന്ന ഈ സാമൂഹിക ഘടനയിൽ വിള്ളൽ വീഴുന്നത് കൊളോണിയൽ ശക്തികളുടെ കടന്നുവരവോടെയാണ്. ഡച്ചുകാരും പോർച്ചുഗീസുകാരും തുടങ്ങി ഒടുവിൽ ഇംഗ്ലണ്ടിന്റെ വരെ ശാസനകൾക്ക് വിധേയമായ ചരിത്രമാണ് നമ്മുടെ നാടിനുള്ളത്. ഇവരുടെ കച്ചവട-ഭരണ താത്പര്യങ്ങൾ സമൂഹത്തിനുള്ളിൽ വലിയതോതിലുള്ള മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരുന്നു. വിദ്യാഭ്യാസം, നിയമവാഴ്ച, പുതിയ ഭരണ സംവിധാനം അച്ചടി, വർത്തമാനപത്രങ്ങൾ, മതപ്രചാരണങ്ങൾ, മതവിമർശനങ്ങൾ, മതരൂപവത്കരണങ്ങൾ തുടങ്ങി നിരവധി കൈവഴികളിലൂടെ മുന്നേറിയ ആധുനികീകരണ പ്രക്രിയയായിരുന്നു അത്. അതിലൂടെ രൂപപ്പെട്ടുവന്ന സമൂഹ സങ്കല്പവും മനുഷ്യനീതി

സങ്കല്പങ്ങളും പരമ്പരാഗത വ്യവസ്ഥകളുമായി നിരന്തരം കലഹിച്ചുകൊണ്ടിരുന്നു.

കൊളോണിയൽ അധിനിവേശവും ഭരണക്രമവും സമൂഹത്തെ ചലനക്ഷമമാക്കുകയും പുതിയ സാധ്യതകൾ തുറന്നിടുകയും ചെയ്തു. ഈ പുതിയ സാധ്യതകളെ ഉപയോഗപ്പെടുത്താൻ വലിയ മത്സരങ്ങളാണ് നടന്നത്. ആദ്യമൊക്കെ മുഖംതിരിഞ്ഞു നിന്ന ജാതി-മത വിഭാഗങ്ങൾ പിൽക്കാലത്ത് ഈ മത്സരത്തിന്റെ ഭാഗമാകുന്നുണ്ട്. ഏതാണ്ടെല്ലാ വിഭാഗങ്ങളിലും നവീകരണത്തിന്റെയും ഉത്കർഷേച്ഛയുടെയും താത്പര്യങ്ങൾ വളർന്നുവന്നു. അപ്പോഴും ജാതി ബന്ധങ്ങൾ ഇതിനെ അടിസ്ഥാനപരമായി സ്വാധീനിക്കുകയും ചെയ്തു. സ്വത്തും പദവിയും കൈവശമുള്ള ജാതികൾ എല്ലാ അവസരങ്ങളും കൈക്കലാക്കാൻ ശ്രമിക്കുക മാത്രമല്ല, തങ്ങളെക്കാൾ താഴ്ന്ന വിഭാഗങ്ങൾ ആ മേഖലയിലേക്ക് കടന്നുവരുന്നതിനെ കായികമായും മറ്റു മാർഗങ്ങളുപയോഗിച്ചും പ്രതിരോധിക്കുകയും ചെയ്തു. ഇത് വലിയ സാമൂഹികാസ്വസ്ഥകൾക്കും കലാപങ്ങൾക്കും കാരണമായി മാറുന്നുണ്ട്.

ഈ ചരിത്ര സാഹചര്യത്തിലിടപെട്ടുകൊണ്ടാണ് അയ്യൻകാളി അദ്ദേഹത്തിന്റെ സാമൂഹിക പ്രവർത്തനങ്ങളെ മുന്നോട്ടെടുക്കുന്നത്. അദ്ദേഹത്തിന്റെ സാമൂഹിക ഇടപെടലുകൾ കേരളീയ സമൂഹത്തിന് നൽകിയ സംഭാവനകൾ എന്തൊക്കെയാണ്? അദ്ദേഹം മുന്നോട്ടുവെച്ച സമൂഹ-മനുഷ്യ സങ്കല്പങ്ങൾ മലയാളിയുടെ സാമൂഹികബന്ധത്തെ പൊളിച്ചെഴുതാൻ പ്രേരിപ്പിച്ചത് എങ്ങനെ, മലയാളിയുടെ ദൈഷണിക ജീവിതത്തിൽ അയ്യൻകാളി അടയാളപ്പെട്ടിരിക്കുന്നതെങ്ങനെയാണ്. ദളിത് സമുദായം അയ്യൻകാളിയിൽ നിന്ന് സ്വീകരിക്കേണ്ട പാഠങ്ങളെന്ത് തുടങ്ങി നിരവധി ചോദ്യങ്ങളാണ് ഉയർന്നുവരുന്നത്. ഈ ചോദ്യങ്ങളെ അഭിമുഖീകരിക്കാനുള്ള പരിശ്രമമാണ് ഇവിടെ നടത്താൻ ആഗ്രഹിക്കുന്നത്.

**ഒന്ന്**

സഞ്ചാരസ്വാതന്ത്ര്യത്തിനായി 1893-ൽ അയ്യൻകാളി നടത്തിയ വില്ലുവണ്ടി യാത്രയാണ് അദ്ദേഹത്തിന് അടിമ ജാതികൾക്കിടയിൽ വീരപരിവേഷം നൽകിയത്. പലനിലകളിൽ മനസ്സിലാക്കപ്പെടേണ്ട സാമൂഹിക ഇടപെടലായിരുന്നു അത്. തിരുവിതാംകൂറിൽ പി.ഡബ്ല്യൂ.ഡി. വകുപ്പ് റോഡു നിർമ്മാണത്തിനായി എത്തിച്ച സിവിൽ എൻജിനിയർ വിദേശിയായിരുന്നു. അദ്ദേഹം നടത്തിയ നിരീക്ഷണം റോബിൻ ജെഫ്രി 'നായർ മേധാവിത്വത്തിന്റെ പതനം' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. " മലയാളികൾക്ക് റോഡിന്റെ ആവശ്യമില്ല. കാരണം അവർ കൊണ്ടുനടക്കുന്ന ജീവിതം അങ്ങനെയുള്ളതല്ല." അടഞ്ഞതും നിശ്ചലവുമായ, കേവലാവർത്തനങ്ങൾ മാത്രമുള്ള ഒരു സമൂഹമാണ് ഇവിടെ ഉണ്ടായിരുന്നതെന്നാണ് നാം മനസ്സിലാക്കേണ്ടത്. അവിടെ രാജ വീഥികൾ നിർമിക്കപ്പെടുകയും രാജവീഥികൾ നാനാജാതിമതസ്ഥർക്കും സ്വതന്ത്രമായി ഉപയോഗിക്കാവുന്നതാണെന്ന ഉത്തരവ് 1885-ൽ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇത് വലിയ ചലനക്ഷമതയാണ് സമൂഹത്തിലുണ്ടാക്കിയത്. ആധുനികത

സൃഷ്ടിച്ച ഈ പുതിയ ഇടങ്ങളിലേക്ക് ജാതി താത്പര്യങ്ങൾ കടന്നുവന്ന തോടെയാണ് പുതിയൊരു സംഘർഷ മേഖലയായി അത് മാറുന്നത്.

രാജകീയ ഉത്തരവ് നിലവിലു ണ്ടെങ്കിലും അയിത്തജാതി സമൂഹങ്ങളെ പൊതുവഴിയിൽ പ്രവേശിക്കാൻ അനുവദി ക്കാതെ ജാതിമേധാവികൾ രംഗത്തുവന്നു. നിരവധി സംഘർഷങ്ങളുണ്ടായി. ഈ ഘട്ടത്തിലാണ് സ്വന്തമായൊരു വില്ലുവണ്ടി വാങ്ങി, ആധുനിക വസ്ത്രധാരണത്തോടെ, എന്തും നേരിടാൻ തയ്യാറായി അയ്യൻകാളി രാജവീഥിയിലൂടെ വില്ലുവണ്ടിയാത്ര നടത്തിയത്. വ്യാപകമായ കലാപങ്ങൾ ഉണ്ടായെങ്കിലും അതിനെ അതിജീവിക്കാൻ അയ്യൻകാളിക്കും അനുയായികൾക്കും കഴിഞ്ഞു. പൊതുവിടങ്ങൾ എല്ലാവരുടെതു മാണെന്ന ബോധ്യം സമൂഹത്തിന് നൽകുക മാത്രമല്ല, സ്വന്തം സമുദായത്തിൽ ആത്മാഭിമാനബോധത്തെ ജ്വലിപ്പിക്കാനും വില്ലുവണ്ടിയാത്രയിലൂടെ കഴിഞ്ഞു. തിരുവിതാംകൂർ ആധുനീകരിക്കപ്പെട്ടപ്പോൾ ഉണ്ടായ സംഘർഷം രാജാധികാര വ്യവസ്ഥയുമായല്ല, മറിച്ച്, സമൂഹത്തിലെ ജാതി മൂല്യങ്ങളുമായിട്ടായിരുന്നു എന്ന സുപ്രധാനപാഠമാണ് ഇതിലൂടെ വെളിപ്പെടുന്നത്. ഇവിടെ ഒരു വിഭാഗത്തിന്റെ സഞ്ചാര സ്വാതന്ത്ര്യത്തിന്റെ കാര്യമായി മാത്രം വില്ലുവണ്ടി യാത്രയെ വിലയിരുത്തുന്നത് അപക്വമാണ്. കാരണം, കേരളത്തിൽ ഒരു ജനവിഭാഗവും വിപുലമായി സഞ്ചരിച്ചിരുന്നില്ല. നിശ്ചലവും ജീർണവുമായ സമൂഹത്തെ ചലനാത്മകമാക്കുകയും ആധുനികീ കരിക്കുകയും ചെയ്ത പ്രക്രിയയുടെ ഏറ്റവും ദീപ്തമായ അധ്യായമാണ് വില്ലു വണ്ടിയാത്ര. ആധുനികത സൃഷ്ടിക്കുന്ന പുതിയ ഇടങ്ങളെ ജാതിക്കൂട്ടങ്ങൾ പിടിച്ചെടുക്കുന്ന പ്രവണതയെ പ്രതിരോധിച്ച് പരാജയപ്പെടുത്തിയ ചരിത്ര സംഭവമാണ് വില്ലുവണ്ടിയാത്ര. എന്നാൽ, മലയാളി ധൈഷണികതയ്ക്ക് ഇപ്പോഴും വില്ലുവണ്ടി യാത്ര അയിത്തജാതിക്കാരുടെ സമരം മാത്രമാണ്.

**രണ്ട്**

സ്വയം പ്രഖ്യാപിത ഹിന്ദു രാജ്യമായിരുന്ന തിരുവിതാംകൂറിൽ എല്ലാവർക്കും വിദ്യാഭ്യാസമെന്ന ആശയം സ്വീകാര്യമായിരുന്നില്ല. പരമ്പരാഗത എഴുത്തുപള്ളിക്കൂടങ്ങളിലെ പ്രവേശനം ജാതിയാൽ നിയന്ത്രിതമായിരുന്നു. ഇവിടെ ആധുനിക സ്കൂൾ എന്ന സങ്കല്പവും പാഠ്യപദ്ധതികളും ഉണ്ടാകുന്നത് കൊളോണിയൽ ശക്തികളിലൂടെയാണ്. ഇതൊരു പുതിയ തുറവിയായിരുന്നു. എല്ലാവർക്കും ചേർന്ന് പഠിക്കാവുന്ന വിദ്യാലയങ്ങൾ എന്ന സങ്കല്പം പോലും ജാതിജീവിതങ്ങളെ ഭയപ്പെടുത്തിയിരുന്നു. അതുകൊണ്ട് അയിത്തജാതി സമൂഹങ്ങളെ കലാലയങ്ങളിൽ പ്രവേശിപ്പി ക്കാതിരിക്കാൻ അവർ സകല മാർഗങ്ങളുമാരാഞ്ഞു. എല്ലാ കുട്ടികൾക്കും പ്രവേശനം നൽകണമെന്ന ഉത്തരവ് 1907 മുതൽ 1912 വരെ നിരന്തരം പുറപ്പെടുവിക്കുന്നുണ്ട്. ഉത്തരവ് നടപ്പിലാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കും എന്നുവരെ പ്രഖ്യാപിക്ക പ്പെടുന്നുണ്ട്. എന്നാൽ, ജാതിമേധാവി കളുടെ പ്രതിരോധത്തിൽത്തട്ടി അയിത്ത ജാതിക്കുട്ടികളുടെ വിദ്യാലയപ്രവേശനം നീണ്ടുപോവുകയാണുണ്ടായത്. ഈ സാഹചര്യത്തിലാണ് അയ്യൻകാളി വിദ്യാഭ്യാസാവകാശത്തിന് വേണ്ടിയുള്ള പ്രക്ഷോഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

സ്വന്തം സമുദാത്തിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാൻ അദ്ദേഹം നിർമിച്ച സ്കൂൾ അന്നുരാത്രിതന്നെ ജാതിമാടമ്പികൾ തീവെച്ചു. പിറ്റേദിവസം അതേസ്ഥലത്ത് മറ്റൊരു സ്കൂൾ സ്ഥാപിച്ച്, ഇരട്ടിശമ്പളം കൊടുത്ത് ഒരധ്യാപകനെ ഏർപ്പാടാക്കി, രാത്രികളിൽ കാവലിരുന്നു മാണ് അദ്ദേഹം വിദ്യാഭ്യാസ പ്രവർത്തന ങ്ങളെ മുന്നോട്ടെടുത്തത്. പഞ്ചമി എന്ന പെൺകുട്ടിയെ ഊരുട്ടമ്പലം സ്കൂളിൽ ചേർക്കാൻ സർക്കാർ ഉത്തരവുമായി ചെന്ന അയ്യൻകാളിയെയും സാധുജന പരിപാലന സംഘത്തിന്റെ പ്രവർത്തകരെയും ജാതിമേധാവികൾ കടന്നാക്രമിക്കുകയും സ്കൂളിന് തീവയ്ക്കുകയും ചെയ്തു. ജാതിമേധാവികളുടെ എതിർപ്പ് രൂക്ഷമായതോടെ അവരുടെ പാടങ്ങളിൽ പണിക്കുപോകേണ്ടതില്ലെന്ന തീരുമാനം അയ്യൻകാളിയും സഹപ്രവർത്തകരും പ്രഖ്യാപിച്ചു. വിദ്യാഭ്യാസാവകാശം സ്ഥാപിക്കുന്നതിനുവേണ്ടി നടത്തിയ ഈ പ്രക്ഷോപമാണ് കാർഷിക പണിമുടക്കു സമരമെന്ന് ചരിത്രത്തിലറിയപ്പെടുന്നത്.

ഒരു വർഷത്തിലധികം നീണ്ട ഈ സമരത്തെ കർഷകത്തൊഴിലാളി സമരമെന്നു വ്യാഖ്യാനിക്കുന്നത് അപകമാണ്. അത് വിദ്യാഭ്യാസാവകാശ സമരമായിരുന്നു. ആ സമരത്തിനൊടുവിലാണ് എല്ലാ കലാലയങ്ങളും അയിത്തജാതിക്കുട്ടികൾക്ക് പ്രവേശനം സാധ്യമായത്. സമരകാലത്ത് നേരിടേണ്ടിവന്ന പട്ടിണി മാറ്റാൻ അയ്യൻകാളിയെയും സമുദായത്തെയും സഹായിച്ചത് വിഴിഞ്ഞത്തെ മത്സ്യ തൊഴിലാളികളായിരുന്നുവെന്നത് യാദൃച്ഛികമായിരുന്നില്ല. സാധാരണ മനുഷ്യർക്കിടയിലെ സാഹോദര്യ ബോധത്തിന്റെയും സ്നേഹപരിഗണന കളുടെയും വലിയ പാഠങ്ങൾ അതിലുണ്ട്. ആധുനിക സമൂഹത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അത് സ്ഥാപിച്ചെടുക്കാൻ ഇത്രയും ത്യാഗ പൂർണമായ പ്രവർത്തനങ്ങൾ നടത്തിയ മറ്റൊരു നേതാവിനെയും തിരുവിതാംകൂറിന്റെ ചരിത്രത്തിൽ കാണാനാവില്ല. തങ്ങൾക്ക് പ്രത്യേക സ്കൂളുകൾ വേണമെന്ന് ഒരിക്കൽപോലും അധികാരികളോട് അയ്യൻകാളി ആവശ്യപ്പെട്ടില്ല. മറിച്ച് എല്ലാ കുട്ടികളും പഠിക്കുന്ന കലാലയങ്ങളിൽ ത്തന്നെ തങ്ങളുടെ കുട്ടികളും പഠിക്കണ മെന്നും മറ്റുള്ള കുട്ടികൾ പഠിക്കുന്ന പാഠങ്ങൾത്തന്നെ അവരും പഠിക്കണ മെന്നുമാണ് അയ്യൻകാളി ആഗ്രഹിച്ചത്. സമഭാവനയുടെ ഈ കാഴ്ചപ്പാട് ആധുനിക മനുഷ്യസങ്കല്പം തന്നെയാണ്. പുതിയ ഇടങ്ങളെ പിടിച്ചെടുക്കാനും അവയെ ജാതിയിടങ്ങളാക്കി മാറ്റാനുമുള്ള ജാതി മേധാവികളുടെ താത്പര്യങ്ങളോടാണ് അയ്യൻകാളിക്ക് സംഘർഷപ്പെടേണ്ടി വന്നത്. സ്വന്തം ജാതിതാത്പര്യങ്ങളെ പ്രചാരണരൂപത്തിൽ സന്നിവേശിപ്പിച്ച് സാമൂഹിക മാറ്റങ്ങളെ പ്രതിരോധി ക്കുകയെന്നത് ഇന്നും കേരളത്തിൽ സജീവ മാണെന്നോർക്കണം ജാതിപ്രവണതയെ എതിർത്തുകൊണ്ടാണ് അയ്യൻകാളി വിദ്യാഭ്യാസാവകാശം ചരിത്രത്തിൽ സ്ഥാപിച്ചെടുത്തത്. അതിൽനിന്ന് ദളിത് സമൂദായത്തിനു മാത്രമല്ല, മലയാളി സമൂഹത്തിനും നിരവധി പാഠങ്ങൾ പഠിക്കാനുണ്ട്.

**മൂന്ന്**

സ്വയംപ്രഖ്യാപിത ഹിന്ദു രാജ്യത്തിലെ ജനങ്ങളുടെ വസ്ത്രധാരണം ജാതിയെ അടയാളപ്പെടുത്തുന്നതു കൂടിയായിരുന്നു. ഓരോ ജാതിയും ധരിക്കേണ്ട വസ്ത്രം,

ആഭരണം തുടങ്ങിയവയെ സംബന്ധിച്ച് കർശനമായ വ്യവസ്ഥകളുണ്ടായിരുന്നു. മേൽജാതി പുരുഷനെ കാണുമ്പോൾ ശൂദ്രസ്ത്രീകൾ മേൽമുണ്ട് മാറ്റണമെന്ന ആചാരം ഉണ്ടായിരുന്ന ഹിന്ദു രാജ്യമായിരുന്നു നമ്മുടെത്. 1921-ൽ തൃപ്പൂണിത്തുറ ക്ഷേത്രത്തിൽ തൊഴാൻ വന്ന നായർ സ്ത്രീയുടെ ബ്ലൗസ് നിർബന്ധപൂർവ്വം അഴിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ട്. തിരുവിതാംകൂറിൽ നടന്ന ആദ്യ ബഹുജന കലാപം തന്നെ ചാന്നാർ സ്ത്രീയുടെ മാറു മറയ്ക്കാനുള്ള അവകാശത്തിനു വേണ്ടിയായിരുന്നു. മേൽശീലക്കലാപം എന്ന് ചരിത്രത്തിലറിയപ്പെടുന്നത് ഈ സംഭവമാണ്. അവഗണിത സമുദായങ്ങളിലെ സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദയനീയമായിരുന്നു. വൃത്തിയുള്ള വസ്ത്രം ധരിക്കാൻ പാടില്ല, മുട്ടിനുതാഴേ വസ്ത്രമുണ്ടാകരുത്, മേൽവസ്ത്രം ധരിക്കരുത്, പകരം 'കല്ലയും മാലയും' എന്നുപേരിട്ട, കുപ്പിച്ചില്ലുകളും മറ്റിനങ്ങളും ചേർത്ത മാലധരിക്കണം തുടങ്ങി നിരവധി വിലക്കുകളാണ് ദളിത് സ്ത്രീകൾക്കുമേൽ അടിക്കപ്പെട്ടത്.

സമൂഹത്തിലുണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളും പുതിയ തുറവികളും ദളിത് സ്ത്രീകൾക്കിടയിലും ചലനങ്ങൾ സൃഷ്ടിച്ചു. കല്ലയും മാലയും ഉപേക്ഷിച്ച് മേൽമുണ്ട് ധരിക്കണമെന്ന ആഗ്രഹം ശക്തമാകുകയും അത് സമുദായത്തിന്റെ അഭിലാഷമായി മാറുകയും ചെയ്തു. തിരുവിതാംകൂറിന്റെ വിവിധ സ്ഥലങ്ങളിൽ ദളിത് സ്ത്രീകൾ കല്ലമാല ഉപേക്ഷിച്ച് പുതുവസ്ത്രം ധരിച്ചുതുടങ്ങി. പ്രാദേശികമായ നിരവധി സംഘർഷങ്ങളുണ്ടാക്കാൻ ദളിത് സ്ത്രീകൾ പിന്നോട്ടുപോയില്ല. കൊല്ലം നഗരത്തിന്റെ സമീപ പ്രദേശങ്ങളിൽ ചെറുതും വലുതുമായ നിരവധി യോഗങ്ങൾ നടന്നു. കൂടെ കല്ലമാല ബഹിഷ്കരണ സമരത്തിന്റെ പ്രധാന സംഘാടകനുമായിരുന്ന ഗോപാലദാസനെ വധിക്കാൻ തന്നെ ജാതി മാടമ്പികൾ പദ്ധതിയൊരുക്കി. അതിനായി കൂരി നായർ എന്നൊരു റൗഡിയെ ഏർപ്പാടാക്കുകയും അയാൾ ജയിലിൽ പോയാൽ അയാളുടെ കുടുംബത്തെ സംരക്ഷിച്ചുകൊള്ളാമെന്ന് സവർണർ വാക്കുകൊടുക്കുകയും ചെയ്തു. ഒരു സമ്മേളനവേദിയിൽ കയറി ഗോപാലദാസനെ വധിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. തുടർന്ന് ഉണ്ടായ കലാപത്തിൽ ആയിരത്തോളം ദളിതരുടെ വീടുകളാണ് അഗ്നിക്കിരയാക്കിയത്.

എന്തൊരു ഭീകരമായ സാമൂഹിക അനുഭവമാണിത്. കാലത്തിനൊത്ത് മാറാൻ ശ്രമിക്കുന്ന ഒരു സമുദായത്തെ ആക്രമിക്കുക, അതിന്റെ നേതാവിനെ വധിക്കാൻ ശ്രമിക്കുക, അതിനൊരു കൂരി നായർ തയ്യാറാകുക. കൂരിനായരുടെ വീടിന്റെ സംരക്ഷണം അയാളുടെ ജാതിക്കൂട്ടം ഏറ്റെടുക്കുക. കേരളത്തിൽ ജാതികലാപങ്ങളും അഴിഞ്ഞാട്ടങ്ങളും നടത്തിയത് ആരാണെന്നതിന്റെ നേർ ചിത്രമാണിത്. എന്നിട്ടും നമ്മുടെ ആസ്ഥാന പണ്ഡിതർ 'പുലയ ലഹള ' എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. മാറു മറയ്ക്കൽ സമരത്തിന്റെ പ്രതീകാത്മക പ്രാധാന്യങ്ങളെക്കുറിച്ച് ദീർഘ പ്രഭാഷണങ്ങൾ നടത്തുന്നു. ആഘോഷിക്കപ്പെടുന്ന മലയാളി ധൈഷണികതയിൽ കൂരിനായർ എന്ന റൗഡിയുടെ പ്രേത സാന്നിധ്യമുണ്ടെന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ട ഗോപാലദാസൻ വെങ്ങാനൂരിലെത്തി അയ്യൻകാളിയെ കണ്ട് കൊല്ലത്തെ സ്ഥിതിഗതികളെക്കുറിച്ച് വിവരിക്കുന്നുണ്ട്. അന്ന് അയ്യൻകാളി പ്രജാസഭാ മെംബറാണ്. അദ്ദേഹം കൊല്ലത്തെത്തി വിപുലമായ ഒരു സമാധാന സമ്മേളനം നടത്തി. സമ്മേളനത്തിന്റെ അധ്യക്ഷനായിരുന്നത് ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ളയായിരുന്നു. അദ്ദേഹമാകട്ടെ, ജീർണമായ നായർ സമുദായത്തെ പരിഷ്കരിക്കാൻ ശ്രമിച്ചു കൊണ്ടിരുന്ന സാമൂഹിക പരിഷ് കർത്താവായിരുന്നു. സമാധാന യോഗത്തിൽ സ്വാഗതം പറഞ്ഞുകൊണ്ട് അയ്യൻകാളി, ഞങ്ങളുടെ അമ്മമാരും സഹോദരിമാരും മാന്യമായി വസ്ത്രം ധരിച്ചാൽ ആർക്ക്, എന്താണ് കുഴപ്പം എന്നു ചോദിക്കുന്നുണ്ട്. സ്ഥിരബുദ്ധിയുള്ള ഒരാൾക്കും നിഷേധാത്മകമായി മറുപടി പറയാനാവാത്ത ചോദ്യമായിരുന്നു അത്. സമ്മേളനാധ്യക്ഷൻ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള 'കല്ലയും മാലയും ' ഉപേക്ഷിച്ച് പുതിയ വസ്ത്രം ധരിക്കാൻ ഈ സമ്മേളനം ആഹ്വാനം ചെയ്യുന്നതായി പ്രഖ്യാപിച്ചു. തുടർന്ന് ആഹ്ലാദഭരിതരായ നൂറുകണക്കിന് സ്ത്രീകളാണ് ആ വേദിയിൽത്തന്നെ കല്ലയും മാലയും ഉപേക്ഷിച്ചത്.

കേരളീയ സ്ത്രീമുന്നേറ്റങ്ങളിൽ സവിശേഷപ്രാധാന്യമുള്ള ഒരേടാണ് കല്ലമാല ബഹിഷ്കരണ പ്രക്ഷോഭം. ബ്രാഹ്മണ്യ പുരുഷാധികാരത്തെയാണ് അത് അഭിമുഖീകരിച്ചത്. ദളിത് സ്ത്രീകളുടെ ആത്മാഭിമാനം വാനോളമുയർത്തിയ പ്രസ്തുത പ്രക്ഷോഭം ബ്രാഹ്മണ്യ പുരുഷാധികാരത്തിന്റെ അഹന്തകളെയും അധികാരത്തിന്റെ സൂക്ഷ്മബലതന്ത്രത്തെയും ബോധ്യപ്പെടുത്തുകയും ചെയ്തു. എന്നിട്ടും പൊതുവ്യവഹാരങ്ങളിലേക്ക് അത് സ്വാംശീകരിക്കപ്പെട്ടില്ല. കേരളത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ സമാധാന സമ്മേളനം നടത്തിയത്, ആസ്ഥാന പണ്ഡിതർ ലഹളക്കാരനെന്നും കലാപകാരിയെന്നും ചാപ്പകുത്തി പുറത്തു നിർത്തിയ മഹാത്മാ അയ്യൻകാളിയാണെന്നത് മറ്റൊരു പാഠമാണ്. മലയാളി ധൈഷണികതയുടെ ആന്തരികവത്കരിക്കപ്പെട്ട ജാതിയാണ് അതിനെ പരിഹാസ്യമാംവിധം ദയനീയമാക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഘടകം.

1912-ൽ പ്രജാസഭാ മെമ്പറായി നാമനിർദേശം ചെയ്യപ്പെട്ട അയ്യൻകാളി നടത്തിയ ആദ്യപ്രസംഗത്തിൽ ആവശ്യപ്പെട്ടത് ഭൂമിയും വിദ്യാഭ്യാസവുമായിരുന്നു. ആധുനിക കാലത്ത് ഒരു ജനതയ്ക്ക് അതി ജീവിക്കണമെങ്കിൽ സ്വത്തുടമസ്ഥതയും ജ്ഞാനവും പ്രധാനമാണെന്ന് അദ്ദേഹം കരുതിയിരുന്നു. സംഘടന രൂപവത്കരിക്കുമ്പോൾ അയിത്തജാതി സമൂഹങ്ങളെ സമഭാവനയോടെ ഏകീകരിക്കാൻ സാധുജന പരിപാലന സംഘം എന്ന പേരാണ് അദ്ദേഹം മുന്നോട്ടുവെച്ചത്. സാധുജന പരിപാലിനി എന്നൊരു പ്രസിദ്ധീകരണം അദ്ദേഹം ദീർഘകാലം നടത്തുകയുണ്ടായി. സാമൂഹിക പ്രക്ഷോഭങ്ങളിലൂടെ സാമൂഹിക ധാരണകളെ നവീകരിക്കുകയും സാമൂഹിക ബന്ധങ്ങളെ അഴിച്ചുപണിയാൻ സമൂഹത്തെ പ്രേരിപ്പിക്കുകയും ചെയ്തു. വിവേചനങ്ങളില്ലാത്ത, സമഭാവനയിൽ അധിഷ്ഠിതമായ സമൂഹത്തെ അദ്ദേഹം സ്വപ്നം കണ്ടു. അതിനുവേണ്ടി പ്രയത്നിച്ചു. ആധുനിക കാലത്ത് ജീവിച്ചിരുന്ന ഒരു

സാമൂഹിക പരിഷ്കർത്താ വ് എന്ന നിലയിൽ സൂക്ഷ്മവും വിശാലവുമായ താത്പര്യങ്ങളെ യാണ് അദ്ദേഹം പിന്തുടർന്നിരുന്നത്.

1941-ൽ അന്തരിച്ച മഹാത്മാ അയ്യൻകാളിയുടെ ജീവിതത്തോട് സത്യസന്ധത പുലർത്താൻ മലയാളി കൾക്കായില്ല. അദ്ദേഹം അന്തരിച്ച് 38 വർഷങ്ങൾക്കുശേഷം മാത്രമാണ് ഒരു ജീവചരിത്രമുണ്ടാകുന്നത്. ടി.എച്ച്.പി. ചെന്താരശ്ശേരി എഴുതിയ 'അയ്യൻകാളി' എന്ന ചെറുഗ്രന്ഥം. അസാധാരണമായ ഈ കാലവിളംബം ഒരു കാര്യം പ്രഖ്യാപിക്കുന്നുണ്ട്. അയ്യൻകാളിയുടെ ജീവിതത്തിൽ നിന്ന് ഒരു പാഠവും 'മലയാളിധൈഷണികത'യ്ക്ക് ഉൾക്കൊ ള്ളാനില്ല. മലയാളികളുടെ 'പൊള്ളയായ ധൈഷണികജീവിതം' തള്ളിയെങ്കിലും കേരളത്തിൽ നടന്ന ദളിത് ജ്ഞാനാന്വേഷണങ്ങൾ അയ്യൻകാളിയെ വീണ്ടെടുക്കുകതന്നെ ചെയ്തു. ജാതിയെ ഒരു സംസ്കാരമായി ആന്തരിക വത്കരിക്കുകയും അതിന്റെ പ്രച്ഛന്ന രൂപങ്ങളെ ആദർശമായും ജ്ഞാനമായും സാഹിത്യമായും കലയായും ഒളിച്ചു കടത്തുകയും ചെയ്യുന്നതാണ് ആധുനിക മലയാളിയുടെ ജീവിതത്തിന്റെ ആസക്തിയും അടിസ്ഥാനവും. അതാണ് കേരളത്തിന്റെ ശാപവും. നിർഭയമായ വിമർശന ബോധത്തോടെ സ്വന്തം ജീവിതമൂല്യങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറുണ്ടോ എന്നതു തന്നെയാണ് ചോദ്യം. ഏതെങ്കിലും ഒരു വിഭാഗമല്ല, എല്ലാവരും.

**മാതൃഭൂമി ആഴ്ചപ്പതിപ്പ്**
**01–07 സെപ്തംബർ 2024**

# അന്യമാകുന്ന രാഷ്ട്രീയ ചിന്തയ്ക്ക് ജീവശ്വാസം കൊടുക്കേണ്ടേ

യോഗേന്ദ്ര യാദവ്

*രാഷ്ട്രീയ ചിന്തയുടെ മരണത്തെക്കുറിച്ച് വിലപിക്കുക എന്നതല്ല മറിച്ച് നമ്മളെങ്ങനെ ഈ അവസ്ഥയിലെത്തി എന്നതിനെക്കുറിച്ച് കൂട്ടായൊരു ആലോചന ക്ഷണിക്കാനും നമ്മുടെ ജനാധിപത്യഭരണത്തിന്റെ ജീവനാഡിയെ പുനരുജ്ജീവിപ്പിക്കാൻ എന്തുചെയ്യാനാകുമെന്ന് ചർച്ച ചെയ്യാനുമാണ് നാം മുതിരേണ്ടത്.*

എന്താണ് രാഷ്ട്രീയതത്ത്വം? ആരാണ് ഒരു രാഷ്ട്രീയ ചിന്തകൻ? രാഷ്ട്രീയ ചിന്തക്ക് അന്ത്യമായെന്ന് എങ്ങനെയാണ് ആർക്കെങ്കിലും പ്രഖ്യാപിക്കാനാകുക? ഞാൻ ഈയിടെ പങ്കുവച്ച ഇത്തരം ചിന്തകളും അവയ്ക്കുള്ള മറുപടികളും ഇവിടെ പങ്കുവയ്ക്കാം. ശോഷിച്ചു പോയെന്ന് ഞാനേറെ വിലപിക്കുന്ന 'രാഷ്ട്രീയ ചിന്ത' എന്താണെന്ന് വ്യക്തമാക്കിക്കൊണ്ടു തന്നെ ഞാൻ തുടങ്ങാം.

ദൈനംദിന രാഷ്ട്രീയ വിമർശനത്തിനും പ്രത്യയ ശാസ്ത്രപരമായ തർക്ക വിതർക്കങ്ങൾക്കുമപ്പുറമുള്ള നാനാവിധ രാഷ്ട്രീയ പ്രതിഫലനങ്ങളെയുമാണ് ഇത് അർഥമാക്കുന്നതെന്നു പറഞ്ഞുകൊള്ളട്ടെ. വർത്തമാനകാലത്തിൽ ആരംഭിക്കുന്ന ഈ ചിന്താധാര മൂന്ന് പ്രധാന ചോദ്യങ്ങൾക്കാണ് ഉത്തരം നൽകുന്നത്.

ഒന്ന്, നമുക്ക് എവിടേക്കാണ് പോകേണ്ടത്? ഏതുതരത്തിലുള്ള രാഷ്ട്രീയക്രമമാണ് നമ്മൾ സൃഷ്ടിക്കാനുദ്ദേശിക്കുന്നത്? രാഷ്ട്രീയദർശനം ഉൾക്കൊള്ളുന്ന ആഖ്യാനപരമായൊരു ചോദ്യമാണിത്.

രണ്ട്, നമ്മൾ ഇന്ന് എവിടെയാണ് എത്തി നിൽക്കുന്നത്? ലക്ഷ്യത്തോട് എത്രമാത്രം അകലെയോ അടുത്തോ ആണ് നമ്മളിപ്പോഴുള്ളത്? അനുഭവ പശ്ചാതലത്തിൽ മനനം ചെയ്യേണ്ട, രാഷ്ട്രീയ വിശകലനം ആവശ്യമുള്ള ഒരു ചോദ്യമാണിത്.

മൂന്ന്, എന്താണ് നമുക്ക് ചെയ്യാൻ കഴിയുക? നമ്മളിപ്പോഴുള്ള അവസ്ഥയിൽ നിന്ന് ലക്ഷ്യത്തിലേക്ക് എങ്ങനെയാണ് എത്തിച്ചേരാനാകുക? തന്ത്രങ്ങളും പദ്ധതികളുമടങ്ങുന്ന രാഷ്ട്രീയ നിലപാടുകൾ ആവശ്യമുള്ള ചോദ്യമാണിത്. തങ്ങളുടെ ദേശകാലങ്ങൾക്കനുസരിച്ച് രാഷ്ട്രീയ ചിന്തകർ ഈ ചോദ്യങ്ങൾക്കെല്ലാമുള്ള ഉത്തരം നൽകുന്നുണ്ട്. നിങ്ങൾക്കതിനെ രാഷ്ട്രീയ സിദ്ധാന്തം, രാഷ്ട്രീയ തത്ത്വദർശനം, രാഷ്ട്രീയ പ്രത്യയശാസ്ത്രം അല്ലെങ്കിൽ രാഷ്ട്രീയ ഭാവന എന്നൊക്കെ വിളിക്കാം. അർഥപൂർണമായ ഏതൊരു രാഷ്ട്രീയ നടപടിക്കും ഇത്തരത്തിലുള്ള രാഷ്ട്രീയ ചിന്ത അനിവാര്യമാണ്.

## ■ ശോഷിച്ചുപോയ രാഷ്ട്രീയ ചിന്ത

ഇത്തരത്തിൽ രാഷ്ട്രീയ ചിന്തയുടെ ഒരു സംസ്കാരം തന്നെ ആധുനിക ഇന്ത്യ വികസിപ്പിച്ചിരുന്നു. വ്യത്യസ്തമായ പ്രത്യയശാസ്ത്ര ഭൂമികളിൽ നിന്നുകൊണ്ട് തങ്ങളുടേതായ രീതികളിൽ ഈ മൂന്നു ചോദ്യങ്ങൾക്കും ഉത്തരം നൽകിയ വലിയൊരുനിര രാഷ്ട്രീയ ചിന്തകർ നമുക്കുണ്ടായിരുന്നു. യൂറോപ്പിലേതിനു വിഭിന്നമായി നമ്മുടെ ചിന്തകരിൽ ഭൂരിഭാഗവും രാഷ്ട്രീയ പ്രവർത്തകരായിരുന്നു. ഇന്നത്തേതിന് വിഭിന്നമായി, അവരിൽ ഭൂരിഭാഗവും തങ്ങളുടെ ഭാഷകളിലൂന്നിയവരായിരുന്നു. പാശ്ചാത്യ ദർശനങ്ങളിൽ അറിവുണ്ടായിട്ടും അവയിൽ ആവശ്യമുള്ളതിനെ സ്വാംശീകരിച്ച് തങ്ങളുടെ പ്രാദേശിക സാഹചര്യങ്ങൾക്കും സൂഷ്മബോധങ്ങൾക്കും ചേരുന്ന രീതിയിലാണ് അവർ അതിനെ പ്രയോഗിച്ചിരുന്നത്. ആധുനിക ഇന്ത്യൻ രാഷ്ട്രീയ ചിന്ത പരസ്പരം മത്സരിക്കുന്ന ആശയങ്ങളുടെ ഒരു കലവറ തന്നെയാണ്. കോളനിവിരുദ്ധ സമരങ്ങൾക്കും നമ്മുടെ ഭരണഘടനയ്ക്കും പോസ്റ്റ് കോളോണിയൽ രാഷ്ട്രീയത്തിനുമൊക്കെ ആധാരശിലയിട്ടത് ഈ രാഷ്ട്രീയ ചിന്തകളാണ്. 1890-കൾ മുതൽ 1960-കൾ വരെ ഏകദേശം ഒരു നൂറ്റാണ്ടോളം അഭിവൃദ്ധിപ്രാപിച്ചശേഷം ഈ സംസ്കാരത്തിന് കുത്തനെയുള്ള പതനമാണുണ്ടായത്. ഇന്നത്തെ ഇന്ത്യയിലെ രാഷ്ട്രീയ ഭാവനയുടെയും വിവേകത്തിന്റെയും വിമർശനത്തിന്റെയും ദാരിദ്ര്യം ഈ ശോഷിക്കലിന്റെ പരിണത ഫലമാണ്.

## ■ മൂന്നു ചിന്താധാരകളും നികത്താനാവാത്ത വിടവും

ഈ പൊതു ട്രെൻഡിൽ ഉൾപ്പെടാത്ത ചിന്തകളുമുണ്ട്. ഇന്ത്യൻ രാഷ്ട്രീയ ചിന്തയിലെ മൂന്ന് 'ജീവിക്കുന്ന' ധാരകൾ, ഫെമിമിസം, സാമൂഹിക നീതി, ' വികസന വിമർശനങ്ങൾ' എന്നിവ യാണിവ. ഇന്ത്യയിലെ അസാധാരണമായ പുരുഷ കേന്ദ്രിത വ്യവസ്ഥയ്ക്കെതിരേയുള്ള പോരാട്ടങ്ങൾ, ജാതി, വർഗ വ്യത്യാസങ്ങളെ ലിംഗഭേദം എങ്ങനെ കുറുകെച്ഛേദിക്കുന്നു. പുരോഗമനശക്തികൾ എന്ന നിലയിൽ നിയമ വ്യവസ്ഥയുടെയും ഭരണകൂടത്തിന്റെയും പരിധികൾ, ഇന്ത്യൻ സാഹചര്യത്തിലെ എൽ.ജി.ബി.ടി.ക്യു. അവകാശങ്ങൾ എന്നീ വിഷയങ്ങളിലൊക്കെയുള്ള ഫെമിനിസ്റ്റ് സംവാദങ്ങൾ, ദേശീയ ചിന്തയിലെ 'സ്ത്രീകളുടെ പ്രശ്നം' എന്നതിനപ്പുറത്തേക്ക് നമ്മുടെ രാഷ്ട്രീയ ഭാവനയെ നിസ്സംശയമായും തുറന്നിട്ടുണ്ട്.

സാമൂഹിക നീതിയെക്കുറിച്ചുള്ള ചർച്ചകൾ അംബേദ്കറിന്റെ നിഴലിൽ നിന്നും ഇനിയും മുന്നോട്ടു നീങ്ങാറുണ്ടെങ്കിലും ജാതിയും വംശവും താരതമ്യം ചെയ്യുന്ന ചർച്ചകളും, ജാതിയുടെ രാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയും പസ്മന്ദ മുസ്ലീങ്ങളുടെയും മഹാദളിതുകളുടെയും പ്രശ്നങ്ങളും മറ്റും പുതിയ വാതിലുകൾ തുറക്കാൻ നിർബന്ധിക്കുന്നുണ്ട്.

മഹാത്മാഗാന്ധിയുടെ നിഴലിൽ നിന്ന് മാറിക്കഴിഞ്ഞ, വികസനത്തിന് പകരമുള്ള ബഹുപ്രപഞ്ചങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നമ്മുടെ ചിന്തകളെ പരിസ്ഥിതിയിൽ മാത്രം ഒതുക്കാതെ പുതിയ സാമ്പത്തിക, രാഷ്ട്രീയ ക്രമത്തിലേക്കുകൂടി ക്ഷണിക്കുന്നുണ്ട്. എങ്കിലും, ഇവയെല്ലാം കൂട്ടിച്ചേർത്താൽ പ്പോലും ആധുനിക ഇന്ത്യൻ രാഷ്ട്രീയ ചിന്ത അവശേഷിപ്പിച്ചു പോയ ശൂന്യത നികത്താനാകുന്നതല്ല എന്നതാണ് സത്യം.

## വാദങ്ങളും വാദമുഖങ്ങളും

ഈ നിരീക്ഷണത്തോട് പൊതുവേ പല ചിന്തകളും യോജിച്ചു. എഴുത്തുകാരനും കോളമിസ്റ്റുമായ നിതിൻപൈ എന്തുകൊണ്ട് ഇതു സംഭവിച്ചു എന്നു വിശദീകരിച്ചു കൊണ്ട് ഈ ചർച്ചയെ അടുത്ത പടിയിലേക്ക് കൊണ്ടുപോയി. ഈ ചർച്ച തുടരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യൻ രാഷ്ട്രീയത്തെ ക്കുറിച്ചുള്ള വിശകലനം ഏറെ മുന്നോട്ടു നീങ്ങിയതായും മാറ്റത്തിനുള്ള ദർശനം സൃഷ്ടിക്കാനുള്ള ഉത്തരവാദിത്വം ഉന്നത വിദ്യാഭ്യാസ മേഖലയുടെ മേൽമാത്രം ചുമത്തരുതെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രൊഫസർ അഷുതോഷ് വർഷ്ണെ (നേരിട്ടുള്ള ആശയവിനിമയത്തിലൂടെ) രാഷ്ട്രതന്ത്രത്തിന്മേലുള്ള എന്റെ സമ്പൂർണ്ണ വിധിനിർണത്തെ തിരുത്തുക ഉണ്ടായി. ഒരു തരത്തിൽ അതുതന്നെയാണ് എന്റെയും അഭിപ്രായം. രാഷ്ട്രീയ സംവേദനക്ഷമത രാഷ്ട്രീയതത്ത്വ ശാസ്ത്രത്തിന്റെ ബദലല്ല.

കടുത്ത വിയോജിപ്പറിയിച്ചുകൊണ്ട് പ്രൊഫസർ ശ്രുതി കപില അഭിപ്രായപ്പെട്ടത് രാഷ്ട്രീയ ആശയങ്ങളും ചിന്തയും ഇപ്പോഴും ജീവനോടെ, ഓജസ്സോടെ ത്തന്നെയുണ്ട്. പക്ഷേ സ്ഥിരം സ്ഥലങ്ങളിലും പഴയ അതേ വ്യക്തികളിലു മല്ലെന്നുമാത്രം എന്നാണ്. ജിജ്ഞാസ ഉണർത്തുന്ന ഈ ആശയം ഗുണകരവും അർഥപൂർണവുമായ ഭാവിചർച്ചകൾക്ക് വഴിവെക്കുന്നതാണ്.

ചില തീവ്രരാഷ്ട്രീയ ചിന്തകരെയും സംവാദകരെയും ഞാൻ സ്വാഭാവികമായും ഈ ചർച്ചയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. രാഷ്ട്രീയ ചിന്ത എന്ന മേഖലയിലേക്കും ഞാൻ എന്നെത്തന്നെ പരിമിതപ്പെടുത്തിയിരുന്നു. (അതുകൊണ്ടാണ് സാമൂഹിക ചിന്തകരായ ആന്ദ്രേ ബെറ്റേ, ജെ.പി.എസ്. ഉബ്രോയ്, ഇംതിയാസ് അഹമ്മദ്, വീണാ ദാസ് എന്നിവരെയും അല്ലെങ്കിൽ, ദയാകൃഷ്ണ, രാമചന്ദ്ര ഗാന്ധി തുടങ്ങിയ തത്ത്വചിന്തകരെയും നിർമൽ വർമ, രഘുലീർ സഹായ് തുടങ്ങിയ എഴുത്തുകാരെയും പട്ടികയിൽ ഉൾപ്പെടാതിരുന്നത്). എങ്കിലും, കമലാദേവി ചതോപാധ്യായ്, അരുണ ആസഫ് അലി, സരോജിനി നായിഡു എന്നിവരുൾപ്പെടെയുള്ള വനിതാചിന്തകരെ വിട്ടുപോയതിനെക്കുറിച്ചുള്ള (പ്രൊഫ. നന്ദിനി സുന്ദർ അടക്കമുള്ളവരുടെ) വിമർശനം എന്റെ പട്ടികയ്ക്കുള്ള വിലയേറിയ തിരുത്താണ്.

## സംവാദങ്ങൾ ഇനിയും വേണം

ഒന്നുകൂടി ആലോചിച്ചാൽ, സ്വാതന്ത്ര്യാനന്തര ചിന്തകരിൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിനെയും അടുത്തതലമുറയിലെ ഡി.ആർ. നാഗരാജ്, ക്ലോഡ് ആൽവരെസ് എന്നിവരെയും അരുണറോയ്, ദിലീപ് സിമോൻ, വന്ദന ശിവ, ദേവനൂറ മഹാദേവ, ആനന്ദ് തെൽതും ബെദ എന്നിവരെ ജീവിക്കുന്ന ഉദാഹരണങ്ങൾ എന്ന നിലയിലും രാഷ്ട്രീയ ചിന്തകരുടെ ഉദാഹരണങ്ങളായി ഞാനുൾപ്പെടുത്തേണ്ടതായിരുന്നു. രാഷ്ട്ര തന്ത്രത്തെയും രാഷ്ട്രീയബോധത്തെയും ബന്ധിപ്പിച്ച പഴയതലമുറയിലെ പ്രൊഫസർമാരായിരുന്ന രൺധീർ സിങ്, റഷീദുദ്ദീൻ ഖാൻ, റാം ബാപത്, ശാന്തിസ്വരൂപ്, രാഘവേന്ദ്ര റാവു, മനോരഞ്ജൻ മൊഹന്തി എന്നിവരെ

രാഷ്ട്രതന്ത്രത്തെക്കുറിച്ചുള്ള പരാമർശങ്ങളിലും ഉൾപ്പെടുത്തേണ്ടതുണ്ടായിരുന്നു.

ഞാൻ വായിക്കാത്ത ഭാഷകളിലെഴുതുന്ന ഇനിയുമനേക ചിന്തകരെ കുറിച്ച് ഞാൻ അജ്ഞനാണെന്ന് എനിക്ക് സമ്മതിക്കേണ്ടതായുണ്ട്. പക്ഷേ, അത്തരം ഒഴിവാക്കലുകൾ എന്റെ പരിമിതികളാണ്, ഞാൻ മുന്നോട്ട് വെക്കുന്ന വാദത്തിനുള്ള പരിമിതികളല്ല. ഈ ചർച്ച ഞാൻ മുന്നോട്ടുവെച്ചതിന്റെ ഉദ്ദേശ്യം രാഷ്ട്രീയ ചിന്തയുടെ 'മരണത്തെക്കുറിച്ച്' വിലപിക്കുക എന്നതല്ല, മറിച്ച് നമ്മളെങ്ങനെ ഈ അവസ്ഥയിലെത്തി എന്നതിനെക്കുറിച്ച് കൂട്ടായൊരു ആലോചന ക്ഷണിക്കാനും, ജനാധിപത്യഭരണത്തിന്റെ ജീവനാഡിയെ പുനരുജ്ജീവിപ്പിക്കാൻ എന്തു ചെയ്യാൻ ആകുമെന്ന് ചർച്ച ചെയ്യാനുമാണ്. നമുക്കിനി അതിലേക്ക് ശ്രദ്ധതിരിക്കാം.

**മാതൃഭൂമി**

**6 സെപ്തംബർ 2024**

# Women-led development in the Rajya Sabha

## Kusum Sudhir

*The Rajya Sabha under jagdeep Dhankar's chairmanship is leading by example in translating the ideal of women-led development into a reality*

The phrase 'women-led development', which was recognised as one of the six focul points during India's presidency of the G20, has always been a cornerstone of the government's priorities and policies. Under a women-led development approach, women are not just beneficiaries of development, but also set the agenda for development. They are key participants in planning and decision making.

**Measures in the House**

At a time when women are leading governance and development initiatives across the world, India's legislature, a pivotal organ of its democracy, cannot afford to be left behind. It is in this backdrop that the Vice President of India and the Chairman of the RajyaSabha, Jagdeep Dhankar, has introduced a slew of progressive measures in the proceedings of the House as well as in the Secretariat. Mr. Dhankar as always held the view that the role of women in Parliament is enormous. He has stated that women are the backbone of Parliament and the country's economic development.

When the nation witnessed the historic passage of the Nari Shakti Vandan Adhiniyam (Women's Reservation Bill), 2023, Mr. Dhankar, in a historic move, reconstituted the panel of vice-chairpersons to include only women. He emphasised that this would "send a powerful message to the world at large and it would symbolise that they held a 'commanding position' during this epochal moment of change".

Mr. Dhankar also began the practice of nominating four women members, who constitute 50% of the panel of vice-chairpersons. AS a result, S. Phangnon Konyak became the first women Rajya Sabha member from Nagaland to preside over the House. Eminent athlete P.T.Usha also created history by becoming the first nominated MP in history to become the Vice Chairperson of Rajya sabha.

Under India's presidency, the G20 New Delhi Leader' Declaration undescored that investing in the empowerment of all women and girls has a multiplier effect in implementing the 2030 Agenda for Sustainable

Development. India is already working tirelessly towards goal 5.5 of the Sustainable Development Goals, which calls for "women's full and effective participation and equal opportunities for leadership at all levels of decision making in political, economic and public life". The Rajya Sabha Secretariat is expected to set the highest standards in this direction.

**Initiatives in the Secretariat**

With the aim of Striking a gender balance at the Rajya Sabha Secretariat, Mr. Dhankar has started many new initiatives. For example, the sections related to House duty were conventionally considered a male domain becouse they involved late sittings. The Chairman felt the need to break such stereotypes and so, all the gazetted women officers of the Secretariat were trained to perform House-related duties. Today, the Table of the House is largely being 'womanned' by female officers. Accordingly, a duty roster is prepared and women officers are deputed on chamber duty. Moreover, an application based system called 'Vahan' was introduced to address the problem of commutation during late sitting hours. Through this app, women officers can avail themselves of commutation facilities during odd hours. In addition, through a process of Selection, some women officials of the Secretariat have been appointed as chamber attendants. This has created a favourable atmosphere even inside the House for women MPs.

During various interactions with the officers of the Secretariat, Mr. Dhankar has unequivocally stated that women-led development is going to be the future road map of the Rajya Sabha Secretariat. The process has already begun. Women officers have been appointed in key positions and leading roles in the Rajya Sabha Secretariat. Today, responsibilities such as human resources, the legislative section, and the capacity building division have been entrusted to women officers of the Secretariat. Besides, high skill based work such as officiating in Parliamentary Standing Committees of the Rajya Sabha is being done by women at various levels. Even some senior positions in security service are being occupied by women officers. Top performing women officers are being recognised and rewarded all across the services. A women officer of the Secretariat has been appointed as master trainer for iGOT-Karmayogi Bharat. The noteworthy aspect about introducing women-centric measures in the Seccretariat is the spirit of congeniality. Gender sensitisation workshops and talks have been organised to create a healthy culture of gender parity.

The Chairman, from time to time, has also impressed upon the need of synergising work with creativity and recreation. The celebration of women's

day in the Secretariat is a case in point. Women's day programmes are conceptualised, organised and executed by women officers or employees. These events give them many opportunities to showcase their talents.

In a vibrant democracy, it is healthy to have regular interactions between the legislature and academia. The buck should not just stop at the Secretariat. Therefore, Mr. Dhankar offered to invite five interns from Miranda House in Delhi for a 15-day course on Parliamentary procedures.

The Rajya Sabha under Mr. Dhankar's chairmanship is leading by example in translating the ideal of women led develoment into a reality. This may pave the way for other legislatures in India to follow suit.

*(Joint Secretary (Interpretation) RajyaSabha, Secretariat, Parliament of India.)*

**The Hindu**

**17 September 2024**

# An opportunity to rethink India's pension system

**T.T. Sreekumar**

*With the return to welfarism worldwide, India's proposed Unified Pension Scheme should ensure that retirees are supported by a robust welfare system*

The pension system in India has undergone a significant transformation over the years with three major schemes, the Old Pension Scheme (OPS), New Pension Scheme (NPS), and the proposed Unified Pension Scheme (UPS), marking the different phases of government policy. Each scheme impacts retirees in different ways, with the OPS often being viewed as a more secure system compared to the NPS, which ties retirement funds to volatile market conditions. As the world witnesses a retreat from neoliberal policies, the debate around welfarism is being reignited. In this context, the UPS requires considerable rectification to ensure that it serves the interests of retirees effectively.

## A shift with greater individual risk

The OPS, prevalent before 2004, guaranteed a defined benefit pension to government employees. In this scheme, the pension amount was fixed and determined by the last drawn salary, and the government was solely responsible for disbursing the pensions. The OPS provided stability and ensured that retirees were insulated from any financial market risks. The reliance on a fixed percentage of the last drawn salary for pensions meant that employees could plan their retirements with a sense of financial security, knowing that they would have a guaranteed income stream throughout their post-retirement years. The OPS reflected the government's commitment to social security by excluding the market from the equation and offering guaranteed pensions.

In 2004, the Government of India replaced the OPS with the New Pension Scheme (NPS). Here, the shift was from a defined-benefit model to a defined-contribution model, wherein employee and the government contributed towards a pension fund, which was then invested in financial markets. The pension payout under the NPS is linked to the performance of these investments, meaning retirees' incomes are now subject to the fluctuations of market forces.

The shift from OPS to NPS represents the neoliberal tendency to reduce state involvement in welfare

provisions and transfer risk to individuals. The NPS left retirees vulnerable to market volatility, effectively placing their futures at the mercy of speculative market conditions. The NPS has drawn criticism because the security once provided by the state under OPS has been eroded. During periods of economic downturn, retirees may face reduced returns, undermining their financial stability.

This market-driven pension model has also fuelled wider concerns about the commercialisation of public welfare programmes and the weakening of the state's social responsibility.

**A return to welfarism**

Globally, the era of neoliberalism that dominated economic policy for the past few decades is showing signs of a retreat. The 2008 financial crisis exposed the risks associated with excessive market reliance, leading to calls for stronger social safety nets and a return to welfarism. The COVID-19 pandemic further amplified these demands, as governments worldwide were compelled to intervene in unprecedented ways to protect the health and livelihoods of their citizens. India, too, is experiencing a similar shift, with demands for the return of state-backed welfare provisions.

The UPS, as proposed by the Narendra Modi government, emerges in this context as an attempt to provide universal pensions while balancing state involvement and market participation.

While the U-turn of the Modi government, as pointed out by the Opposition, aims to address the issues raised by the NPS, the UPS is still in its nascent stages and requires significant rectification before it can be seen as a viable alternative to the NPS. Critics have already pointed out that the UPS promises retirement payouts but offers reduced returns compared to the OPS and exposes retirees to the risks of uncertain market-based assets. The requirement of 25 years of service for a full pension is a disadvantage for those who join late, while potential underfunding raises concerns about future pension delays or corpus depletion.

Moreover, the scheme only covers Union government employees, excluding many public sector workers such as teachers, and may disincentivise further pay commissions. One of the critical aspects of the UPS that needs attention is the need for greater state intervention to ensure that retirees are not left vulnerable to market forces. While the UPS offers a universal framework, its structure should incorporate safeguards against market fluctuations, possibly by providing a minimum guaranteed pension similar to the OPS.

**Issue of government contribution**

Another area that needs reform is the level of government contribution. The

UPS hybrid model would not completely mitigate risks associated with market reliance and may fail to offer a balanced pension system. Further, ensuring the inclusivity of the UPS across all sectors, including informal labour, is critical. India's vast informal workforce currently lacks adequate pension coverage. The UPS must broaden its scope to provide pension security to all citizens, and not just to government employees, aligning with the broader return of welfarism that is gaining momentum globally.

The comparison of the OPS, the NPS and the UPS illustrates the tension between state-backed welfare and market-driven policies in India's pension system. While the OPS provided a stable and predictable pension income, the NPS shifted retirees' financial futures into the volatile realm of market investments, creating uncertainties and vulnerabilities. The retreat of neoliberalism and the return to welfarism worldwide, although on a limited scale or even notionally, provide an opportunity to rethink India's pension system and strike a better balance between state responsibility and market participation. The UPS, if properly restructured, could become an important tool in protecting the financial security of retirees and addressing the shortcomings of the NPS, ensuring that India's retirees are not left to the mercy of market forces but are supported by a robust welfare system.

*(Professor, The English and Foreign Languages University, Hyderabad)*

**Frontline**

**8 October 2021**

# ധനകാര്യകമ്മീഷനും നികുതി പങ്കിടലും

പ്രൊഫ. കെ. അരവിന്ദാക്ഷൻ

*സഹകരണ ഫെഡറലിസം എന്ന തത്വം രാഷ്ട്രീയ ബന്ധങ്ങളിൽ മാത്രമല്ല, കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളിലും പ്രതിഫലിക്കപ്പെടണം. ഇതിനുള്ള തുടക്കമെന്ന നിലയ്ക്കാണ് കേന്ദ്ര ഖജനാവിലെത്തുന്ന നികുതി വിഭവത്തിന്റെ മാന്യമായൊരു പങ്ക് സംസ്ഥാനങ്ങൾക്കിടയിൽ കൂടി വന്നെത്തണമെന്ന വാദം ശക്തിപ്പെടുന്നത്*

സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഒരു യോഗം സെപ്റ്റംബർ രണ്ടാം വാരത്തിൽ തിരുവനന്തപുരത്ത് നടന്നിരുന്നല്ലോ. കേരള സർക്കാർ ആതിഥേയത്വം വഹിച്ച ഈ യോഗത്തിൽ കേരളമടക്കം പ്രതിപക്ഷ കക്ഷികൾ ഭരണം നടത്തുന്ന അഞ്ച് സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ പങ്കെടുത്തിരുന്നു. ഇവർ ഏക കണ്ഠമായി നടത്തിയ അഭ്യർത്ഥന, പുതിയ 15-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ പരിഗണനയ്ക്ക് എടുക്കുമ്പോൾ കേന്ദ്രവിഭവം പങ്കിടുന്നതിൽ സുപ്രധാനമായ മാറ്റം വരുത്തണം എന്നത് ആയിരുന്നു. നിലവിലുള്ള പങ്കിടൽ ഫോർമുല കേന്ദ്ര വിഹിതത്തിന്റെ 41 ശതമാനം സംസ്ഥാനങ്ങൾക്ക് നൽകുക എന്നാണല്ലോ. ഇത് ഉയർത്തി 50 ശതമാനമാക്കുക എന്ന ആവശ്യമാണ് ഉയർന്നിരിക്കുന്നത്.

കാലാനുസൃതവും, ആവശ്യാനുസൃതവും നീതിയുക്തവുമായൊരു വർധനവാണ് ഇതെന്നാണ് അഞ്ച് സംസ്ഥാന ധനമന്ത്രിമാരുടെയും ഏകസ്വരത്തിലുള്ള പ്രസ്താവന. ഇതിനുപുറമെ, കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുമായി പങ്കിടാൻ ബാധ്യസ്ഥമല്ലാത്ത വിധത്തിൽ നേരിട്ട് പിരിച്ചെടുത്ത് വിനിയോഗിച്ചു വരുന്ന സെസുകൾക്കും സർചാർജുകൾക്കും ഉപരിപരിധി ഏർപ്പെടുത്തുക എന്ന ആവശ്യവുമുണ്ട്. ഇത്തരം അധികവരുമാനം വിനിയോഗിച്ചാണ് കേന്ദ്രാവിഷ്കൃത പദ്ധതികളെന്ന ലേബലിൽ സംസ്ഥാനങ്ങളിൽ ചില വികസന പദ്ധതികൾ നടപ്പാക്കി വരുന്നത്.

സമ്മേളനത്തിൽ പങ്കെടുത്ത കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ കേന്ദ്രസംസ്ഥാന ധനകാര്യ ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്ത് വേണമെന്ന ആവശ്യത്തിന് ബലം കൂട്ടാൻ ഉദ്ദേശിച്ച് ഒരു നിർദ്ദേശം വേദിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ജി.എസ്.ടി. ചട്ടക്കൂട് നിലവിൽ വന്നതോടെ നികുതി ചുമത്താനും പിരിച്ചെടുത്ത് വിനിയോഗിക്കാനുമുള്ള സംസ്ഥാന സർക്കാരുകളുടെ സ്വാതന്ത്ര്യത്തിൽ കേന്ദ്ര സർക്കാറിന്റെ കൈകടത്തൽ ഏറെയാണെന്ന സാഹചര്യം ഗൗരവ പരിഗണനയർഹിക്കുന്നു എന്നും അത് പ്രത്യേകം ചർച്ച ചെയ്യുന്നതിന് കർണാടക സർക്കാർ തന്നെ ബിജെപി ഭരിക്കുന്ന സംസ്ഥാന മുഖ്യമന്ത്രിമാരുടെ യോഗം വിളിച്ചു ചേർക്കാൻ ലക്ഷ്യമിടുന്നു എന്നുമായിരുന്നു പ്രഖ്യാപനം.

സംസ്ഥാന തലസ്ഥാനത്തു ചേർന്ന ധനകമ്മിഷൻ യോഗത്തിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. 2024-25 ലേക്കുള്ള കേന്ദ്ര ബജറ്റിൽ ബംഗളൂരു നഗരത്തിൽ 'സ്റ്റാർ' പ്രോജക്ടായ സബർബൻ റെയിലിനും കേരളത്തിന്റെ അഭിമാനമെന്ന് അവകാശപ്പെടുന്ന വിഴിഞ്ഞം തുറമുഖത്തിനും പ്രത്യേക കേന്ദ്ര ധനകാര്യ വിഹിതം നീക്കിവയ്ക്കപ്പെട്ടിട്ടില്ല. ഇതിനെല്ലാം പുറമെയാണ് വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ, വിശിഷ്യ കേരളം അഭിമുഖീകരിച്ചു വരുന്ന പ്രകൃതി ദുരന്തങ്ങളെത്തുടർന്നുള്ള നാശനഷ്ടങ്ങൾ തടയുന്നതിന് മതിയായ സഹായ പദ്ധതി കളുടെ അഭാവവും ഗുരുതരപ്രശ്നമായി നിലവിലുള്ളത്. തീർത്തും അപ്രതീക്ഷിത മായിട്ടാണ് തമിഴ്നാട്ടിൽ 2023 ഡിസംബറിൽ ഗുരുതരമായ വെള്ളപ്പൊക്കക്കെടുതി കളുണ്ടായത്. സമീപകാലത്ത് ഗുജറാത്തിലും കേരളത്തിൽ വയനാട്ടിലും വിനാശകരമായ പ്രകൃതി ദുരന്തങ്ങളുടെ പരമ്പരതന്നെ ഉണ്ടായതും നമ്മുടെ ഓർമ്മയിൽ നിന്നും വിട്ടുപോയിട്ടില്ല.

പതിനാറാമത് ധനകമ്മീഷന്റെ ശുപാർശകൾ പുറത്തുവരാനിരിക്കുന്നത് 2025 ഒക്ടോബർ മാസത്തോടെയാണ്. ഇന്നത്തെ സംസ്ഥാന സമ്പദ്‌വ്യവസ്ഥ കളുടെ സ്ഥിതി പരിഗണിക്കുമ്പോൾ മനസ്സി ലാക്കാൻ കഴിയുക, സംസ്ഥാന ജി.ഡി.പി. നിരക്കുകൾ 15-ാം ധനകമ്മീഷന്റെ 41-ൽ നിന്ന് 45 ശതമാനമായെങ്കിലും വിഹിതം വർദ്ധിപ്പി ക്കേണ്ടതാണെന്നു തന്നെയാണ്. ഇന്ത്യ യിലെ 26 സംസ്ഥാനങ്ങളും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളുമെടുത്താൽ ഇതിൽ പകുതിയോളവും ഇടത്തരം വരുമാന വിഭാഗത്തിൽപ്പെടുന്നവയും അഞ്ചോ ആറോ സംസ്ഥാനങ്ങൾ വളരെ താണ വരുമാന വിഭാഗത്തിൽപ്പെടുന്നവയും ആയിരിക്കാം എന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ താണവരുമാന വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങൾക്ക് പ്രത്യേകം വരുമാന വിഹിത വർദ്ധന വരുത്തേണ്ടതാണ്.

ഗുജറാത്ത്, മഹാരാഷ്ട്ര, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളാ ണെങ്കിൽ വ്യാവസായിക, സാമ്പത്തിക പവർ ഹൗസുകളായിട്ടാണ് കരുതപ്പെടുന്നത്. ഇവയ്ക്കാവശ്യം പ്രത്യേകം രൂപകല്പന ചെയ്ത് നിർമ്മിക്കപ്പെട്ട മൂലധന-സാമൂഹ്യ നിക്ഷേപ മാതൃകകളും ചട്ടക്കൂടുകളുമാണ്. മറിച്ചായാൽ വ്യാവസായിക വാണിജ്യ ആവശ്യങ്ങൾ തൃപ്തികരമായി നിർവഹിക്കുക അസാധ്യമായിരിക്കും. ഭൂമിശാസ്ത്ര പരമായും ജനസംഖ്യാടിസ്ഥാനത്തിലും ഇവയിലേറെയും അതിവിപുലവും വൈവിധ്യമാർന്നവയുമായിരിക്കുകയും ചെയ്യും. വികസനാവശ്യങ്ങളിലും ഈ പ്രത്യേകതകൾ കാണാൻ കഴിയും.

ജി.എസ്.ടി. വ്യവസ്ഥ നിലവിൽ വന്നതോടെ നികുതി വരുമാനത്തിൽ കടുത്ത നിയന്ത്രണങ്ങൾ അനിവാര്യമായി തീരുകയും വികസന ആവശ്യങ്ങൾക്ക് ആനുപാതികമായി നികുതി വർധനവിലൂടെ അധിക വരുമാനം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്തു. ഇതോടെ വികസിത സംസ്ഥാനങ്ങൾ തന്നെ കുറഞ്ഞവികസനം നേടിയിട്ടുള്ള സംസ്ഥാനങ്ങളുടേതു പോലുള്ള പ്രതിസന്ധികൾക്കു കൂടി പരിഹാരം നേടേണ്ടി വരികയാണ്. വികസനം അതിന്റെ ഒരു പ്രത്യേക നിലവാരത്തിൽ എത്തിക്കഴി ഞ്ഞിട്ടുള്ള സംസ്ഥാന സർക്കാരുകളെ സംബന്ധിച്ചിടത്തോളം നിർദ്ദിഷ്ട ലക്ഷ്യത്തിൽ നിന്ന് പിന്തിരിയുന്നതിനെപ്പറ്റി ചിന്തിക്കാൻ പോലും കഴിയാതെ വന്നിരിക്കയാണ്.

ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിൽ പ്രസക്തമായി കാണേണ്ടൊരു കാര്യം, ജി.എസ്.ടി. പരിഷ്കാരത്തിലൂടെയോ ധനകാര്യകമ്മിഷൻ ശുപാർശകൾ വഴിയോ അഭിമുഖീകരിക്കാൻ കഴിയാത്തവിധം ഗുരുതരാവസ്ഥയിലുള്ള അടിയന്തര ചെലവുകൾക്കാണ് സംസ്ഥാനങ്ങൾ പണം കണ്ടെത്തേണ്ടി വന്നിരിക്കുന്നത് എന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ഉണ്ടാകുന്ന ദുരന്തങ്ങളും പ്രസക്തമാണ്. ഇന്ത്യയെ പോലെ വലിപ്പമേറിയതും വൈവിധ്യവുമാർന്ന സാമൂഹ്യ-സാമ്പത്തിക സൂചികകൾ മാത്രമല്ല, പ്രകൃതി വിഭവങ്ങളുടെ അതിലേറെ വൈവിധ്യമാർന്ന വിതരണ മാതൃകകൾ നിലവിലുള്ള ജന നിബിഡമായ ഭൂപ്രദേശത്ത് കേന്ദ്ര ഭരണകൂടവും കേന്ദ്ര ധനകാര്യ ഏജൻസികളും അടിയന്തര ഇടപെടലുകൾ നടത്താതെ സ്ഥിരത യാർന്നൊരു രാഷ്ട്രീയ വ്യവസ്ഥയും സാമ്പത്തികക്രമവും നിലനിർത്താൻ സാധിക്കില്ല. ഇത്തരമൊരു വികസന പ്രക്രിയയ്ക്കുള്ള തുടക്കമെന്ന നിലയിൽ ആവശ്യം വേണ്ടത്, സംസ്ഥാനങ്ങൾക്ക് നികുതി വരുമാനം മെച്ചപ്പെടുത്തുന്നതിന് വർധിച്ച തോതിൽ സ്വയംഭരണാവകാശങ്ങൾ ഉറപ്പാക്കുകയാണ്. ഇവിടെയാണ് നികുതി വിഹിതം പങ്കിടലുമായി ബന്ധപ്പെട്ട ചട്ടക്കൂടിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തുക എന്ന നടപടി പ്രസക്തമാകുന്നതും.

ഇന്ത്യയെപ്പോലെ ഫെഡറൽ ഘടന യോടൊപ്പം പങ്കാളിത്ത ജനാധിപത്യ ബന്ധങ്ങൾക്കു കൂടി പ്രാമുഖ്യം നൽകപ്പെടുന്ന സഹകരണ ഫെഡറലിസം എന്ന ഭരണ മാതൃക കോട്ടം കൂടാതെ സംരക്ഷിക്കേണ്ടതിന്റെ കൂടി അനിവാര്യ തയാണ് ഇവിടെ വെളിവാക്കപ്പെടുന്നത്. സഹകരണ ഫെഡറലിസം എന്ന തത്വം രാഷ്ട്രീയ ബന്ധങ്ങളിൽ മാത്രമല്ല, കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സാമ്പത്തിക ബന്ധങ്ങളിലും പ്രതിഫലിക്ക പ്പെടണം. ഇതിനുള്ള തുടക്കമെന്ന നിലയ്ക്കാണ് കേന്ദ്ര ഖജനാവിലെത്തുന്ന നികുതി വിഭവത്തിന്റെ മാന്യമായൊരു പങ്ക് സംസ്ഥാനങ്ങൾക്കിടയിൽ കൂടി വന്നെത്ത ണമെന്ന വാദം ശക്തിപ്പെടുന്നത്.

**ജനയുഗം**

**25 സെപ്റ്റംബർ 2024**

# വേണ്ടത് ഉപാധികളില്ലാത്ത വനിതാ സംവരണം

ആനി രാജ

*ലിംഗസമത്വത്തിലെ പുരോഗതിയും സ്ത്രീകളുടെ ശാക്തീകരണവും യഥാർത്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാനമാണ്. യഥാർത്ഥ ജനാധിപത്യത്തിലും ലിംഗസമത്വത്തിലും തുല്യനീതിയിലും വിശ്വസിക്കുന്ന എല്ലാവരോടും ഈ ക്യാമ്പയിനിൽ ചേരാൻ ദേശീയ മഹിളാ ഫെഡറേഷൻ അഭ്യർത്ഥിക്കുന്നു.*

നാഷണൽ ഫെഡറേഷൻ ഓഫ് ഇന്ത്യൻ വിമൻ (എൻ.എഫ്.ഐ.ഡബ്ല്യൂ.) ഇക്കഴിഞ്ഞ സെപ്റ്റംബർ 12-ന് കേന്ദ്ര സർക്കാരിന്റെ നാരീശക്തി വന്ദൻ അധീനിയം അടിസ്ഥാനമാക്കി ഒരു ദേശീയ കൺവെൻഷൻ ന്യൂഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽ സംഘടിപ്പിച്ചു. ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്ത സംഘടനകളുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നൂറ്റമ്പതോളം പ്രതിനിധികൾ കൺവെൻഷനിൽ പങ്കെടുത്തു. പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും വനിതാ സംവരണത്തിനായുള്ള പ്രചരണത്തിന്റെ രണ്ടാംഘട്ടം പ്രഖ്യാപിക്കുന്നതിനായിരുന്നു കൺവെൻഷൻ സംഘടിപ്പിച്ചത്.

ഭരണത്തിലിരിക്കെ ഒമ്പത് വർഷത്തോളം മൗനം പാലിച്ച്, 2023 സെപ്റ്റംബർ 19-ന്, അപ്രതീക്ഷിതമായാണ് നാരീശക്തി വന്ദൻ അധീനിയം എന്ന പേരിൽ മോഡി സർക്കാർ വനിതാ സംവരണ ബിൽ ഭരണഘടനയുടെ 128-ാം ഭേദഗതിയായി പാസാക്കിയത്. നിയമം നടപ്പാക്കുന്നത് സെൻസസ്, മണ്ഡല പുനർനിർണയം എന്നീ രണ്ട് വ്യവസ്ഥകളോടെയായിരിക്കുമെന്നും പ്രഖ്യാപിച്ചു. ഉപാധികളോടെ പാർലമെന്റ് പാസാക്കിയ ഏക നിയമം ഇതായിരിക്കണം. ബിൽ പാസാക്കുന്നതിൽ പ്രധാനമന്ത്രി മോഡി കാണിച്ച അപ്രതീക്ഷിതമായ തിടുക്കത്തിന്റെ കാരണം പരിശോധിക്കേണ്ടത് വളരെ പ്രധാനമാണ്.

2021-ൽ ബില്ലുമായി ബന്ധപ്പെട്ട് മോഡി സർക്കാരിനെതിരെ ദേശീയ മഹിളാ ഫെഡറേഷൻ സുപ്രീം കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഹർജിയുടെ ആദ്യ ഹിയറിങ്ങിൽത്തന്നെ സുപ്രീം കോടതി കേന്ദ്ര സർക്കാരിന് നോട്ടീസ് അയച്ചു. പിന്നീട് പലതവണ ഓർമ്മിപ്പിച്ചിട്ടും സർക്കാർ പ്രതികരിച്ചില്ല. 2023 സെപ്റ്റംബറിൽ നടന്ന ഒരു ഹിയറിങ്ങിൽ സുപ്രീം കോടതി സർക്കാരിനെതിരെ വളരെ രൂക്ഷമായ പരാമർശങ്ങൾ നടത്തുകയും ചെയ്തു. ഇതാണ് ബിൽ ധൃതിപിടിച്ച് പാസാക്കാൻ മോഡി സർക്കാരിനെ നിർബന്ധിതരാക്കിയത്.

ബിജെപി സർക്കാരിന്റെ പുരുഷാധിപത്യ-മനുവാദി-സ്ത്രീ വിരുദ്ധ മനോഭാവമാണ് നിയമത്തിനൊപ്പം ഘടിപ്പിച്ചിരിക്കുന്ന വ്യവസ്ഥ കാണിക്കുന്നതെന്ന് മഹിളാ ഫെഡറേഷൻ പ്രസിഡന്റ് അരുണാ റോയ് പറഞ്ഞു. ഇന്ത്യയിൽ സ്ത്രീകൾക്കു

നേരെയുള്ള അക്രമങ്ങൾ അനുദിനം വർദ്ധിച്ചു വരുമ്പോൾ, വ്യാജ അവകാശ വാദങ്ങളിലാണ് കേന്ദ്രസർക്കാരിന് താൽപര്യം. ഫാസിസ്റ്റ് ക്രിമിനലുകൾ സ്ത്രീകളെ പരേഡ് ചെയ്യിക്കുകയും ക്രൂരമായി ബലാത്സംഗം ചെയ്യുകയും ചെയ്യുന്ന മണിപ്പുരിൽ പോലും സന്ദർശിക്കാതെ പ്രധാനമന്ത്രി ഉറച്ചു നിൽക്കുന്നു 'സ്ത്രീകൾ നയിക്കുന്ന വികസനം' എന്ന് മോഡിയും കൂട്ടരും ആവർത്തിച്ചാവർത്തിച്ച് അവകാശവാദം ഉന്നയിക്കുമ്പോഴും പാർലമെന്റ്, സംസ്ഥാന നിയമനിർമ്മാണ സഭകൾ തുടങ്ങി തീരുമാനങ്ങളെടുക്കേണ്ട എല്ലാ മേഖലകളിൽ നിന്നും സ്ത്രീകൾ ഒഴിവാക്കപ്പെടുന്നു.

നിലവിലെ ലോക് സഭയിൽ വനിതാ എംപി മാരുടെ എണ്ണം കേവലം 13.6 ശതമാനമാണ്. കഴിഞ്ഞ സഭയിലെ 14.4 ശതമാനത്തിൽ നിന്നാണ് ഈ കുറവ്. ഒരു വശത്ത് ലൈംഗികാതിക്രമങ്ങളും ക്രൂരതയും വർധിക്കുകയും മറുവശത്ത് പ്രതികൾക്കുള്ള ശിക്ഷാ നിരക്ക് ഭയാനകമായി കുറയുകയും ചെയ്യുന്നു. പ്രതികൾക്ക് ലഭിക്കുന്ന രാഷ്ട്രീയ രക്ഷാകർതൃത്വം, കുറഞ്ഞ ശിക്ഷാനിരക്ക്, കെട്ടിക്കിടക്കുന്ന കേസുകളുടെ ഉയർന്ന നിരക്ക്, പതിറ്റാണ്ടുകൾ നീളുന്ന നീതിന്യായ പ്രക്രിയ തുടങ്ങിയവ പ്രതിസന്ധി രൂക്ഷമാക്കുകയും സ്ത്രീകളുടെ ജീവിതം കൂടുതൽ കൂടുതൽ അപകടകരമാക്കുകയും ചെയ്യുന്നു.

കേന്ദ്ര-സംസ്ഥാന സർക്കാരുകളും മിക്ക രാഷ്ട്രീയ പാർട്ടികളും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക പ്രത്യാഘാതങ്ങളെ അവഗണിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ എൻ.എസ്.വി.എ. നടപ്പാക്കാനുള്ള ഉപാധികൾ ഒഴിവാക്കാനും, നിയമനിർമ്മാണ സ്ഥാപനങ്ങളിൽ വനിതകൾക്ക് 50 ശതമാനം സീറ്റ് സംവരണം ചെയ്യാനും സാധാരണക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് എളുപ്പത്തിൽ തിരിച്ചറിയാനും ഓർമ്മിക്കാനും കഴിയുന്ന രീതിയിൽ നിയമത്തിന്റെ പേരു മാറ്റാനും ആവിശ്യപ്പെട്ടുള്ള സമരങ്ങളുടെ രണ്ടാംഘട്ടം ആരംഭിക്കാനാണ് കൺവെൻഷൻ തീരുമാനിച്ചത്.

രാജ്യം സ്വതന്ത്ര്യം നേടി 78 വർഷങ്ങൾ പിന്നിടുമ്പോൾ, ഭരണഘടനാപരമായ ജനാധിപത്യ പ്രക്രിയയിൽ നിരവധി നാഴികക്കല്ലുകൾ അടയാളപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇനിയും ഒരുപാട് കാര്യങ്ങൾ നിറവേറ്റേണ്ടതുണ്ട്. സ്വാതന്ത്ര്യം, സമത്വം, അന്തസ് എന്നീ ഭരണഘടനാ വാഗ്ദാനങ്ങൾ രാജ്യത്തെ ചരിത്രപരമായി പാർശ്വവൽക്കരിക്കപ്പെട്ട സമുദായങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും പൂർണമായും ലഭിച്ചിട്ടില്ല. അംഗീകാരം പ്രാതിനിധ്യം, പുനർവിതരണം തുടങ്ങിയ കാര്യങ്ങളെ വളച്ചൊടിച്ച്, വ്യവസ്ഥാപിതമായിത്തന്നെ സ്ത്രീകൾ ഒഴിവാക്കപ്പെട്ടിരിക്കുന്നു.

പാർലമെന്റിന്റെ അധോസഭയിലെ വനിതാ പ്രാതിനിധ്യത്തിൽ 185 രാജ്യങ്ങളിൽ 143-ാം സ്ഥാനത്താണ് ഇന്ത്യ. 18-ാം ലോക്സഭയിൽ സ്ത്രീ പ്രാതിനിധ്യം നാമമാത്രമാണെന്ന് നേരത്തേ പറഞ്ഞു. 2023-ൽ, പുതിയ പാർലമെന്റ് സമുച്ചയം ഉദ്ഘാടന ചടങ്ങിനെ ജനാധിപത്യത്തിന്റെ പുതിയ യുഗമായി വാഴ്ത്തിക്കൊണ്ടാണ്, നാരീശക്തി വന്ദൻ അധീനിയത്തിന്റെ രൂപത്തിൽ വനിതാ സംവരണ നിയമം പാസാക്കിയത്. സുപ്രീം കോടതി ശക്തമായ പരാമർശങ്ങളും നിരീക്ഷണങ്ങളും

നടത്തിയപ്പോഴാണ് ഒരു ദശാബ്ദത്തെ നിശബ്ദതയ്ക്ക് ശേഷം പൊടുന്നനെ ഇത്തരമൊരു തിരുമാനമെടുക്കാൻ മോഡി സർക്കാർ നിർബന്ധിതമായത്.

1996 മുതൽ മഹിളാ ഫെഡറേഷനും വിവിധ വനിതാ സംഘടനകളും നിയമ നിർമ്മാണ സഭകളിലെ വനിതാ സംവരണ ത്തിനായി നിരന്തരം ആവശ്യപ്പെടുകയും പോരാടുകയും ചെയ്യുന്നു. ഇതിനായി വൻ പ്രചരണങ്ങളും പ്രതിഷേധ പ്രകടനങ്ങളും രാപ്പകൽ സമരവും ഒപ്പു ശേഖരണവുമെല്ലാം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ സംവരണത്തിനായുള്ള പാർലമെന്ററി സ്റ്റാന്റിങ് കമ്മിറ്റി അധ്യക്ഷയായിരുന്ന ഫെഡറേഷൻ നേതാവ് സഖാവ് ഗീത മുഖർജിയും മറ്റ് വനിതാ എംപിമാരും പാർലമെന്റിനുള്ളിലും നിരന്തരം വാദിച്ചു. എന്നാൽ 2023 സെപ്റ്റംബറിൽ പാസാക്കിയ നിയമത്തിലൂടെ, മേല്പറഞ്ഞ പോരാട്ടങ്ങ ളെല്ലാം പരിഹസിക്കപ്പെട്ടു.

സ്ത്രീകൾക്ക് 33 ശതമാനം സംവരണം നടപ്പാക്കാനുള്ള ബിൽ പാസാക്കുന്നതിനു പകരം, നിബന്ധനകളോടെ നാരീശക്തി വന്ദൻ അധീനിയം കൊണ്ടുവരിക യായിരുന്നു സർക്കാർ. ഇത് സ്ത്രീ ശാക്തീകരണത്തിനെതിരെയുള്ള പരിഹാസമല്ലാതെ മറ്റൊന്നുമല്ല. സ്ത്രീകളെ ശാക്തീകരിക്കുന്നതിനു പകരം, വ്യവസ്ഥാ പരമായ തടസങ്ങൾ ഈ നിയമം വർധിപ്പിക്കുന്നു. സ്ത്രീകളെ മുന്നോട്ട് കൊണ്ടു പോകുന്നതിനു പകരം അവരെ കൂടുതൽ നിശബ്ദതയിലേക്ക് തള്ളി വിടുകയും കൂടുതൽ അദൃശ്യരാക്കുകയും ചെയ്യുന്നു.

നരേന്ദ്ര മോഡിയുടെ നേതൃത്വത്തി ലുള്ള എൻഡിഎ സർക്കാരിന്റെ സുപ്രധാന നേട്ടമായാണ് നാരീശക്തി ബിൽ അവതരിപ്പിക്കപ്പെട്ടത്. ലിംഗ നീതിയുള്ള ഭരണത്തിന്റെ പ്രതിച്ഛായയുണ്ടാക്കാൻ നിയമത്തെ അവർ ഉപകരണമാക്കി. എന്നാൽ സെൻസസിനും മണ്ഡല പുനർ നിർണയ പ്രക്രിയകൾക്കും ശേഷം മാത്രമേ ഇത് നടപ്പിലാക്കുകയുള്ളൂ. അതിന് നിശ്ചിത തീയതി നൽകിയിട്ടുമില്ല. ഇത് രാജ്യത്തെ സ്ത്രീകളെ അപമാനിക്കലാണ്.

ഇന്ത്യയിൽ സ്ത്രീകളുടെ അവസ്ഥ അങ്ങേയറ്റം അപകടകരമാണ്. പ്രായത്തി ന്റെയും സാമൂഹിക സ്ഥാനങ്ങളുടെയും ഭേദമില്ലാതെ യുദ്ധസമാനമായ സാഹചര്യ ത്തിലൂടെയാണ് ഭൂരിപക്ഷം സ്ത്രീകൾ ജീവിക്കുന്നത്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളും ക്രൂരതയും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്, ശിക്ഷാ നിരക്കുകൾ കുറയുകയും ചെയ്യുന്നു. ഈയവസ്ഥയിലാണ് സ്ത്രീകളുടെ സുരക്ഷിതത്വവും അന്തസും ഉറപ്പാക്കാനുള്ള നിയമങ്ങൾ നടപ്പാക്കാൻ മടിക്കുന്നത്. സ്ത്രീ മുന്നേറ്റത്തിനുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. വിദ്യാഭ്യാസത്തിൽ നിന്നും തൊഴിലിൽ നിന്നും സ്ത്രീകളുടെ തിരോധാനവുമുണ്ട്. ഇവയെല്ലാം സമൂഹത്തിലെ പുരുഷാധിപത്യ മനോഭാവത്തെ ഊട്ടിയുറപ്പിക്കുന്നു.

മനുവിന്റെ ചിന്തകളാൽ നയിക്കപ്പെടുന്ന നിലവിലെ സർക്കാർ, ഇന്ത്യ ജനാധിപത്യ ത്തിന്റെ മാതാവാണെന്നും, തീരുമാനങ്ങൾ എടുക്കുന്ന സ്ഥാപനങ്ങളുടെ വാതിലുകൾ സ്ത്രികൾക്ക് വേണ്ടി തുറന്നു കിടക്കുക യാണെന്നും അവകാശപ്പെടുന്നത് വിരോധാ ഭാസമാണ്. ഈ പശ്ചാത്തലത്തിൽ ദേശീയ മഹിളാ ഫെഡറേഷൻ വനിതാ സംവരണ നിയമത്തിനായുള്ള പോരാട്ടത്തിന്റെ രണ്ടാം

ഘട്ട ക്യാമ്പയിൻ ആരംഭിക്കുന്നു. സ്ത്രീകളുടെ പങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പാക്കാൻ എൻ.എസ്.വി.എ. ഭേദഗതി ചെയ്യണമെന്നും സെൻസസ്, മണ്ഡല പുനർനിർണയം എന്നിവയുമായി ബന്ധപ്പെടുത്തരുതെന്നും ആവശ്യപ്പെട്ടാണ് പോരാടുക.

വനിതാ സംവരണത്തിനായി പ്രയത്നിച്ച സംഘടനകൾ, പ്രവർത്തകർ, നേതാക്കൾ എന്നിവരുടെ അശ്രാന്ത പരിശ്രമത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. സെൻസസുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ നീക്കി നാരീശക്തി വന്ദൻ നിയമത്തിൽ ഭേദഗതി വരുത്തണമെന്ന ആവശ്യത്തെ പിന്തുണയ്ക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടനകളും തയ്യാറാകുമെന്ന് പ്രതീക്ഷിക്കുകയാണ്.

ലിംഗസമത്വത്തിലെ പുരോഗതിയും സ്ത്രീകളുടെ ശാക്തീകരണവും യഥാർത്ഥ ജനാധിപത്യത്തിന്റെ അടിസ്ഥാനമാണ്. യഥാർത്ഥ ജനാധിപത്യത്തിലും ലിംഗ സമത്വത്തിലും തുല്യനീതിയിലും വിശ്വസിക്കുന്ന എല്ലാവരോടും ഈ ക്യാമ്പയിനിൽ ചേരാൻ ദേശീയ മഹിളാ ഫെഡറേഷൻ അഭ്യർത്ഥിക്കുന്നു.

**ജനയുഗം**

**28 സെപ്റ്റംബർ 2024**

# ഒറ്റത്തിരഞ്ഞെടുപ്പ്
# ജനാധിപത്യത്തോട് നീതിപുലർത്താത്ത ആശയം

**പി. ചിദംബരം**

*ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പ്, അഞ്ചുവർഷത്തിലൊരിക്കൽ ഒന്നിച്ചു നടത്തണമെന്ന ശുപാർശയാണ് കോവിന്ദ് സമിതി നൽകിയത് എന്റെ അറിവിൽപ്പെട്ടിടത്തോളം, വലിയ ഫെഡറൽ ജനാധിപത്യ രാജ്യങ്ങളിലൊന്നുംതന്നെ ഇത്തരത്തിലുള്ള രീതിയില്ല*

രാജ്യത്തെ എല്ലാ തിരഞ്ഞെടുപ്പുകളും ഒന്നിച്ചു നടത്തുന്നതിന്, ഉന്നതതല സമിതിയെ നിശ്ചയിച്ച സർക്കാരിന്റെ യഥാർഥ ഉദ്ദേശ്യം, ആ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ തുറന്നു കാണിക്കുന്നുണ്ട്.

ആദ്യത്തെ പരിഗണനാ വിഷയം തന്നെ, 'എല്ലാ തിരഞ്ഞെടുപ്പുകളും ഒരുമിച്ചു നടത്തുന്ന കാര്യം പരിശോധിക്കുകയും ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്യണം' എന്നാണ്. ഇതിനർഥം ലോക്സഭയിലേക്കും 28 സംസ്ഥാന നിയമസഭകളിലേക്കും നിയമനിർമാണ സഭകളുള്ള കേന്ദ്രഭരണ പ്രദേശങ്ങളിലും ഒന്നിച്ചു തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ശുപാർശ സമിതി നൽകണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു എന്നാണ്. അതായത്, ഒന്നിച്ചു തിരഞ്ഞെടുപ്പു നടത്തുക എന്ന ആശയത്തിൽനിന്ന് വിഭിന്നമായ ഒരു ശുപാർശ നൽകാൻ സമിതിക്ക് അധികാരമില്ല. വിശ്വസ്തതയോടെ സമിതി ആ കർത്തവ്യം നിറവേറ്റുകയും ചെയ്തു.

### ഉചിതസമിതി അല്ല

ഈ പറയപ്പെടുന്ന പഠനം, ഏകപക്ഷീയവും മുൻ വിധിയോടു കൂടിയതുമാണെന്ന കാര്യം സമിതിയുടെ ഘടന തന്നെ വെളിവാക്കുന്നുണ്ട്. ചെയർമാനും എട്ട് അംഗങ്ങളുമുള്ള സമിതിയിൽ ഒരാൾ മാത്രമാണ് ഭരണഘടനാ വിദഗ്ധൻ. മറ്റൊരംഗം പാർലമെന്റ് നടപടികളിൽ പരിണത പ്രജ്ഞനാണെങ്കിലും നിയമം പഠിപ്പിക്കുകയോ വക്കിലായി പ്രാക്ടീസ് ചെയ്യുകയോ ചെയ്തിട്ടില്ല. രണ്ടുപേർ രാഷ്ട്രീയക്കാരാണ്, അതിലൊരാൾ രാഷ്ട്രീയക്കാരനായി മാറിയ ഉദ്യോഗസ്ഥ മേധാവിയാണ്. മൂന്നുപേർ ജീവിതകാലം മുഴുവൻ സിവിൽ സർവീസ് ഉദ്യോഗസ്ഥരാ യിരുന്നു. മുൻരാഷ്ട്രപതി രാംനാഥ് കോവിന്ദിനെ അധ്യക്ഷനാക്കിയത്, സമിതിക്ക് ആകർഷണീയതയുണ്ടാക്കാനും അലങ്കാരത്തിനും വേണ്ടി മാത്രമാണ്. അത് ഭരണഘടനാ വിദഗ്ധരുടെ സമിതിയായിരുന്നില്ല.

എല്ലാവരും പ്രതീക്ഷിച്ചതു പോലെ, ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പ്, അഞ്ചു

വർഷത്തിലൊരിക്കൽ ഒന്നിച്ചു നടത്തണമെന്ന ശുപാർശയാണ് സമിതി നൽകിയത്. എന്റെ അറിവിൽപ്പെട്ടിടത്തോളം, വലിയ ഫെഡറൽ ജനാധിപത്യ രാജ്യങ്ങളിലൊന്നും തന്നെ ഇത്തരത്തിലുള്ള രീതി ഇല്ല. അമേരിക്കയിൽ ജനപ്രതിനിധി സഭയിലേക്കുള്ള തിരഞ്ഞെടുപ്പ് രണ്ടു വർഷത്തിലൊരിക്കലും പ്രസിഡന്റിനെയും ഗവർണർമാരെയും തിരഞ്ഞെടുക്കുന്നത് നാലു വർഷത്തിലൊരിക്കലുമാണ്. അല്ലാതെ എല്ലാം ഒരുമിച്ചല്ല. സെനറ്റിലേക്കുള്ള തിരഞ്ഞെടുപ്പുകൾ ഈരണ്ടു വർഷം കൂടുമ്പോൾ ചാക്രികമായാണ് നടത്തുന്നത്. ഈയടുത്തായി ജർമനിയിലെ രണ്ടു സംസ്ഥാനങ്ങളായ തുരിംഗയും സാക്സോണിയും, അവരുടെ സ്വന്തം തിരഞ്ഞെടുപ്പു ചക്രത്തിന് അനുസൃതമായാണ് വോട്ടെടുപ്പ് നടത്തിയത്. അതാകട്ടെ ദേശീയ പാർലമെന്റായ ബുണ്ടെസ്റ്റാഗിലേക്കുള്ള തിരഞ്ഞെടുപ്പു ചക്രത്തിൽ നിന്ന് വ്യത്യസ്തവുമാണ്.

കോവിന്ദ് സമിതി അന്വേഷിച്ചത്, ഫെഡറൽ, പാർലമെന്ററി ജനാധിപത്യം എന്ന ആശയത്തിനു കടകവിരുദ്ധമായ ആശയത്തെക്കുറിച്ചാണ്. ഒരു പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയിൽ, തിരഞ്ഞെടുക്കപ്പെട്ട സർക്കാരിന് ജനപ്രതിനിധികളോട് ഓരോ ദിവസവും ഉത്തരവാദിത്വമുണ്ട്. എന്നാൽ, എക്സിക്യൂട്ടീവിനെ (കാര്യനിർവഹണ വിഭാഗം) സംബന്ധിച്ച് അത്തരം വ്യവസ്ഥ ബാധകമല്ല. ഏതുതരം രാഷ്ട്രീയ മാതൃകകൾ സ്വീകരിക്കണമെന്ന കാര്യത്തിൽ ഭരണഘടനാ നിർമാണസഭയിൽ വിശദമായ ചർച്ചകൾ നടന്നിട്ടുണ്ട്. അവിടെ, ഭരണഘടനാ ശില്പികൾ പ്രസിഡൻഷ്യൽ സമ്പ്രദായം പൂർണമായി തള്ളിക്കളഞ്ഞ് പാർലമെന്ററി ജനാധിപത്യം തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യയുടെ വൈവിധ്യങ്ങൾക്കും സങ്കര സംസ്ക്കാരത്തിനും കൂടുതൽ യോജിച്ചത് പാർലമെന്ററി ജനാധിപത്യമാണെന്ന ഉറച്ചവിശ്വാസമാണ് അതിനാധാരം.

**സമവാക്യങ്ങളും ആവിഷ്കാരങ്ങളും**

കോവിന്ദ് സമിതിയുടെ റിപ്പോർട്ട്, നിഗൂഢമായ ബീജഗണിത സൂത്രവാക്യങ്ങളുടെയും തികച്ചും ലാഘവത്തോടെയുള്ള നിയമപരമായ ആവിഷ്കാരങ്ങളുടെയും മിശ്രിതമാണ്. തിരഞ്ഞെടുപ്പുകൾ എല്ലാം ഒന്നിച്ചു നടത്തുന്നതിന് ഭരണഘടനാ ഭേദഗതി ആവശ്യമാണെന്ന് സമിതി പറഞ്ഞിട്ടുണ്ട്. ഭരണഘടനയിൽ അനുച്ഛേദം 82എ, 83(3), 83(4), 172(3), 172(4), 324A, 325(2), 325(3) എന്നിവ പുതുതായി കൂട്ടിച്ചേർക്കുകയും അനുച്ഛേദം 327 ഭേദഗതി ചെയ്യുകയും വേണം.

ഭരണഘടനാ ഭേദഗതികൾ 2024 നവംബർ-ഡിസംബർ മാസങ്ങളിൽ പാസാക്കുകയും (സർക്കാർ സൂചിപ്പിച്ചതു പോലെ) 2029-ൽ ഒരേ സമയം തിരഞ്ഞെടുപ്പു നടത്താൻ തീരുമാനിക്കുകയും ചെയ്തെന്നു കരുതുക. അങ്ങനെ സംഭവിച്ചാൽ 2025, 2026, 2027, 2028 വർഷങ്ങളിൽ തിരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാന നിയമസഭകളുടെ (മൊത്തം 24 സംസ്ഥാനങ്ങൾ) കാലാവധി ഒന്നുമുതൽ നാലുവരെ വർഷം വെട്ടിക്കുറയ്ക്കേണ്ടി വരും. 2027-ൽ രണ്ടുവർഷത്തേക്കു മാത്രമായോ 2028-ൽ വെറും ഒരു വർഷത്തേക്കു മാത്രമായോ ഒരു സംസ്ഥാന നിയമസഭയെ തിരഞ്ഞെടുക്കുന്നത് സങ്കല്പിച്ചു നോക്കൂ. അത്തരമൊരു തിരഞ്ഞെടുപ്പ്, സംസ്ഥാനത്തെ ജനങ്ങളും

രാഷ്ട്രീയപ്പാർട്ടികളും എന്തിന് സ്വീകരിക്കണം? തിരഞ്ഞെടുപ്പിലൂടെ തൂക്കുസഭകൾ വരുകയോ തിരഞ്ഞെടുക്കപ്പെട്ട സർക്കാർ നിയമസഭയിൽ വിശ്വാസം നേടുന്നതിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ മുഖ്യമന്ത്രി രാജിവെക്കുകയോ മറ്റാർക്കും ഭൂരിപക്ഷം തെളിയിക്കാൻ കഴിയാത്ത സാഹചര്യം വരുകയോ ചെയ്താൽ കാര്യങ്ങൾ കൂടുതൽ കഷ്ടമാകും. അത്തരം സാഹചര്യങ്ങളിൽ അഞ്ചു വർഷത്തിലെ അവശേഷിക്കുന്ന കാലയളവിലേക്കു മാത്രമായി പുതിയ തിരഞ്ഞെടുപ്പ് വേണ്ടിവരും. അത് ഏതാനും മാസത്തേക്കു പോലുമാകാം. അല്പകാലത്തേക്കു മാത്രമായി വീണ്ടും തിരഞ്ഞെടുപ്പ് നടത്താമെന്ന ഭീഷണിയിലൂടെ അസംതൃപ്തരായ തന്റെ എം.എൽ.എ.മാരെ പുട്ടിയിടാൻ മുഖ്യമന്ത്രിമാർക്കുള്ള പിടിവള്ളി കൂടിയാണ് സമിതി ശുപാർശകൾ. ഭരണഘടനാ ഭേദഗതി ബില്ലുകൾ പാർലമെന്റിൽ പാസാക്കാൻ എൻ.ഡി.എ. സർക്കാരിന് കഴിയുമെന്ന് കോവിന്ദ് സമിതി തെറ്റിദ്ധരിച്ചു. എന്നാൽ, ലോക്സഭയിൽ 182 അംഗങ്ങളുടെയും രാജ്യസഭയിൽ 83 അംഗങ്ങളുടെയും പിന്തുണയോടെ ബില്ലുകൾ പരാജയപ്പെടുത്താൻ പ്രതിപക്ഷത്തിന് കഴിയും. ബഹുസ്വരതയും വൈവിധ്യവും മുഖമുദ്രയായ ഒരു രാജ്യത്തിനു മേൽ ഒരേയൊരു ആഖ്യാനം അടിച്ചേൽപ്പിക്കാൻ ഉദ്ദേശിച്ചുള്ളതാണ് 'ഒരു രാജ്യം ഒറ്റത്തിരഞ്ഞെടുപ്പ് പദ്ധതി (ഒ.എൻ.ഒ.ഇ.). അതിന്റെ തുടക്കവും ഒടുക്കവും ഒരുമിച്ചു തന്നെയായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

*(കോൺഗ്രസ് നേതാവും മുൻ കേന്ദ്ര ആഭ്യന്തരമന്ത്രിയുമാണ് ലേഖകൻ.)*

**മാതൃഭൂമി**
**30 സെപ്റ്റംബർ 2024**

# ജനാധിപത്യത്തിന്റെ പ്രതിസന്ധി

**അജിത് കൊളാടി**

*ഇന്ത്യൻ ജനാധിപത്യം വളരെ ദുർബലമായി. ഇന്ത്യ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ സമഗ്രാധിപത്യത്തിലാണ് ഇന്ന്. തങ്ങളുടെ മൃത്യുരാഷ്ട്രീയത്തിനുള്ള മറയായി ജനാധിപത്യത്തെ ഫാസിസവും സ്വേച്ഛാധിപതികളും ഉപയോഗിക്കുന്നു എന്നത് സമകാലിക ലോക രാഷ്ട്രീയത്തിൽ പ്രകടമായ ഒരു വൈരുധ്യമാണ്.*

ഗാന്ധിജിയുടെ പ്രസിദ്ധമായ ഒരു ഉദാഹരണമാണ് യൂക്ലിഡിന്റെ വരയുടെ നിർവചനം. ഒരാദർശം തത്വത്തിൽ നിന്ന് പ്രയോഗത്തിലേക്ക് എത്തുമ്പോൾ അതിന് വന്നു ചേരുന്ന വ്യത്യാസത്തിന് ഉദാഹരണമായിട്ടാണ് അദ്ദേഹം പലപ്പോഴും അത് ചൂണ്ടിക്കാണിച്ചത്. യൂക്ലിഡ് പ്രസിദ്ധനായ ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞനാണ്. ജ്യോമട്രിയുടെ പിതാവ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നത്. യൂക്ലിഡ് എന്ന ഗണിത ശാസ്ത്രജ്ഞൻ നിർവചിച്ച വരയ്ക്ക് വീതിയില്ലെങ്കിലും വീതിയില്ലാത്ത ഒരു വര വരയ്ക്കാൻ നമുക്ക് ഒരിക്കലും സാധ്യമല്ലെന്നത് ഒരു വസ്തുതയാണ്. മനുഷ്യൻ സ്വന്തം ഉയിർ കൊടുത്ത് സാക്ഷാൽക്കരിച്ച ആദർശമായാലും ശരി, പ്രയോഗത്തിൽ അതിന്റെ രൂപം മൗലികമായ രൂപത്തിൽ നിന്ന് വളരെ ഭിന്നമായിരിക്കും. മനുഷ്യ ജീവിതത്തിലെ മഹാദുഃഖത്തിൽ ഒന്നാണ് ഈ തത്വ പ്രയോഗ വ്യതിരേകം. ജനാധിപത്യവും ഈ ദുഃഖസത്യത്തിന് ഉദാഹരണമാകുന്നു. തത്വത്തിൽ ജനാധിപത്യത്തെക്കാൾ കവിഞ്ഞൊരു മാനുഷിക ബന്ധമില്ല. മനുഷ്യന്റെ ഏറ്റവും കവിഞ്ഞ യുക്തിബോധവും ആദർശ പ്രതിപത്തിയും, പരിവർത്തനവാഞ്ചയും ജനാധിപത്യത്തിൽ കൃതാർത്ഥമാക്കപ്പെട്ടിരിക്കുന്നു. യുക്തിബോധവും ചിന്താശക്തിയുമുള്ള മനുഷ്യന് ആരും യജമാനനാകില്ല. അയാൾ തനിക്കു താൻ പോന്നവനാണ്. യുക്തിബോധമുറച്ച ഒരു പക്വമായ സമുദായത്തിന് ചേർന്നതല്ല സ്വേച്ഛാധിപത്യം. അതിന് ചേർന്നത് മനുഷ്യന്റെ സ്വാപ്രത്യയ മഹത്വത്തിൽ അടിയുറച്ച ജനാധിപത്യം തന്നെയാണ്. താത്വിക ആചാര്യർ പലരും പറഞ്ഞിട്ടുണ്ട് സമത്വസിദ്ധാന്തത്തെക്കുറിച്ച്. ഈ ജീവിത വീക്ഷണത്തെ ജീവിത രീതിയാക്കിയാലെ ജനാധിപത്യത്തിന് ചാരിതാർത്ഥ്യമുള്ളൂ. ആധുനിക മനുഷ്യന്റെ സമസ്ത വികാരവും ജനാധിപത്യത്തിന്റെ അന്തരീക്ഷത്തിൽ മാത്രമെ സഫലമാവുകയുള്ളൂ എന്ന് ലോകത്തിന് അറിയാം. ജനാധിപത്യത്തിന്റെ ശത്രു സ്വേച്ചാധിപത്യം തന്നെ.

ഭരണകൂടത്തെ ജനാധിപത്യപരമാക്കുന്നത് സിവിൽ സമൂഹത്തിന് കൂടുതൽ പങ്കാളിത്തം ലഭിക്കുമ്പോഴാണ്. ഭരണകൂടത്തിന്റെ അമിതാധികാര പ്രവണതകളോടുള്ള ചെറുത്തുനില്പ്, മതത്തിനും വിപണിക്കും ഭരണകൂടത്തിനു മേൽ ഉണ്ടാവുന്ന അമിതമായ സ്വാധീനത്തിനോടുള്ള വിസമ്മതം, മനുഷ്യാവകാശ

ത്തിലും വ്യക്തി സ്വാതന്ത്ര്യത്തിലും ഊന്നിയുള്ള നിയമനിർമ്മാണങ്ങൾക്കും വേണ്ടിയുള്ള നിരന്തരമായ പോരാട്ടം എന്നിവ പൊതുമണ്ഡലത്തിൽ സജീവമാകുന്നത് സിവിൽ സമൂഹത്തിന്റെ തലത്തിലാണ്. ജനാധിപത്യം സംരക്ഷിക്കാൻ വലിയ ബഹുജനസമരങ്ങൾ ആവശ്യമാണ്.

ബി.ജെ.പി. 2014-ൽ അധികാരത്തിൽ വന്നതു മുതൽ രാഷ്ട്രത്തിന്റെ ജനാധിപത്യ പാരമ്പര്യത്തോട് ചെയ്യുന്ന കടുത്ത അനീതികൾ അതിനുള്ളിലെ തന്നെ ഓരോ വ്യക്തിയേയും എത്ര മാത്രം കൂടുതൽ മലീമസപ്പെടുത്തിയിരിക്കുന്നു എന്നു തെളിയിക്കുന്നതാണ് കർഷക സമരത്തിന്റെ ഭാഗമായി നടന്ന പ്രതിഷേധത്തിന്റെ ഇടയിലേക്ക് കേന്ദ്രമന്ത്രിയുടെ മകൻ തന്റെ വാഹനവ്യൂഹം ഇടിച്ചുകയറ്റി കർഷകരെ കൊലപ്പെടുത്തിയ സംഭവം. ഒരു ജനാധിപത്യ രാഷ്ട്രം എന്ന നിലയിൽ നിന്ന് ഇന്ത്യയ്ക്ക് സംഭവിച്ച വലിയ പതനത്തിന്റെ ഏറ്റവും ഭീതിദമായ ഉദാഹരണമാണത്.

ഇന്ത്യൻ ജനാധിപത്യം വളരെ ദുർബലമായി. ഇന്ത്യ ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ സമഗ്രാധിപത്യത്തിലാണ് ഇന്ന്. തങ്ങളുടെ മൃത്യു രാഷ്ട്രീയത്തിനുള്ള മറയായി ജനാധിപത്യത്തെ ഫാസിസവും സ്വേച്ഛാധിപതികളും ഉപയോഗിക്കുന്നു എന്നത് സമകാലിക ലോക രാഷ്ട്രീയത്തിൽ പ്രകടമായ ഒരു വൈരുധ്യമാണ്. ജനാധിപത്യത്തിലെ ഏറ്റവും വലിയ അപകടം അത് ഏകാധിപതികൾക്കോ സമഗ്രാധിപത്യ സ്വഭാവുള്ള രാഷ്ട്രീയ പാർട്ടികൾക്കോ ജനകീയ ഭൂരിപക്ഷത്തെ ഒപ്പം നിർത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാക്കുന്നു എന്നതാണ്.

ജനാധിപത്യം ദുർബ്ബലമാകുന്നതിന് സാഹചര്യം സൃഷ്ടിക്കുന്നതിന് മറ്റൊരു ഘടകമായി വർത്തിക്കുന്നത് രാഷ്ട്രീയ പ്പാർട്ടികൾ അകത്തും പുറത്തും അധികാരത്തിനു മാത്രമായി മുൻതൂക്കം കൊടുക്കുന്നതുമൂലമാണ്. അധികാര ലഭ്യതയുടെ ലിറ്റ്മസ് ടെസ്റ്റ് ആകട്ടെ നേതൃത്വത്തോടുള്ള കൂറും. ഈ കൂറു സംസ്കാരം പാർട്ടി അംഗങ്ങളുടെ പ്രവർത്തനക്ഷമതയുടെ അടയാളം സാമൂഹിക പ്രശ്നങ്ങളിൽ ഇടപെട്ട് ജനങ്ങളെ സംഘടിപ്പിക്കുന്നതിനു പകരം നേതാക്കൾക്ക് സ്തുതിഗീതം പാടുക എന്നതായി മാറ്റി.

വർത്തമാനകാല ജനാധിപത്യത്തിന്റെ ഏറ്റവും വലിയ പോരായ്മ ഭരണാധികാരികൾക്ക് അവരുടെ അധികാരം ദുരുപയോഗം ചെയ്യുന്നു എന്നതിനെക്കാൾ ഭരിക്കപ്പെടുന്നവർ അവരുടെ ശക്തി തിരിച്ചറിഞ്ഞ് പെരുമാറുന്നില്ല എന്നതാണ്. കഴിഞ്ഞ ദശകത്തിൽ ജനാധിപത്യം കൂടുതൽ ദരിദ്രമായി. 1947-ലെ ഇന്ത്യാ വിഭജനം ഇപ്പോൾ ഇന്ത്യാക്കാരുടെ വിഭജനമായി മാറിയിരിക്കുന്നു. സ്വഭാവ രൂപീകരണവും രാഷ്ട്ര നിർമ്മാണവും അവയുടെ അഭാവംകൊണ്ട് ശ്രദ്ധിക്കപ്പെടുന്നു. രാഷ്ട്രീയം വിഗ്രഹവൽക്കരിക്കപ്പെടുന്നു. എന്നാൽ വിഗ്രഹങ്ങൾക്ക് എല്ലാ ജനതയേയും ഒരുപോലെ കാണാൻ കഴിയുന്നുമില്ല. അധികാരം എല്ലാവിധ പ്രത്യയശാസ്ത്രങ്ങളും മാറ്റിവച്ച് രാഷ്ട്രീയത്തിൽ പ്രച്ഛന്ന വേഷങ്ങൾ അണിഞ്ഞ് ജനങ്ങളെ പറ്റിക്കുന്നു.

ഇന്നു നിലനിൽക്കുന്ന ജനാധിപത്യത്തിൽ ലിംഗാധിക്രമത്തിന്റെ പുറത്ത് ഓരോ വർഷവും നൂറുകണക്കിനു സ്ത്രീകൾ

കൊല്ലപ്പെടുന്നു. സ്ത്രീധനത്തിന്റെ, അനുസരണ കാണിക്കുന്നില്ലെന്നതിന്റെ എല്ലാം പേരിൽ സ്ത്രീകളുടെ മുഖം വികൃതമാക്കപ്പെടുന്നു. മർദിക്കപ്പെടുന്നു. വർഗീയവും ജാതീയവുമായ വിദ്വേഷ ത്തിന്റെ പുറത്ത് ഓരോ വർഷവും ആയിര ക്കണക്കിനു ദളിതർ കൊല്ലപ്പെടുകയും അസംഖ്യം ദളിത് സ്ത്രീകൾ ബലാത്സംഗ ത്തിനിരയാക്കപ്പെടുകയും ചെയ്യുന്നു. സ്വതന്ത്ര ഇന്ത്യയിൽ ന്യൂനപക്ഷ മത വിഭാഗങ്ങളേക്കാൾ എത്രയോ അധികം ദളിതർ കൊല ചെയ്യപ്പെടുന്നു. പരിതാപ കരമാണ് ജനാധിപത്യത്തിന്റെ സ്ഥിതി.

ജനങ്ങൾക്കിടയിൽ മുസ്ലീംങ്ങൾ ക്കെതിരായ വികാരം സൃഷ്ടിക്കേണ്ടത് ആർഎസ്എസിന്റെ ആവശ്യമാണ്. അങ്ങിനെ ചെയ്യുന്ന പക്ഷം മത ന്യൂനപക്ഷ ങ്ങളുടെ തുല്യാവകാശങ്ങൾക്കായി വാദിക്കുന്ന ഹിന്ദുക്കളായ ഇടതുപക്ഷ ക്കാരെയും ലിബറലുകളെയും ദേശ വിരുദ്ധരും ഹിന്ദു വിരുദ്ധരുമായി ചിത്രീ കരിക്കാൻ അവർക്കാകും. ഇതിലെല്ലാം സിയോണിസമാണ് ആർഎസ്എസിന്റെ യഥാർത്ഥ മാതൃക.

'റിപ്പബ്ലിക്' എന്ന സങ്കല്പത്തിന്റെ അടിത്തറ തന്നെ ജനങ്ങളാണ് ആത്യന്തിക മായി തീരുമാനമെടുക്കേണ്ടതെന്നതാണ്. കഴിഞ്ഞ ഒരു ദശകമായി തെരഞ്ഞെടുപ്പിൽ കേന്ദ്രത്തിൽ അധികാരത്തിൽ വന്ന സർക്കാർ ജനങ്ങളുടെ പണമെടുത്തു കുത്തകകളെ രക്ഷിക്കുന്നു. പൊതുമേഖല സ്വകാര്യവൽക്കരിക്കുന്നു. അഴിമതിക്ക് സർക്കാർ പ്രത്യക്ഷാംഗീകാരം നൽകുന്നു. ഇലക്ടറൽ ബോണ്ടിലൂടെ രാജ്യം അതു കണ്ടതാണ്. ചരിത്രത്തെ പൂർണമായും വികൃതമാക്കി പൗരത്വ ഭേദഗതി നിയമം നടപ്പിലാക്കി, സാമൂഹ്യ സാമ്പത്തിക അസമത്വം ക്രമാതീതമായി വർധിപ്പിച്ച്, രഹസ്യ ഏജൻസികളെ കക്ഷിതാല്പര്യ ങ്ങൾക്കായി ഉപയോഗിച്ച്, മാധ്യമങ്ങളെ വിലയ്ക്കെടുത്ത്, പ്രലോഭിപ്പിച്ച്, ഭീഷണി പ്പെടുത്തി സർക്കാരുകളെ മറിച്ചിട്ട്, അസഹിഷ്ണുത വളർത്തി ജനാധിപത്യത്തെ പൂർണമായും ഇല്ലായ്മ ചെയ്യുന്നു.

ഇവിടെ ഓർക്കേണ്ടത് ജനാധിപത്യം ഒരു തെരഞ്ഞെടുപ്പല്ല എന്നതാണ്. എത്രയോ സംവത്സരങ്ങളായി മനുഷ്യന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല കാലങ്ങളിൽ രൂപപ്പെടുത്തി കൊണ്ടു വന്ന മൂല്യങ്ങളുടെ ഉല്പന്നമാണത്. നീതി, സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം തുടങ്ങിയ ദർശനങ്ങളാണ് ആ മൂല്യങ്ങളെ രൂപപ്പെടുത്തിയ ചാലകശക്തി.

ഇന്നത്തെ ജനാധിപത്യ ക്രമത്തിൽ ജനങ്ങൾ നിഷ്ക്രിയരായി മാറി നിൽക്കുന്നു. മുകളിൽ ഭരിക്കുന്നവരിൽ അധികാരം കേന്ദ്രീകരിക്കപ്പെടുമ്പോൾ ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു പ്രതിനിധാനം ചെയ്യപ്പെടുന്ന (റെപ്രസന്റഡ്) നിഷ്ക്രിയ ഘടകമായി മാറി നിൽക്കുകയാണ്. അപ്പോൾ അവിടെ ഭരണകൂടത്തിന്റെ അഥവാ ഭരിക്കുന്നവരുടെ അധികാരം മാത്രമാണ് നടപ്പാക്കുന്നത്. ഭരിക്കപ്പെടുന്ന വരുടെ, ജനങ്ങളുടെ അധികാരം അകറ്റി നിർത്തപ്പെടുന്നു. കിരാത നിയമങ്ങൾ മനുഷ്യർക്കെതിരെ പ്രയോഗിക്കുന്ന ഫാസിസ്റ്റ് രാഷ്ട്രീയ ശക്തികൾക്കെതിരെ ജനമുന്നേറ്റം നിരന്തരം വേണം. സംഘ പരിവാർ പ്രത്യയശാസ്ത്രത്തെ നേരിടാൻ പരമ്പരാഗത ഇടതു രാഷ്ട്രീയ പ്രസ്ഥാന ങ്ങൾ ഇനിയും വർധിച്ച ശക്തിയോടെ രംഗത്തിറങ്ങണം. സാമ്പ്രദായിക സമരങ്ങൾ

കൊണ്ട് ഫാസിസത്തെ പരാജയപ്പെടുത്താൻ സാധിക്കില്ല. കാരണം ഫാസിസ്റ്റ് രാഷ്ട്രീയം പ്രവർത്തിക്കുന്നത് പരമ്പരാഗത രാഷ്ട്രീയ പൊതുമണ്ഡലത്തിൽ മാത്രമല്ല. ഫാസിസം മനുഷ്യരുടെ സ്വകാര്യ ജൈവ ജീവിതത്തിന്റെ മണ്ഡലത്തിലേക്ക് കടന്നുകയറി ജീവിതങ്ങളെ കീഴടക്കാൻ ശ്രമിക്കുന്ന ഒരു സൂക്ഷ്മ രാഷ്ട്രീയമാണ്. അത് മനുഷ്യരെ അടിയിൽ നിന്നാണ് പിടികൂടുന്നത്. വെറുപ്പിന്റെയും പകയുടെയും വികാരം ആളിപ്പടർത്താനാണ് ശ്രമിക്കുന്നത്. ഇതിനെ നേരിടാൻ സ്നേഹത്തിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ജൈവരാഷ്ട്രീയത്തിന്റെ പ്രകാശനമായ ജനസഞ്ചയ ജനാധിപത്യത്തിനു മാത്രമേ കഴിയൂ. പഴയ രാഷ്ട്രത്തിലെ പോലെ നേതാവും അണികളും തമ്മിലുള്ള ബന്ധം പുതിയ സമരങ്ങളിലില്ല. പുതിയ സമരങ്ങളിൽ മുന്നണി ഭേദമില്ല. (കർഷക സമരം) ഇത് പുതിയ സമര രൂപമാണ്. പഴയ പ്രതിനിധാന രാഷ്ട്രീയ രൂപങ്ങൾ കൈവിട്ട് അവർ നേരിട്ട് രാഷ്ട്രീയം കയ്യിലെടുത്ത് അധികാരിവർഗത്തിനോട് ഏറ്റുമുട്ടുന്നു. അത് കീഴാള ജനാധിപത്യത്തിന്റെ പോരാട്ടമാണ്. കീഴാള രാഷ്ട്രീയം ജനകീയാധികാരത്തിന്റേതാണ്. ജനാധിപത്യം വീണ്ടെടുക്കാൻ, ഫാസിസത്തെ പരാജയപ്പെടുത്താൻ കർഷകരും ദളിതരും സ്ത്രീകളും വിദ്യാർത്ഥികളും ഒന്നിച്ച് രംഗത്തിറങ്ങണം. കീഴാള രാഷ്ട്രീയത്തിന്റെ ശക്തി ഇന്നും ഇന്ത്യയുടെ അടിത്തട്ടിൽ സജീവമാണ്. അത് കെട്ടു പോവില്ല. ഇന്ത്യ ഭരിക്കുന്ന ആഗോള മുതലാളിത്തത്തിന്റെ നടത്തിപ്പുകാർക്കെതിരെ ഇന്ത്യയുടെ ആ ശക്തി ഉയർത്തെഴുന്നേൽക്കും. അതിനു വേണ്ടി നിശ്ചയദാർഢ്യത്തോടെ ആശയ ദൃഢതയോടെ അസന്ദിഗ്ധ പോരാട്ടം നടത്തുകയാണ് ഇടതുപക്ഷത്തിന്റെ ഉത്തരവാദിത്തം.

**ജനയുഗം**

**19 ഒക്ടോബർ 2024**

# നിർമ്മിത ബുദ്ധിയുടെ തല തൊട്ടപ്പന്മാർക്ക് നോബൽ

ഡോ. സി. പി. ഗിരിജാവല്ലഭൻ

*ന്യൂറോണുകൾ എന്ന മസ്തിഷ്ക കോശങ്ങളെ കൊണ്ടാണല്ലോ നമ്മുടെ തലച്ചോറ് സൃഷ്ടിച്ചിരിക്കുന്നത്. ഇവയുടെ എണ്ണം പതിനായിരം കോടിയോളം വരും. ഇവ തമ്മിലുള്ള പരസ്പരബന്ധങ്ങളാടെ ഇതിന്റെ ഒരു ആയിരം ഇരട്ടിയാണ് ഇലക്ട്രോണിക് സർക്യൂട്ടുകൾ ഉപയോഗിച്ച് വളരെ പരിമിതമായ രീതിയിൽ ഇവയെ അനുകരിക്കുന്ന സംവിധാനമാണ് കൃതിമ ന്യൂറൽ ശൃംഖല അഥവാ ആർട്ടിഫിഷ്യൽ ന്യൂറൽ നെറ്റവർക്ക്.*

ഫോണുകൾ മുതൽ വീടുകളും കാറുകളും ഒക്കെ നിയന്ത്രിക്കുന്ന നിർമ്മിതബുദ്ധിയുടെ കാലഘട്ടത്തിലാണ് നാമിന്നു ജീവിക്കുന്നത്. അതിനൂതനവും അത്യധികം സുശക്തവുമായ ഈ സാങ്കേതികവിദ്യയുടെ വിനീതമായ തുടക്കം ഓർത്തെടുക്കാൻ നാമാരും മിനക്കെടാറില്ല. 2024-ലെ ഫിസിക്സ് നോബൽ സമ്മാനം പ്രൊഫ. ജോൺ ഹോപ് ഫീൽഡ്, ജ്യോഫ്രി ഹിന്റൺ എന്നീ രണ്ട് അസാധാരണ ശാസ്ത്രജ്ഞർക്ക് നൽകുക വഴി നോബൽ കമ്മിറ്റി ഈ നൂതന സാങ്കേതിക വിദ്യയുടെ അടിവേരുകൾ നമ്മെ ഓർമ്മിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

ന്യൂറോണുകൾ എന്നു വിളിക്കുന്ന മസ്തിഷ്ക കോശങ്ങളെ കൊണ്ടാണല്ലോ നമ്മുടെ തലച്ചോറ് സൃഷ്ടിച്ചെടുത്തിരിക്കുന്നത്. ഇവയുടെ എണ്ണം ഏതാണ്ട് പതിനായിരം കോടിയോളം വരും. ഇവ തമ്മിലുള്ള പരസ്പര ബന്ധങ്ങളാകട്ടെ ഇതിന്റെ ഒരു ആയിരം ഇരട്ടിയാണ്. ഇലക്ട്രോണിക് സർക്യൂട്ടുകൾ ഉപയോഗിച്ച് വളരെ പരിമിതമായ രീതിയിൽ ഇവയെ അനുകരിക്കുന്ന സംവിധാനമാണ് കൃത്രിമ ന്യൂറൽ ശൃംഖല അഥവാ ആർട്ടിഫിഷ്യൽ ന്യൂറൽ നെറ്റ്‌വർക്ക്. ഇത്തരം ന്യൂറൽ നെറ്റ്‌വർക്കുകളാണ് നിർമ്മിതബുദ്ധിയുടെ (അതായത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്-എ.ഐ.) അടിസ്ഥാനമായി പ്രവർത്തിക്കുന്നത്. ന്യൂറൽ നെറ്റ്‌വർക്കുകളുപയോഗിച്ചുള്ള എ.ഐ. സംവിധാനങ്ങൾക്ക് ഡാറ്റകൾ സ്വീകരിക്കുകയും അപഗ്രഥനം ചെയ്യുകയും പഠിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക സാദ്ധ്യമാണ്. സംസാരഭാഷ മനസ്സിലാക്കുക, പരിഭാഷ നടത്തുക, മനുഷ്യന്റേതു പോലുള്ള ലേഖനങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവയൊക്കെ എ.ഐ.യ്ക്ക് ഇന്ന് അനായാസം ചെയ്യാൻ കഴിയും. ന്യൂറൽ നെറ്റ് വർക്കുകളുടെ ഘടന ഇത്തരുണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഇവിടെ നോഡുകൾ എന്നറിയപ്പെടുന്ന ബിന്ദുക്കൾ പരസ്പരം വിവിധ രീതിയിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു നമ്മുടെ തലച്ചോറിലെ ന്യൂറോണുകളുടെ സിനാപ്സുകളെപ്പോലെ അവ പ്രവർത്തിക്കുന്നു. ഡാറ്റയിലെ പ്രത്യേകതകളും അവ പ്രതിനിധാനം ചെയ്യുന്ന കാര്യങ്ങളും ഓർത്തുവയ്ക്കാൻ അവയെ സഹായിക്കുന്നത് ഇപ്രകാരമുള്ള പരസ്പര ബന്ധങ്ങളാണ്.

കൃത്രിമ ന്യൂറൽ നെറ്റ്‌വർക്കുകളുടെ

അടിസ്ഥാനതത്വങ്ങൾ കണ്ടെത്തുന്നതിൽ ഡോ. ഹോപ്ഫീൽഡും ഡോ. ഹിന്റനും വലിയ പങ്ക് വഹിച്ചു. നാമിന്ന് ഹോപ്ഫീൽഡ് നെറ്റ്‌വർക്ക് എന്നു വിളിക്കുന്ന സംവിധാനം 1980-ൽ പ്രിൻസട്ടൺ സർവ്വകലാശാലയിൽ വച്ച് ഡോ. ഹോപ്പീൽഡ് വികസിപ്പിച്ചെടുത്തു. ഡാറ്റയിൽ ചിത്രങ്ങളും വിവിധ പാറ്റേണുകളും സംഭരിച്ചു വയ്ക്കാനും അവയെ അവശ്യാനുസരണം പുനസൃഷ്ടിക്കാനും കഴിയുന്ന അനുബന്ധ മെമ്മറിയായി ഹോപ്ഫീൽഡ് നെറ്റ്‌വർക്ക് പ്രവർത്തിക്കുന്നു. ഇതിനെ തുടർന്ന് ടൊറന്റോ സർവ്വകലാശാലയിൽ പ്രവർത്തിച്ചിരുന്ന പ്രൊഫ. ഹിന്റൺ, ബോൾട്ട്സ്മാൻ മെഷീൻ എന്നൊരു സംവിധാനം വികസിപ്പിച്ചെടുത്തു. ഡാറ്റയുടെ സ്വഭാവവിശേഷങ്ങളെ കണ്ടെത്തുന്നതിനും പാറ്റേണുകൾ തിരിച്ചറിയുന്നതിനും ബോൾട്ട്സ്മാൻ മെഷീൻ സഹായിക്കുന്നു. എ..ഐ.യെക്കൊണ്ട് വസ്തുക്കളെ വർഗ്ഗീകരിക്കുന്നതിനും കാര്യങ്ങൾ പഠിപ്പിക്കുന്നതിനും പുതിയ നിഗമനങ്ങളിലെത്തിച്ചേരുന്നതിനും ഒക്കെ സാദ്ധ്യമാകുന്ന അടിസ്ഥാനപരമായ ഘടകമാണ് ഇത്തരം നെറ്റ്‌വർക്കുകൾ. ഇങ്ങനെയാണ് മെഷീൻ ലേണിങ്ങ് എന്ന പ്രക്രിയ പ്രാവർത്തികമാക്കുന്നത്.

ഹോപ്ഫീൽഡിനും ഹിന്റണും ഫിസിക്സിൽ നോബൽ സമ്മാനം ലഭിച്ചത് ചെറിയൊരു അത്ഭുതമാണ്. ഇവരുടെ സംഭാവനകൾ പ്രധാനമായും കംപ്യൂട്ടർ സയൻസിലാണെന്നു പറയാം. എന്നാൽ നോബൽ കമ്മറ്റിയുടെ അഭിപ്രായത്തിൽ ഇവരുടെ നിർണ്ണായകമായ കണ്ടെത്തലുകൾ ഫിസിക്സിലെ മൗലികതത്വങ്ങളിൽ ഊന്നിക്കൊണ്ടുള്ളവയാണെന്നാണ് ശ്രദ്ധേയമായിട്ടുള്ളത്. സ്റ്റാറ്റിസ്റ്റിക്കൽ ഫിസിക്സിലെ തത്വങ്ങളാണ് ഇവർ രണ്ടുപേരും ന്യൂറൽ നെറ്റ് വർക്കിനെ പരിശീലിപ്പിക്കാനും വസ്തുക്കളെ തിരിച്ചറിയാനുമായിട്ട് ഉപയോഗിച്ചിരിക്കുന്നത്.

ഹോപ്ഫീൽഡിന്റെയും ഹിന്റന്റെയും കണ്ടുപിടിത്തങ്ങൾ എ.ഐയുടെ അടിത്തറയാണ്. ചാറ്റ് ജിപിടി, മുഖം തിരിച്ചറിയൽ, രോഗ നിർണ്ണയം, ഡ്രൈവറില്ലാത്ത വാഹനങ്ങൾ എന്നിവയൊക്കെ ഇവരുടെ കണ്ടുപിടിത്തങ്ങളെ ഉപയോഗിച്ചു കൊണ്ടാണ് സാധ്യമായി തീർന്നിട്ടുള്ളത്. ശാസ്ത്രസങ്കേതിക രംഗങ്ങളിലും നിത്യജീവിതത്തിലും എ.ഐ. പുതിയ ചക്രവാളങ്ങൾ തുറക്കുമെന്നതിൽ സംശയമില്ല. ഇങ്ങനെ ഡോ. ഹോപ്ഫീൽഡിന്റെയും ഡോ. ഹിൻന്റെയും കണ്ടെത്തലുകൾക്ക് ദൂരവ്യാപകമായ ഉപയോഗങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ജോൺ ഹോപ്ഫിൽഡ് 1933-ൽ ചിക്കാഗോയിലാണ് ജനിച്ചത്. 1958-ൽ കോർണൽ യൂണിവേഴ്സിറ്റിൽ നിന്ന് പി.എച്ച്.ഡി. നേടി. ഏറ്റവും പ്രായമേറിയ മൂന്നാമത്തെ നോബൽ ജേതാവാണ് ജോൺ ഹോപ്ഫിൽഡ് 1958-ൽ ബെൽ ലാബിലും പിന്നീട് ബെർക്കിലിയിലുള്ള കാലിഫോർണിയ സർവ്വകലാശാലയിലും പ്രവർത്തിച്ചു. 1980 മുതൽ 1997 വരെ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ രസതന്ത്രം, ബയോളജി എന്നിവയുടെ പ്രൊഫസറായി. 1997-ൽ പ്രിൻസ്ടണിൽ തിരിച്ചെത്തി മോളിക്കുലർ ബയോളജിയുടെ പ്രൊഫസറായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

ജ്യോഫ്രി ഹിന്റൺ 1947-ൽ ലണ്ടനിലാണ് ജനിച്ചത്. 1978-ൽ എഡിൻബറോ സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി. സമ്പാദിച്ചു. പിന്നീട് അമേരിക്കയിലും

കാനഡയിലുമായിരുന്നു പ്രവർത്തനം. 2013 മുതൽ 2023 വരെ ഗൂഗിളിന്റെ വൈസ് പ്രസിഡന്റായിരുന്നു. കഴിഞ്ഞകൊല്ലം അവിടെ നിന്ന് രാജിവച്ച് ടൊറൊന്റോ സർവ്വകലാശാലയിൽ പ്രൊഫസറായി ചേർന്നു. പ്രൊഫ. ഹിന്റനെ നിർമ്മിത ബുദ്ധി ആവിഷ്ക്കരിച്ചവരുടെ തലതൊട്ടപ്പനായിട്ടാണ് കരുതുന്നത്.

എ.ഐ. മനുഷ്യവർഗ്ഗത്തിന് ഒഴിച്ചുകൂടാനാകാത്ത ഒരു സംഭവമായി വളർന്നിരിക്കുന്നു. ഭാവിയിൽ ഏതെല്ലാം നൂതന മേഖലകളാണ് ഇതു തുറന്നു തരുന്നതെന്ന് പ്രവചിക്കുക വിഷമകരം തന്നെ എ.ഐ. സൃഷ്ടിക്കാനിടയുള്ള അപകട മേഖലകളെക്കുറിച്ചുള്ള ഉത്ക്കണ്ഠയും ആശങ്കയും മാനവരാശിക്ക് ഇന്നുണ്ട്. അതുകൊണ്ടാണ് എ.ഐയെ സുരക്ഷിതമായും ധാർമ്മികതയോടു കൂടിയും ഉപയോഗിക്കുന്നതിന്റെ ആവശ്യകത നോബൽ സമിതി അധ്യക്ഷ എലൻ മൂൺസ് ചൂണ്ടിക്കാണിച്ചത്.

*(കുസാറ്റിലെ ഇന്റർനാഷണൽ സ്കൂൾ ഒഫ് ഫോട്ടോണിക്സിന്റെ മുൻ ഡയറക്ടറും ടെക്നോളജി ഡീനുമാണ് സി.പി. ഗിരിജാവല്ലഭൻ: 9847040842)*

**കലാകൗമുദി**

**20-27 ഒക്ടോബർ 2024**

# No boost to farmer income

**Richard Mahapatra**

Despite high food inflation, poultry meat and vegetable farmers do not get a decent share of consumers' spending

HIGH FOOD prices usually trigger government attention and action to unleash inflation control measures. This protects the consumers. But, as it is widely believed, high prices should also lead to more earning transfer to producers the farmers.

A consumer tends to believe that as they spend more on food items like eggs, poultry meat and vegetables, the producers get a higher income. In a study published in *Nature* in 2023, researchers from the International Food Policy Research Institute (IFPRI), Colombo, Sri Lanka found a correlation: "year-on-year increases in the real price of food predict reductions in the US $3.20-per-day poverty headcount, except in more urban or non-agrarian countries."

The researchers studied the correlation of poverty rates, real changes in food prices and food production growth of 33 middle-income countries during 2000-19-a period that witnessed two major global food price spikes, in 2007-08 and 2010-11. Their primary research quest was whether a rise in food prices led to an increase in the income of farmers and others engaged with food production. Would this correlation apply to Indian farmers, particularly at a time when the food price inflation is much higher?

In October, the Reserve Bank of India (RBI) released three working papers on inflation: in livestock and poultry, in vegetables and in pulses. Besides delving deep into why high inflation is reported in these three categories, the working papers estimate how much of the consumer's spending on food items goes to the producers or farmers. This is a proxy to estimate whether a high food price will mean a high income for the farmers.

In the livestock segment (the working paper examined dairy, egg and poultry. meat), the estimate is that 70 per cent and 75 per cent of what a consumer pays goes back to the dairy and egg farmers, respectively. In the case of poultry meat, the estimate is 56 per cent. In the tomato-onion-potato segment of vegetables, farmers get. 33 per cent, 36 per cent and 37 per cent, respectively, of the consumers' buying price. And in the

pulses segment, 75 per cent of the consumer's buying price for gram goes back to farmers, 70 per cent of the price of *moong* and 65 per cent of the buying price of *tur*. So, in two significant segments, poultry meat and vegetables, farmers are not getting a decent share of the consumers' spending.

Most of the time, what they get does not even cover their production costs. But these two segments have witnessed significant demand from consumers, and thus farmers have shifted to poultry and vegetable farming. These segments are also reporting high rises in price in recent times. To put it another way, in a trade where the farmers get less than the market price to begin with, any price rise will not result in an income increase. One of the RBI Working papers quotes a few recent observations, "In the flush season, farmers are often seen discarding their crops or resorting to distress sale when prices drop way below their production costs. On the other hand, in the lean season, consumers face higher price pressures. This boom-and-bust cycle of TOP (tomato-onion-potato) is due to the inefficient marketing system and lack of well integrated value chains with a widening gap between what farmers receive and what consumers pay."

**Down to Earth**

**16-31 October 2024**

# വൃദ്ധസദനമാകുന്ന കേരളം

പി. ഹരികുമാർ

*2021-ലെ കണക്കനുസരിച്ച് രാജ്യത്ത് 60 വയസ് കഴിഞ്ഞവർ ജനസംഖ്യയുടെ 7% മാത്രമാണെങ്കിൽ കേരളത്തിൽ ഇത് 16.5% ത്തോളം വരും. 2001-ൽ മുതിർന്ന പൗരന്മാർ സംസ്ഥാനത്തെ ജനസംഖ്യയുടെ 10.5% മാത്രമായിരുന്നു. രണ്ടു ദശകം കൊണ്ട് 6% വർദ്ധനവ് ആണ് അവരുടെ വിഭാഗത്തിൽ ഉണ്ടായിരിക്കുന്നത്. 2036 ആകുമ്പോഴേക്കും അവർ 22.8% ആയി വർദ്ധിക്കുമെന്നാണ് സൂചന*

അടുത്ത കാലത്താണ് തൃപ്പൂണിത്തുറയിൽ ഒരു വാടകവീട്ടിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ രോഗിയായ ഷൺമുഖൻ എന്ന എഴുപതുകാരനെ വീട്ടുടമ കണ്ടെത്തിയ വാർത്ത പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. നേരത്തെ ഷൺമുഖന്റെ മകൻ അജിത്തിനോട് വിട്ടുടമസ്ഥൻ വാടക കുടിശ്ശിക ആവശ്യപ്പെട്ടിരുന്നു. എന്നാൽ അജിത്ത് ഭാര്യയും കുട്ടികളുമായി അച്ഛനെ അകത്തുപേക്ഷിച്ച ശേഷം വീടു പൂട്ടി സ്ഥലം വിടുകയായിരുന്നു. വീട്ടിനുള്ളിൽ വെളിച്ചം കണ്ട് വീട്ടുടമയും പോലീസും പൂട്ടു പൊളിച്ച് അകത്തു കയറിയപ്പോഴാണ് രണ്ടു ദിവസമായി ഭക്ഷണം ലഭിക്കാതെ അവശനായി കിടക്കുന്ന ഷൺമുഖനെ കണ്ടത്. വയോജനങ്ങൾ അവഗണിക്കപ്പെടുകയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്യപ്പെടുന്ന ഇത്തരം സംഭവങ്ങൾ ഇന്ന് അസാധാരണമല്ല.

ഇന്നത്തെ തലമുറയിലെ ചെറുപ്പക്കാർ നാട്ടിൻപുറത്ത് ഒതുങ്ങിക്കഴിയുവാൻ ആഗ്രഹിക്കുന്നവരല്ല. മെച്ചമായ വിദ്യാഭ്യാസവും തൊഴിലും തേടി അവർ നഗരങ്ങളിലേക്ക് ചേക്കേറുന്നു പലരും വേരുകൾ തേടി പിന്നീട് തിരിച്ചുവന്നെന്നും വരില്ല. ജനിച്ചു വളർന്ന സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു ജീവിക്കുന്ന മുതിർന്നവർക്ക് ഒരു പറിച്ചു നടൽ എല്ലായ്പ്പോഴും സാധ്യമായെന്നോ ഇഷ്ടപ്പെട്ടേക്കുമെന്നോ കരുതുവാനും കഴിയില്ല. പ്രായമേറുമ്പോൾ ശ്രദ്ധയും സൗഹൃദവും ആഗ്രഹിക്കുക സ്വാഭാവികം. ഇന്ന് അത് അവർക്ക് കുട്ടികളിൽ നിന്ന് ലഭിക്കും എന്ന് കണക്കുകൂട്ടുവാനുമാവില്ല വയോജനങ്ങളെപ്പറ്റിയുള്ള പല പഠനങ്ങളും സൂചിപ്പിക്കുന്നത് പോഷക പ്രദാനമായ ആഹാരമോ പരിചരണമോ പോകട്ടെ ആവശ്യമായ ഭക്ഷണം പോലും ലഭിക്കാത്ത മുതിർന്നവരുടെ എണ്ണം കുറവല്ലെന്നാണ്.

ഇന്നത്തെ അണുകുടുംബത്തിൽ മുത്തച്ഛന്റെയും മുത്തശ്ശിയുടേയും സ്ഥാനമെന്താണ്? തൊഴിലന്വേഷിച്ച് സംസ്ഥാനമോ രാജ്യമോ വിട്ടുപോകാൻ നിർബ്ബന്ധിതരാകുന്ന മക്കൾക്ക് മാതാപിതാക്കൾക്കായി എത്ര മാത്രം ശ്രദ്ധ കൊടുക്കുവാൻ സാധിക്കും?

കേരളത്തിന്റെ പ്രത്യേകതകളിലൊന്ന് ഇവിടെ ജനസംഖ്യാ നിയന്ത്രണം ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചു എന്നതാണ്. ഇതു മൂലം സംസ്ഥാനത്തെ ജനസംഖ്യയിൽ ചെറുപ്പക്കാരെ അപേക്ഷിച്ച്

വയോജനങ്ങളുടെ എണ്ണം മറ്റു സംസ്ഥാന ങ്ങളിലെ സ്ഥിതിയെക്കാൾ അധികമാണ്. 2021-ലെ കണക്കനുസരിച്ച് രാജ്യത്ത് 60 വയസ് കഴിഞ്ഞവർ ജനസംഖ്യയുടെ 7% മാത്രമാണെങ്കിൽ കേരളത്തിൽ ഇത് 16.5% ത്തോളം വരും. 2001-ൽ മുതിർന്ന പൗരന്മാർ സംസ്ഥാനത്തെ ജനസംഖ്യയുടെ 10.5% മാത്രമായിരുന്നു രണ്ടു ദശകം കൊണ്ട് 6% വർദ്ധനവ് ആണ് അവരുടെ വിഭാഗത്തിൽ ഉണ്ടായിരിക്കുന്നത്. 2036 ആകുമ്പോഴേക്കും അവർ 22.8% ആയി വർദ്ധിക്കുമെന്നാണ് സൂചന.

കേരളത്തിൽ നിന്നുള്ള കുടിയേറ്റ ത്തിന്റെ രീതിയിലും പ്രകടമായ ഒരു മാറ്റം ദൃശ്യമാണ് നേരത്തെ സംസ്ഥാനത്തു നിന്ന് വിദേശങ്ങളിലേക്ക് ആളുകൾ പോയിരുന്നത് പ്രധാനമായും ജോലി തേടിയായിരുന്നു. അവിടെ അവർ സമ്പാദിച്ചിരുന്ന പണത്തിന്റെ ഒരു നല്ല ഭാഗം ഇങ്ങോട്ട് അയയ്ക്കുന്നതും അന്ന് പതിവായിരുന്നു. ഇന്നാകട്ടെ. ചെറുപ്പക്കാർ വിദ്യാഭ്യാസത്തിനായി മറ്റു രാജ്യങ്ങളിലേക്കു പോകുന്ന പ്രവണതയാണ് കണ്ടുവരുന്നത് എന്നാൽ അന്നത്തെപ്പോലെ ഗൾഫ് രാജ്യങ്ങളിലേക്കല്ല, യു എസ്., കാനഡ, യൂറോപ്പ്, ആസ്ട്രേലിയ, ന്യൂസിലണ്ട് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് ഇന്ന് മിക്കവരും കൂടിയേറുന്നത്. ഇവർ പണം നാട്ടിലേക്കയക്കുന്നില്ല എന്നു മാത്രമല്ല, മിക്കവരും പഠനത്തിനു ശേഷം അതതു രാജ്യങ്ങളിൽ തന്നെ തുടർന്നു താമസിക്കുവാനും താല്പര്യപ്പെടുന്നു. 2023-ലെ സംസ്ഥാനത്തു നിന്നുള്ള കുടിയേറ്റത്തെ സംബന്ധിച്ച കണക്കുകൾ സൂചിപ്പിക്കുന്നത് ആ വർഷം 25 ലക്ഷത്തോളം പേർ പഠനത്തിനായി മറ്റു രാജ്യങ്ങളിലേക്ക് പോയിട്ടുണ്ടെന്നും അവർ ഏതാണ്ട് 50,000 കോടി രൂപയോളം ആ രാജ്യങ്ങളിൽ ചെലവഴിച്ചിട്ടുണ്ടെന്നുമാണ്. അതായത് സംസ്ഥാനത്ത് ജനസംഖ്യയിൽ വയോജനങ്ങളുടെ എണ്ണം ക്രമേണ വർദ്ധിക്കുമ്പോൾ തന്നെ ചെറുപ്പക്കാരുടെ കുടിയേറ്റം അധികമാകുകയുമാണ്. അതിനാൽ സംസ്ഥാനത്തേക്ക് പ്രവാസി കളിൽ നിന്നെത്തുന്ന പണത്തിന്റെ കാര്യത്തിൽ കുറവ് സംഭവിച്ചു കൊണ്ടിരിക്കുന്നു. അതേ സമയം വയോജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ് മൂലം സംസ്ഥാനത്തിന്റെ സാമൂഹ്യസുരക്ഷ, പെൻഷൻ. ആരോഗ്യരക്ഷ തുടങ്ങിയ ഇനങ്ങളിലുള്ള ചെലവ് ക്രമേണ അധികമാകുകയാണ്.

2021-ലെ സാമ്പത്തിക സർവ്വേ അനുസരിച്ച് സംസ്ഥാനത്ത് 65 വയസിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണവും 20 മുതൽ 64 വയസുവരെ പ്രായമുള്ളവരുടെ സംഖ്യയുമായുള്ള അനുപാതം ഏതാണ്ട് 26.1% ആണ്. 2011-ൽ ഈ അനുപാതം 19.6% ആയിരുന്നു. 20 മുതൽ 64 വരെ പ്രായമുള്ളവരെ ജോലി ചെയ്യാവുന്നവർ എന്ന ഗണത്തിൽപെടുത്തുമ്പോൾ അവരും മുതിർന്ന പൗരന്മാനും തമ്മിലുള്ള ഈ അനുപാതം (ഓൾഡ് ഏജ് ഡിപൻഡൻസി റേഷ്യോ ഓ.എ.ഡി.ആർ.) സാമൂഹ്യരക്ഷാ സംബന്ധമായ ചർച്ചകളിൽ പരിഗണിക്ക പ്പെടുന്ന ഒരു പ്രധാന ഘടകമാണ്. സമൂഹ ത്തിൽ ചെറുപ്പക്കാരുടെ എണ്ണം കുറയുകയും മുതിർന്നവർ അധികമാകുകയും ചെയ്യുന്ന സ്ഥിതിയെയാണ് ഈ അനുപാതം സൂചിപ്പിക്കുന്നത്. 2021-ൽ ഇന്ത്യയുടെ ഒ.എ.ഡി.ആർ. 15.7% മാത്രമായിരുന്നു. ജനന, മരണ നിരക്കുകൾ, കുടിയേറ്റം എന്നീ കാരണങ്ങളാൽ മുതിർന്നവരുടെ എണ്ണം അധികമാവുന്ന പല രാജ്യങ്ങളിലും ഈ അനുപാതം വർഷം തോറും ഉയർന്നു

കൊണ്ടിരിക്കുകയാണ്.

ജനസംഖ്യാ സംബന്ധമായ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് 2021-ൽ 138 ദശലക്ഷം മുതിർന്ന പൗരന്മാരാണ് രാജ്യത്തുണ്ടായിരുന്നതെങ്കിൽ 2036 ആകുമ്പോഴേക്കും അത് 194 ദശലക്ഷം ആയേക്കും എന്നാണ്. 2050 ആകുമ്പോഴേക്ക് ജനസംഖ്യയുടെ ഏതാണ്ട് 20% വയോജനങ്ങളായിരിക്കുമെന്നാണ് കണക്ക്. അതുകൊണ്ടു തന്നെ അവർക്കാവശ്യമായ ജീവിതസൗകര്യങ്ങൾ, കിടപ്പാടം, ചികിത്സ എന്നിവയൊക്കെ നല്കുന്നതിനുള്ള പദ്ധതി അധികാരികൾ തയ്യാറാക്കേണ്ടതുണ്ട്.

2020-ൽ നടത്തിയ ചില പഠനങ്ങളനുസരിച്ച് രാജ്യ ത്ത് 18 ദശലക്ഷം മുതിർന്ന പൗരന്മാർക്ക് സ്വന്തമായി കിടപ്പാടം ഉണ്ടായിരുന്നില്ല. 60 വയസ് കഴിഞ്ഞവരിൽ 5% പേരെങ്കിലും ബന്ധുക്കളുടെ പക്ഷത്തുനിന്ന് ആശാസ്യമല്ലാത്ത പെരുമാറ്റം അഭിമുഖീകരിച്ചിട്ടുമുണ്ട്.

അണുകുടുംബങ്ങളുടെ പ്രസക്തി വർദ്ധിക്കുന്നതു മാത്രമല്ല ശരാശരി ആയുസ്സ് ഉയരുന്നതും വയോജനങ്ങളെ സംരക്ഷിക്കുന്നതിന് പലർക്കും തടസ്സമാകുന്നുണ്ട്. കാലം ചെല്ലുന്തോറും ഈ പ്രശ്നം ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്. കുടുംബബന്ധങ്ങൾ ശക്തമായിരുന്ന മദ്ധ്യവർഗ്ഗക്കാരിൽ തന്നെ പലരും മാതാപിതാക്കളെ ഉപേക്ഷിക്കുന്നു എന്ന പരാതികൾ വർദ്ധിച്ചു വരികയാണ് ഗുരുവായൂരമ്പലത്തിൽ ബന്ധുക്കളാൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനെ തുടർന്ന് അവരുടെ പുനരധിവാസത്തിന് വേണ്ടി പോലീസിനും അധികാരികൾക്കും പ്രത്യേക നടപടികൾ എടുക്കേണ്ടി വരുന്നു എന്ന് വാർത്താ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഇക്കാരണങ്ങളാൽ രാജ്യത്ത് മുതിർന്നവർക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്ന പാർപ്പിട സമുച്ചയങ്ങളുടെ എണ്ണം സർക്കാർ പിന്തുണയോടെ മാത്രമല്ല, സ്വകാര്യ മേഖലയിലും വർദ്ധിച്ചു വരികയാണ് താമസസൗകര്യം മാത്രമല്ല രോഗമുള്ളവർക്കുള്ള ചികിത്സ, സംരക്ഷണം എന്നിങ്ങനെ അവർക്ക് ജീവിതസൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കേന്ദ്രങ്ങളും എല്ലാ സംസ്ഥാനങ്ങളിലും സ്ഥാപിക്കപ്പെടുന്നുണ്ട്. സൗകര്യങ്ങളുടേയും സേവനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രതിമാസം 30,000 രൂപ മുതൽ 1,50,000 രൂപ വരെ ഈടാക്കുന്ന സ്വകാര്യ കേന്ദ്രങ്ങൾ ഇപ്പോൾ രാജ്യത്തുണ്ടെന്ന് കാണാം. 25 ലക്ഷം രൂപ മുതൽ ഫീസ് നൽകി ശേഷമുള്ള കാലം ജീവിക്കുവാൻ അനുവദിക്കുന്ന മട്ടിലുള്ള കേന്ദ്രങ്ങളുമുണ്ട്.

ജനസംഖ്യയിൽ മുതിർന്ന പൗരന്മാരുടെ ഓഹരി മറ്റു സംസ്ഥാനങ്ങളെക്കാൾ അധികമായതിനാലാകാം രാജ്യത്ത് ഏറ്റവുമധികം വയോജനകേന്ദ്രങ്ങളുള്ള സംസ്ഥാനം കേരളമാണ്. കേരളത്തിലെ സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വയോജന പാർപ്പിട സമുച്ചയങ്ങളുടെ എണ്ണം 630-ഓളം വരും. ഏതാണ്ട് 30,000 പേർക്ക് അവിടെ താമസസൗകര്യമുണ്ട്. സർക്കാർ നേരിട്ട് നടത്തുന്ന 16 പാർപ്പിട സൗകര്യങ്ങളാണ് സംസ്ഥാനത്ത് ഇപ്പോർ പ്രവർത്തിക്കുന്നത്. മിക്ക സ്ഥാപനങ്ങളും എൻ.ജി.ഓ. ആയി രജിസ്റ്റർ ചെയ്തിരിക്കുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പ്രവർത്തിക്കുന്ന പകൽ വീടുകളുടെ എണ്ണവും വർധിച്ചു വരികയാണ് ഇവ

സ്ഥാപിക്കുന്ന കാര്യത്തിൽ സർക്കാരും ഇപ്പോൾ മുൻകൈ എടുക്കുന്നുണ്ട്. നേരത്തെ ഇത്തരം വയോജന കേന്ദ്രങ്ങളിൽ മുതിർന്നവരെ തള്ളുന്നു എന്ന പരാതി ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ പ്രായമേറിയ പലരും ഇത്തരം താമസ സൗകര്യങ്ങൾ സ്വയം തെരഞ്ഞെടുക്കുന്നു. സർക്കാരോ സന്നദ്ധസേവന സംഘടനകളോ നടത്തുന്ന മിക്ക വയോജന കേന്ദ്രങ്ങളും സാധിക്കാവുന്നതിലധികം പേരെ പ്രവേശിപ്പിച്ചിട്ടുണ്ട്.

ജീവിക്കുന്നതിനാവശ്യമായ പണവും പിന്നെ ആവശ്യമായ പരിചരണവുമാണ് മുതിർന്ന പൗരന്റെ പ്രധാന ആവശ്യങ്ങൾ റിട്ടയർമെന്റ് ജീവിതത്തെ സഹായിക്കുന്നതിനുള്ള പണം കരുതി വയ്ക്കുവാൻ ഒരു ന്യൂനപക്ഷത്തിന് മാത്രമെ കഴിഞ്ഞുവെന്ന് വരികയുള്ളൂ. ഇക്കാര്യം കണക്കിലെടുത്താണ് പെൻഷൻ ഫണ്ടുകളും പ്രത്യേക പദ്ധതികളും ആവിഷ്കരിക്കുവാൻ സർക്കാർ ഇപ്പോൾ മുൻകൈയെടുക്കുന്നത്.

കേരളത്തിൽ ഏതാണ്ട് 60 ലക്ഷം വയോജനങ്ങൾക്ക് ഏതെങ്കിലുംതരത്തിലുള്ള പെൻഷൻ പദ്ധതികളുടെ സുരക്ഷ ലഭിക്കുന്നുണ്ട് എന്നത് ആശ്വാസകരമായ ഒരു വാർത്തയാണ്. റിസർവ് ബാങ്കിന്റെ കഴിഞ്ഞ വർഷത്തെ റിപ്പോർട്ട് പ്രകാരം 30 ലക്ഷത്തോളം വയോജനങ്ങൾക്ക് സർക്കാരിന്റെ ക്ഷേമപെൻഷൻ ആയ 1,600 രൂപ ലഭിക്കുന്നുണ്ട്. 39 ലക്ഷത്തോളം പേർക്ക് കാർഷിക പെൻഷനും 12 ലക്ഷത്തോളം പേർക്ക് ഏതെങ്കിലും ക്ഷേമനിധി ബോർഡിന്റെ പെൻഷനും ലഭിക്കുന്നു. കേ ന്ദ്ര, സംസ്ഥാന സർക്കാർ ജോലികളിൽ നിന്ന് വിരമിച്ച് പെൻഷൻ വാങ്ങുന്നവരുടെ എണ്ണം 4.45 ലക്ഷത്തോളം വരും. 2024 ജൂലൈയിൽ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം എൻ.ജി.ഓ.കൾ നടത്തുന്ന 551 വയോജന കേന്ദ്രങ്ങൾക്ക് കേന്ദ്രസർക്കാർ സാമ്പത്തികസഹായം നൽകുന്നുണ്ട്. 16,000 ത്തിലധികം അന്തേവാസികൾ ഈ കേന്ദ്രങ്ങളിൽ താമസിക്കുന്നുണ്ട്.

മുതിർന്നവർക്കായി കേന്ദ്രസർക്കാർ പല ക്ഷേമപദ്ധതികളും ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. ഒരു പ്രധാന പദ്ധതിയായ 'ഇന്ദിരാഗാന്ധി ദേശീയ പെൻഷൻ സ്കീം' ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 60 മുതൽ 79 വയസ്സു വരെയുള്ളവർക്ക് പ്രതിമാസം 200 രൂപയും 80 വയസു കഴിയുന്നവർക്ക് 500 രൂപയും ലഭ്യമാക്കുന്നുണ്ട്. ഏതാണ്ട് 221 ലക്ഷം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക് 'അന്നപൂർണ്ണ സ്കീം' വഴി പ്രതിമാസം 10 കിലോ ഭക്ഷ്യധാന്യം ലഭിക്കുവാൻ സാധിക്കും. 2015 മുതൽ സാമൂഹ്യ സുരക്ഷ മുൻനിർത്തി 'അത്തൽ പെൻഷൻ യോജന' എന്ന ഒരു പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 18 മുതൽ 40 വരെ വയസ്സ് വരെ പ്രായമുള്ളവർക്ക് 60 വയസ്സിനു ശേഷം 1,000 മുതൽ 5,000 രൂപ വരെ ലഭിക്കാവുന്ന ഒരു മട്ടിലുള്ള ഒരു നിക്ഷേപ പദ്ധതിയാണിത്. അതുപോലെ തന്നെ 18 മുതൽ 70 വയസ് വരെ പ്രായമുള്ളവർക്ക് നാഷണൽ പെൻഷൻ സിസ്റ്റം (എൻ.പി.എസ്.) വഴി അഞ്ച് വർഷം മുതൽ ജീവിതകാലം മുഴുവൻ വരെ പെൻഷൻ ലഭിക്കുന്നതിനുള്ള നിക്ഷേപ പദ്ധതിയിലും ചേരാവുന്നതാണ്. ഈ പദ്ധതിയിൽ നിക്ഷേപിക്കപ്പെടുന്ന പണം പെൻഷൻ ഫണ്ട് റെഗുലേറ്ററി അതോറിറ്റി ഒഫ് ഇന്ത്യയാണ് നിയന്ത്രിക്കുന്നത്. ലഭിക്കുന്ന പണം അവർ ഓഹരികളിലോ, ബോണ്ടുകളിലോ, റിയൽ എസ്റ്റേറ്റ് ഇൻവെസ്റ്റുമെന്റ് ട്രസ്റ്റു പോലെയുള്ള

പദ്ധതികളിലോ നിക്ഷേപിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നു. എവിടെ നിക്ഷേപിക്കണമെന്ന് എൻ.പി.എസിലെ നിക്ഷേപകന് ആവശ്യമെങ്കിൽ നിർദ്ദേശിക്കാവുന്നതാണ്. നിക്ഷേപിക്കുന്ന തുകയ്ക്കനുസരണമായി റിട്ടയർമെന്റിനു ശേഷം വരുമാനം ലഭിക്കുന്ന മട്ടിൽ നിക്ഷേപകർക്ക് പദ്ധതി തെരഞ്ഞെടുക്കാം.

2024 സെപ്തംബറിൽ അവതരിപ്പിക്കപ്പെട്ട ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജനആരോഗ്യ യോജന വഴി 70 വയസ്സിനു മുകളിലുള്ള എല്ലാവർക്കും 5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് ആനുകൂല്യം ആരോഗ്യപരിരക്ഷയ്ക്കായി ലഭിക്കും. ഈ ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകന്റെ വരുമാനം മാനദണ്ഡമാക്കിയിട്ടില്ല ഏതാണ്ട് 4.5 കോടി കുടുംബങ്ങളിലെ 6 കോടിയോളം പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നാണ് കണക്ക്.

വയോജനങ്ങൾക്കായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സംസ്ഥാനം ആവിഷ്കരിച്ചിട്ടുള്ള രണ്ടു പദ്ധതികളാണ് വയോമിത്രവും പകൽ വീടും. മൊബൈൽ ക്ലിനിക്കുകൾ വഴി 65 വയസ്സിലധികം പ്രായമുള്ളവരെ ആരോഗ്യ പരിപാലനത്തിനു സഹായിക്കുന്ന വയോമിത്രം നടപ്പാക്കുന്നത് കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ ആണ്. പകൽസമയത്ത് സമാനവയസ്കരുമായി സമയം ചെലവഴിക്കുന്നതിനായുള്ള കേന്ദ്രങ്ങളാണ് പകൽ വീടുകൾ. എന്നാൽ ആവശ്യമായ പണം കണ്ടെത്താനുള്ള ബുദ്ധിമുട്ട് ഈ പദ്ധതികളെ ബാധിച്ചിട്ടുണ്ട്.

മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും ലക്ഷ്യമാക്കിയുള്ള മെയിന്റെനൻസ് ആൻഡ് വെൽഫെയർ ഓഫ് പേരെന്റ്സ് & സീനിയർ സിറ്റിസൺസ് ആക്റ്റ് 2007 വയോജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ വേണ്ടി കേന്ദ്രസർക്കാർ പാസ്സാക്കിയിട്ടുള്ള നിയമമാണ്. അവരുടെ സ്ഥാനത്തിക സുരക്ഷിതത്ത്വം. ആരോഗ്യ പാലനം, സ്വത്തുക്കളുടെ സംരക്ഷണം എന്നീ വിഷയങ്ങളൊക്കെ ഈ നിയമത്തിന്റെ പരിധിയിൽ വരും. വയോജനങ്ങളുടെ സംരക്ഷണത്തിന്റെ കാര്യത്തിൽ അവരുടെ കുട്ടികൾക്കും ബന്ധുക്കൾക്കുമുള്ള പങ്ക് നിയമത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട് അക്കാര്യത്തിലുള്ള അനാസ്ഥ കുറ്റകരമാണെന്ന് ചട്ടങ്ങളിൽ വ്യക്തമാക്കുന്നുമുണ്ട്. വയോജനങ്ങളുടെ സംരക്ഷണത്തിനായി സർക്കാർ ഉചിതമായ നിയമങ്ങളുടെ ചട്ടക്കൂടുകൾ നിർമ്മിക്കണമെന്ന കാര്യവും ഭരണഘടന അംഗീകരിക്കുന്നുണ്ട്. ഭരണഘടനയിലെ ഡയറക്ടീവ് പ്രിൻസിപ്പിൾസിന്റെ 41-മത് വകുപ്പ് വയോജനങ്ങളുടെ അവകാശങ്ങളെപ്പറ്റി ഊന്നിപ്പറയുന്നുണ്ട്.

ഈ വകുപ്പിനെ ആധാരമാക്കിയാണ് മേൽപ്പറഞ്ഞ ആക്റ്റ് 2007 രൂപപ്പെടുത്തിയിരിക്കുന്നത്. ഈ നിയമം വയോജനങ്ങളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനും അവർക്ക് അന്തസ്സും മാന്യതയുമുള്ള മട്ടിൽ ജീവിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി എഴുതപ്പെട്ടിട്ടുള്ളതാണ്.

വയോജനങ്ങളുടെ അവകാശങ്ങൾ ഇന്ത്യയിലെ മൗലികാവകാശങ്ങളിൽ ഒന്നാണ്. എന്നാൽ ഇത് ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്ന് സംശയമാണ്. വയോജനങ്ങളുടെ ഇടയിലെ നിരക്ഷരതയും അവകാശങ്ങൾ പിടിച്ചു വാങ്ങുന്നതിന്

അവർക്ക് തടസ്സമായി നില്ക്കുന്നു. എല്ലാ വർഷവും ഒക്ടോബർ ഒന്ന് വയോജനങ്ങളുടെ അന്താരാഷ്ട്രദിനമായി ആചരിക്കുന്നുണ്ട്.

2023-24 ലെ ഹ്യൂമൺ ഡവലപ്പ്മെന്റ് റിപ്പോർട്ട് പ്രകാരം 2022-ൽ ഇന്ത്യയിൽ ശരാശരി ആയുസ് 67.7 വയസായിരുന്നു. ഈ സമയത്തെ ലോകത്ത് ഒരാളുടെ ശരാശരി ആയുസാകട്ടെ 72.98 വർഷ മായിരുന്നു. രാജ്യത്തെ ഏറ്റവും ഉയർന്ന ആയുസ് പ്രതീക്ഷിക്കുന്നത് മലയാളി തന്നെയാണ്. പുരുഷന്മാർക്ക് ഇത് 73.5 വർഷമാണെങ്കിൽ സ്ത്രികൾക്ക് 79.2 വർഷമാണ്. 2036 ആകുമ്പോഴേക്കും പുരുഷന്മാരുടെ ആയുസ് 74.49 ഉം സ്ത്രീകൾക്ക് 80.15 വയസുമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അങ്ങിനെ വരുമ്പോൾ അന്ന് സംസ്ഥാനത്ത് അഞ്ചിലൊരാൾ മുതിർന്ന പൗരനായിരിക്കും. സ്ത്രീകളുടെ ശരാശരി ആയുർദൈർഘ്യം പുരുഷന്മാ രുടേതിനേക്കാൾ 4 വയസ്സോളം അധിക മാണ്. ഇവരിൽ പ്രത്യേക വരുമാനമില്ലാതെ യുള്ളവർക്ക് കുടുംബത്തിന്റെയോ സാമൂഹ്യക്ഷേമപദ്ധതികളുടെയോ പിന്തുണ ആവശ്യമാകും.

ലോകത്ത് വയോജനങ്ങളുടെ ഏറ്റവും ഉയർന്ന ആരോഗ്യസൂചിക സ്വിറ്റ്സർലൻഡിൽ ആണ്. നോർവീജിയൻ രാജ്യങ്ങളും ഇക്കാര്യത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നു. മുതിർന്നവർക്ക് ലഭിക്കുന്ന ശ്രദ്ധ മാത്രമല്ല സ്വന്തം കുട്ടികളോടൊപ്പം താമസിക്കുന്നതിനുള്ള അവസരം അധികമുണ്ടെന്നതും ജപ്പാനിലെ പൗരന്മാരുടെ ദീർഘായുസ്സിനു കാരണ മായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പൗരന്മാ ർക്ക് ഏറ്റവുമധികം ആയുസ് പ്രതീക്ഷിക്ക പ്പെടുന്ന രാജ്യം 89 വയസ് ശരാശരി ആയുസുള്ള മൊണാക്കോ ആണ്. ഹോങ് കോങ്, മക്കാവു. ജപ്പാൻ, സിംഗപ്പൂർ, തെക്കൻ കൊറിയ എന്നീ രാജ്യങ്ങളിലെ ശരാശരി ആയുസ് 84 വയസോ അതിലധികമോ ആണ്

**കലാകൗമുദി**

**3-10 നവംബർ 2024**

# The 'new' Justitia and reimagining justice

**Shailesh Kumar**

It is important to ask whether the interpretation now attributed to an open-eyed justice relates to equality. impartiality and transparency

The addition of the open-eyed Justitia in the Supreme Court of India has led to public debate. The 'new' six-foot white statue is a sari-clad ornamented goddess-like figure without a blindfold, holding scales in her right hand and a copy of the Constitution of India in her left hand. It signified, said then Chief Justice of India (CJI) D.Y. Chandrachud, who commissioned the statue in October 2024, that "Law is not blind; it sees everyone equally". This is, historically speaking, puzzling since the Bombay High Court has an open-eyed Justitia statue along with a Statue of Mercy the open-eyed justice is as much part of colonial iconography as the blindfolded figure of justice.

## History and the images

The former CJI does not tell us that allegorical images of Justitia, both with and/or without a blindfold, have existed in ancient Roman, Greek and Egyptian cultures. Martin Jay in 'Must Justice be Blind?' (1999) argues that iconography historians tell us that "allegorical images of justice did not always cover the eyes of goddess Justitia". During the first and second centuries, Roman coins dedicated to justice and impartiality depicted Justitia as clear-sighted considering the merits of the cases before her.

It was at the end of the 15th century, evidenced through a 1494 wood engraving of a Fool tying the eyes of Justice, that a blindfold began to be placed over the goddess's eyes, and led to a plethora of interpretations throughout Europe. Initially, it implied that Justice was "robbed of her ability to get things straight, wield her sword effectively, or see what is balanced on her scales". Away from this negative satirical connotation, the blindfold, by 1530, transformed into a positive emblem of equality before the law and impartiality. Like the scales, the blindfold began to imply neutrality rather than helplessness, and resisting the 'lust of the eyes' became a virtue to achieve the dispassionate distance necessary to render impartial verdicts.

## The mural in the Court

Apart from the complicated history of Justitia, it is important to ask whether the interpretation now attributed to an

open-eyed justice, or to use the ableist metaphor of 'seeing' by the lady justice, really relates to equality, impartiality, and transparency. What is the rationale behind the lady being presented as a Hindu goddess and the statue in white colour? The inspiration is perhaps the mural that is placed between the two entrances from the judges' wing while entering the CJI's court. This mural is not open for public viewing. This writer was privy to it during his research on courtroom iconography, in 2015-16. It is made up of porcelain marble tiles in shades of white, yellow and green, depicting Gandhi, the Dhamma Chakra and the goddess of justice. In the mural, the goddess is placed on the right side, facing left, wearing a crown, clad in a sari and jewellery, holding scales, and appearing as a devi (goddess), very much like this statue. She holds the scales at the level of her face, with her gaze at the balance the contemplative gaze is somewhat reminiscent of Johannes Vermeer's painting of Justitia.

The mural with an open-eyed Justitia, with a book near her waist, found theological interpretation in the former Supreme Court judge M. Jagannadha Rao's work who interpreted it as "the book of Dharma Shastra signifying the offer of total knowledge to one and all", in the edited volume, Supreme but not Infallible: Essays in Honour of the Supreme Court of India (2000). In 'Interpreting the Scales of Justice' (2017), this writer interpreted the book besides the sari-clad Justitia as signifying the Indian Constitution, rather than the Dharma Shastra, which arguably restricted access to knowledge to certain caste/gender groups (Dwija men) and denied it to 'others'. The placement of new statues of B.R. Ambedkar earlier and lady Justitia now, and having a new emblem for the Supreme Court, ought to be contextualised in relation to caste, gender and religion-based inclusions and exclusions in recent times; especially when questions are asked of the higher judiciary on diversity and equality, attempts are being made to improve its public image. It is not surprising then that the open-eyed Justitia statue is interpreted in several ways on social media like "justice will now be given by seeing one's caste, religious identity and political ideology". Such an interpretation of the personification of justice has its roots in the public desire for accessibility to higher courts by all not only as litigants but also as lawyers and judges, as well as access to justice itself.

**Do not cause newer forms of discrimination**

Controversies around statues are not new. Even the history of the 'mother and child' statue in the Court suggests so, as this writer has demonstrated in his 2017 work mentioned above. But there needs to be a careful inclusive approach to how we want law and justice to be represented

in a visual art form. Should the idea of justice itself be re-envisioned? Should justice be iconographically presented in the form of a protest, resistance, lived experience, and struggle? Should it act as a transformative legal culture signifying feminist, anti-caste, secular, equality, judicial independence virtues also enshrined in the basic structure doctrine? Should art and aesthetics, including statues, be utilised to creatively challenge the non-independence and hegemonisation of the judiciary by a select few, and to open discussions on improving its public perception? Decolonisation must not become a driver either of a recurrence of older precolonial or newer postcolonial forms of social discriminations and state violences.

*(a lecturer in law at Royal Holloway, University of London, and a Commonwealth Scholar with research interest in the interdisciplinary study of law and the humanities)*

**The Hindu**

**18 November 2024**

# കേരളത്തിന്റെ ധനപ്രതിസന്ധി ബഹുമുഖസമീപനം അനിവാര്യം

ഡോ. ഷംന തച്ചപ്പറമ്പൻ

*കേരളം നേരിടുന്ന ധനകാര്യ പ്രതിസന്ധി ഒരു സമീപകാല പ്രവണതയാണോ? അങ്ങനെയല്ലെങ്കിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായിത്തുടരുന്ന സാമ്പത്തിക അസന്തുലിതാവസ്ഥയുടെ കാരണമെന്താണ്? കേന്ദ്രസർക്കാരിന്റെ പ്രതികൂലനയസമീപനം കൊണ്ട് സംഭവിച്ചതാണോ ഇത്? അതല്ല, സംസ്ഥാനം കേന്ദ്രത്തെ പഴിചാരുകയാണോ? കേരളത്തിന് ഈ പ്രതിസന്ധി മറികടക്കാനാകുമോ. ഒരു വിശകലനം*

കേരളം നേരിടുന്ന ധനപ്രതിസന്ധി ഇന്നോ അടുത്തകാലത്തോ സംജാതമായ ഒന്നല്ല. ഇത് വർഷങ്ങളായി തുടർന്നു പോരുന്ന സാമ്പത്തിക അസന്തുലിതാവസ്ഥയുടെ ഫലമാണെന്ന് കാണാം. പ്രത്യേകിച്ചും എൺപതുകളുടെ തുടക്കം മുതൽ, മൂലധന അക്കൗണ്ടിന്റെ കാര്യത്തിൽ മിച്ചവും വരുമാന അക്കൗണ്ടിൽ കമ്മിയും നേരിടുകയായിരുന്നു നാം. അതായത് റവന്യൂച്ചെലവുകൾ കുത്തനെ ഉയർന്ന സാഹചര്യത്തിൽ കേരളം മൂലധന വിനിയോഗത്തിന്റെ രംഗത്ത് കുറവു നേരിടുകയായിരുന്നു എന്നർത്ഥം. കേരളത്തിന്റെ ശരാശരി റവന്യൂച്ചെലവ് മൊത്തം ചെലവിന്റെ 90.39 ശതമാനം എന്ന തോതിലാണെന്നാണ് കണക്കുകൾ (2017-18, 2023-24). ഇതിൽ നല്ലൊരു പങ്ക് സാമൂഹിക മേഖലയിലാണുതാനും. ഇത്തരത്തിൽ വരുന്ന നിർബന്ധിതമായ ചെലവുകൾ മൊത്തം ചെലവിന്റെ 56 ശതമാനവും റവന്യൂച്ചെലവിന്റെ 64.42 ശതമാനവുമാണെന്ന് കാണാം. സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ 137 ശതമാനം വരുന്നു ഇവ. അതായത്, തനത് മൊത്തവരുമാന ത്തിന്റെ 37 ശതമാനം അധികം, മൊത്തം റവന്യൂ വരുമാനത്തിന്റെ 81.1 ശതമാനവും വരുമിത്. അതേ സമയം, സാമൂഹിക മേഖലയിലെ വികസനച്ചെലവുകൾ നോക്കുമ്പോൾ മൊത്തം വികസനച്ചെലവുകളുടെ 80 ശതമാനമാണ് കാണിക്കുന്നത്.

### നേട്ടങ്ങൾ നിലനിർത്തുക വെല്ലുവിളി

ഇന്ന് കേരളം കൈവരിച്ച വികസനം സോഷ്യൽ ഓവർഹെഡ് കാപ്പിറ്റൽ (എസ്.ഒ.സി.) വഴിയായി മാനവശേഷി വികസന മേഖലയിലുണ്ടായ ചെലവഴിക്കലിന്റെ കൂടി പരിണിതഫലമാണെന്ന് കാണാം. എൺപതുകളുടെ അന്ത്യംവരെ കേരളത്തെപ്പോലെ ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ ഇത്രയധികം ചെലവഴിച്ചിട്ടില്ലെന്നത് വ്യക്തമാണ്. എഴുപതുകളുടെ അവസാനത്തിൽ വരുമാന അക്കൗണ്ടിലെ ചെലവിന്റെ 52.05 ശതമാനമാണ് കേരളം സാമൂഹിക മേഖലയ്ക്കായി ചെലവഴിച്ചത്. ആ വർഷത്തെ ദേശീയ ശരാശരിയാകട്ടെ, 39.7 ശതമാനവും. എന്നാൽ, ഈ നേട്ടങ്ങൾ നിലനിർത്തുക എന്നതാണ് കേരളത്തിനു മുന്നിലുള്ള പ്രധാന വെല്ലുവിളി. ഇതിനായി സംസ്ഥാനം

കൂടുതലായി ചെലവഴിക്കേണ്ടിവരുന്നു. തൊഴിലില്ലായ്മ (പ്രത്യേകിച്ച് അഭ്യസ്ത വിദ്യർക്കിടയിലെ), കാലാവസ്ഥാ വ്യതിയാനം പ്രകൃതിദുരന്തങ്ങൾ, ജീവിതശൈലീ രോഗങ്ങൾ പെരുകുന്ന സാഹചര്യം തുടങ്ങിയവ സംസ്ഥാനം ഇന്ന് നേരിടുന്ന വലിയ വെല്ലുവിളികളാണ്. പ്രായമേറിയവരുടെ അനുപാതം കൂടുന്നു എന്നതാണ് മറ്റൊരുവശം. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 19.64 ശതമാനം 60 വയസ്സിനു മുകളിലുള്ളവരാണ്. ദേശീയ നിലവാരത്തിലാകെയുള്ളത് 13.6 ശതമാനം മാത്രമാണ്. തൊഴിലെടുക്കാൻ കഴിയുന്നവരുടെ എണ്ണം കുറയുന്നു എന്നതാണ് ഇതിന്റെ മറുവശം. ഇതും വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

കേരളത്തിന്റെ സാമ്പത്തിക അസന്തുലിതാവസ്ഥയുടെ തുടർച്ച സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ ഘടകങ്ങളാൽ സ്വാധീനിക്കപ്പെട്ട ഒരു ബഹുമുഖ പ്രശ്നമാണ്. ദേശീയവും അന്തർദേശീയവുമായ പല പഠനങ്ങൾ സഖ്യസർക്കാരുകളുടെ സങ്കീർണതകളെ എടുത്തു കാണിക്കുന്നുണ്ട്. ധനപരമായ കർശനമായ അച്ചടക്കം പാലിക്കുന്ന കാര്യത്തിൽ മുന്നണിഭരണം ഒരു പ്രധാന വെല്ലുവിളിയാണെന്ന് ഈ പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ബഹുവിധ താത്പര്യങ്ങൾ പുലർത്തുന്ന വ്യത്യസ്ത വീക്ഷണങ്ങളും അനേകം വിഭാഗങ്ങൾ ചേർന്ന, ഇത്തരത്തിലുള്ള സമ്മർദങ്ങൾ സർക്കാരിന്റെ നയരൂപവത്കരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഇവിടെ ജനപ്രിയ ബജറ്റിലൂടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വളർച്ച ലക്ഷ്യമിടുന്നതിനുപകരം ഹ്രസ്വകാല നയങ്ങൾക്ക് ഊന്നൽനൽകേണ്ടി വരുന്നു. പ്രത്യേകിച്ചും ഭരണകക്ഷി വിരുദ്ധചായ്‌വ് നിലനിൽക്കുന്ന സാഹചര്യത്തിൽ.

ജനാധിപത്യ സംവിധാനങ്ങളും സർവാശ്ലേഷിയായ (ഇൻക്ലൂസീവ്) മറ്റു സാമൂഹിക സ്ഥാപനങ്ങളും സാമ്പത്തിക വികസനത്തെ എങ്ങനെയാണ് മുന്നോട്ട് കൊണ്ടു പോവുക എന്നതിന്റെ ഉൾക്കാഴ്ച നിറഞ്ഞ വിലയിരുത്തലുകളാണ് 2024-ലെ സാമ്പത്തികശാസ്ത്ര നൊബേൽ ജേതാക്കളായ ഡാരാൻ അസിമോലുവും സംഘവും മുന്നോട്ടുവെക്കുന്നത്. ഓരോ രാജ്യത്തും നിലനിൽക്കുന്ന വ്യത്യസ്തഘടനയും സാമൂഹിക സ്ഥാപനങ്ങളും ആ രാജ്യത്തിന്റെ ദീർഘകാല അഭിവൃദ്ധിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നു. മേൽപ്പറഞ്ഞ പൊളിറ്റിക്കൽ ഇക്കണോമി പഠനങ്ങളുടെ ധ്വനികളെ കേരളത്തിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെടുത്താവുന്നതാണ്. സഖ്യകക്ഷി ഭരണത്തിന്റെ സങ്കീർണ വശങ്ങളും അന്തർലീന പരിമതികളും ഇവയിൽ പല പഠനങ്ങളും എടുത്തു പറഞ്ഞിട്ടുമുണ്ട്.

**കേന്ദ്രം നീതികാണിക്കുന്നുണ്ടോ**

ഇനി ഇതിന്റെ മറ്റൊരു വശം, കേരളത്തിന്റെ ഈ സാമ്പത്തിക പ്രതിസന്ധിക്ക് കേന്ദ്രസർക്കാരിന്റെ നയങ്ങൾ കാരണമായിട്ടുണ്ടോ? അതല്ല, ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്രത്തെ കുറ്റപ്പെടുത്തുകയാണോ? ഏതൊരു സംസ്ഥാനത്തിന്റെയും വികസനപ്രശ്നങ്ങൾ കേന്ദ്ര നിലപാടുകളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. കേന്ദ്രസർക്കാരിന്റെ സജീവമായ പിന്തുണയില്ലാതെ ഒരു സംസ്ഥാനത്തിനും പ്രവർത്തിക്കുക സാധ്യമല്ല. സംസ്ഥാനങ്ങൾ തനതുവരുമാനത്തെയും കേന്ദ്രത്തിൽ നിന്നുള്ള വിഹിതങ്ങളെയും ആശ്രയിച്ചാണ് മുന്നോട്ടുപോകുന്നത്. സംസ്ഥാനങ്ങളുടെ സാമ്പത്തികമായ വീഴ്ചകൾ പരിഹരിക്കുക എന്നതാണ് ഇത്തരത്തിലുള്ള വിഹിതക്കൈ

മാറ്റത്തിന്റെ അടിത്തറ. തികച്ചും രാഷ്ട്രീയ ഭേദമെന്യേ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തിരശ്ചീന വിഭജന ത്തിൽ ധനകാര്യ കമ്മിഷൻ വിനിയോഗം നിർവഹിക്കുന്നത്. സംസ്ഥാനങ്ങൾ 62.4 ശതമാനം ചെലവു വഹിക്കുമ്പോൾ വരുമാനമായി 37.6 ശതമാനം മാത്രമേ ശേഖരിക്കുന്നുള്ളൂവെന്ന് 15-ാം ധനകാര്യ കമ്മിഷൻ റിപ്പോർട്ടിൽത്തന്നെ സൂചിപ്പി ച്ചിട്ടുണ്ട്. അതായത് ബാക്കി കേന്ദ്രത്തിൽ നിന്നുള്ള വിഹിതക്കൈമാറ്റത്തിലൂടെയോ കടമെടുപ്പിലൂടെയോ ആയിരിക്കും.

എന്നാൽ, കേരളത്തെ ഇത് പ്രതികൂല മായി ബാധിച്ചിട്ടുണ്ടെന്നത് വാസ്തവമാണ്. പ്രതിശീർഷ വരുമാനത്തിലെ വളർച്ചയും ജനസംഖ്യാ വർധനയിലെ കുറവും കേരളത്തിലേക്കുള്ള പങ്കിന്റെ തോതിൽ വലിയ ഇടിവു സംഭവിക്കുന്നതിനു കാരണമായി. പതിനാലാം ധനകാര്യ കമ്മിഷന്റെ ഘട്ടത്തിൽ വിഹിതക്കൈ മാറ്റത്തിൽ കേരളത്തിന്റെ പങ്ക് 2.5 ശതമാന മായിരുന്നത് പതിനഞ്ചാം കമ്മിഷന്റെ കാലത്ത് 1.926 ശതമാനത്തിലേക്ക് കുറഞ്ഞു. ഇവിടെ ഓരോ പോയിന്റ് ശതമാനത്തിന്റെ കുറവ് കാണിക്കുന്നത് ഓരോ വർഷവും കേന്ദ്രത്തിന്റെ വിഭജിക്കാ വുന്ന നികുതി പങ്കിൽ നിന്നുമുള്ള ആയിരം കോടികളുടെ കുറവാകുന്നു. അതായത് 2023-24 നടപ്പുവർഷ ബജറ്റ് നോക്കുമ്പോൾ ആറായിരം കോടിയോളം രൂപയുടെ കുറവു വരുന്നു. 15-ാം ധനകമ്മിഷനിൽ (2021-26) കേരളം ഹരിയാനയ്ക്കൊപ്പം ഏറ്റവും കൂടുതൽ പ്രതിശീർഷ വരുമാനമുള്ളതാ യാണ് കണക്കാക്കിയിരിക്കുന്നത്. മറുവശത്ത് കേരളത്തെ ഏറ്റവും കട ബാധ്യതയുള്ള സംസ്ഥാനങ്ങളിലൊ ന്നായും കണക്കാക്കുന്നു. അതേസമയം, വികസനത്തോടനു ബന്ധിച്ചുള്ള പല പ്രശ്നങ്ങളാൽ കേരളം പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇവിടെയാണ് തിരശ്ചീന വിഭജനത്തിലെ വിഹിതക്കൈ മാറ്റങ്ങളിൽ ഒരു വിചിന്തനം ആവശ്യമായി വരുന്നത്. അതുകൊണ്ടു തന്നെ പ്രവർത്തന രംഗത്തെ മികവും സംസ്ഥാനങ്ങളുടെ ആവശ്യങ്ങളും കണക്കിലെടുത്ത് ഫണ്ട് വിനിയോഗത്തിൽ തുല്യമായ നീതി കൊണ്ടുവരാൻ കഴിയണം.

ഇത്തരമൊരു ഘട്ടത്തിൽ വരുമാന സ്രോതസ്സിനെ കണ്ടെത്തേണ്ടത് അനിവാര്യ മായിരിക്കുന്നു. നിലവിലെ സാഹചര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുന്ന സമീപനവും കാര്യങ്ങളെ ശരിയായ രീതിയിൽ വിശകലനം ചെയ്തുള്ള പങ്കാളിത്ത രീതിയിലുള്ള ബജറ്റുകളാണ് ആവശ്യം. ജനാധിപത്യപരമായ ചർച്ച കൾക്കും തീരുമാനങ്ങളിലേക്കും ഇത് വിരൽചൂണ്ടുകയാണ്. ഇത്തരം പ്രശ്ന ങ്ങളും വെല്ലുവിളികളും നേരിടുന്നതിനുള്ള സാധ്യതയും കരുത്തും കേരളത്തിനുണ്ട്. എന്നാൽ, പൊതുസമൂഹത്തിന്റെയും രാഷ്ട്രീയപ്രസ്ഥാനങ്ങളുടെയും മാധ്യമ ങ്ങളുടെയും പിന്തുണയും ഒപ്പം കേന്ദ്ര ത്തിന്റെ നിരുപാധികമായ സഹായവും സഹകരണവും അനിവാര്യമാണ്. ആര് ജയിക്കുന്നു, തോൽക്കുന്നു, ഭരിക്കുന്നു എന്നതല്ല കാതലായ പ്രശ്നം. കൂട്ടായ തീരുമാനങ്ങളും പ്രവർത്തനവും കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്ന കാര്യത്തിൽ അത്യന്താപേക്ഷിതമാണ്.

*(ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിലെ അസിസ്റ്റന്റ് പ്രൊഫസറാണ് ലേഖിക)*

**മാതൃഭൂമി**

**30 നവംബർ 2024**

# ചുടുനിണമൊഴുകുന്ന പൊതുനിരത്തുകൾ ചുടുചോര കണ്ടിട്ടും അറപ്പില്ല, ഉത്തരവാദിത്തവും

**പി.എസ്. ശ്രീകുമാർ**

*രാജ്യത്ത് റോഡപകടങ്ങൾ വർധിച്ചതിനാൽ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ മുഖം മറച്ചിരിക്കേണ്ട അവസ്ഥയാണെന്ന് കേന്ദ്ര ഉപരിതല വകുപ്പ് മന്ത്രി നിധിൻ ഗഡ്കരി കഴിഞ്ഞ ദിവസം പാർലമെന്റിൽ പറഞ്ഞു. എന്നാൽ, കേരളത്തിൽ ഓരോ ദിവസവും നടക്കുന്ന നടുക്കുന്നതും, ദാരുണവുമായ വാഹനാപകടങ്ങളുടെ ഉത്തരവാദിത്വം തനിക്കുണ്ടെന്ന് ഏറ്റുപറയാൻ ആരുമില്ലന്നതാണ് അവസ്ഥ.*

വാഹന അപകടങ്ങൾ വിട്ടൊഴിയാതെ പിന്തുടരുന്ന വാർത്തകളാണ് ഓരോ ദിവസവും നമ്മുടെ പൊതുനിരത്തുകളിൽ ഉണ്ടാകുന്നത്. അപകടങ്ങളിൽ നിഷ്കളങ്കരായ പിഞ്ചുകുഞ്ഞുങ്ങളുടെ ജീവിതം പോലും പൊലിഞ്ഞു പോകുന്ന വാർത്ത വായിച്ച് മനസ്സ് മരവിക്കാത്ത മലയാളികൾ ഇല്ല എന്നുതന്നെ പറയാം. സിമന്റ് ലോറി മറിഞ്ഞു പാലക്കാട് പനയമ്പാടത്ത് 4 വിദ്യാർഥികൾ ഡിസംബർ 12-ന് ദാരുണമായി മരിച്ച വാർത്തകേട്ട് നടുങ്ങാത്തവരായി ആരുമില്ല. പാലക്കാട് ജില്ലയിലെ കരിമ്പ പഞ്ചായത്തിലാണ് പനയമ്പാടം. പരീക്ഷ കഴിഞ്ഞു മടങ്ങിയ വിദ്യാർത്ഥിനികളുടെ മുകളിലേക്കാണ് നിയന്ത്രണംവിട്ട ചരക്കു ലോറി മറിഞ്ഞത്. കുട്ടികൾ മരിച്ചത്. കരിമ്പ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർഥിനികളായ ഇവർ 300 മീറ്റർ കൂടി കഴിഞ്ഞിരുന്നെങ്കിൽ വീടുകളിൽ എത്തിയേനെ. അതിന് അനുവദിക്കാതെയാണ് റിദ ഫാത്തിമ, ഇർഫാനെ ഷെറിൻ, നിദ ഫാത്തിമ, ആയിഷ എന്നിവരുടെ ജീവൻ അപകടത്തിൽ നഷ്ടപ്പെട്ടത്.

ഈ സ്ഥലത്തു 55 അപകടങ്ങളാണ് ഇതുവരെ നടന്നിട്ടുള്ളതെന്ന് നിയമസഭയെ അറിയിച്ചത് മറ്റാരുമല്ല സ്ഥലം നിയമസഭാംഗ മാണ്. അപകടങ്ങളിൽ പരുക്കേറ്റവർ നിരവധിയാണ്. മഴ പെയ്താൽ അപകടം ഉണ്ടാകുന്ന സ്ഥിതിവിശേഷമാണ് ഇവിടെ ഉള്ളത്. ഇവിടെയുണ്ടായിട്ടുള്ള അപകട ങ്ങളിൽ ഏറിയകൂറും സംഭവിച്ചിട്ടുള്ളത് മഴയുള്ള സന്ദർഭത്തിലാണ്. വലിയ ഇറക്കമുള്ള വളവിൽ, വേഗത്തിൽ വരുന്ന വാഹനങ്ങൾ നിയന്ത്രിക്കാൻ വലിയ പ്രയാസമാണ്. 2021-ൽ ഈ ദേശീയ പാത നവീകരിച്ച സമയത്തു ഈ വളവ് നിവർത്താൻ നാട്ടുകാർ ആവശ്യപ്പെട്ടിരു ന്നെങ്കിലും പൊതുമരാമത്തു വകുപ്പിലെയോ ദേശിയ പാത അതോറിറ്റിയുടെയോ ഉദ്യോഗസ്ഥർ അത് ചെവിക്കൊണ്ടില്ല. റോഡ് ശാസ്ത്രീയമായി പുനർനിർമ്മിക്കണ മെന്ന് നാട്ടുകാർ ഒന്നടങ്കം, നിരവധി തവണ ആവശ്യപ്പെട്ടു കൊണ്ട് പ്രക്ഷോഭ പരിപാടി കൾ നടത്തിയെങ്കിലും, അതെല്ലാം കേന്ദ്ര സംസ്ഥാന അധികാരികളുടെ ബധിര കർണ ങ്ങളിലാണ് പതിച്ചത്. ഇനിയെങ്കിലും, സർക്കാർ യന്ത്രം അനങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

തുടർച്ചയായി ഉണ്ടാകുന്ന അപകട ശൃംഖലയുടെ ഭാഗമാണ് ഡിസംബർ 15 ഞായറാഴ്ച വെളുപ്പിന് നാല് മണിക്ക് പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ മുറിഞ്ഞകൽ ഗുരുമന്ദിരത്തിനു സമീപം മധുവിധു യാത്ര കഴിഞ്ഞു മടങ്ങി വന്ന ദമ്പതികളുടെ അപകട മരണം. മധുവിധുവിനായി മലേഷ്യയിലേക്ക് പോയ ദമ്പതികളുമായി തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നും കാറിൽ മടങ്ങി വരുന്ന വഴിയാണ് ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ബസ്സുമായി കൂട്ടിയിടിച്ചു ദമ്പതികളും അവരുടെ പിതാക്കളും കൊല്ലപ്പെട്ടത്.

നാടിനെ നടുക്കിയ ആലപ്പുഴ കളർകോട്ടെ അപകടം നടന്നിട്ടും അധിക ദിവസങ്ങൾ ആയിട്ടില്ല. ഡിസംബർ 2-ന് രാത്രിയിലാണ്. ആലപ്പുഴ ടി.ഡി. മെഡിക്കൽ കോളേജിലെ 6 വിദ്യാർഥികൾ ദാരുണമായ അപകടത്തിൽപെട്ട് മരിച്ചത്. സിനിമ കണ്ട് കാറിൽ മടങ്ങിയ ഒന്നാം വർഷ മെഡിക്കൽ വിദ്യാർത്ഥികളാണ് കാറും ബസും കൂട്ടിയിടിച്ചു അകാലത്തിൽ പൊലിഞ്ഞത്. ഇതിനും ഏതാനും നാൾ മുമ്പാണ് നാട്ടികയിൽ ഉറങ്ങിക്കിടന്ന നാടോടികളുടെ മേൽ ലോറി കയറി 5 ജീവനുകൾ എന്നന്നേക്കുമായി നമ്മെ വിട്ടുപിരിഞ്ഞത്.

**അപകടങ്ങൾ തുടർക്കഥ**

കേരളത്തിൽ ഓരോ വർഷവും 42000 ഓളം വാഹനാപകടങ്ങളാണ് ഉണ്ടാവുന്നതെന്നാണ് സംസ്ഥാന സർക്കാരിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. 2016-ൽ 39420 അപകടങ്ങളിലായി 4287 പേർ കൊല്ലപ്പെട്ടു. 2017-ൽ കൊല്ലപ്പെട്ടവരുടെ എണ്ണം 4131 ആയി 2018-ൽ 4303 പേരും. 2019-ൽ 4440 പേരും കൊല്ലപ്പെട്ടു. 2020-ലും 2021-ലും വാഹനാപകട നിരക്കിൽ കാര്യമായ കുറവുണ്ടായി 2979, 3429 എന്നതായിരുന്നു ഈ വർഷങ്ങളിൽ അപകടങ്ങളിൽ കൊല്ലപ്പെട്ടത് ഈ കുറവിന് കാരണം, കോവിഡ് കാരണം ഗതാഗതത്തിൽ വന്ന കുറവുകൊണ്ടു മാത്രമായിരുന്നു. എന്നാൽ 2023-ൽ 4080 ആയി അതു വർധിച്ചു. 2024-ൽ ഒക്ടോബർ വരെ 40821 അപകടങ്ങളും 3168 മരണങ്ങളുമാണ് ഉണ്ടായത്. വാഹനമോടിക്കുന്നവർ മദ്യപിച്ച ശേഷം ഓടിക്കുന്നതും, ദീർഘദൂരം ഓടിക്കുന്നവർ ചിലപ്പോൾ ഇടയ്ക്കു മയങ്ങി പോകുന്നതും യാത്രക്കാരുടെ ശ്രദ്ധക്കുറവുകൊണ്ടുമൊക്കെ അപകടങ്ങൾ ഉണ്ടാകാറുണ്ടെങ്കിലും ഏറ്റവും കൂടുതൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നതു റോഡ് നിർമാണത്തിലെയും, റോഡുകൾ നന്നായി പരിപാലിക്കുന്നതിലുള്ള അപര്യാപ്തതയും മൂലമാണ് കേരള പോലീസിന്റെ കണക്കുകൾ പ്രകാരം 2023-ൽ 48091 വാഹനാപകടങ്ങൾ ഉണ്ടായപ്പോൾ അതിൽ 221 എണ്ണത്തിൽ ഡ്രൈവർമാർ മദ്യപിച്ചു വാഹനമോടിച്ചതായി കണ്ടെത്തി. എന്നാൽ ബഹുഭൂരിപക്ഷം അപകടങ്ങളും ഉണ്ടായിട്ടുള്ളത് റോഡ് നിർമാണത്തിലെ അശാസ്ത്രീയതകൾ കൊണ്ടാണ്.

**അശാസ്ത്രീയമായ റോഡ് നിർമാണം**

നഗരങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ പോലും കാൽനട യാത്രക്കാർക്കായി ഫുട്പാത്തുകളും, സ്ലാബുകളും നിർമ്മിക്കുന്നതിൽ പൊതുമരാമത്ത് വകുപ്പിന് താല്പര്യമില്ല. അഥവാ നിർമ്മിച്ചാൽ പരിപാലിക്കാറുമില്ല പൊതു നിരത്തുകളിൽ സുരക്ഷയുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ തഴയപ്പെടുന്ന ഒരു വിഭാഗം കാൽനട യാത്രക്കാരാണ്. ഓടയിൽ

വീണ് പലർക്കും പരുക്കുപറ്റുന്നതും, മരണമടയുന്നതുമായ വാർത്തകളും ഇടയ്ക്കിടയ്ക്ക് മാധ്യമങ്ങളിൽ നമുക്ക് കാണാം. നവംബർ 23-നു തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്തുള്ള ശ്രീകാര്യത്ത് റോഡിലെ ഓടയിൽ വീണു സെക്രട്ടറിയേറ്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ച ശൈലജയ്ക്ക് ദാരുണാന്ത്യമുണ്ടായി. രാത്രി ഏഴരയ്ക്ക് ഓട്ടോയിൽ നിന്നുമിറങ്ങി വസതിയിലേക്ക് നടക്കുമ്പോളാണ് അവർ സ്ളാബ് ഇല്ലാതിരുന്ന ഭാഗത്തെ ഒന്നരമീറ്റർ ആഴമുള്ള ഓടയിൽ വീണത്. അടുത്ത ദിവസം രാവിലെയാണ് ആളെ തിരിച്ചറിഞ്ഞത് ഇങ്ങനെയുള്ള നിരവധി അപകടങ്ങൾ പൊതുമരാമത്തു വകുപ്പിന്റെയും നഗര സഭയുടെയും കാര്യക്ഷമതയില്ലായ്മ കാരണം ഉണ്ടാകുന്നു.

ദേശീയ പാതയിലെ അപകടങ്ങൾക്ക് കേന്ദ്രസർക്കാറിനൊപ്പം സംസ്ഥാന സർക്കാരിനും ഉത്തരവാദിത്വമുണ്ട്. ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താനും, അത് കൃത്യമായി ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നിയന്ത്രണങ്ങളും മാറ്റങ്ങളും വരുത്തുവാനും ശ്രദ്ധിക്കേണ്ടത് സംസ്ഥാന പൊതുമരാമത്തു വകുപ്പും റോഡ് സുരക്ഷാ അതോറിറ്റിയുമാണ്. ദേശീയപാത അതോറിറ്റി നേരിട്ട് നിർമാണം നടത്തുന്നതും. പരിപാലിക്കുന്നതുമായ റോഡുകൾ ഒഴികെയുള്ള ദേശീയ പാതകൾ പരിപാലനം നടത്തുന്നത് പൊതുമരാമത്തു വകുപ്പിലെ ദേശീയപാത വിഭാഗമാണ്. അതേ സമയം സംസ്ഥാന പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള സംസ്ഥാന പാതകളുടെയും ജില്ലാ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകളുടെയും ഉത്തരവാദിത്വം സംസ്ഥാന സർക്കാരിന് മാത്രമാണ്. മിക്ക റോഡുകളും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. റോഡുകളുടെ മോശം പരിപാലനമാണ്.

റോഡ് അടയാളങ്ങൾ, റിഫ്ളക്റ്റേഴ്സ്, ഡെലിനിയേറ്റേഴ്സ് എന്നിവ ഉൾപ്പെടെയുള്ള റോഡ് ഫർണിച്ചർ സ്ഥാപിക്കേണ്ടതും അവ കൃത്യമായും പരിപാലനം ചെയ്യാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരുപക്ഷേ, സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളാകാം അതിനു കാരണം.

**റോഡുകൾ കയ്യടക്കുന്ന സംഘടനകൾ**

റോഡുകൾ സുരക്ഷിതമായി പരിപാലിക്കാൻ ഉത്തരവാദിത്വമുള്ള പൊതുമരാമത്ത് വകുപ്പിലെയും ഗതാഗത നിയന്ത്രണങ്ങൾ നടത്തുവാൻ ഉത്തരവാദിത്വമുള്ള ഗതാഗത വകുപ്പിലെയും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയാണ് രാഷ്ട്രീയ-സാമുദായിക സംഘടനകൾ റോഡുകൾ കയ്യേറി സുഗമമായ ഗതാഗതത്തിനു തടസ്സമുണ്ടാക്കുന്നത്. ഏതാനും ദിവസങ്ങൾക്കു മുമ്പ് തിരുവനന്തപുരം വഞ്ചിയൂർ കോടതികൾക്ക് സമീപമുള്ള റോഡ് അടച്ചുകെട്ടി സി.പി.എമ്മിന്റെ വഞ്ചിയൂർ ഏരിയ കമ്മിറ്റി സമ്മേളനവും പ്രകടനവും നടത്തിയത് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. പലയിടത്തു, വഴിയോരങ്ങൾ കൈയ്യടക്കിയാണ് സംഘടനകൾ ഓഫീസുകളും സ്വഗതസംഘം ഇരിപ്പിടങ്ങളും കെട്ടുന്നത്. നിലവിലുള്ള എല്ലാ നിയമങ്ങളും അതുപോലെ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവുകളും കാറ്റിൽപ്പറത്തിയാണ് ഉന്നത നേതാക്കൾ പങ്കെടുത്ത സമ്മേളനം നടുറോഡിൽ വച്ച് നടത്തിയത്.

നീതിയും ന്യായവും നടപ്പാക്കുവാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥന്മാരെ പീഡിപ്പിച്ചു മൂലക്കിരുത്തുന്നതിനാൽ, സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ജോലി നിർവഹിക്കാൻ സാധിക്കാത്ത അന്തരീക്ഷമാണ് അതിനുപുറമെ, കിഫ്ബി, ഊരാളുങ്കൽ സൊസൈറ്റി എന്നിവയെ പൊതുമരാമത്തു വകുപ്പിന്റെ ജോലികളും, ഫണ്ടും എല്ലാം ഏൽപ്പിച്ച് സായൂജ്യമടയുകയാണ് സംസ്ഥാന സർക്കാർ.

രാജ്യത്ത് റോഡപകടങ്ങൾ വർധിച്ചതിനാൽ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ മുഖം മറച്ചിരിക്കേണ്ട അവസ്ഥയാണെന്ന് കേന്ദ്ര ഉപരിതല വകുപ്പ് മന്ത്രി നിധിൻ ഗഡ്കരി കഴിഞ്ഞ ദിവസം പാർലമെന്റിൽ പറഞ്ഞു. എന്നാൽ കേരളത്തിൽ ഓരോ ദിവസവും നടക്കുന്ന നടുക്കുന്നതും ദാരുണമായ വാഹനാപകടങ്ങളുടെ ഉത്തരവാദിത്വം തനിക്കുണ്ടെന്ന് ഏറ്റുപറയാൻ ആരുമില്ലെന്നതാണ് അവസ്ഥ.

**അക്ഷമ കേരളം അരക്ഷിത കേരളം**

ക്ഷമയില്ലാത്തവരുടെ വിഹാരകേന്ദ്രമായി പൊതു നിരത്തുകൾ മാറിയിരിക്കുന്നു. സ്വന്തം ജീവനും ഒപ്പം ഉള്ളവരുടെ ജീവനും എത്രത്തോളം വിലപ്പെട്ടതാണ് എന്ന് അവർ തിരിച്ചറിയുന്നില്ല. മുൻ കാലങ്ങളിൽ കുണ്ടും കുഴിയുമായിരുന്ന കേരളത്തിലെ മിക്ക റോഡുകളും ഇന്ന് നവീകരിക്കപ്പെട്ട് അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർന്നിരിക്കുന്നു. പ്രത്യേകിച്ചും ഗ്രാമീണ റോഡുകൾ ഹൈവേകളെപ്പോലെ മാറിയപ്പോൾ ദ്രുത ഗതിയിലുള്ള അനായാസേന യാത്രകൾ സാദ്ധ്യമായി. പക്ഷേ നിയമങ്ങൾ കാറ്റിൽ പറത്താനുള്ള വ്യഗ്രത കൂടുതൽ ശക്തമായി അതിന്റെ ആകത്തുകയാണ് സമീപ കാലത്തു നടന്ന റോഡ് അപകടങ്ങൾ.

കോന്നിയിൽ മുറിഞ്ഞകൽ എന്ന സ്ഥലത്ത് വെളുപ്പിന് നാലരയക്ക് നടന്ന കാർ അപകടത്തിൽ വിലപ്പെട്ട നാല് ജീവൻ പൊലിഞ്ഞു. അതിൽ ദീർഘമായ പ്രണയ ജീവിതത്തിന്റെ സമാപ്തിയിൽ കേവലം 15 ദിവസം മാത്രം ദമ്പതികളായി ജീവിക്കാൻ വിധിക്കപ്പെട്ട നിഖിൽ ഈപ്പൻ മത്തായിയും ഭാര്യ അനു ബിജുവും ഉൾപ്പെടുന്നു. അപകടത്തിന് പ്രധാന കാരണമായി അധികൃതർ കണ്ടെത്തിയത് ഡ്രൈവർ നൂറ്റിപ്പത്ത് കിലോമീറ്ററിൽ അധികം വേഗത്തിൽ വണ്ടി ഓടിച്ചിരുന്നു എന്നതാണ്. കാർ പത്തനംതിട്ട മല്ലശ്ശേരിയിൽ നിന്നു തലേന്ന് രാത്രിയിൽ ഓടിച്ചു പാതി രാത്രിയോടെ തിരുവനന്തപുരത്തു എത്തി. അവിടെ നിന്നും പുലർച്ചെ ഒരുമണിയോടെ മടക്കയാത്ര തുടർച്ചയായ ഡ്രൈവിങ് നിശ്ചയമായും വണ്ടിയോടിച്ചയാളിന് വലിയ ക്ഷീണം നല്കിയിട്ടുണ്ട്. അത്രയും ദൂരം വണ്ടിയോടിക്കേണ്ട ആവശ്യമുള്ളപ്പോൾ സാധാരണ പ്രൊഫഷണൽ ഡ്രൈവർമാരെ വെക്കുന്നതാണ് ഉചിതം. ഉറക്കം വരുമ്പോൾ വണ്ടി നിർത്തിയിടാൻ ശ്രമിക്കുകയും വേണം. റോഡുകൾ മഴക്കാലത്ത് വഴുതും. അപകടങ്ങൾ മഴക്കാല രാത്രികളിൽ പതിവ് ആണ്. വെളുപ്പിനും കുറവല്ല. ഹെൽമെറ്റ് ധരിക്കുന്നത് ചെറുപ്പക്കാർക്ക് വലിയ ബുദ്ധിമുട്ട് ആണ് പോലീസ് വരുമ്പോൾ ത്തന്നെ ഓടിയൊളിക്കാൻ ശ്രമിക്കുന്നു. മദ്യം ഉപയോഗിച്ച ശേഷം ഡ്രൈവിങ് നടത്തുന്നവർ ഇന്ന് ധാരാളം ആണ്. ബിവറേജ് ഔട്ട്ലെറ്റിൽ നിന്നു മദ്യം വാങ്ങി അതിവേഗത്തിൽ കൂട്ടുകാരുടെ അടുത്ത് എത്താൻ വെമ്പുന്ന യുവാക്കൾ ഇന്ന് എല്ലാ പ്രദേശത്തും ഉണ്ട്. അവർ ഒരു കൈയ്യിൽ മൊബൈൽ ഫോൺ വച്ച് തുടർച്ചയായി ഫോൺ ചെയ്തുകൊണ്ടിരിക്കും. പോലീസ്

പിടിച്ചാൽ വഴക്കിടും. ഇവർ റോഡുകളെ ചോരക്കളങ്ങളാക്കുന്നു. ഇത് കൂടാതെ യൂട്യൂബർമാർ സാഹസികമായി ഷൂട്ടിംഗ് നടത്താനും നിരത്തുകൾ ഉപയോഗിക്കുന്നു. സ്വന്തം ജീവൻ പോലും ബലിയർപ്പിച്ചാണ് ഇവർ ഇത്തരം പ്രകടനങ്ങൾ നടത്തുന്നത്. വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ കഴിയാത്തതും ഡ്രൈവിങ്ങിലുള്ള പരിചയക്കുറവും അപകടങ്ങൾക്കു ആക്കം കൂട്ടും.

റോഡ് സിഗ്നലുകൾ ശ്രദ്ധിക്കാൻ ആരും മിനക്കെടുന്നില്ല. റോഡിലെ വരകൾ എന്തിന് വേണ്ടിയെന്ന് നോക്കാറില്ല. മോട്ടോർ വാഹന വകുപ്പ് എ ഐ ക്യാമറകൾ സ്ഥാപിച്ച് കുറ്റവാളികളെ മാതൃകാപരമായി പിഴ ഇടണം.

ഇതിലെല്ലാം ഉപരി പുതിയ വാഹനങ്ങളും വേണം. ജനങ്ങളെ ബോധവൽക്കരിക്കാൻ നിരന്തര സംവിധാനം വേണം. അപകടങ്ങൾ ആഘോഷമാക്കുന്ന മുഖ്യധാരാ മാധ്യമങ്ങളും നവ മാധ്യമങ്ങളും ജനങ്ങളെ അപകടങ്ങളിലേക്ക് ചാടാതിരിക്കാൻ പ്രേരിപ്പിക്കണം.

*(പി.എസ്. ശ്രീകുമാർ, സംസ്ഥാന പൊതുമരാമത്തു വകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായിരുന്നു.)*

**കലാകൗമുദി**
**22-29 ഡിസംബർ 2024**

# കർഷക സമരവും പാർലമെന്ററി സമിതി റിപ്പോർട്ടും

സജി ജോൺ

*വിപണി വിലയിലെ ചാഞ്ചാട്ടത്തേയോ വരുമാനത്തെ പറ്റിയോ ഭയാശങ്കകളില്ലാതെ കാർഷിക വൃത്തിയിൽ ഏർപ്പെടുവാൻ കർഷകർ തയ്യാറാകുന്നതോടെ, ഉല്പാദന സ്ഥിരത കൈവരിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും കഴിയും*

ഭരണഘടന അംഗീകരിക്കപ്പെട്ടതിന്റെ 75–ാം വാർഷികം രാജ്യമെങ്ങും ആഘോഷിക്കപ്പെടുകയാണ്. ഓരോ പൗരനും ഭരണഘടന നൽകിയിട്ടുള്ള സുരക്ഷിതത്വവും അവകാശങ്ങളും കൊണ്ടാടപ്പെടുന്ന വേളയിൽത്തന്നെ, ഭരണഘടനയുടെ സംരക്ഷണത്തിനു വേണ്ടിയുള്ള മുറവിളിയും രാജ്യമെങ്ങും ഉയരുന്നു. കർഷകർ തങ്ങളുടെ മൗലിക അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിൽ വിലപിച്ച് കൃഷിയിടത്തിൽ നിന്നും തെരുവുകളിലേക്ക് പ്രക്ഷോഭവുമായി കൂട്ടമായെത്തുന്നു. ഇതിനിടയിലാണ്, 2024 ഡിസംബർ 17–ന് ലോക്സഭയുടെയും രാജ്യസഭയുടെയും മുമ്പാകെ, കൃഷി–മൃഗ സംരക്ഷണം–ഭക്ഷ്യ സംസ്കരണ വകുപ്പുകൾക്കു വേണ്ടിയുള്ള പാർലമെന്റ് സ്ഥിരം സമിതി, ശ്രദ്ധേയമായ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്.

കാർഷിക മേഖലയുടെ പിന്നാക്കാവസ്ഥയ്ക്കു നിദാനമായ വസ്തുതകൾ വിലയിരുത്തിയും പുത്തൻ നയതന്ത്ര രൂപീകരണത്തിനാവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകിയും ബഹുമുഖ സ്പർശിയായ ഒരു റിപ്പോർട്ടാണ് സമർപ്പിച്ചിട്ടുള്ളത്. രാജ്യത്തിന്റെ വികസന മുന്നേറ്റത്തിൽ കാർഷിക മേഖലയുടെ പ്രാധാന്യം കുറഞ്ഞുവരുന്ന ബജറ്റ് വിഹിതം, നിയമ പിൻബലത്തോടെ വിളകളുടെ താങ്ങുവില പദ്ധതി ദൃഢമാക്കേണ്ടതിന്റെ ആവശ്യകത, കർഷകരുടെ വരുമാനവർധന, ചെറുകിട കർഷകർക്ക് വേണ്ടിയുള്ള നിർബന്ധിത ഇൻഷുറൻസ് പദ്ധതി, കാർഷിക കടം എഴുതിത്തള്ളൽ, കർഷക തൊഴിലാളികളുടെ ക്ഷേമവും മിനിമം വേതനവും ഉറപ്പാക്കൽ, കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പ്രതിരോധം തുടങ്ങി, സമിതി നൽകിയിട്ടുള്ള എല്ലാ ശുപാർശകളും സുപ്രധാനമാണെന്നു മാത്രമല്ല, രാജ്യത്തെ കർഷകർ ഉയർത്തുന്ന മിക്ക ആവശ്യങ്ങളോടും നീതി പുലർത്തുന്നവയാണെന്നുള്ളതും ഏറെ പ്രസക്തമാണ്. പഞ്ചാബിൽ നിന്നുള്ള ലോക്സഭാംഗവും മുൻ മുഖ്യമന്ത്രിയുമായ ചരൺജിത്ത് സിങ് ചന്നി അധ്യക്ഷനായ പാർലമെന്റ് സ്ഥിരം സമിതിയിൽ, 21 ലോക് സഭാംഗങ്ങളും 10 രാജ്യസഭാംഗങ്ങളുമാണുള്ളത്. കേരളത്തിൽ നിന്നുള്ള പി.പി സുനീർ, കൊടിക്കുന്നിൽ സുരേഷ് എന്നിവർ ഈ സമിതിയിൽ അംഗങ്ങളാണ്.

സ്ഥിരം സമിതിയുടെ ശുപാർശകളിൽ ഏറ്റവും പ്രധാനം, വിളകൾക്കുള്ള താങ്ങു

വില സംബന്ധിച്ചുള്ളതാണ്. താങ്ങുവില നിശ്ചയിക്കുന്നതിന് ഇപ്പോൾ പിന്തുടരുന്ന അശാസ്ത്രീയവും കർഷക വിരുദ്ധവുമായ മാനദണ്ഡങ്ങൾ ഒഴിവാക്കി. കൃഷിഭൂമിയുടെ വിലയോ പാട്ടത്തുകയോ കണക്കു ചേർത്തുള്ള ഉല്പാദന ചെലവും, ഒപ്പം 50 ശതമാനം തുക അധികമായി വകയിരുത്തിയും ഉള്ള താങ്ങുവില നിശ്ചയിക്കണമെന്ന എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനും താങ്ങുവില നൽകി കർഷകരിൽ നിന്നും ഉത്പന്നങ്ങൾ സംഭരിക്കുന്നത് സർക്കാരിന്റെ നിയമപരമായ ബാധ്യതയായി മാറ്റുന്നതിനും വേണ്ടിയുള്ള പ്രക്ഷോഭം കർഷകർ ദീർഘനാളായി തുടരുകയാണ്. നിയമ പിൻബലമുള്ള അത്തരത്തിലൊരു താങ്ങുവില സംവിധാനം കർഷക ക്ഷേമത്തിന് മാത്രമല്ല, ഗ്രാമീണ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും അത്യന്താപേക്ഷിതമാണെന്നാണ് സമിതി അഭിപ്രായപ്പെട്ടിട്ടുള്ളത്. ഇത് നടപ്പിലാക്കുന്നതിലെ വെല്ലുവിളികൾ എത്ര വലുതായാലും, നേട്ടങ്ങൾ അതിനു മീതെ ആയിരിക്കും എന്നും രാജ്യത്തിന് വഴിത്തിരിവായി മാറുമെന്നും സമിതി വ്യക്തമാക്കുന്നു. തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാകുമ്പോൾ, കാർഷിക മേഖലയിൽ കൂടുതൽ മുതൽ മുടക്കിനു കർഷകർ തയ്യാറാവുകയും അത് വിളകളുടെ ഉയർന്ന ഉല്പാദന ക്ഷമതക്കും സുസ്ഥിര കാർഷിക വളർച്ചയ്ക്കും സഹായകമാകുമെന്ന് സമിതി വിലയിരുത്തുന്നു.

വിപണി വിലയിലെ ചാഞ്ചാട്ടത്തേയോ വരുമാനത്തെ പറ്റിയോ ഭയാശങ്കകളില്ലാതെ കാർഷികവൃത്തിയിൽ ഏർപ്പെടുവാൻ കർഷകർ തയ്യാറാകുന്നതോടെ ഉല്പാദന സ്ഥിരത കൈവരിക്കുന്നതിനും പൊതു വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും കഴിയും. പെരുകുന്ന കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനും കട ബാധ്യതകൾ കുറച്ചുകൊണ്ടു വരുന്നതിനും മാത്രമല്ല, കർഷകരുടെ മാനസിക വ്യഥകൾ ഒഴിവായി മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നതിനും ഇത് സഹായകം ആകുമെന്ന് സമിതി വ്യക്തമാക്കുന്നു. താങ്ങുവില സംബന്ധിച്ച ശുപാർശ നടപ്പിലാക്കുന്നതിനാവശ്യമായ റോഡ് മാപ്പ് അടിയന്തിരമായി പ്രഖ്യാപിക്കുവാൻ കൃഷിമന്ത്രാലയം തയ്യാറാകണമെന്ന് ശക്തമായ ഭാഷയിലാണ് സമിതി ആവശ്യപ്പെട്ടിട്ടുള്ളത്. സുപ്രധാനമായ മറ്റൊരു ശുപാർശ, കർഷക തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ചാണ്.

വകുപ്പിന്റെ പേരുതന്നെ 'കാർഷിക, കർഷക-കർഷക തൊഴിലാളി ക്ഷേമ വകുപ്പ്' എന്നാക്കി മാറ്റണമെന്നാണ് നിർദ്ദേശം. നിലവിൽ കൃഷിയും തൊഴിലും വ്യത്യസ്ത മന്ത്രാലയങ്ങൾ കൈകാര്യം ചെയ്തു വരുന്ന സാഹചര്യത്തിൽ വകുപ്പിന്റെ പേരുമാറ്റം എത്രമാത്രം പ്രയോഗികമാകുമെന്ന സംശയം നിഴലിക്കാമെങ്കിലും, ദൃഢമായ നിലപാടാണ് ഇക്കാര്യത്തിൽ സമിതി സ്വീകരിച്ചിട്ടുള്ളത്. എല്ലാവരെയും ഉൾക്കൊള്ളിച്ചുള്ള നയസമീപനമാണ് കാർഷിക മേഖലയുടെ സമഗ്രമായ മുന്നേറ്റത്തിനും ഭരണ നിർവഹണത്തിനും അനിവാര്യം എന്നാണ് സമിതിയുടെ കണ്ടെത്തൽ കാർഷിക വൃത്തിയിൽ കർഷകർക്കൊപ്പം അധ്വാനിക്കുന്ന തൊഴിലാളികളെയും അവരുടെ പ്രശ്നങ്ങളെയും മുഖ്യ ധാരയിലേക്ക് എത്തിക്കേണ്ടതുണ്ടെന്നു സമിതി

വിലയിരുത്തുന്നു. കർഷകത്തൊഴിലാളികളുടെ സാമ്പത്തിക വരുമാനസ്ഥിരതയും അവരുടെ ക്ഷേമം ഉറപ്പാക്കലും പ്രധാനപ്പെട്ട ഘടകമാണ്. അതിനാൽ, കർഷക തൊഴിലാളികൾക്ക് കുറഞ്ഞ ജീവന വേതനം ഉറപ്പു വരുത്തുവാൻ ദേശീയ കമ്മിഷനെ നിയമിക്കണമെന്നാണ് സമിതി ശുപാർശ ചെയ്തിട്ടുള്ളത്. കർഷകർക്ക് നൽകുന്ന ഇൻസെന്റീവുകൾ പാട്ടക്കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും ബാധകമാക്കണമെന്ന നിർദേശവും സമിതി മുന്നോട്ടു വച്ചിട്ടുണ്ട്.

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഫലം കാണാത്തത്, ആശങ്കയോടെയാണ് സമിതി വിലയിരുത്തുന്നത്. നബാർഡിന്റെ 2022-23-ലെ ഗ്രാമീണ സാമ്പത്തിക സർവേ പ്രകാരം, ഗ്രാമീണ ഭവനങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം 2016-17-ൽ 8,059 രൂപ ആയിരുന്നത്. അഞ്ച് വർഷത്തിനിപ്പുറം 2021-22 ൽ വെറും 12,698 രൂപയായി മാത്രമാണ് വർധിച്ചിട്ടുള്ളത് (57.6 ശതമാനം). അതേസമയം, ഇതേ കാലയളവിലെ പ്രതിമാസ കുടുംബ ച്ചെലവ് 69.4 ശതമാനം വർധിച്ചു. ഇതിനർത്ഥം, വരുമാനത്തേക്കാൾ നിത്യച്ചെലവ് വർധിക്കുന്ന സാഹചര്യത്തിലാണ് ഗ്രാമീണ കുടുംബങ്ങൾ എന്നുള്ളതാണ്. കടമെടുത്ത് മുന്നോട്ടു പോകുന്ന കുടുംബങ്ങളുടെ എണ്ണം 47.4-ൽ നിന്നും 52 ശതമാനമായും ഉയർന്നിട്ടുണ്ട്. അതിനാൽ, കർഷകർ കടക്കെണിയിലും കള്ളക്കെണികളിലും വീഴാതിരിക്കുവാൻ കൃഷിവകുപ്പ് ജാഗ്രത കാട്ടണം, കടം എഴുതിത്തള്ളുന്നതിന് സർക്കാർ തയ്യാറാകണമെന്നും ഇതിനായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കണമെന്നും സമിതി ആവശ്യപ്പെട്ടു. അതു പോലെ, 2019-ൽ ആരംഭിച്ച പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരമുള്ള ആനുകൂല്യം, പ്രതിവർഷം 6000 രൂപ എന്ന നിരക്കിൽ തന്നെ തുടരുകയാണ്. ഇത് 12000 രൂപയാക്കണമെന്നും സമിതി ശുപാർശ ചെയ്തു.

കേന്ദ്രസർക്കാരിന്റെ മൊത്തം ബജറ്റിൽ കാർഷിക മേഖലയ്ക്ക് നീക്കിവയ്ക്കുന്ന തുകയിൽ തുടർച്ചയായി കുറവ് സംഭവിക്കുന്നു എന്നത് വലിയ പ്രാധാന്യത്തോടെ സമിതി രേഖപ്പെടുത്തി. രാജ്യത്തെ ജനങ്ങളിൽ 54.6 ശതമാനവും തൊഴിലെടുക്കുന്നത്, കാർഷിക മേഖലയിലാണ്. 2022-23-ലെ കണക്കുകൾ പ്രകാരം, മൊത്തം സാമ്പത്തിക മൂല്യത്തിൽ (ജിവിഎ), കാർഷിക മേഖലയുടെ പങ്ക് 18.4 ശതമാനമാണ്. എന്നാൽ 2024-25 വർഷം വകുപ്പിന് നീക്കിവച്ചിരിക്കുന്ന വിഹിതം 1.22 ലക്ഷം കോടിയാണ്. മൊത്തം ബജറ്റിന്റെ 2.54 ശതമാനം മാത്രം. കഴിഞ്ഞ 7 വർഷത്തിനിടയിലെ ഏറ്റവും കുറഞ്ഞ വളർച്ചാനിരക്കാണ് (1.4 ശതമാനം) കഴിഞ്ഞ വർഷം കാർഷിക മേഖല രേഖപ്പെടുത്തിയത്. മുൻ വർഷം ഇത് 4.7 ശതമാനമായിരുന്നു.

അതുപോലെ, കാലാവസ്ഥാ വ്യതിയാനം കാർഷിക മേഖലയ്ക്ക് വെല്ലുവിളി ഉയർത്തുന്ന സാഹചര്യത്തിൽ സുസ്ഥിര കാർഷിക വികസനം സാധ്യമാക്കുന്നതിന് എല്ലാവിധ സഹായങ്ങളും കർഷകർക്ക് നൽകേണ്ടതുണ്ട്. വർധിച്ചു വരുന്ന പ്രകൃതി ക്ഷോഭത്തിന്റെയും വിളനാശത്തിന്റെയും പശ്ചാത്തലത്തിൽ, രണ്ടു ഹെക്ടറിൽ താഴെ മാത്രം കൃഷി ഭൂമിയുള്ള എല്ലാ ചെറുകിട കർഷകരെയും നിർബന്ധമായും ഒരു 'സമ്പൂർണ്ണ വിള ഇൻഷുറൻസ്' പദ്ധതിയുടെ കീഴിൽ കൊണ്ടുവരുവാൻ തയ്യാറാകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

കാലാവസ്ഥാ വ്യതിയാനത്തിനെതിരായുള്ള പ്രതിരോധം ഉയർത്തി, ചെറുകിട കർഷകർക്ക് ആത്മവിശ്വാസത്തോടെയും സാമ്പത്തിക സുരക്ഷിതത്വത്തോടെയും കാർഷിക വൃത്തിയിൽ ഏർപ്പെടുവാൻ ഇത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു.

കാർഷികമേഖലയിലെ അടിസ്ഥാന വികസനം ലോകനിലവാരത്തിലേക്ക് ഉയർത്തണമെങ്കിൽ, കൂടുതൽ സാമ്പത്തിക നിക്ഷേപം സാധ്യമാക്കേണ്ടതുണ്ടെന്നും സമിതി വ്യക്തമാക്കി. കാർഷികോല്പന്നങ്ങളുടെ അന്താരാഷ്ട്ര കയറ്റുമതിയും ഇറക്കുമതിയും സംബന്ധിച്ച നയരൂപീകരണത്തിന് 'അഗ്രിക്കൾച്ചറൽ കോസ്റ്റ് ആന്റ് പ്രൈസസ് കമ്മീഷൻ' പോലെ, ഒരു സ്ഥിരം സംവിധാനത്തിനു രൂപം കൊടുക്കേണ്ടതുണ്ടെന്നും ഇതിൽ കാർഷിക വിദഗ്ദ്ധരെയും കർഷക പ്രതിനിധികളെയും ഉൾപ്പെടുത്തേണ്ടതാണെന്നുള്ള നിർദേശവും സമിതി മുന്നോട്ടു വച്ചിട്ടുണ്ട്. നിയമ നിർമാണത്തിലും നയരൂപീകരണത്തിലും പാർലമെന്റിന്റെ ഇരുസഭകളെയും സഹായിക്കുവാൻ രൂപം കൊടുത്തിട്ടുള്ള വിവിധ സമിതികൾക്ക്, വലിയ ചുമതലകളാണ് നമ്മുടെ പാർലമെന്ററി സമ്പ്രദായത്തിൽ നിർവചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ ഈ വകുപ്പുതല സമിതികൾ മിക്കപ്പോഴും നോക്കുകുത്തികളായി മാറുന്ന അനുഭവമാണ് സമകാലിക ചരിത്രം നമുക്ക് വെളിവാക്കി തരുന്നത്. അതിനാൽ, കൃഷി-മൃഗ സംരക്ഷണം -ഭക്ഷ്യസംസ്കരണ വകുപ്പുകൾക്കു വേണ്ടിയുള്ള പാർലമെന്റ് സ്ഥിരം സമിതിയുടെ ശുപാർശകൾ പ്രാവർത്തികമാകുന്നതിന് പാർലമെന്റിന് അകത്തും പുറത്തും ശക്തമായ പൊതുജനാഭിപ്രായം ഉയർന്നു വരേണ്ടത് അനിവാര്യമാണ്.

**ജനയുഗം**

**25 ഡിസംബർ 2024**

# നിയമങ്ങളുടെ പൊളിച്ചെഴുത്ത് നീതി നിഷേധമാവരുത്

അഡ്വ. ടി. ആസഫ് അലി

*രാജ്യത്തെ ക്രിമിനൽ നിയമങ്ങളായ ഐപിസി, സിആർപിസി എന്നിവയ്ക്ക് പകരം പുതിയ നിയമങ്ങൾ ജൂലൈ ഒന്നുമുതൽ നടപ്പാകും.*

ബ്രിട്ടീഷ് കൊളോണിയൽ ശിക്ഷാ നിയമങ്ങൾ പൊളിച്ചെഴുതുന്നു എന്നു പറഞ്ഞ് കേന്ദ്ര സർക്കാർ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമത്തിനു പകരം രണ്ടാം ഭാരതീയ ന്യായ സൻഹിതയെന്നും 1973-ലെ ക്രിമിനിൽ നടപടി സൻഹിതക്കു പകരം രണ്ടാം ഭാരതീയ നാഗരിക സുരക്ഷാ സൻഹിതയെന്നും 1872-ലെ ഇന്ത്യൻ തെളിവ് നിയമത്തിനു പകരം രണ്ടാം ഭാരതീയ സാക്ഷ്യ അധിനയമെന്നും പുനർനാമകരണം ചെയ്തു. 2023 ഡിസംബർ 21-നാണ് 146 പ്രതിപക്ഷ അംഗങ്ങളെ സസ്പെന്റ് ചെയ്ത വേളയിൽ പുതിയ നിയമങ്ങൾ യാതൊരു ചർച്ചയും കൂടാതെയാണ് പാസ്സാക്കിയെടുത്തത്. 2024 ജൂലൈ ഒന്നിന് ഇത് നടപ്പിൽ വരുമെന്നാണ് കേന്ദ്രസർക്കാർ വിജ്ഞാപനം.

### ഭാരതീയ ന്യായ സൻഹിത

1834-ൽ രൂപംകൊണ്ട തോമസ് ബോബിങ്ങ്ഹാം മെക്കോളെ അദ്ധ്യക്ഷ നായ പ്രഥമ നിയമ കമ്മിഷൻ തയ്യാറാക്കി രൂപം നൽകിയ ഇന്ത്യൻ പീനൽകോഡ് 164 വർഷം പഴക്കമുള്ള പീനൽ കോഡ് 1860 ഒക്ടോബർ ആറിനാണ് പ്രാബല്യത്തിൽ വന്നത്. ഒന്നര നൂറ്റാണ്ടു പിന്നിട്ട ശിക്ഷാ നിയമം കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പൊളിച്ചെഴുതണമെന്നത് ചരിത്രപരമായ ഒരു ആവശ്യമാണ്. പക്ഷേ, ഭരണകൂടത്തിന്റെ അനാവശ്യ ധൃതിയും ചർച്ച കൂടാതെ പാസ്സാക്കിയെടുത്ത രീതിയും ഉദ്ദിഷ്ട ലക്ഷ്യം നേടാനായില്ലെന്നതാണ് യാഥാർത്ഥ്യം. പഴയ പീനൽകോഡിലെ 511 വകുപ്പുകളിൽ 24 വകുപ്പുകൾ നീക്കം ചെയ്തും 20 പുതിയ കുറ്റങ്ങൾ കൂട്ടിച്ചേർത്തു. മൊത്തം 356 വകുപ്പുകളുള്ള പുതിയ നിയമത്തിൽ പ്രേരണ, ശ്രമം, ഗൂഢാലോചന എന്നീ അപൂർണ്ണ കുറ്റങ്ങൾ ഒരുമിച്ച് നാലാം അദ്ധ്യായത്തിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റങ്ങളെല്ലാം പീനൽ കോഡിൽ വ്യത്യസ്ത അദ്ധ്യായങ്ങളിലുണ്ടായിരുന്നത് അഞ്ചാം അദ്ധ്യായത്തിൽ മനുഷ്യ ശരീരത്തിന് എതിരായ കുറ്റങ്ങളിൽ മുൻഗണനാക്രമത്തിൽ ചേർത്തിട്ടുണ്ട്.

### സാമൂഹ്യസേവനം

വധശിക്ഷ, ജീവപര്യന്തം, കഠിന തടവ്, വെറും തടവ് വസ്തു കണ്ടുകെട്ടൽ, പിഴ എന്നീ ശിക്ഷാരീതികൾക്കു പുറമെ സാമൂഹ്യസേവനവും ഭാരതീയ ന്യായ സൻഹിത (ബി.എൻ.എസ്) നാലാം വകുപ്പിൽ പുതുതായി ചേർത്തെങ്കിലും സാമൂഹ്യ സേവനത്തിനു നിർവ്വചനം നൽകാത്തതിനാൽ അവ്യക്തത നില നിൽക്കും. പൊതുസേവകൻ നിയമ വിരുദ്ധമായി വ്യാപാരത്തിൽ ഏർപ്പെടുക (202 വകുപ്പ്), കോടതിയിൽ ഹാജരാകാൻ വാറണ്ടും വിളംബരവും പുറപ്പെടുവിച്ചിട്ടും

ഹാജരാകാതിരിക്കൽ (2029-ാം വകുപ്പ്), പൊതുസേവകനെ നിയമാനുസൃതമായ അധികാരം ഉപയോഗിക്കാൻ വേണ്ടി ആത്മഹത്യാശ്രമം അഥവാ നിരാഹാര സത്യാഗ്രഹം (226-ാം വകുപ്പ്), 5000 രൂപയിൽ വിലമതിപ്പുള്ള വസ്തുവിന്റെ ആദ്യ മോഷണം നടത്തി മോഷണവസ്തു തിരികെ നൽകിയാലുള്ള കുറ്റം (303(2) വകുപ്പ്), പൊതുസ്ഥലത്തു മദ്യപിച്ച് മര്യാദകേടായി പെരുമാറുക (355-ാം വകുപ്പ്), അപകീർത്തിയുണ്ടാകുന്ന പ്രസിദ്ധീകരണം അച്ചടിക്കുക (356 (3) വകുപ്പ്) എന്നീ കുറ്റങ്ങൾക്കാണ് തടവു ശിക്ഷയോ പിഴയോ അല്ലെങ്കിൽ സാമൂഹ്യ സേവനവും ശിക്ഷയായി വ്യവസ്ഥ ചെയ്തിട്ടുള്ളത്.

**പുതിയ കുറ്റങ്ങൾ**

ബി.എൻ.എസ് അനുസരിച്ച് ഇന്ത്യയിൽ ശിക്ഷാർഹമായ കുറ്റം ചെയ്യാൻ ഇന്ത്യയ്ക്ക് പുറത്തുനിന്നും പ്രേരണ നൽകുന്നത് ബി.എൻ.എസ് 48-ാം വകുപ്പനുസരിച്ച് ശിക്ഷാർഹമായ കുറ്റമാണ്. സ്ത്രീകൾക്കെതിരെയുള്ള വൈവാഹിക കുറ്റങ്ങൾ ബി.എൻ.എസ് കർശനമാക്കിയതിനെ തുടർന്ന് വിവാഹ വാഗ്ദാനം നൽകി ചതിയിൽകൂടി ലൈംഗികമായി സ്ത്രീകളുമായി ബന്ധപ്പെടുന്ന കുറ്റം 69-ാം വകുപ്പനുസരിച്ച് 10 വർഷം വരെ തടവും പിഴയുമുള്ള കുറ്റമാണ്. ഐ.പി.സി അനുസരിച്ച് സമാനമായ കുറ്റം വെറും ചതി മാത്രം ആരോപിച്ച് 417-ാം വകുപ്പനുസരിച്ച് ഒരു വർഷം വെറും തടവോ പിഴയോ മാത്രം വിധിക്കാവുന്നതും പൊലീസിനു നേരിട്ട് കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ കേസ് റജിസ്റ്റർ ചെയ്യാൻ അധികാരമില്ലാത്ത കുറ്റമായിരുന്നു.

ബലാത്സംഗം തുടങ്ങി ലൈംഗിക കേസുകളുമായി ബന്ധപ്പെട്ട് കോടതി നടപടികൾ പ്രസിദ്ധീകരിക്കുമ്പോൾ കോടതിയുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ പ്രസിദ്ധീകരിക്കുന്നത് ബി.എൻ.എസ്. 73-ാം വകുപ്പനുസരിച്ച് രണ്ട് വർഷം വരെ വെറും തടവോ പിഴയോ വിധിക്കാവുന്ന കുറ്റമാക്കി. കുട്ടികളെ കുറ്റകൃത്യം ചെയ്യാൻ വേണ്ടി ഏർപ്പെടുത്തുന്നത് ബി.എൻ.എസ് 95-ാം വകുപ്പനുസരിച്ച് മൂന്ന് വർഷത്തിൽ കുറയാത്തതും 10 വരെയാക്കാവുന്ന തടവും പിഴയും വിധിക്കാവുന്ന കുറ്റമായി വ്യവസ്ഥ ചെയ്തിട്ടുള്ളതും കുട്ടികളുടെ സുരക്ഷാ നിയമമാണ്.

ബി.എൻ.എസ് 111(3) വകുപ്പ് അനുസരിച്ച് ഏതെങ്കിലും ഒരു വ്യക്തിയോ ഒരു കൂട്ടം ആളുകളോ ഒറ്റയായോ കൂട്ടായോ സംഘടിത കുറ്റ കൃത്യ സംഘത്തിലെ അംഗമെന്ന നിലയിലോ ഭീക്ഷണിപ്പെടുത്തിയോ ബലം പ്രയോഗിച്ചോ ആക്രമണം നടത്തിയോ മറ്റ് നിയമവിരുദ്ധ മാർഗ്ഗത്തിൽ കൂടിയോ നേരിട്ടോ അല്ലാതെയോ സാമ്പത്തിക നേട്ടങ്ങൾക്കായി മനുഷ്യരെ തട്ടി കൊണ്ടുപോവുകയോ വസ്തു അപഹരിക്കുകയോ വാഹന മോഷണം നടത്തുകയോ പിടിച്ചുപറിക്കുകയോ ഭൂമി തട്ടിപ്പറിക്കുകയോ കരാറു കൊല നടത്തുകയോ സാമ്പത്തിക കുറ്റം ചെയ്യുകയോ സൈബർ കുറ്റകൃത്യം ചെയ്യുകയോ ആയുധമോ നിയമവിരുദ്ധ വസ്തുക്കളോ സേവനമോ ചെയ്യുകയോ വ്യഭിചാരത്തിനായി മനുഷ്യക്കടത്ത് ചെയ്യുകയോ മോചനദ്രവ്യം ആവശ്യപ്പെടുകയോ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും 'സംഘടിത കുറ്റകൃത്യ'മായി വിവരിച്ചിട്ടുണ്ട്. മേൽ വിവരിച്ച സംഘടിത കുറ്റകൃത്യം

ചെയ്ത് മരണം സംഭവിച്ചാൽ വധശിക്ഷയോ ജീവപര്യന്തം തടവോ രണ്ട് ലക്ഷത്തിൽ കുറയാത്ത പിഴയടക്കമുള്ള ശിക്ഷയാക്കി ബി.എൻ.എസ് 111(2) (എ)-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മരണം സംഭവിക്കാത്ത സംഘടിത കുറ്റകൃത്യം ചെയ്യുന്നത് 111(2) (ബി) വകുപ്പനുസരിച്ച് അഞ്ച് വർഷത്തിൽ കുറയാത്തതും ജീവപര്യന്തം വരെയാക്കാവുന്ന കുറ്റമാണ്. സംഘടിത കുറ്റകൃത്യത്തിന്റെ നിർവ്വചനത്തിൽ വിവരിച്ച 'സാമ്പത്തിക കുറ്റം' എന്താണെന്നു നിർവ്വചിക്കാത്തതും ഭൂമി തട്ടിയെടുക്കൽ സംഘടിത കുറ്റകൃത്യമാക്കിയതും നിയമത്തിന്റെ ദുരുപയോഗത്തിനു സാഹചര്യമുണ്ടാക്കും. ചെറുതും വലുതുമായ ഭൂമി കയ്യേറ്റങ്ങൾ സംഘടിത കുറ്റകൃത്യത്തിന്റെ പരിധിയിൽപ്പെടുത്തി കേസെടുക്കാവുന്ന അവസ്ഥ നിരവധി ഉത്തമവിശ്വാസത്തോടുകൂടി ഭൂമിയിലെ അളവ് വ്യത്യാസത്തെ തുടർന്നുണ്ടാവുന്ന സിവിൽ തർക്കങ്ങൾപോലും സംഘടിത കുറ്റകൃത്യമായി വ്യാഖ്യാനിച്ച് കേസെടുക്കുന്ന സ്ഥിതിയുണ്ടാവും. ബി.എൻ.എസ് 112-ാം വകുപ്പനുസരിച്ചുള്ള 'നിസ്സാര സംഘടിത കുറ്റത്തിന്റെ' നിർവ്വചനമനുസരിച്ച് ഏതൊരാളും വ്യക്തിയെന്ന നിലയിൽ സ്വന്തമായോ മറ്റുള്ളവരുമായി ചേർന്നോ മോഷണമോ തട്ടിപ്പറിയോ ചതിയോ നിയമവിരുദ്ധമായി ടിക്കറ്റ് വിൽപ്പന നടത്തുന്നതോ ചൂതാട്ടം നടത്തുന്നതോ പൊതു പരീക്ഷയുടെ ചോദ്യക്കടലാസ് വിൽപ്പന നടത്തുന്നതോ അതുപോലുള്ള മറ്റ് കുറ്റകൃത്യം ചെയ്യുന്നത് ഒരു വർഷത്തിൽ കുറയാത്തതും ഏഴ് വർഷത്തിൽ കവിയാത്തതുമായ തടവ് ശിക്ഷയോ പിഴയോ ചുമത്താവുന്ന കുറ്റമാണ്. മേൽ വിവരിച്ച സംഘടിത കുറ്റകൃത്യത്തിന്റേയും നിസ്സാര സംഘടിത കുറ്റകൃത്യത്തിന്റേയും നിർവ്വചനം പരിശോധിച്ചാൽ വാഹനം തട്ടിക്കൊണ്ടുപോകുന്നതും തനിക്കവകാശമില്ലാത്ത അന്യന്റെ ഭൂമി കൈവശം വെക്കുന്നതും അഞ്ച് വർഷത്തിൽ കുറയാത്തതും ഏഴ് ജീവപര്യന്തം വരെയാവുന്ന കുറ്റമാണ്. എന്നാൽ, നിസ്സാര കുറ്റകൃത്യമെന്ന നിലയിൽ ഏറ്റവും കുറഞ്ഞ ഒരു വർഷത്തെ തടവുശിക്ഷ വ്യവസ്ഥ ചെയ്തിട്ടുള്ള കുറ്റങ്ങൾ ഏറെയും ഗുരുതര സ്വഭാവമുള്ളതാണ്. ഇതിൽ നിന്നും നിയമത്തിൽ കുറ്റത്തിന്റെ കാഠിന്യമനുസരിച്ച് ശിക്ഷ വ്യവസ്ഥ ചെയ്തതിലെ വൈരുദ്ധ്യമാണ് പ്രകടമാക്കുന്നത്. അതേപോലെ നിസ്സാര കുറ്റകൃത്യത്തിൽ ' സമാന കുറ്റകൃത്യം' എന്നതിനും നിർവ്വചനം നൽകിയിട്ടില്ല. അതുമൂലം പൊലീസിന് ഏതുവിധത്തിലും വ്യാഖ്യാനിക്കാൻ അവസരം സൃഷ്ടിക്കും. ബി.എൻ.എസ് 304-ാം വകുപ്പനുസരിച്ച് ഇളകുന്ന മുതലുകളുടേയും മോഷണം ഏതെങ്കിലും വ്യക്തിയിൽനിന്നു ബലംപ്രയോഗിച്ച് നടത്തുന്നത് തട്ടിപ്പറിക്കൽ എന്ന പ്രത്യേക വകുപ്പ് എഴുതിച്ചേർത്ത് മൂന്ന് വർഷം വരെ തടവുശിക്ഷ നൽകാവുന്ന കുറ്റമായി വ്യവസ്ഥ ചെയ്തതും പുതിയ കുറ്റമാണ്.

**രാജ്യദ്രോഹക്കുറ്റം**

ബ്രിട്ടീഷ് ഭരണാധികാരികൾ നടപ്പിലാക്കിയ ഇന്ത്യൻ പീനൽകോഡിലെ രാജ്യദ്രോഹക്കുറ്റ(124 എ വകുപ്പ്)ത്തിന്റെ ദുരുപയോഗം അതിരുകടന്നപ്പോൾ സുപ്രീംകോടതി തന്നെ മരവിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ബി.എൻ.എസിലെ രാജ്യദ്രോഹകുറ്റം വിവരിക്കുന്ന 152-ാം വകുപ്പ് പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ ചേർത്തതായി കാണാം. 124 എ വകുപ്പിൽ വിവരിച്ച സർക്കാരിനെതിരെ അപ്രിയമുണ്ടാക്കുന്ന

നടപടി എടുത്തു മാറ്റിയെങ്കിലും ആരെങ്കിലും വാക്കാലോ എഴുത്തു വഴിയോ ആംഗ്യേനയോ ഇലക്ട്രോണിക് രൂപേനയോ വിഘടനവാദ പ്രവർത്തനങ്ങൾ അട്ടിമറി പ്രവർത്തനങ്ങൾ, സായുധകലാപം ഭാരതത്തിന്റെ അഖണ്ഡതയ്ക്കെതിരായ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്നതു ജീവപര്യന്തം തടവ് ശിക്ഷയോ ഏഴ് വർഷം വരെ തടവ് ശിക്ഷയോ നൽകാവുന്ന കുറ്റമാണ്. പക്ഷേ, 'സായുധ കലാപം', വിഘടനവാദ പ്രവർത്തനങ്ങൾ, 'അട്ടിമറി പ്രവർത്തനങ്ങൾ' എന്നീ സുപ്രധാന കൃത്യങ്ങൾക്കു യാതൊരു വിവരണമോ നിർവ്വചനമോ നൽകാതെ ഭരിക്കുന്ന ഭരണാധികാരികളുടേയും പൊലീസിന്റെ ഇഷ്ടങ്ങളനുസരിച്ച് അർത്ഥം നൽകി തങ്ങളുടെ എതിരാളികളെ കള്ളക്കേസിൽ കുടുക്കാൻ അവസരമൊരുക്കുന്ന ഗുരുതര സ്ഥിതിവിശേഷം പുതിയ സൻഹിത നടപ്പിൽ വരുന്നതോടുകൂടി സൃഷ്ടിക്കപ്പെടും. ആയത് പഴയ 124 എ വകുപ്പിന്റെ തനിയാവർത്തനമായി മാറും.

### നിരാഹാര സത്യഗ്രഹം കുറ്റകരമാക്കി

പഴയ ഐ.പി.സിയിലെ ആത്മഹത്യ ശ്രമം (309-ാം വകുപ്പ്) അനുസരിച്ച് നിരാഹാര സത്യാഗ്രഹം ചെയ്യുന്നവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ പാടില്ലെന്ന് ഹൈക്കോടതികളുടേയും സുപ്രീംകോടതികളുടേയും നിരവധി വിധിന്യായങ്ങൾ ഉണ്ട്. മാത്രമല്ല, 2017-ലെ മെന്റൽ ഹെൽത്ത് ആക്ട് അനുസരിച്ച് ആത്മഹത്യാശ്രമം കുറ്റകരമല്ലാതായി. പക്ഷേ, നിരാഹാര സത്യാഗ്രഹം ലക്ഷ്യം വെച്ച് ഏതെങ്കിലും പൊതു സേവകൻ തങ്ങളിൽ നിക്ഷിപ്തമായ നിയമാനുസൃതമായ അധികാരം നിർവ്വഹിക്കണമെന്നാവശ്യപ്പെട്ട് മരണംവരെ സത്യാഗ്രഹം നടത്തുന്ന കുറ്റം ന്യായ സൻഹിത 226-ാം വകുപ്പനുസരിച്ച് കുറ്റകരമാക്കിയത് ഗാന്ധിയൻ സമര മുറ തമസ്കരിക്കാനും രാഷ്ട്രീയ ദുരുദ്ദേശ്യത്തോടു കൂടിയാണെന്നു വ്യക്തം. വർഗ്ഗം, ലിംഗ, ഭാഷ, വിശ്വാസം, ജനനസ്ഥലം, മതം എന്നീ വിദ്വേഷങ്ങളുടെ അടിസ്ഥാനത്തിൽ അഞ്ചോ അതിലധികം ആളുകൾ ചേർന്ന് മറ്റൊരു വിഭാഗത്തിലെ ആളുകളെ കൊല്ലുന്ന കുറ്റം വധശിക്ഷയോ, ജീവപര്യന്തം തടവുൾപ്പെടെ പിഴ വിധിക്കാവുന്ന കുറ്റമായിട്ടാണ് 113(2) വകുപ്പിൽ വിവരിച്ചിരിക്കുന്ന ആൾക്കൂട്ട കൊല അതീവ ഗുരുതര കുറ്റമായി ബി.എൻ.എസിൽ വിവരിച്ചിട്ടുണ്ട്.

### സ്ത്രീകൾക്കെതിരായ കുറ്റം

ഒന്നിൽ കൂടുതൽ ആളുകൾ 18 വയസ്സിനു താഴെ പ്രായമുള്ള പെൺകുട്ടിയെ ബലാത്സംഗം ചെയ്ത കുറ്റത്തിൽ സംഘത്തിലുള്ള ഓരോ വ്യക്തിയും ചെയ്ത ബലാത്സംഗമായി കണക്കാക്കി ശേഷിക്കുന്ന ജീവിതകാലം മുഴുവനും തടവ് ശിക്ഷയും പിഴയും അല്ലെങ്കിൽ വധശിക്ഷ എന്ന കുറ്റമാക്കിക്കൊണ്ടും പിഴ സംഖ്യ അതിജീവിതയുടെ പുനരധിവാസത്തിനും ചികിത്സയ്ക്കും മതിയായ സംഖ്യ പിഴ കണക്കാക്കി വിധിക്കണമെന്നും ബി.എൻ.എസ് 70(2) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### തരംതിരിച്ചുള്ള അശ്രദ്ധാക്കുറ്റം

നരഹത്യയല്ലാത്ത അശ്രദ്ധമൂലം സംഭവിക്കുന്ന മരണം അഞ്ച് വർഷം വരെ തടവും പിഴയും വിധിക്കാവുന്ന കുറ്റമായി സൻഹിത 106-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തെങ്കിലും പഴയപീനൽ കോഡിലേതു പോലെ ജാമ്യം ലഭിക്കുന്നതും ഒന്നാം ക്ലാസ്

മജിസ്ട്രേറ്റിനു വിചാരണ ചെയ്യാവുന്നതായി നിലനിർത്തുകയുണ്ടായി. മാത്രമല്ല ഡോക്ടർമാരുടെ ഭാഗത്തുനിന്നുണ്ടാവുന്ന അനാസ്ഥയെ തരംതിരിച്ച് പരമാവധി രണ്ട് വർഷം തടവും പിഴയുമാക്കി തരം തിരിച്ചിരിക്കുകയാണ്. പഴയ പീനൽ കോഡിൽ അശ്രദ്ധമൂലമുണ്ടാവുന്ന മരണം വെറും പരമാവധി രണ്ട് വർഷം തടവും പിഴയും മാത്രം ശിക്ഷ നൽകാവുന്ന കുറ്റമാക്കി വ്യവസ്ഥ ചെയ്തത് ബ്രിട്ടീഷ് ഭരണകാലത്ത് വാഹനങ്ങൾ ഭൂരിപക്ഷവും ബ്രട്ടീഷുകാർക്ക് ഉൾപ്പെട്ടതായിരുന്നു അതുകൊണ്ടാണ് വാഹനാപകടം മൂലമുണ്ടാവുന്ന മരണം നിസ്സാരവൽക്കരിച്ചു കൊണ്ട് ശിക്ഷാ നിയമമുണ്ടാക്കിയതെന്നാണ് കരുതപ്പെട്ടിരുന്നത്. പക്ഷേ, അശ്രദ്ധ കാരണം വാഹന അപകടം സംഭവിച്ച് പൊലീസിനേയോ മജിസ്ട്രേറ്റിനേയോ അറിയിക്കാതെ രക്ഷപ്പെടുന്നത് 10 വർഷം വരെ ശിക്ഷ നൽകാവുന്ന കുറ്റമായി 106 (2) വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വധശിക്ഷയുടെ തിരിച്ചുവരവ്**

ബ്രിട്ടീഷ് ഭരണാധികാരികൾ പാസ്സാക്കി നടപ്പിലാക്കിയ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമമനുസരിച്ച് വധശിക്ഷ വിധിച്ച കുറ്റം ജീവപര്യന്തം തടവിനു വിധിക്കപ്പെട്ട തടവുകാരൻ കൊലപാതക ക്കുറ്റം ചെയ്താൽ മാത്രം ഐ.പി.സി 30-ാം വകുപ്പനുസരിച്ച് വിധിക്കാവുന്ന ശിക്ഷ യായിരുന്നു വധശിക്ഷ. പിന്നീട് 1983-ൽ സുപ്രീംകോടതി മിത്ത്/സ്റ്റേറ്റ് ഓഫ് പഞ്ചാബ് കേസിൽ അപ്രകാരം വധശിക്ഷ വിധിക്കുന്നത് ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കുകയും വധശിക്ഷ വിധിക്കണ മെങ്കിൽ അപൂർവ്വങ്ങളിൽ അപൂർവ്വമായ കുറ്റങ്ങൾക്കു മാത്രമേ വധശിക്ഷ വിധിക്കാൻ പാടുള്ളൂവെന്നു വിധിച്ചിട്ടുണ്ടാ യിരുന്ന വിധിയാണ് ഇന്നു രാജ്യത്ത് ഫലത്തിലും ബലത്തിലും നിലനിൽക്കു ന്നതും കോടതികൾ പിന്തുടരുന്നതും. പക്ഷേ, മേൽ വിവരിച്ച വ്യവസ്ഥകളെല്ലാം പാടെ വിസ്മരിച്ചു കൊണ്ട് വധശിക്ഷ നിരവധി കുറ്റങ്ങൾക്കു വ്യവസ്ഥ ചെയ്തത് ഫലത്തിൽ പുതിയ നിയമത്തിലെ വ്യവസ്ഥകൾക്ക് സുപ്രീം കോടതി വിധി നിരാകരിക്കുന്നതിനു തുല്യമാണ്.

**ഭീകരപ്രവർത്തനം**

ന്യായ സൻഹിത 113-ാം വകുപ്പിൽ വിവരിച്ച ഭീകരപ്രവർത്തനം 2008-ൽ ഭേദഗതി ചെയ്യപ്പെട്ട യു.എ.പി.എ വകുപ്പിൽ വിവരിച്ച ഭീകര പ്രവർത്തനത്തിന്റെ തനിയാവർത്തനമാണ്. പുതിയ ന്യായ സൻഹിതയിൽ ആവർത്തനമായി ഭീകര പ്രവർത്തനം എഴുതിച്ചേർക്കുമ്പോൾ എന്തുകൊണ്ട് യു.എ.പി.എ നിയമത്തിൽ അവ നീക്കം ചെയ്തില്ലെന്നത് വിചിത്രമാണ്. മാത്രമല്ല, ഒരേ കുറ്റം രണ്ട് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കെ കുറ്റ കൃത്യം നടന്നാൽ ഏതു നിയമമനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യണമെന്നു തീരുമാനിക്കേണ്ടത് ഡെപ്യൂട്ടി സുപ്രണ്ട് ഓഫ് പൊലീസിന്റെ റാങ്കിലുള്ള ഉദ്യോഗസ്ഥനാണെന്ന് ന്യായ സൻഹിത 113 (7) വകുപ്പിൽ വ്യവസ്ഥ ചെയ്തതും പൊലീസിന് അമിതാധികാരം നൽകുന്ന സ്ഥിതി ഫലത്തിൽ ദുരുപയോഗ മായി മാറും. ഒരേ കുറ്റം ന്യായസൻഹിതയിലും യു.എ.പി.എ.യിലും വിവരിച്ച സ്ഥിതിയിൽ ഭീകരപ്രവർത്തനം ചുമത്തി കേസെടുത്ത് കുറ്റപത്രം ബോധിപ്പിക്കാൻ കേന്ദ്ര സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണെന്ന യു.എ.പി.എ വ്യവസ്ഥയ്ക്ക്

സമാനമായി ന്യായ സൻഹിതയിൽ പ്രത്യേക വകുപ്പുകളില്ലാത്തതും നിയമത്തിലെ വലിയൊരു വൈരുദ്ധ്യമാണ്.

1892-ലെ ക്രിമിനൽ നടപടി സംഹിത 1973-ൽ സമഗ്രമായി പരിഷ്കരിച്ചെങ്കിലും 1872-ലെ ഇന്ത്യൻ തെളിവു നിയമത്തിൽ ചില ഭേദഗതികൾ ഉണ്ടായിയെന്നതല്ലാതെ സമഗ്രമായി പരിഷ്കരണം നാളിതുവരെയായി ഉണ്ടായിട്ടില്ല. പരിഷ്കരിച്ച 2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത (ബി.എൻ.എസ്.എസ്)യുടെ ഘടന പരിശോധിച്ചാൽ ഭരണഘടന ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾ ലംഘിക്കും വിധം എല്ലാ അർത്ഥത്തിലും പൊലീസിനു വ്യക്തിസ്വാതന്ത്ര്യത്തെ നിഷേധിക്കുമാറ് കേസന്വേഷണത്തിന്റെ പേരിൽ പൊലീസിന് അമിതാധികാരം ഉപയോഗിക്കാൻ സാധിക്കും വിധമാണെന്നു വ്യക്തം. ബി.എൻ.എസ്.എസ് 187(3)-ാം വകുപ്പനുസരിച്ച് അറസ്റ്റ് വരിച്ച് ജാമ്യത്തിലിറങ്ങിയ പ്രതിയെ വീണ്ടും പൊലീസിനു 15 ദിവസത്തോളം 60 ദിവസത്തിനുള്ളിലോ 90 ദിവസത്തിനുള്ളിലോ എപ്പോൾ വേണമെങ്കിലും പൊലീസ് കസ്റ്റഡി ആവശ്യപ്പെടാമെന്ന വ്യവസ്ഥ ജാമ്യമെന്ന സങ്കൽപ്പത്തെത്തന്നെ കളങ്കപ്പെടുത്തുന്നതാണ്.

**കേസന്വേഷണത്തിനു മുൻപുള്ള പ്രാഥമികാന്വേഷണം**

കൊഗ്നൈസബിൾ ഗണത്തിൽപ്പെടുന്ന ഏതു കുറ്റം സംബന്ധിച്ച് പൊലീസിനു വിവരം നേരിട്ടോ ഫോൺ മുഖാന്തിരമോ മറ്റുവിധത്തിലോ വിവരം ലഭിച്ചാൽ ഉടൻ കേസ് രജിസ്റ്റർ ചെയ്യണമെന്ന പഴയ രണ്ട് ക്രിമിനൽ നടപടി സൻഹിതയിലും സുപ്രീംകോടതിയുടെ സുപ്രസിദ്ധമായ ലളിതകുമാരി കേസിലെ വിധിക്കുമെതിരായി കൊഗ്നൈസബിൾ ഗണത്തിൽപ്പെട്ട കേസ് സംബന്ധിച്ച വിവരം കിട്ടിയാൽ തുടർ നടപടികൾ ആരംഭിക്കുന്നതിനു മുൻപായി പ്രഥമദൃഷ്ട്യാ കേസുണ്ടോയെന്ന് 4 ദിവസത്തെ സമയപരിധിക്കുള്ളിൽ പ്രാഥമിക അന്വേഷണം നടത്താമെന്ന ന്യായസംഹിത 173 (3) വകുപ്പിലെ വ്യവസ്ഥ ഫലത്തിൽ പ്രതികൾക്കു രക്ഷപ്പെടാനും തെളിവ് നശിപ്പിക്കാനും ആരംഭത്തിൽത്തന്നെ കേസ് അട്ടിമറിക്കാൻ കാരണമാക്കും.

ഭരണഘടനയും മൗലികാവകാശവും പരിഷ്കൃത സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള പൗരന്റെ അവകാശത്തെ കാറ്റിൽ പറത്തിക്കൊണ്ട് 43(3) വകുപ്പനുസരിച്ച് പ്രതിയെ അറസ്റ്റ് ചെയ്യുമ്പോഴും കോടതിയിൽ ഹാജരാക്കുമ്പോഴും കയ്യാമം വെയ്ക്കാമെന്ന വ്യവസ്ഥ ജനാധിപത്യ ഭരണക്രമത്തിന് ഒരിക്കലും യോജിച്ചതല്ല. മാത്രമല്ല, കയ്യാമം വെയ്ക്കുന്നതിനെതിരെ സുപ്രീംകോടതിയുടെ സുനിൽ ബത്ര കേസിലും 1980-ൽ വീണ്ടും ആവർത്തിച്ച് പ്രേം ശങ്കർ ശുക്ല കേസിലേയും വിധികൾ ഇന്നും നിലനിൽക്കുകയാണ്. കേസന്വേഷണത്തോട് അനുബന്ധിച്ച കൃത്യ സ്ഥല പരിശോധനയും തൊണ്ടി മുതൽ കണ്ടെടുക്കുന്നതും മൊബൈൽ ഫോൺ മുഖാന്തിരമുള്ള ആഡിയോ വീഡിയോ റിക്കാർഡിങ്ങ് വഴിയായിരിക്കണമെന്ന 105-ാം വകുപ്പിലെ വ്യവസ്ഥ കേസന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ ബോധിപ്പിക്കുമ്പോൾ കേസന്വേഷണ പുരോഗതി പരാതിക്കാരനേയോ ഇരയേയോ അറിയിച്ചിരിക്കണമെന്ന 193(2) (ii) വകുപ്പിലെ വ്യവസ്ഥ തികച്ചും നൂതനമാണ്. അന്വേഷ

ണത്തിന്റെ പാളിച്ചകൾ ചൂണ്ടിക്കാട്ടി തുടരന്വേഷണം പോലും ആവശ്യപ്പെടാൻ മേൽ വ്യവസ്ഥ സഹായിക്കും.

പൊലീസിൽ പരാതി നൽകിയിട്ടും നടപടിയുണ്ടായില്ലെങ്കിൽ പിന്നെയുള്ള ഏകമാർഗ്ഗം മജിസ്ട്രേറ്റ് കോടതിയിൽ സ്വകാര്യ അന്യായം ബോധിപ്പിക്കുകയെന്നതാണ്. പുതിയ ബി.എൻ.എസ്.എസ്സിലെ 223-ാം വകുപ്പനുസരിച്ച് സ്വകാര്യ അന്യായം ബോധിപ്പിച്ച് പരാതിക്കാരനേയും സാക്ഷികളേയും വിസ്തരിച്ച് പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കോടതിക്കു ബോദ്ധ്യപ്പെട്ടാലും പ്രതിക്ക് സമൻസയച്ചു വിളിപ്പിക്കുന്നതിനു മുൻപായി പ്രതിയെ കേൾക്കണമെന്ന വ്യവസ്ഥ തികച്ചും അസംബന്ധമായേ കാണാനൊക്കൂ.

**പ്രോസിക്യൂഷൻ അനുമതി**

പൊതുസേവകന്മാർക്കോ ജഡ്ജിമാർക്കോ എതിരായ കേസുകളിൽ 120 ദിവസങ്ങൾക്കുള്ളിൽ പ്രോസിക്യൂഷൻ അനുമതി നൽകണമെന്നും അല്ലാത്ത പക്ഷം 120 ദിവസം കഴിഞ്ഞാൽ അനുമതി നൽകിയതായി കണക്കാക്കാമെന്ന 218(1)-ാം വകുപ്പനുസരിച്ച വ്യവസ്ഥയും നീതി നിർവ്വഹണം വേഗത്തിലാക്കും. രാജ്യത്തെവിടെ നടന്ന കുറ്റം സംബന്ധിച്ചും ഏതു പൊലീസ് സ്റ്റേഷനിലും പ്രഥമവിവരം രജിസ്റ്റർ ചെയ്യാൻ സാധിക്കുന്ന സീറോ എഫ്.ഐ.ആർ സമ്പ്രദായം വ്യവസ്ഥ ചെയ്ത 173-ാം വകുപ്പ് ബി.എൻ.എസ്. എസ്സിന്റെ സവിശേഷതയാണ്.

ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ പ്രതിയുടെ സാന്നിദ്ധ്യമില്ലാതെ കുറ്റവിചാരണയാവാമെന്ന 356-ാം വകുപ്പിലെ വ്യവസ്ഥയും അപ്രകാരം ശിക്ഷിക്കപ്പെട്ട പ്രതിക്ക് അപ്പീൽ ബോധിപ്പിക്കാൻ പ്രതിയുടെ സാന്നിദ്ധ്യം ആവശ്യമാണെന്നും 356 (2)-ാം വകുപ്പിലെ വ്യവസ്ഥ കേസുകൾ പ്രതികൾക്കുവേണ്ടി കെട്ടിക്കിടക്കുന്ന അവസ്ഥ ഇല്ലാതാവും. രാജ്യത്ത് നിലവിൽ ഇപ്പോൾ 3.4 കോടി കേസുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് നാഷണൽ ജുഡീഷ്യൽ ഡാറ്റാ ഗ്രിഡിന്റെ കണക്കു പറയുന്നത്.

കുറ്റപത്രം ബോധിപ്പിച്ച് വിചാരണയിലിരിക്കുന്ന കേസുകൾ പിൻവലിക്കുന്നതിനു മുൻപായി ഇരയെ കേൾക്കണമെന്ന 360-ാം വകുപ്പിലെ വ്യവസ്ഥയും തങ്ങളുടെ ഇഷ്ടാനുസരണം കേസ് പിൻവലിക്കുന്ന സർക്കാർ രീതിക്കു വിരാമം കുറിക്കും.

കാലത്തിന്റെ മാറ്റത്തിനും ശാസ്ത്ര സാങ്കേതിക വിദ്യയുടെ അതിവേഗത്തിലെ പുരോഗതിയേയും അടിസ്ഥാനപ്പെടുത്തി തെളിവുനിയമത്തിലെ മാറ്റങ്ങൾ തികച്ചും അനിവാര്യമാണ്. 'രേഖ'യുടെ നിർവ്വചനം മാറ്റിയെഴുതി ഇലക്ട്രോണിക്, ഡിജിറ്റൽ റിക്കാർഡുകൾ, ഇ-മെയിൽ, സെർവർ കംപ്യൂട്ടറിലെ രേഖകൾ, ലാപ്ടോപ്പ്, സ്മാർട്ട് ഫോൺ സന്ദേശങ്ങൾ, വെബ്സൈറ്റുകൾ എന്നിവ ചേർത്തു മാറ്റിയെഴുതിയത് ക്രിമിനൽ, സിവിൽ നീതിന്യായ വ്യവസ്ഥയിൽ മാറ്റങ്ങൾക്കു കാരണ ഹേതുവാകും, ഇലക്ട്രോണിക് തെളിവുകൾ കൃത്രിമം ചെയ്യാൻ സാധിക്കുമെന്ന സുപ്രീംകോടതി വിധി നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇലക്ട്രോണിക് തെളിവുകൾ സ്വീകാര്യമാണെന്ന ഭാരതീയ സാക്ഷ്യ അഭിനയം (ബി.എസ്.എ) എഴുതിച്ചേർത്തത് നീതിന്യായ നിർവ്വഹണ പ്രവർത്തനത്തെത്തന്നെ സാരമായി ബാധിക്കുന്നതാണ്. ഇലക്ട്രോണിക് റിക്കാർഡുകൾക്ക് സാക്ഷ്യപ്പെടുത്തി

യിരിക്കണമെന്ന പഴയ തെളിവ് നിയമത്തിലെ 65 എ വകുപ്പ് പുതിയ ബി.എസ്.എ-യിൽ 62, 63 എന്നിങ്ങനെയായി യാതൊരു മാറ്റവുമില്ലാതെ നിലനിർത്തുകയും ഇലക്ട്രോണിക് തെളിവുകൾ ബി.എസ്.എ-യിലെ മറ്റു വകുപ്പുകളിലെ വ്യവസ്ഥകൾക്കു വിധേയമായി സ്വീകാര്യത നിഷേധിക്കാൻ പാടില്ലായെന്ന് 61-ാം വകുപ്പിൽ എഴുതിച്ചേർത്തത് പരസ്പര വിരുദ്ധമാണ്.

ന്യായ സൻഹിതയും നാഗരിക സുരക്ഷാ സൻഹിതയും നടപ്പാക്കുന്നതിന്റെ പരമപ്രധാനമായ ഘടകം ഇതു സംബന്ധിച്ചു സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിക്കേണ്ട ചട്ടങ്ങളാണ്. സംസ്ഥാന സർക്കാരുകൾ ചട്ടങ്ങൾ പുറപ്പെടുവിക്കാതെ ജൂലൈ ഒന്നിനു പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നത് ഏറെ പ്രതിസന്ധികൾ സൃഷ്ടിക്കും. മാത്രമല്ല, രാജ്യത്തെ കീഴ്കോടതികൾ തൊട്ട് ഭരണഘടനാ കോടതികൾ വരെയുള്ള ന്യായാധിപന്മാർ, 15 ലക്ഷത്തോളം അഭിഭാഷകർ അതേപോലെ ലക്ഷക്കണക്കിനു പൊലീസ് ഉദ്യോഗസ്ഥന്മാർക്കും പുതിയ നിയമം സംബന്ധിച്ചുള്ള പരിശീലനവും അറിവും വരും നാളുകളിൽ ലഭിക്കാതെ നിയമങ്ങൾ നടപ്പിൽ വരുമ്പോൾ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കും അതിന്റെ ഫലമായി നീതിനിർവ്വഹണത്തിലുണ്ടായേക്കാവുന്ന പ്രശ്നങ്ങൾ സാധാരണ ജനങ്ങൾക്കു നീതി നിഷേധമായി മാറുമെന്നതാണ് ആശങ്ക.

*(മുൻ കേരള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആണ് ലേഖകൻ)*

**സമകാലിക മലയാളം**
**1 ജൂലൈ 2024**

# സ്വകാര്യതയിലേക്ക് നോക്കേണ്ടതില്ല

**എം. ആർ. അഭിലാഷ്**

*ജാമ്യത്തിലിറങ്ങുന്ന പ്രതി എവിടെയെല്ലാം പോകുന്നുവെന്നറിയാൻ ഗൂഗിൾ പിൻ ലൊക്കേഷൻ, അന്വേഷണ ഉദ്യോഗസ്ഥനുമായി പങ്കുവയ്ക്കണമെന്ന നിബന്ധനവെക്കാനാവില്ലെന്ന ജസ്റ്റിസ് എ. എസ്. ഓക അധ്യക്ഷനായ സുപ്രീം കോടതി ബെഞ്ചിന്റെ വിധി വ്യക്തി സ്വകാര്യതയെ ഉയർത്തിപ്പിടിക്കുന്ന ചരിത്രപരമായ ഒന്നാണ്, ഒരവലോകനം*

സ്വകാര്യത മൗലികാവകാശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രിം കോടതിയുടെ 2017-ലെ വിഖ്യാതമായ പുട്ടസ്വാമി വിധി ചരിത്രമായിരുന്നു. അതൊരു പുതുചരിത്രത്തിന്റെ തുടക്കമായിരുന്നു എന്ന് സുപ്രീം കോടതിയുടെ പിന്നീടുള്ള വിധികൾ പരിശോധിച്ചാൽ നിസ്സംശയം പറയാം. പുട്ടസ്വാമി വിധിയുടെ ചുവടു പിടിച്ച് സുപ്രിംകോടതി ക്രമേണ ചിട്ടപ്പെടുത്തി ബൃഹത്താക്കിക്കൊണ്ടിരിക്കുന്ന ഒരു നിയമപ്രമാണത്തിന്റെ ഏറ്റവും പുതിയ ഉദാഹരണമാണ് ഫ്രാങ്ക് വെയിറ്റസ് (Frank Vitus) കേസിലെ സുപ്രീംകോടതിയുടെ ഉത്തരവ്.

കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന വ്യക്തിക്ക് ജാമ്യമനുവദിക്കുമ്പോൾ, അയാളുടെ സ്വകാര്യതയെ മാനിക്കേണ്ടതുണ്ടോ? ജാമ്യം അനുവദിക്കപ്പെടുമ്പോൾ എന്ത് ഉപാധിയും നിർദേശിക്കാൻ കഴിയുമോ? ജാമ്യം അനുവദിക്കപ്പെടുന്ന വ്യക്തിയുടെ ഭരണഘടനാപരമായ അവകാശങ്ങളെല്ലാം ഇത്തരം ഉപാധികൾ വഴി നിരസിക്കാൻ കഴിയുമോ? കഠിനമായ ഉപാധികൾ വഴി, ജാമ്യം അനുവദിക്കുന്നതിന്റെ ലക്ഷ്യം തന്നെ ഇല്ലാതാക്കാൻ കഴിയുമോ? ഇത്തരത്തിൽ വ്യക്തിസ്വാതന്ത്ര്യവും ക്രിമിനൽനിയമവും സ്വകാര്യതയും സംബന്ധിച്ച ഒട്ടേറെ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരം നൽകുന്ന മേൽപ്പറഞ്ഞ ഉത്തരവിന് ആധാരം മയക്കുമരുന്നു കേസിൽ പ്രതിയായ വിദേശിയായ വ്യക്തിക്ക്, തന്റെ ഗൂഗിൾ പിൻ ലൊക്കേഷൻ അന്വേഷണോദ്യോഗസ്ഥന് പങ്കുവെക്കേണ്ടതുണ്ട് എന്ന ഡൽഹി ഹൈക്കോടതിയുടെ ഉത്തരവാണ്.

## സ്വകാര്യതയും ഇരുപത്തൊന്നാം വകുപ്പും

ജീവിക്കാനുള്ള അവകാശം എന്നത് വെറും ഭരണഘടനാദത്തമായ അവകാശമല്ല എന്നും ഭരണഘടന അത് ഉറപ്പു വരുത്തുക മാത്രമാണ് ചെയ്യുന്നതെന്നും 21-ാം അനുച്ഛേദം സൂചിപ്പിക്കുന്നു. ജീവനും വ്യക്തിസ്വാതന്ത്ര്യത്തിനുമുള്ള സംരക്ഷണം എന്ന ശീർഷകത്തോടെ തുടങ്ങുന്ന 21-ാം അനുച്ഛേദം പറയുന്നത്, നിയമപ്രകാരം നീതിപൂർവമായി നിർമിച്ചെടുത്ത നടപടിക്രമങ്ങളിലൂടെയല്ലാതെ ഒരു വ്യക്തിയുടെയും ജീവിക്കാനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യവും ഹനിക്കാൻ പാടില്ല എന്നാണ്. പുട്ടസ്വാമിക്കേസിലെ ഒൻപതംഗ ഭരണഘടനാ ബെഞ്ചിന്റെ വിധി സ്വകാര്യത

എന്ന മൗലികാവകാശത്തിന്റെ തായ്‌വേര് കണ്ടെത്തിയത് ഈ 21-ാം അനുച്ഛേദത്തിലാണ്.

ഒരു ക്രിമിനൽക്കേസിലെ കുറ്റാരോപിതനെ അറസ്റ്റു ചെയ്യുകയെന്നതും തടവിലാക്കുകയെന്നതും ജാമ്യമനുവദിക്കുകയെന്നതുമൊക്കെ 21-ാം അനുച്ഛേദം വിഭാവനം ചെയ്യുന്ന നടപടിക്രമങ്ങളുടെ തണലിലാകുമ്പോൾ, സ്വാഭാവികമായും നടപടിക്രമങ്ങൾക്ക് സ്വകാര്യത എന്ന അവകാശ സംരക്ഷണത്തിന്റെ മാനവും കൈവരുന്നു. ഇതിന്റെ വെളിച്ചത്തിൽവേണം സുപ്രീംകോടതിയുടെ ഒരു ചെറിയ ഉത്തരവിലൂടെയുള്ള വലിയ ഇടപെടലിനെ വിലയിരുത്തേണ്ടത്.

**ഒളിഞ്ഞുനോട്ടം അനുവദനീയമല്ല**

കേസിലെ പ്രതിയായ വിദേശ പൗരന് ജാമ്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ കുറ്റാരോപിതൻ എപ്പോഴും എവിടെയാണെന്ന് കൃത്യമായി ഗൂഗിൾ മാപ്പു വഴി മനസ്സിലാക്കാൻ അന്വേഷണോദ്യോഗസ്ഥനെ പ്രാപ്തനാക്കിയിരുന്നു. നിലനിന്നിരുന്ന ക്രിമിനൽ നടപടിക്രമത്തിലെ 473 (3) വകുപ്പു പ്രകാരം ജാമ്യം കൊടുക്കുമ്പോൾ, 'നീതിയുടെ താത്പര്യം സംരക്ഷിക്കാനായി അധിക നിബന്ധനകൾ ചുമത്താൻ കോടതിക്ക് അധികാരം നൽകുന്നുണ്ട്. അങ്ങനെയുള്ള നീതിയുടെ താത്പര്യം എന്ന സംജ്ഞയ്ക്ക് വിശാലമായ മാനങ്ങൾ കൊടുക്കേണ്ടതില്ലെന്നും വിശാലമായ 'നല്ല നീതിയുടെ നീതിനിർവഹണം' വിചാരണ നടപടികൾ പൂർത്തിയാക്കുക' എന്ന അർത്ഥങ്ങൾ മാത്രം വായിക്കേണ്ടതാണെന്നും സുപ്രീംകോടതി പറയുകയുണ്ടായി. അങ്ങനെ ഭരണഘടനാപരമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന അവകാശങ്ങളിലേക്ക്, നീതി നടപ്പാക്കുന്നതിനായി ഏറ്റവും പരിമിതമായ രീതിയിലുള്ള ഇടപെടലാണ് വേണ്ടതെങ്കിൽ ഒരു വ്യക്തി എവിടെയാണെന്ന് നിരന്തരമായി അറിയേണ്ടത് എന്തിനാണ്?

ശിക്ഷിക്കപ്പെട്ട് തടവനുഭവിക്കുന്ന വ്യക്തിക്കുപോലും ഭരണഘടനാപരമായ പല അവകാശങ്ങളും ലഭ്യമാണ്. നിയമത്തിനു മുമ്പിൽ കുറ്റം തെളിയിക്കുന്നതുവരെ നിരപരാധി എന്ന പരിഗണനയ്ക്ക് വിരുദ്ധമാകും സ്വകാര്യതയിലേക്ക് കടന്നുകയറിയുള്ള നിരന്തര നിരീക്ഷണത്തിന് വ്യക്തിയെ നിർബന്ധിക്കുന്ന ലൊക്കേഷൻ പങ്കുവെക്കൽ നിർദേശം എന്ന സുപ്രീം കോടതിയുടെ കണ്ടെത്തൽ തികച്ചും മനുഷ്യത്വപരമാണ്.

ഇതേ കേസിൽത്തന്നെ പ്രതി വിദേശ പൗരനായതിനാൽ രാജ്യം വിട്ടുപോകില്ല എന്ന് മാതൃരാജ്യത്തിന്റെ ഇന്ത്യയിലെ ഹൈകമ്മിഷനിൽ നിന്ന് പ്രതി സാക്ഷ്യപത്രം സമർപ്പിക്കണമെന്ന ജാമ്യ നിബന്ധനയും സുപ്രീം കോടതി എടുത്തുകളഞ്ഞു.

**ഉത്കണ്ഠയുണർത്തുന്ന പൊതുബോധം**

പുരോഗമനാത്മകമായ കോടതി വിധികൾ നിരന്തരമായി വരുമ്പോഴും ഗൗരവമെന്ന് പൊതുവേ വിലയിരുത്തുന്ന കേസുകളിലെ കുറ്റാരോപിതൻ കുറ്റം തെളിയിക്കുന്നതിനു മുൻപേ ജയിലിലേക്ക് പോകണമെന്ന വ്യാപകമായ പൊതുബോധം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.

ജില്ലാ ജുഡീഷ്യൽ സംവിധാനത്തിൽ ന്യായാധിപർക്കിടയിൽ വ്യാപകമായും ജാമ്യമനുവദിക്കുന്നതിന് വിമുഖതയും ഭയവും ഉണ്ടാകുന്നത് ആശങ്കാജനക

മാണെന്ന് പ്രയാഗ്‌രാജിൽ കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന ഒരു പൊതു പരിപാടിയിലും മാർച്ചിൽ നടന്ന അഖിലേന്ത്യാ ഡിസ്ട്രിക്ട് ജഡ്ജസ് കോൺഫറൻസിലും ഇന്ത്യയുടെ മുഖ്യ ന്യായാധിപനായ ജസ്റ്റിസ് ചന്ദ്രചൂഡിനു തന്നെ പറയേണ്ടിവന്നത് കാര്യങ്ങളുടെ ഗൗരവം ബോധ്യപ്പെടുത്തുന്നു. അതു കൊണ്ടു തന്നെ സുപ്രീം കോടതിയുടെ ഫ്രാങ്ക് വെയിറ്റസ് കേസിലെ വിധി ഹൈക്കോടതികൾക്കും കീഴ്കോടതി കൾക്കും സമുഹത്തിനും ഒരു വലിയ സന്ദേശം നൽകുന്നുണ്ട്.

(സുപ്രീംകോടതി അഭിഭാഷകനാണ് ലേഖകൻ)

**മാതൃഭൂമി**
**10 ജൂലൈ 2024**

# A verdict on the Money Bill that India awaits

**Suhrith Parthasarathy**

*The Supreme Court of India's ruling will have bearing on legislation enacted without the Rajya Sabha's approval and the state of India's federal architecture*

In the coming weeks, a seven-judge Bench of the Supreme Court of India is slated to hear arguments over critical questions governing the contours of a Money Bill. The Court's ultimate ruling will have ramifications on a slew of legislation that has been enacted in recent years without the Rajya Sabha's approval.

At stake too in the case are the future of India's. federal architecture and the various delicate balances on which the Constitution's divisions of power rest.

The reference to the seven-judge Bench emanates out of a verdict rendered in November 2019, in Rojer Mathew vs South Indian Bank Ltd., in which the Finance Act, 2017, was under challenge. The Act, which was passed after its certification as a Money Bill, radically altered the authority and jurisdiction of 26 different tribunals. It abolished some of these bodies, merged together others, prescribed qualifications for appointment of members, and imposed various other stipulations, including conditions of service.

**Articles and definitions**

In Rojer Mathew, the petitioners argued that these changes were far too extensive to meet the criteria required of a Money Bill. Under India's constitutional structure, for a Bill to turn into law, it must obtain the sanction of both Houses of Parliament. The only exception, which is contained in Article 109, allows Money Bills to be enacted as law with only the Lok Sabha's. approval. The Rajya Sabha may make recommendations on the Bill, but any suggestions from it would not bind the Lok Sabha in any way.

Article 110(1), which defines a Money Bill, creates a deeming fiction. It details a list of subjects, including the imposition or abolition of a tax; the regulation of the borrowing of money; the appropriation of cash out of the Consolidated Fund of India; and any matter "incidental" to the specified subjects. So long as a draft law contains only provisions dealing with all or any of the matters enlisted in the clause it would be deemed a Money Bill. Article

110(3) further makes it clear that the Speaker of the Lok Sabha shall have the final say in determining whether a proposed legislation is a Money Bill or not.

On a simple reading of the definition, it ought to be obvious that the use of the word "only" means that a Bill that has subjects in it which are more than merely attendant to those delineated in Article 110(1) can never qualify as a Money Bill. Yet, this is precisely what the Finance Act, 2017, sought to do.

Usually, a Finance Act is passed at the beginning of every year to outline the state's fiscal plans. But here, the law made sweeping changes to the functioning of tribunals, invading, in the process, principles essential to the maintenance of the judiciary's independence. The law, quite apart from rearranging panels and bodies, also granted to the Union Executive a carte blanche to make rules on how the subsisting tribunals were to be administered.

There is no doubt that the Finance Act had elements in it that touched on subjects contained in Article 110(1). For example, the law determined salaries payable to members of tribunals out of the Consolidated Fund of India. Those clauses could be attributable to items which would ordinarily be termed a Money Bill. But, for the most part, the legislation made amendments to substantive laws, and encroached into areas well beyond the subjects enlisted in Article 110(1).

**A colourable exercise of power**

In many ways, the Court's job in Rojer Mathew ought to have been simple enough. After all, under no circumstances could changes through a Money Bill to terms of office, or the conferral on the executive of unbridled power to regulate tribunals through delegated legislation, or the incorporation of provisions on qualifications for appointment through a Money Bill be seen as anything but an act of subterfuge. It was, therefore, plainly evident that the Finance Act, 2017, was a colourable exercise of power. The Constitution's plain language had been perverted with a view to defeating its basic thrust.

സുപ്രീംകോടതിയുടെ പരിഗണനയിലുള്ള കേസിൽ, 2004-ലെ ഉത്തർപ്രദേശ് ബോർഡ് ഓഫ് മദ്റസ്സ ആക്ട് സംസ്ഥാന ഗവൺമെന്റിന്റെ അധികാരപരിധിക്കു പുറത്തുള്ള കാര്യമായതുകൊണ്ട് അസാധുവാണെന്നും അത് ഭരണഘടനാവിരുദ്ധമാണെന്നും കാണിച്ച് 2024 മാർച്ച് 22-ന് അലഹബാദ് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിരുന്നു. ഈ വിധി പുനഃപരിശോധിക്കാൻ ആവശ്യപ്പെട്ടുള്ള കേസാണ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുള്ളത്. മാർച്ച് 22-ന്റെ ഹൈക്കോടതി വിധിയിൽ സംസ്ഥാന

ഗവൺമെന്റ് എല്ലാ വിദ്യാർത്ഥികളേയും മദ്റസ്സകളിൽ നിന്നും നീക്കി സാധാരണ സ്കൂളുകളിൽ ചേർക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ, മദ്റസ്സകളിൽ പഠിക്കുന്ന 1.7 ദശലക്ഷത്തോളം വരുന്ന മദ്റസ്സ വിദ്യാർത്ഥികൾക്ക് ആശ്വാസമേകിക്കൊണ്ട് 2004-ലെ ഉത്തർപ്രദേശ് ബോർഡ് ഓഫ് മദ്റസ്സ വിദ്യാഭ്യാസ നിയമം സംബന്ധിച്ച അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ് സുപ്രീംകോടതി ഏപ്രിൽ അഞ്ചിന് സ്റ്റേ ചെയ്തിരുന്നു. സെപ്തംബറിൽ, ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ കോടതിക്കു മുൻപാകെ രേഖാമൂലം സമർപ്പിച്ച നിവേദനത്തിൽ മദ്റസ്സകളെ വിദ്യാഭ്യാസ അവകാശ നിയമത്തിൽനിന്നും ഒഴിവാക്കുക വഴി മദ്റസകളെ വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം, ഉച്ചഭക്ഷണം. യൂണിഫോം, പരിശീലനം ലഭിച്ച അദ്ധ്യാപകരുടെ സേവനം തുടങ്ങിയവ നഷ്ടമാകുന്നുവെന്ന് വാദിച്ചു.

'Guardians of Father or Oppressors of Rights: Constitutional Rights of Children vs Madrasas' എന്ന പേരിൽ അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിലാണ് ശുപാർശകൾ നൽകിയിരിക്കുന്നതെന്ന് കനൂംഗോ പറയുന്നു. "മദ്റസ്സകളുടെ ചരിത്രത്തിന്റെ വിവിധ വശങ്ങളേയും കുട്ടികളുടെ വിദ്യാഭ്യാസ അവകാശങ്ങൾ ലംഘിക്കുന്നതിലെ പങ്കിനേയും സ്പർശിക്കുന്ന 11 അധ്യായങ്ങളാണ് റിപ്പോർട്ടിലുള്ളതെന്നും" കനൂംഗോ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ, ബാലാവകാശ സംരക്ഷണ കമ്മീഷന്റെ മദ്റസ്സകൾക്കെതിരായ ഈ നീക്കത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ആർ.എസ്.എസ് നേതൃത്വത്തിൽ നടക്കുന്ന ആക്രമണോത്സുക ദേശീയതയുടേയും മത ധ്രുവീകരണത്തിന്റേയും ഭാഗമായിട്ടാണ് കമ്മീഷൻ റിപ്പോർട്ടിനേയും പ്രതിപക്ഷ പാർട്ടികളും ന്യൂനപക്ഷ മതവിഭാഗങ്ങളും കാണുന്നത്. മദ്റസ്സ എന്ന വാക്കിനു വിദ്യാലയം എന്നർത്ഥം. എന്നാൽ, മതവിദ്യാഭ്യാസ കേന്ദ്രങ്ങൾ എന്ന അർത്ഥത്തിലാണ് ഇവിടെ പ്രയോഗിക്കപ്പെടുന്നത്. മദ്റസ്സകൾ തീവ്രവാദ സംഘടനയിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് കേന്ദ്രങ്ങളാണെന്നതടക്കം സംഘപരിവാർ വർഷങ്ങളായി പ്രചാരണം നടത്തുന്നുണ്ട്. ഇത്തരം വിദ്വേഷ പ്രചാരണത്തിന് ഔദ്യോഗിക പരിവേഷം നൽകുകയാണ് ബാലാവകാശ കമ്മീഷനെന്നും വ്യാപകമായ വിമർശനമുണ്ട്.

അതേസമയം, മദ്റസ്സകളുടെ ധനസഹായവുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കേണ്ടത് സംസ്ഥാനങ്ങളാണെന്നും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന മദ്റസ്സകളെ നിയന്ത്രിക്കുക ലക്ഷ്യമിട്ടാണ് ബാലാവകാശ സംരക്ഷണ കമ്മീഷൻ കത്തയച്ചിട്ടുള്ളതെന്നും ബി.ജെ.പി ദേശീയ വക്താവ് സുധാംശു ചതുർവേദി വ്യക്തമാക്കിയിട്ടുണ്ട്.

### മതപാഠശാലകളോ സാർവ്വത്രിക വിദ്യാഭ്യാസത്തിനു തടസ്സം?

എല്ലാ മതങ്ങളും മതപാഠശാലകൾ നടത്തുന്നുണ്ട്. വിവിധ മുസ്ലീം വിഭാഗങ്ങൾ അവരുടെ സംഘടനകൾക്കു കിഴിലാണ് മദ്റസ്സകൾ നടത്തുന്നത്. സംഘടിതമായും വ്യവസ്ഥാപിതമായും അവ പ്രവർത്തിച്ചു പോരികയും ചെയ്യുന്നു.

ഭാഷ, വിശ്വാസം. കർമ്മശാസ്ത്രം, ചരിത്രം. ഖുർആൻ തുടങ്ങിയവയും സാഹിത്യം പോലുള്ള പാഠ്യേതര വിഷയങ്ങളും മദ്റസ്സകളുടെ സിലബസ്സിലുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ മദ്റസ്സകൾ-പതിനാലായിരത്തോളം-കേരളത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ധനസഹായവും ഈ സ്ഥാപനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിൽനിന്നും ലഭിക്കുന്നില്ല. മദ്റസ്സ അദ്ധ്യാപകർക്കുള്ള പെൻഷൻ ലഭ്യമാക്കുന്ന താകട്ടെ, ക്ഷേമനിധിയിൽ നിന്നാണ്. ഈ ക്ഷേമനിധിയിലേയ്ക്ക് വിഹിതം നൽകുന്നത് മദ്റസ്സാ അദ്ധ്യാപകരും അവയുടെ മാനേജ്മെന്റുകളും മാത്രമാണ്. ഇത് ട്രഷറിയിൽ നിക്ഷേപിക്കുന്നുവെന്നു മാത്രം. കേരളത്തിൽ അവ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗവുമല്ല. അതുകൊണ്ടു തന്നെ ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ഈ നീക്കം കേരളത്തെ ബാധിക്കില്ലെന്ന് സംസ്ഥാന ന്യൂനപക്ഷ കാര്യവകുപ്പു മന്ത്രി വി. അബ്ദുറഹിമാൻ പറയുന്നു.

എന്നാൽ, കേരളത്തിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ഉത്തരേന്ത്യൻ സംസ്ഥാന ങ്ങളിലെ മദ്റസ്സകൾ. അവിടെ മതപഠനത്തിനു പുറമെ, ഔപചാരിക വിദ്യാഭ്യാസ കേന്ദ്രംകൂടിയാണ് അവ. എന്തു കൊണ്ടെന്നാൽ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പൊതുവിദ്യാലയങ്ങൾ സാധാരണക്കാരുടെ കുട്ടികൾക്ക് അപ്രാപ്യമാണ്. സാധാരണ ക്കാരുടെ കുട്ടികൾക്ക് ഏക ആശ്രയം ഔപചാരിക വിദ്യാഭ്യാസം കൂടി നൽകുന്ന മദ്റസ്സകളാണ്. ഇതര മതസ്ഥരായ 14,000-ത്തിലധികം കുട്ടികൾ മദ്റസ്സകളിൽ പഠിക്കുന്നുവെന്നാണ് കണക്ക്. മദ്റസ്സ ബോർഡുകൾ പ്രവർത്തിക്കുന്ന സംസ്ഥാ നങ്ങൾ നൽകിയ കണക്കുകൾ പ്രകാരം മധ്യപ്രദേശിലെ മദ്റസ്സകളിൽ 9,446 അമുസ്ലീം കുട്ടികളും രാജസ്ഥാനിൽ 3,103 അമുസ്ലീം കുട്ടികളും ഛത്തീസ്ഗഡിൽ 2,159 അമുസ്ലീം കുട്ടികളും പഠിക്കുന്നു. ബീഹാറിൽ 69 പേരും ഉത്തർഖണ്ഡിൽ 42 പേരും അമുസ്ലീം വിദ്യാർത്ഥികളാണ്. ആകെ 14,819, അരികുവൽക്കരിക്കപ്പെട്ട ന്യൂനപക്ഷ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മദ്റസ്സകൾ വഹിക്കുന്ന പങ്ക് രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിൽ എടുത്തു പറഞ്ഞിട്ടുണ്ട്. ഇക്കാര്യം പൊതു സംവാദമണ്ഡലത്തിൽ ഉയർന്നു വന്ന തിന്റെ പശ്ചാത്തലത്തിൽക്കൂടിയാണ് യു.പി.എ. ഗവൺമെന്റുകൾ മദ്റസ്സകൾക്ക് സാമ്പ ത്തിക സഹായം നൽകാൻ തീരുമാനിച്ച് ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയ ത്. എന്നാൽ, മോദി ഗവൺമെന്റാകട്ടെ ഈ സഹായം തുടരാൻ താല്പര്യമെടുത്തില്ല. ബാലാവകാശ കമ്മീഷന്റെ നീക്കത്തിനു പിറകിലെ മുഖ്യവാദം മദ്റസ്സകൾ കുട്ടികളുടെ ഔപചാരിക വിദ്യാഭ്യാസത്തിന് തടസ്സമാകുന്നു വെന്നതാണ്. 2009-ലെ വിദ്യാഭ്യാസ അവകാശനിയമത്തെ മുൻനിർത്തിയാണ് മദ്റസ്സുകൾക്കെതിരെയുള്ള നീക്കത്തിനു ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷൻ മുതിർന്നിട്ടുള്ളത്. ആറിനും 14 വയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബ്ബന്ധിത വുമായ വിദ്യാഭ്യാസമാണ് നിയമം മുഖേന മൗലികാവകാശമാക്കിയ രാജ്യമാണ് ഇന്ത്യ. എന്നാൽ, നിയമം വന്ന് 15 വർഷം പിന്നിട്ടിട്ടും ഭരണഘടനാപരമായ ഈ ഉറപ്പ് പാലിക്കാൻ നമ്മുടെ രാജ്യത്തിനായിട്ടില്ല. രാജ്യത്ത് 3.22 കോടി കുട്ടികൾ സ്കൂളിനു പുറത്താണ് എന്നാണ് ദേശീയ വിദ്യാഭ്യാസ നയരേഖയിൽ പറയുന്നത്. ഇതൊന്നും

ബാലാവകാശ കമ്മീഷന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല എന്നതാണ് കൗതുകകരം. 2011-ലെ സെൻസസ് പ്രകാരവും യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യുക്കേഷൻ പ്ലസ് (യു.ഡി.എസ്.ഇ പ്ലസ്) ഡാറ്റയും പ്രകാരവും എട്ട് കോടിയോളം കുട്ടികൾ സ്കൂളുകളിൽ എത്തിയിട്ടില്ല. യു.ഡി.എസ്.ഇ. പ്ലസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് പ്രാഥമിക തലത്തിലെ കൊഴിഞ്ഞുപോക്ക് 2020-21-ലെ 0.8 ശതമാനത്തിൽ നിന്ന് 2021-22-ൽ 1.5 ശതമാനമായി ഉയർന്നിട്ടുണ്ട്.

അപ്പർ പ്രൈമറി തലത്തിൽ ഇത് 1.9 ശതമാനത്തിൽ നിന്ന് മൂന്നു ശതമാനവുമായി. സെക്കൻഡറി തലത്തിൽ കൊഴിഞ്ഞുപോക്ക് 12.6 ശതമാനമാണ്. ഈ പശ്ചാത്തലത്തിലാണ് മുസ്ലിം, അമുസ്ലീം വിഭാഗത്തിൽപ്പെടുന്ന ലക്ഷക്കണക്കിനു കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസംകൂടി നൽകുന്ന മദ്റസ്സകൾക്ക് നേരെ ബാലാവകാശ കമ്മിഷൻ വാളോങ്ങുന്നത്. ഉത്തർപ്രദേശിൽ മാത്രം 16,000 മദ്റസ്സകളിൽ 17 ലക്ഷം വിദ്യാർത്ഥികളാണ് പഠിക്കുന്നത്. ഏപ്രിലിൽ, 2004-ലെ മദ്റസ്സാ ആക്ട് റദ്ദാക്കിക്കൊണ്ടുള്ള അലഹബാദ് ഹൈക്കോടതി വിധി സ്റ്റേ ചെയ്യുന്ന സന്ദർഭത്തിൽ ചീഫ് ജസ്റ്റിസ് ഓഫ് ഇന്ത്യ ഡി.വൈ. ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ.ബി. പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ മൂന്നംഗ ബെഞ്ച് പറഞ്ഞത് 'അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവിനു കാരണമായ പൊതുതാല്പ്പര്യ ഹർജിയുടെ ലക്ഷ്യവും ഉദ്ദേശ്യവും ഭാഷകളും അവയ്ക്കു പുറമെ മറ്റ് പ്രധാന വിഷയങ്ങളിലും മതേതര വിദ്യാഭ്യാസം മദ്റസ്സകളിൽ നൽകുന്നുണ്ടെന്ന് ഉറപ്പവരുത്തുക എന്നതാണെങ്കിൽ 2004-ലെ യു.പി ബോർഡ് ഓഫ് മദ്റസ്സ എജ്യുക്കേഷൻ ആക്ട് ഇല്ലാതാക്കലല്ല പ്രതിവിധി'യെന്നാണ് എന്നതുകൂടി ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. മദ്റസ്സ എജുക്കേഷൻ ആക്ട് ഇല്ലാതാക്കലല്ല മാർഗ്ഗമെന്നു ചൂണ്ടിക്കാട്ടിയ കോടതി അന്ന് മതേതര വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടത് ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ് എന്നുകൂടി അടിവരയിട്ടു പറഞ്ഞിരുന്നു.

## മദ്റസ്സകൾക്കെതിരെയുള്ള നീക്കം ഭരണഘടനാവിരുദ്ധം

**ഡോ. ഹുസൈൻ മടവൂർ**

മദ്റസ്സകൾ അടച്ചുപൂട്ടാൻ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് കേന്ദ്ര ബാലാവകാശ കമ്മീഷൻ കത്തയച്ച നടപടി ഭരണഘടനാവിരുദ്ധമാണ്. ബാലാവകാശ കമ്മിഷന്റെ ഈ ഉത്തരവ് ലക്ഷക്കണക്കിനു വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം തടസ്സപ്പെടുത്തും. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ സാധാരണക്കാരും പാവപ്പെട്ടവരുമായ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നത് മദ്റസ്സകളിൽ നിന്നാണ്. അവിടെ പഠനത്തിനു വേറെ സംവിധാനങ്ങൾ വളരെ കുറവാണ്. മദ്റസ്സകളിൽ മതപഠനം മാത്രമല്ല ഉള്ളത്. അവിടെ പൊതുവിദ്യാലയങ്ങളിലെ വിഷയങ്ങളും പഠിപ്പിക്കുന്നുണ്ട്. അതിനാൽ പല മദ്റസ്സകളിലും അമുസ്ലിം കുട്ടികളും പഠിക്കുന്നുണ്ട്. രാജാറാം മോഹൻ റോയ്, ഡോ. രാജേന്ദ്ര പ്രസാദ്, മുൻഷി പ്രേംചന്ദ് തുടങ്ങിയവർ മദ്റസ്സകളിൽ പഠിച്ചവരാണ്. മദ്റസ്സകളിൽ പഠിച്ച് പിന്നീട് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്തി

സിവിൽ സർവ്വീസിലും മറ്റ് ഉയർന്ന പദവികളിലായ നിരവധി പേരുണ്ട്. സ്വാതന്ത്ര്യസമരത്തിനു മുന്നിൽ നിന്നത് ദാറുൽ ഉലൂം ദയൂബന്ത് പോലുള്ള മത വിദ്യാഭ്യാസ സ്ഥാപനങ്ങളും അവിടത്തെ പണ്ഡിതന്മാരുമാണ്. ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ ചാലകശക്തി മൗലാനാ ശാ വലിയുള്ളാ ദഹലവിയും സഹ പ്രവർത്തകരുമാണ്.

മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും വിദ്യാഭ്യാസ സ്ഥാപന ങ്ങൾ നിർമ്മിച്ച് നടത്താനുമുള്ള അവകാശം ഭരണഘടന ഉറപ്പ് നൽകിയതാണ്. ഈ ഉറപ്പിന്റെ ലംഘനം അനുവദിച്ചു കൂടാത്തതാണ്. ബാലാവകാശ കമ്മിഷൻ നൽകിയ നിർദ്ദേശം പിൻവലിക്കുകയാണ് വേണ്ടത്.

*[ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഫൗണ്ടേഷൻ (എച്ച്.ആർ.ഡി.എഫ്) ചെയർമാൻ, ഇസ്ലാമിക പണ്ഡിതൻ ]*

## മതവിദ്യാഭ്യാസം പൊതുവിദ്യാഭ്യാസ ത്തിന്റെ ഭാഗമാക്കുകയാണ് വേണ്ടത്

**ഹമീദ് ചേന്നമംഗലൂർ**

വ്യത്യസ്ത മതവിഭാഗങ്ങളുടെ നിയന്ത്രണത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങളും ഏജൻസികളും മതം പഠിപ്പിക്കുന്നതിനു പകരം മതം സാമൂഹ്യ ശാസ്ത്രത്തിന്റെ ഭാഗമായിട്ട് പൊതുവിദ്യാഭ്യാസ സ്ഥാപന ങ്ങളുടെ സിലബസ്സിൽ ഉൾപ്പെടുത്തണ മെന്ന വാദം വർഷങ്ങൾക്കു മുൻപേത്തന്നെ ഞാൻ ഉന്നയിച്ചു വരുന്നതാണ്. ഒരു സെക്യുലർ രാഷ്ട്രത്തിൽ എങ്ങനെയാകണം മതപഠനം എന്നതു സംബന്ധിച്ച് മുൻപേത്തന്നെ ഞാനെഴുതിയിട്ടുണ്ട്. സത്യം, കാരുണ്യം, നീതി തുടങ്ങി മതങ്ങൾ പ്രതിനിധാനം ചെയ്യുന്ന മൂല്യവ്യവസ്ഥ അതുവഴിയാണ് കുട്ടികൾ പരിചയ പ്പെടേണ്ടത്. വിവിധ മതസമുദായങ്ങളുടെ നിയന്ത്രണത്തിലുള്ള ഏജൻസികൾ പഠിപ്പിക്കുന്നത് പലപ്പോഴും മതശ്രേഷ്ഠ വാദമാണ്. സ്വന്തം മതം സത്യമതമെന്നും മറ്റു മതങ്ങൾ വ്യാജമെന്നുമുള്ള കാഴ്ചപ്പാടാണ് അവർ കുട്ടികൾക്കു പകർന്നു നൽകുന്നത്. മദ്റസ്സകളിലായാലും സൺഡേ സ്കൂളു കളിലായാലും മറ്റു മതങ്ങൾ അപകൃഷ്ട മെന്നും അധമമെന്നും ഒക്കെയുള്ള ധാരണയാണ് ഉണ്ടാക്കിക്കൊടുക്കുന്നത്.

മതപഠനത്തിനു നൽകുന്ന ഊന്നൽ നിമിത്തം ഉത്തരേന്ത്യയിലൊക്കെ പലപ്പോഴും മുസ്ലിം കുട്ടികൾക്ക് മത്സരപ്പരീക്ഷകളിൽ മുന്നേറുന്നതിനോ വിജയിക്കുന്നതിനോ ഒന്നും കഴിയാറില്ല. മതപഠനം കഴിഞ്ഞിട്ട് സമയം വേണ്ടേ? ശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയവ യൊക്കെ പഠിപ്പിക്കുന്നുണ്ടെന്നത് പറച്ചിൽ മാത്രമാണ്. കേരളത്തിലെ അവസ്ഥതന്നെ ഒന്നു നോക്കൂ. മുൻകാലങ്ങളിൽ രാവിലേയും വൈകിട്ടും-സ്കൂളിൽ പോകുന്നതിനു മുൻപും സ്കൂൾ വിട്ടുവന്നിട്ടും-മത പഠനമാണ്. ഇപ്പോൾ സ്കൂൾ സമയങ്ങളിൽ ചില വ്യത്യാസം വന്നിട്ടുള്ളതു കൊണ്ട് ചെറിയൊരു കുറവ് മതപഠനത്തിനായി നീക്കിവെച്ച സമയത്തിൽ വന്നിട്ടുണ്ട്.

മദ്റസ്സകൾക്കെതിരെയുള്ള നീക്കത്തിൽ തീർച്ചയായും ആർ.എസ്.എസ്സിനു അതിന്റേതായ അജൻഡ ഉണ്ട്. എന്നാൽ, ഈ മതപഠന സമ്പ്രദായം ഒരു സെക്യൂലർ രാഷ്ട്രത്തിൽ ആശാസ്യമാണോ എന്ന് ആലോചിക്കേണ്ടതാണ്.

**മതം പഠിപ്പിക്കാത്ത ഇടങ്ങളിലാണ് തീവ്രവാദം വളരുന്നത്**

**പ്രൊഫ. എ.കെ. അബ്ദുൽ ഹമീദ്**

മദ്റസ്സകളെ സംബന്ധിച്ച അഖിലേന്ത്യാ ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ഡയറക്ടീവ് കേരളത്തിനു ബാധകമാകില്ല. എന്തെന്നാൽ കേരളത്തിൽ മതവിദ്യാഭ്യാസത്തിനു മാത്രമായിട്ടാണ് ആ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. അതാകട്ടെ മതവിഭാഗങ്ങൾ അവരവവരുടെ ഏജൻസികൾക്കു കീഴിൽ സ്വതന്ത്രമായി നടത്തിക്കൊണ്ടു പോകുന്നവയാണ്. ഒരുതരത്തിലുള്ള സർക്കാർ ധന സഹായവും അവയ്ക്കു ലഭിക്കുന്നില്ല. മതാദ്ധ്യാപകർക്കു ഏർപ്പെടുത്തിയിട്ടുള്ള പെൻഷൻ ക്ഷേമനിധിയിൽ നിന്നാണ് അനുവദിക്കുന്നത്, അതിൽ വിഹിത മടക്കുന്നത് അദ്ധ്യാപകരും മദ്റസ്സാ മാനേജ്മെന്റുകളും മാത്രമാണ്. ഉത്തരേന്ത്യയിൽ ചെറിയ തോതിലുള്ള സഹായം കിട്ടുന്നുണ്ട്. ഉദാഹരണത്തിന് അസ്സമിൽ നാലായിരത്തോളം മദ്റസ്സകളുണ്ട്. അവയിൽ നൂറെണ്ണത്തിനോ മറ്റോ ചെറിയ തോതിൽ സർക്കാർ സഹായം കിട്ടാറുണ്ടായിരുന്നു. എന്നാൽ, അസ്സം, ഗുജറാത്ത് തുടങ്ങിയ സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഭരണം വന്നതോടെ കാര്യങ്ങൾ മാറി. ഇപ്പോൾ നടക്കുന്ന നീക്കം തീർച്ചയായും ന്യൂനപക്ഷ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. മദ്രസ്സുകൾ തീവ്രവാദ കേന്ദ്രങ്ങളാണെന്ന പ്രചാരണം നേരത്തേത്തന്നെ ആർ.എസ്.എസ്. നടത്തിപ്പോരുന്നതാണ്. എന്റെ അറിവിൽ ഒരു മദ്റസ്സയിലും മതതീവ്രവാദം പഠിപ്പിക്കുന്നില്ല. സഹിഷ്ണുതയും ഒരു ബഹുസ്വര സമൂഹത്തിൽ അന്യമത സ്ഥരുമായി അനുരഞ്ജനത്തിലും സൗഹൃദത്തിലും കഴിയേണ്ടതിന്റെ പ്രാധാന്യവുമൊക്കെയാണ് പഠിപ്പിക്കുന്നത്. മതം പഠിപ്പിക്കാത്ത ഇടങ്ങളിലാണ് തീവ്രവാദം വളരുന്നത്.

*(ജനറൽ സെക്രട്ടറി, ഇസ്ലാമിക് ബോർഡ് എഡ്യുക്കേഷൻ ബോർഡ് സെക്രട്ടറി)*

**സമകാലിക മലയാളം**
**21 ഒക്ടോബർ 2024**

# Sharpen the anti-defection law, strengthen democracy

**B. Vinod Kumar**

*The anti-defection law has played a crucial role in political stability, but there are gaps which need to be addressed to make it more effective and impartial*

The anti-defection law in India, a crucial instrument designed to maintain the stability of governments and uphold the integrity of democratic institutions, has been a subject of much debate since its inception. Introduced in 1985, the law sought to address the rampant party-switching by legislators, which frequently led to political instability. While it has been somewhat effective in curbing the practice of defection, various loopholes and implementation issues have surfaced over time, necessitating further reforms.

**Historical genesis of the law**

The problem of defection has deep roots in Indian politics, dating back to the post-Independence era. In the first few decades following Independence, India experienced a significant number of defections, which often resulted in the destabilization of governments. This trend not only undermined the mandate of the electorate but also raised serious ethical questions about the conduct of elected representatives.

Legislators would switch parties, sometimes in exchange for financial gains or ministerial positions, leading to the fall of governments and the formation of new ones without fresh elections. This was colloquially referred to as "Aaya Ram, Gaya Ram", a phrase that originated from an incident in Haryana in the 1960s, where a legislator, Gaya Lal, switched parties multiple times in a single day. Such incidents underscored the need for a law to curb this practice.

Indian Parliament enacted the anti-defection law through the 52nd Amendment to the Constitution, introducing the Tenth Schedule during Rajiv Gandhi's tenure as Prime Minister. This law laid down the grounds for disqualification of Members of Parliament and State legislatures on the basis of defection. A member could be disqualified if they voluntarily gave up the membership of their political party or disobeyed the party whip in key votes such as confidence motions or Budget approvals. The law was aimed at providing stability to governments and ensuring that elected representatives remained loyal to the party's mandate on which they were elected.

While the initial law provided some deterrence against defections, it still had loopholes. One significant flaw was the

provision that allowed a split in a party if at least one-third of the members defected, which often led to mass defections. The 91st Amendment in 2003 addressed this issue by requiring that at least two-thirds of the members of a party must agree for a "merger" to avoid disqualification. This made it more challenging for small-scale defections to occur and reduced the incidence of such political manoeuvring.

Despite its intentions, the anti-defection law has faced criticism and challenges in its implementation. One of the most significant challenges is the inordinate delay in deciding defection cases. In some instances, Speakers have taken several months, or even years, to render a decision. This delay allows defectors to continue holding their positions, thereby subverting the purpose of the law. The discretionary power vested in the Speaker or Chairperson, without any stipulated time frame for decision-making, has often been a point of contention.

Another issue is the lack of transparency in the issuance and communication of party whips. Whips are essential instruments used by political parties to ensure discipline among their members, especially on crucial votes. However, the internal nature of these directives has led to disputes over whether members were adequately informed about the party's stance, making it difficult to determine the legitimacy of defection cases. While the decisions of the Speaker or Chairperson are subject to judicial review, the courts have generally been reluctant to intervene in defection cases, citing the need to respect the autonomy of the legislature. This has limited the scope for addressing potential abuses of power or ensuring timely resolutions.

**Proposed amendments**

To strengthen the anti-defection law and enhance its impartiality, two key amendments are proposed. The first concerns the time frame for decisions on defection cases. The absence of a fixed timeline for the Speaker or Chairperson to decide on defection cases has resulted in delays and potential misuse of discretionary power, undermining the law's intent. To address this issue, a four-week time frame should be established for resolving defection cases. If a decision is not reached within this period, the defecting members should be deemed to be disqualified from their positions. This amendment to the Tenth Schedule of the Constitution would ensure timely resolutions, prevent arbitrary decisions, and uphold the legislative process's integrity by limiting political bias and misuse of power.

The second is on public notice of party whips. The current lack of transparency in issuing party whips often leads to disputes over whether members were adequately informed. To resolve this, political parties should be provided

with a framework of the service of the whip in the form of a newspaper publication or through electronic communication. In *Keisham Meghachandra Singh vs. The Hon'ble Speaker Manipur Legislative Assembly and Ors.* (2020), the Supreme Court of India recommended replacing the Speaker's role in anti-defection cases with an independent tribunal or a body appointed by the Election Commission of India. However, in a democracy, the importance of the Speaker or Chairperson's office cannot be underestimated, as they are crucial in upholding parliamentary integrity and ensuring impartiality. Instead of sidelining this institution, reforms should aim to strengthen its accountability and transparency.

The Government of India must also explore various suggestions made by the Dinesh Goswami committee report (1990), the Hashim Abdul Halim committee report (1994), the 170th report of the Law Commission of India (1999), the Report of the National Commission to review the working of the Constitution of India (2002), the Hashim Abdul Halim committee report (2003) and the 255th report of the Law Commission of India (2015) for strengthening of the anti-defection law.

**Need for political will**

The anti-defection law has, historically, played a crucial role in preventing instability caused by defections and maintaining the sanctity of the electoral mandate. However, its implementation has revealed certain gaps and challenges that need to be addressed to make the law more effective and impartial. The amendments to the Tenth Schedule of the Indian Constitution should be prioritised to facilitate the effective implementation of the Union Government's "One Nation, One Election" initiative. By implementing these amendments, the anti-defection law can be revitalised to better serve its purpose in the current political context. It would ensure that elected representatives adhere to the principles of party loyalty and discipline while also protecting the democratic mandate of the electorate. Narendra Modi, the Leader of the House in the Lok Sabha, and Rahul Gandhi, the Leader of the Opposition, should take up the issue and ensure that the amendments are made to strengthen Indian democracy. In doing so, the law would continue to uphold the stability and the integrity of India's parliamentary democracy, adapting to the evolving political landscape with greater efficacy and fairness.

[*B. Vinod Kumar was a member of Parliament (Bharat Rashtra Samith) in the 14th and the 16th Loksabha*]

**The Hindu**
**October 26 2024**

# സ്വകാര്യസ്വത്തും ഭരണകൂടവും സുപ്രീംകോടതി വിധിയുടെ സന്ദേശങ്ങൾ

അഡ്വ. കാളീശ്വരം രാജ്

*നിയമവും നിയമവാഴ്ചയും ഭരണഘടനയുമെല്ലാം ശരിയായ രാഷ്ട്രീയത്തിലാണ് നിലനിൽക്കുകയും വികസിക്കുകയും ചെയുക എന്ന മറുപാഠമാണ് പുതിയ വിധി വ്യക്തമാക്കുന്നത്. ഇതാകട്ടെ നമുക്ക് അവഗണിക്കാനാകാത്ത ഒരു പാഠഭേദവുമാണ്*

ഇക്കഴിഞ്ഞ നവംബർ അഞ്ചാം തീയതി സ്വകാര്യസ്വത്തിനുമേൽ ഭരണകൂടത്തിനുള്ള അവകാശം സംബന്ധിച്ച് സുപ്രീംകോടതിയുടെ ഒമ്പതംഗ ബെഞ്ച് പുറപ്പെടുവിച്ച വിധി സങ്കീർണമായി തോന്നാമെങ്കിലും വിചിത്ര വൈരുധ്യങ്ങൾ അടങ്ങിയതാണ്. ഭരണഘടനയിലെ നിർദ്ദേശകതത്ത്വങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട് പൊതുനന്മയ്ക്കായി സ്വകാര്യസ്വത്ത് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഭരണകൂടത്തിനുള്ള അധികാരം എത്ര വരെ എന്ന ചോദ്യത്തിനാണ് സുപ്രീംകോടതി ഉത്തരം കണ്ടെത്തിയത്.

ഒരു രാഷ്ട്രത്തിന്റെ സ്വപ്നങ്ങളും പദ്ധതികളുമാണ് നിർദേശകതത്ത്വങ്ങൾ എന്ന് സാമാന്യമായി പറയാം. പൊതുജനക്ഷേമം തൊട്ട് തുല്യനീതി, സാമ്പത്തിക നീതി, തൊഴിലാളിക്ഷേമം, ശിശുക്ഷേമം, സാർവത്രിക വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം എന്നിവവരെയുള്ള ഒട്ടേറെ വിഷയങ്ങൾ നിർദേശകതത്ത്വങ്ങളിൽ ഉൾപ്പെടുന്നു. ഇവയിൽപെടുന്നതാണ് 39 (ബി) വകുപ്പ്. ഇതനുസരിച്ച് സമൂഹത്തിന്റെ ഭൗതിക വിഭവങ്ങൾക്കുമേലുള്ള ഉടമസ്ഥതയും നിയന്ത്രണവും പൊതു നന്മയ്ക്കുതകും വിധം വിതരണം ചെയ്യാനുള്ള പരിപാടികൾ ഭരണകുടം ആസൂത്രണം ചെയ്യണം. ഇതിൽ സ്വകാര്യസ്വത്ത് കൈകാര്യം ചെയ്യാനുള്ള ഭരണകൂടാധികാരം ഉൾപ്പെടുമോ എന്നതാണ് ചിരകാലമായി നിലനിൽക്കുന്ന സമസ്യ. നിർദേശക തത്ത്വങ്ങൾ മൗലികാവകാശങ്ങളെപ്പോലെ കോടതിയെ സമീപിച്ചുകൊണ്ട് നടപ്പാലാക്കിയെടുക്കാവുന്നതല്ല. എങ്കിലും അവയ്ക്ക് ഭണകൂടത്തിന്റെ സ്വഭാവവും പ്രവർത്തനവും നിശ്ചയിക്കുന്നതിൽ വലിയ പങ്കുണ്ട്. അതിനാലാണ് 39 (ബി)-യെ സംബന്ധിച്ച ആലോചനകൾ പ്രധാനമാകുന്നത്.

### വിധിയുടെ ഭിന്നതലങ്ങൾ

ഇതു സംബന്ധിച്ച് ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ എഴുതിയ 1977-ലെ വിധിയിൽ സ്വകാര്യസ്വത്തും പൊതു വിഭവമാണെന്ന വിധത്തിൽ വ്യാഖ്യാനിക്കപ്പെട്ടു. അങ്ങനെവരുമ്പോൾ പൊതുനന്മയ്ക്കായി സ്വകാര്യസ്വത്തുക്കൾ ഏറ്റെടുക്കാനും വിതരണംചെയ്യാനും കൈയാളാനുമെല്ലാം ഭരണകൂടത്തിന് ശ്രമിക്കാവുന്നതാണെന്നും അതിനായി നിയമങ്ങൾ കൊണ്ടുവരാമെന്നും വരുന്നു.

ഇത്തരം നിയമങ്ങൾക്ക് ഭാഗികവും സോപാധികവുമായ സംരക്ഷണം നൽകുന്നതാണ് ഭരണഘടനയിലെ 31(സി) വകുപ്പ്. അതിൽ ചില ഭേദഗതികൾ വരുത്തിയപ്പോൾ അവ ചോദ്യം ചെയ്യപ്പെടുകയും റദ്ദാക്കപ്പെടുകയും ഉണ്ടായി. എന്നാൽ, ഭേദഗതിക്കു മുൻപുള്ള രൂപത്തിൽ 31(സി) വകുപ്പ് നിലനിൽക്കുമെന്നാണ് ഇപ്പോഴത്തെ വിധിയിൽ വ്യക്തമാക്കപ്പെട്ടത്. പക്ഷേ, ഇങ്ങനെ വ്യക്തമാക്കിയപ്പോഴും എല്ലാ സ്വകാര്യ സ്വത്തിനെയും പൊതുവിഭവമായി കാണാനാകില്ലെന്ന് സുപ്രീംകോടതി പറഞ്ഞു. ആ നിലയിൽ 39 (ബി) വകുപ്പിനെ പുനർവ്യാഖ്യാനം ചെയ്തു. ജസ്റ്റിസ് കൃഷ്ണയ്യരുടെ 1977-ലെ ന്യൂനപക്ഷവിധി തെറ്റാണെന്നും പുതിയ ഒമ്പതംഗ ബെഞ്ചിലെ ഏഴ് ന്യായാധിപർ യോജിച്ച ഭൂരിപക്ഷവിധിയിൽ ഉണ്ട്. അതായത് സ്വകാര്യസ്വത്തിന്മേലുള്ള ഭരണകൂട അധികാരം അപരിമിതമല്ല എന്ന് പുതിയ വിധി വ്യക്തമാക്കുന്നു. മറിച്ചുള്ള 'സോഷ്യലിസ്റ്റ്' കാഴ്ചപ്പാടിന് പുതിയവിധി പരിധികൾ നിശ്ചയിച്ചതായി ഒറ്റനോട്ടത്തിൽ തോന്നാം. എന്നാൽ, ഈ വിഷയത്തിൽ ചരിത്രവും രാഷ്ട്രീയവും പ്രത്യയ ശാസ്ത്രങ്ങളും ഭരണകൂട സമീപനവുമെല്ലാം എങ്ങനെയാണ് മാറി മറിഞ്ഞതെന്ന് അറിയുമ്പോൾ മാത്രമാണ് വിധിയുടെ ഭിന്നതലങ്ങൾ ശരിയായി മനസ്സിലാക്കാൻ കഴിയുക.

**ജസ്റ്റിസ് കൃഷ്ണയ്യരുടെ വിധി**

രംഗനാഥറെഡ്ഡിയുടെ കേസിൽ (1977) ജസ്റ്റിസ് കൃഷ്ണയ്യർ ന്യൂനപക്ഷ വിധിയെഴുതിയപ്പോൾ കാൾമാർക്സിനെ കൂടി ഉദ്ധരിച്ചു കൊണ്ടാണ് 39(ബി) അനുച്ഛേദത്തിന്റെ സാമൂഹികമാനങ്ങൾ വ്യക്തമാക്കിയത്. 3-1-977 തൊട്ട് ഭരണഘടനയുടെ ആമുഖത്തിൽ 'സോഷ്യലിസ്റ്റ്' എന്ന പദം കൂട്ടിചേർക്കപ്പെട്ട പശ്ചാത്തലത്തിൽക്കൂടിയാണ് ജസ്റ്റിസ് കൃഷ്ണയ്യരുടെ ഭിന്നവിധി എഴുതപ്പെട്ടത്. പുതിയവിധിയിൽ ജസ്റ്റിസ് ധൂലിയയുടെ ന്യൂനപക്ഷ വിധിയിൽ വ്യക്തമാക്കിയ പോലെ നിർദേശ കതത്ത്വങ്ങൾ മിക്കതും 'സോഷ്യലിസ്റ്റ് തത്ത്വങ്ങൾ' കൂടിയാണ്. ജസ്റ്റിസ് അയ്യരുടെ വിധിയുടെ ചരിത്ര പശ്ചാത്തലം ഇപ്പോൾ ഭിന്ന വിധിയെഴുതിയ ജസ്റ്റിസ് നാഗരത്നവും സൂചിപ്പിക്കുന്നുണ്ട്. അതിലുപരി എഴുപതുകളിലും അതിനു മുമ്പും ഉണ്ടായ ദേശസാത്കരണത്തിന്റെയും ഫ്യൂഡലിസ്റ്റ് അവശിഷ്ടങ്ങളുടെ നിർമാർജന ശ്രമങ്ങളുടെയും പശ്ചാതലം ഓർമ്മിക്കേണ്ടതായുണ്ട്. ഈ സാഹചര്യത്തിൽ പൊതുനന്മയ്ക്കായുള്ള ദേശസാത്കരണത്തിന്റെയും ഭൂപരിഷ്കരണ നിയമങ്ങളുടെയും ജമീന്ദാർ സംവിധാനം അവസാനിപ്പിക്കലിന്റെയും നാട്ടുരാജാക്കന്മാർക്കുള്ള പ്രത്യേകാവകാശങ്ങൾ നിർത്തലാക്കലിന്റെയും മറ്റും പശ്ചാത്തലത്തിലാണ് ജസ്റ്റിസ് അയ്യരുടെ ഭിന്ന വിധിയിലെ 39(ബി) വകുപ്പ് സംബന്ധിച്ച അവലോകനം വായിക്കപ്പെടേണ്ടത്.

ജസ്റ്റിസ് അയ്യരുടെ വിധിയെയാണ് പിന്നീടുള്ള പല ബെഞ്ചുകളും പിന്തുടർന്നത് എന്നത് ആ വിധിയുടെ പ്രസക്തിക്കു തന്നെയാണ് അടിവരയിടുന്നത്. 1982-ലെ സഞ്ജീവ് കോക്കിന്റെ കേസിൽ ജസ്റ്റിസ് ചിന്നപ്പറെഡ്ഡി അഞ്ചംഗ ബെഞ്ചിനുവേണ്ടി എഴുതിയ വിധിയിൽ

ജസ്റ്റിസ് അയ്യരുടെ വിധിക്ക് പ്രാമാണികത കല്പിച്ചു. അതോടെ '39 (ബി) അനുച്ഛേദത്തിനുള്ള' സോഷലിസ്റ്റ് വ്യാഖ്യാനത്തിന് നീതി ന്യായപരമായ ആധികാരികത കൈവന്നു. അതിനാലാണ് പിന്നീട് പലവിധികളിലും ഇതേ സോഷ്യലിസ്റ്റ് വ്യാഖ്യാനം ആവർത്തി ക്കപ്പെട്ടത്. അതായത് സ്വകാര്യ സ്വത്തിനെയും പൊതുനന്മയ്ക്കായി കൈകാര്യം ചെയ്യാൻ ഭരണകുടത്തെ പ്രേരിപ്പിക്കുന്നതാണ് ഇന്ത്യൻ ഭരണ ഘടനയിലെ ബന്ധപ്പെട്ട നിർദേശകതത്ത്വം എന്ന നിലപാടിന് സുപ്രീംകോടതിയുടെ തന്നെ ഔപചാരികമായ അംഗീകാരം സിദ്ധിച്ചു.

**മാറിയ സാഹചര്യവും മാറിയ വിധിയും**

ഈ നീതിന്യായ സമീപനമാണ് ഇപ്പോൾ ഒമ്പതംഗ ബെഞ്ചിന്റെ ഭൂരിപക്ഷ വിധിയോടെ തിരുത്തപ്പെട്ടത്. വിചിത്രമെന്നു പറയട്ടെ, ഭരണകൂടത്തിന്റെ, സ്വകാര്യ സ്വത്തിന്മേലുള്ള അധികാരത്തിനായി, അതുവഴി ജസ്റ്റിസ് കൃഷ്ണയ്യരുടെ സമീപനത്തിന്റെ തുടർച്ചയായി ഈ കേസിൽ വാദിച്ചത് കേന്ദ്രസർക്കാർ തന്നെയായിരുന്നു!

ദേശസാത്കരണത്തിന്റെയും ഭൂപരിഷ്കരണത്തിന്റെയും കാലമല്ല ഇത്. മറിച്ച് സ്വകാര്യവത്കരണത്തിന്റെയും വൻകിട പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാനുകളുടെയും കാലമാണ്. അപ്പോൾ ഭരണകൂടത്തിന് സ്വകാര്യ സ്വത്തിന്മേലുള്ള അധികാരത്തിന് വേറേ മാനങ്ങൾ ഉണ്ടാകുന്നു. പലപ്പോഴും വൻകിട പദ്ധതികൾക്കായുള്ള ഭൂമിയടക്കമുള്ള വിഭവങ്ങൾ സമാഹരിക്കുമ്പോൾ സാധാരണ മനുഷ്യനും പാവപ്പെട്ടവരുമാണ് ഇരയാക്കപ്പെടുന്നത്. അപ്പോൾ 30(ബി) വകുപ്പിന് ജസ്റ്റിസ് കൃഷ്ണയ്യർ നൽകിയത് ശരിയായ വ്യാഖ്യാനമാണ് എന്ന് 2024-ൽ കേന്ദ്രം പറയുന്നത് തികച്ചും വ്യത്യസ്തമായ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണെന്ന് വ്യക്തമാകുന്നു. ആ വാദം പുതിയ ഭൂരിപക്ഷ വിധിയിൽ നിരാകരിക്കപ്പെടുകയാണുണ്ടായത്.

**ഒഴിവാക്കേണ്ടിയിരുന്ന പരാമർശങ്ങൾ**

എന്നാൽ, ഭൂരിപക്ഷവിധിയുടെ 216-ാം ഖണ്ഡികയിൽ രാജ്യം അടുത്ത കാലത്തായി നേടിയതായി പറയുന്ന സാമ്പത്തിക പുരോഗതിയെക്കുറിച്ചും അതിന് തിരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നൽകിയ പിന്തുണയെക്കുറിച്ചുമുള്ള പരാമർശങ്ങളുണ്ട്. അവ ഒഴിവാക്കപ്പെടേണ്ടതായിരുന്നു. അതും ഒരു പ്രത്യേക തരം 'സമ്പദ്ശാസ്ത്ര സമീപനം' തന്നെയാണ്. തന്റെ സാമ്പത്തിക ദർശനത്തിന്റെ പേരിലാണ് ജസ്റ്റിസ് കൃഷ്ണയ്യർ പുതിയ ഭൂരിപക്ഷവിധിയിൽ വിമർശിക്കപ്പെട്ടത് എന്ന കാര്യം മറക്കാതിരിക്കുക! ഇന്ത്യൻ സമ്പദ് വ്യവസ്ഥ സമീപകാലത്തായി വൻകുതിപ്പു നടത്തിയെന്ന് വിശ്വസിക്കാത്ത, അതിന്റെ പേരിൽ ഭരണകൂടത്തിന് വോട്ടുവഴി പിന്തുണ നൽകാത്ത കോടിക്കണക്കിനാളുകൾ ഇപ്പോഴും ഇവിടെയുണ്ടല്ലോ? രാജ്യത്തെ വർധിച്ചുവരുന്ന ദാരിദ്ര്യവും തൊഴിലി ല്ലായ്മയും കാരണം സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് പ്രസക്തിയുണ്ടെന്നു ചിന്തിക്കുന്നവർ ഏറെയാണ്.

### സോഷ്യലിസം എന്ന പരികല്പന

സോഷ്യലിസം എന്നത് ഏകശിലാ രൂപത്തിലുള്ള ഒരു പരികല്പനയല്ല. വ്യത്യസ്ത രാജ്യങ്ങളിൽ അതിന് വ്യത്യസ്ത അർത്ഥതലങ്ങളാണുള്ളത്. ചൈനയിലും റഷ്യയിലും വിയറ്റ്നാമിലും ക്യൂബയിലും സമ്പദ് വ്യവസ്ഥ ഒരു പോലെയല്ല. ഭരണകൂട സമീപനങ്ങളും ഒരുപോലെയല്ല. രാഷ്ട്രീയത്തിൽ തന്നെ 'സോഷ്യലിസത്തിൽ' വെള്ളം ചേർത്തിട്ടുള്ളതിന് ഈ രാജ്യങ്ങൾ തെളിവു നൽകുന്നു. രാഷ്ട്രീയത്തിലെ സോഷ്യലിസമല്ല, ഭരണഘടനയിലെ സോഷ്യലിസം എന്നും കാണണം. ഈ അർഥത്തിലാണ് ഡോ. അംബേദ്കറുടെ ചിന്തകളെ വായിക്കേണ്ടത്. ഭരണഘടനാ നിർമാണവേളയിൽ ചില വിഭവങ്ങളിലും മേഖലകളിലും ഭരണ കൂടത്തിന്റെ അധികാരം പ്രത്യേകിച്ചു തന്നെ എടുത്തു പറയണമെന്ന് കെ. ടി. ഷാ പറഞ്ഞപ്പോൾ ഇപ്പോഴത്തെ നിർദേശക തത്ത്വങ്ങൾ തന്നെ വിപുലമായ രീതിയിൽ എഴുതപ്പെട്ടതാണെന്ന് ഡോ. അംബേദ്കർ മറുപടി പറഞ്ഞിട്ടുണ്ട്. എന്നാൽ, ഡോ. അംബേദ്കറുടെ നിലപാട് ജസ്റ്റിസ് കൃഷ്ണയ്യരുടെ സമീപനത്തെ പിന്തുണ യ്ക്കുന്നില്ല എന്നാണ് ജസ്റ്റിസ് ചന്ദ്രചൂഡ് ഭൂരിപക്ഷ വിധിയിൽ എഴുതിയത്. അതേ സമയം, സാമൂഹികവും സാമ്പത്തി കവുമായ തുല്യതയില്ലാതെ വോട്ടു ചെയ്യുന്ന കാര്യത്തിലെ തുല്യതയുടെ മാത്രം അടിസ്ഥാനത്തിൽ, വൈരുധ്യങ്ങ ളുമായി ഈ രാജ്യത്തിന് എത്രകാലം മുന്നോട്ടു പോകാൻ കഴിയുമെന്ന് ഡോ. അംബേദ്കറുടെ പ്രസിദ്ധമായ പ്രസംഗത്തെ (നവം. 24, 1949) ജസ്റ്റിസ് ധൂലിയ പരാമർശിക്കുന്നുണ്ട്. അംബേദ്കർ നിർദേശക തത്ത്വങ്ങളിൽ തന്നെ സോഷ്യ ലിസ്റ്റ് ആശയങ്ങൾ സന്നിവേശിപ്പിച്ചെന്നും ജസ്റ്റിസ് ധൂലിയ വ്യക്തമാക്കുന്നുണ്ട്. നീതി പീഠത്തിലെ ഈ ആശയ സംവാദം തീർച്ചയായും ആരോഗ്യപരമാണ്.

### പുതിയ വിധി നൽകുന്ന പാഠങ്ങൾ

അപ്പോൾ, പുതിയവിധി നൽകുന്ന പാഠങ്ങൾ എന്താണ്? ഭരണഘടനയിലെ അനുച്ഛേദങ്ങളും കോടതിവിധികളും നിരന്തരമായി വ്യാഖ്യാനിക്കപ്പെടുകയും മാറ്റുരയ്ക്കപ്പെടുകയും ചെയ്യും. ഭരണഘടന എന്തുകൊണ്ടാണ് പ്രധാന മാകുന്നതെന്ന ചോദ്യത്തിന് അമേരിക്കൻ നിയമജ്ഞനായ മാർക്ക് ടഷ്നറ്റ് നൽകുന്ന ഉത്തരം സവിശേഷമാണ്. ഭരണഘടനകളാണ് മൗലികാവകാശങ്ങൾ സംരക്ഷി ക്കുന്നതെ ങ്കിലും ഭരണഘടനയുടെ പ്രാധാന്യം അതല്ല എന്നും മൗലികാവകാശ സംരക്ഷണത്തിനുതകുന്ന ഒരു രാഷ്ട്രീയ സാഹചര്യത്തിന് ആകൃതി നൽകുന്ന തിനാലാണ് ഭരണഘടനകൾ പ്രധാന മാകുന്നതെന്നുമാണ് ടഷ്നറ്റ് നൽകുന്ന വിശദീകരണം. മെച്ചപ്പെട്ട രാഷ്ട്രീയ സാഹചര്യത്തിലാണ് ഭരണഘടനകൾ മെച്ചപ്പെട്ട രീതിയിൽ പരിരക്ഷിക്ക പ്പെടുകയും പോഷിപ്പിക്കപ്പെടുകയും ചെയ്യുക. എന്നാൽ, ടഷ്നറ്റ് പറഞ്ഞ തിനപ്പുറം ഭരണഘടനാ വ്യവസ്ഥകൾക്ക് മെച്ചപ്പെട്ട വ്യാഖ്യാനങ്ങളുണ്ടാവുന്നതും അവ ശരിയായ രീതിയിൽ മനസ്സിലാക്ക പ്പെടുകയും പ്രയോഗിക്കപ്പെടുകയും ചെയ്യുന്നത് മെച്ചപ്പെട്ട രാഷ്ട്രീയ പശ്ചാത്തലമുണ്ടാകുമ്പോഴാണെന്നും

കാണണം. നിയമവും നിയമവാഴ്ചയും ഭരണഘടനയുമെല്ലാം ശരിയായ രാഷ്ട്രീയത്തിലാണ് നിലനില്ക്കുകയും വികസിക്കുകയും ചെയ്യുക എന്ന മറു പാഠമാണ് പുതിയ വിധി വ്യക്തമാക്കുന്നത്. ഇതാകട്ടെ നമുക്ക് അവഗണിക്കാനാകാത്ത ഒരു പാഠഭേദവുമാണ്. സ്വാതന്ത്ര്യത്തിനു ശേഷം അടിയന്തരാവസ്ഥയിലടക്കം എപ്പോഴെല്ലാം നമ്മുടെ രാഷ്ട്രീയം ദുഷിച്ചു പോയിട്ടുണ്ടോ അപ്പോഴെല്ലാം ഭരണഘടന വ്യാഖ്യാനത്തിലും പ്രയോഗത്തിലും അത് പ്രതിഫലിക്കപ്പെട്ടിട്ടുണ്ട്. നിർദേശക തത്ത്വങ്ങൾ മെച്ചപ്പെട്ട രാഷ്ട്രീയ സംസ്കാരത്തെയാണ് ആവശ്യപ്പെടുന്നത്. പുതിയവിധി നൽകുന്ന സന്ദേശവും മറ്റൊന്നല്ല.

*(ലേഖകൻ സുപ്രീം കോടതിയലും കേരള ഹൈക്കോടതിയിലും അഭിഭാഷകനാണ്.)*

**മാതൃഭൂമി**
**നവംബർ 8 2024**

# ഇന്ത്യൻ ഭരണഘടനയെ രക്ഷിച്ച നീതിന്യായ വ്യവസ്ഥ

അഡ്വ. ടി. ആസഫ് അലി

*ഭദ്രമായ അടിത്തറയുള്ള നമ്മുടെ ഭരണഘടനയും ആ ഭരണഘടനാ തത്ത്വങ്ങൾ പരിരക്ഷിച്ചു നിലനിർത്തുന്നതിൽ രക്ഷാ കവചമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ജുഡീഷ്യറിയും എങ്ങനെയാണ് ജനാധിപത്യത്തെ സംരക്ഷിച്ചത്?*

രാജ്യം ഭരണഘടനയുടെ വജ്ര ജൂബിലി ആഘോഷത്തിന്റെ നിറവിലാണ്. 1949 നവംബർ 26-ന് നാം നമ്മുടെ ഭരണഘടനയെ സ്വീകരിക്കുകയും നിയമിക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുന്നുവെന്ന ചരിത്രപ്രധാനമായ പ്രഖ്യാപനം നടത്തുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ അവകാശ പ്രഖ്യാപന പ്രമാണമാണ് ഇന്ത്യൻ ഭരണഘടന. 1928-ൽ ലക്നൗവിൽ ചേർന്ന രാജ്യത്തെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ സമ്മേളനത്തിൽ നിന്നാണ് ഭരണഘടന എന്ന ആശയം ആദ്യമായി രൂപപ്പെട്ടത്.

ഡോ. എം. എ. അൻസാരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആ യോഗത്തിൽ ഇന്ത്യയ്ക്ക് ഡൊമിനിയൻ പദവി ചർച്ച ചെയ്തു. 1929-ൽ ഡിസംബർ 19-ന് ചേർന്ന ലാഹോർ എ.ഐ.സി.സി. സമ്മേളനത്തിൽ പൂർണ്ണ സ്വരാജ് പ്രമേയം അംഗീകരിച്ചു. 1930 ജനുവരി 26-ന് പൂർണ്ണ സ്വരാജ് എന്ന മഹാത്മാഗാന്ധിയുടെ പ്രഖ്യാപനത്തിന്റെ സ്മരണയ്ക്കായി ജനുവരി 26-ന് റിപ്പബ്ലിക് ദിനമായി എല്ലാ വർഷവും ആഘോഷിക്കുന്നു. ഭരണഘടന ഫലത്തിൽ സ്വീകരിക്കുകയും നിയമമാക്കുകയും ചെയ്യപ്പെട്ട നവംബർ 26 ഭരണഘടനാദിനമായാണ് നാം ആഘോഷിക്കുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 394 അനുസരിച്ച് പൗരത്വം സംബന്ധിക്കുന്ന ഭരണഘടനയുടെ അനുച്ഛേദങ്ങൾ 5, 6, 7, 8, 9 രാഷ്ട്രപതിയുടെ ശപഥം സംബന്ധിച്ച അനുച്ഛേദം 66-ഉം രാജ്യത്തെ തെരഞ്ഞെടുപ്പ് മേൽനോട്ടം സംബന്ധിച്ച തെരഞ്ഞെടുപ്പ് കമ്മിഷന്റെ അധികാരങ്ങൾ സംബന്ധിച്ച അനുച്ഛേദം 324-ഉം ഭരണഘടനയുടെ വ്യാഖ്യാനം നിർവ്വചനം എന്നിവ സംബന്ധിച്ച അനുച്ഛേദം 366, 367 തുടങ്ങിയ വകുപ്പുകളും 1949 നവംബർ 26-നു തന്നെ പ്രാബല്യത്തിലായി. ഇന്ത്യ-പാകിസ്താൻ എന്നീ രാഷ്ട്രങ്ങൾക്കു ജന്മം നൽകിയതും 1947 ജൂലൈ 18-ന് ബ്രിട്ടീഷ് പാർലമെന്റ് പാസാക്കിയതുമായ 1947-ഇന്ത്യൻ ഇന്റിപെന്റൻസ് ആക്റ്റ് എന്ന നിയമം ഭരണഘടന 395-ാം അനുച്ഛേദമനുസരിച്ച് റദ്ദാക്കപ്പെട്ടതോടുകൂടി നമ്മുടെ സ്വാതന്ത്ര്യം ബ്രിട്ടിഷുകാരന്റെ ഔദാര്യമല്ലായെന്നും നാം നമുക്കു വേണ്ടി സ്വയം പ്രഖ്യാപിക്കപ്പെട്ട ഒരു പരമാധികാരം സ്ഥിതിസമത്വമതേതര ജനാധിപത്യ

റിപ്പബ്ലിക്കായി മാറുകയുണ്ടായി.

ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനു ശേഷം സ്വതന്ത്രമായ മറ്റ് നിരവധി രാജ്യങ്ങൾ ശിഥിലമാവുകയും ഛിന്നഭിന്നമാവുകയും ചെയ്തെങ്കിലും കഴിഞ്ഞ ഏഴര പതിറ്റാണ്ടു കാലം നാം ശക്തമായ ജനാധിപത്യ മതേതര രാജ്യമായി നിലനിൽക്കാൻ സാധിച്ചത് ശക്തമായ അടിത്തറയുള്ള നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ തന്നെയാണെന്നു വ്യക്തം.

1945 ആഗസ്റ്റ് 15 സ്വാതന്ത്ര്യം നേടിയ കൊറിയ 1948-ൽ തന്നെ വടക്കൻ കൊറിയ, തെക്കൻ കൊറിയയെ ചൈനീസ് സഹായത്തോടെ ആക്രമിക്കുകയുണ്ടായി. അമേരിക്കൻ പിൻബലമുണ്ടായിരുന്ന തെക്കൻ കൊറിയയിൽ 1953-ൽ തന്നെ ഭരണസ്തംഭനം ഉണ്ടാവുകയും ചെയ്തു. ഇന്ത്യയോടൊപ്പം സ്വതന്ത്രമായ പാകിസ്താന്റെ ഭാഗമായിരുന്ന കിഴക്കൻ പാകിസ്താൻ ബംഗ്ലാദേശ് എന്ന പുതിയ രാഷ്ട്രമായി വേർപ്പെട്ടതും ബംഗ്ലാദേശിലും പാകിസ്താനിലും ജനാധിപത്യം അട്ടിമറിക്കപ്പെടുകയും ഭരണപരമായി പട്ടാളവും ഭരണാധികാരികളും തമ്മിലുള്ള രൂക്ഷമായ ചേരിപ്പോരുകൾ നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ത്യയിൽ ശക്തവും സുദൃഢവുമായ ജനാധിപത്യ സംവിധാനം നിർത്താനും ഭരണഘടന ഉറപ്പുനൽകുന്ന ജനങ്ങളുടെ സർവ്വ അവകാശങ്ങളും സ്ഥാപിച്ചെടുക്കാനും ആയതിനു നേരെയുണ്ടാവുന്ന എല്ലാ വെല്ലുവിളികളേയും ചെറുക്കാൻ സാധിക്കും വിധം പ്രവർത്തിക്കുന്ന സക്രിയമായ ജുഡീഷ്യൽ സംവിധാനം സാധ്യമാക്കാനും സാധിച്ചുവെന്നതാണ് ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഏറ്റവും വലിയ വിജയം.

**പരമാധികാരം സംബന്ധിച്ച തർക്കം**

ഭരണഘടനയുടെ ആരംഭം മുതലുള്ള സുപ്രധാനമായ പ്രശ്നം പാർലമെന്റിന്റെ ഭരണഘടനാ ഭേദഗതിക്കും ഉള്ള പരമാധികാരം സംബന്ധിച്ച തർക്കങ്ങളായിരുന്നു. ഭരണഘടനയുടെ അനുച്ഛേദം 13(2) അനുസരിച്ചു ഉറപ്പു നൽകിയിട്ടുള്ള മൗലികാവകാശങ്ങൾ എടുത്തുകളയുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു നിയമവും രാഷ്ട്രം നിർമ്മിക്കാൻ പാടില്ല എന്നും അപ്രകാരം ഉറപ്പു നൽകിയിട്ടുള്ള അവകാശങ്ങൾ വെട്ടിച്ചരുക്കിക്കൊണ്ടോ ലംഘിച്ചുകൊണ്ടോ നിർമ്മിക്കുന്ന ഏത് നിയമവും ആ ലംഘനത്തിന്റെ വ്യാപ്തിയോളം അസാധുവായിരിക്കുന്നതാണെന്നുള്ള വ്യവസ്ഥ മൗലിക അവകാശങ്ങൾക്കുള്ള പരിപൂർണ്ണ രക്ഷാകവചമാണ്. 1967-ലെ സുപ്രസിദ്ധമായ ഗോലക്നാഥ് കേസിലെ സുപ്രീംകോടതി വിധിയനുസരിച്ച് അനുച്ഛേദം 13(2)-ന് ഒരു വിശദീകരണം കൂടി നൽകുകയുണ്ടായി; അതായത് ഭരണഘടനയിൽ വിവരിച്ചിരിക്കുന്ന മൗലിക അവകാശങ്ങൾ വെട്ടിച്ചുരുക്കിക്കൊണ്ടോ ലംഘിച്ചുകൊണ്ടോ നിയമം നിർമ്മിക്കാൻ പാടില്ല. എന്നാൽ, ഭരണഘടന ഭേദഗതിയിൽക്കൂടിപോലും മൗലികാവകാശങ്ങൾ എടുത്തുകളയാൻ പാടില്ല എന്നതായിരുന്നു ഗോലക് നാഥ് കേസിലെ വിധി.

പക്ഷേ, ഗോലക്നാഥ് കേസിന് ശേഷം 1974-ലെ ഇരുപത്തിനാലാം ഭേദഗതി നിയമമനുസരിച്ച് അനുച്ഛേദം 13-ൽ 4-ാം ഉപവകുപ്പ് എഴുതിച്ചേർത്തു. ഇതനുസരിച്ച് അനുച്ഛേദം 13(2) വിവരിച്ച 'നിയമ'മെന്നതിൽ അനുച്ഛേദം 368 അനുസരിച്ചുള്ള ഭരണഘടനാ ഭേദഗതി

ഉൾപ്പെടില്ലായെന്ന വ്യക്തതയും ഉണ്ടായി. ഇതോടെ ഭരണഘടനാ ഭേദഗതിയിൽക്കൂടി മൗലികാവകാശം എടുത്തുകളയാനോ വെട്ടി ചുരുക്കാനോ പാർലമെന്റിന് അധികാരമുണ്ട് എന്ന സ്ഥിതി സംജാതമായി. പാർലമെന്റിനുള്ള ഭരണഘടനാഭേദഗതി ചെയ്യാനുള്ള അധികാരത്തെ സംബന്ധിച്ചുള്ള തർക്കങ്ങൾ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന കാലത്താണ് 1973-ൽ സുപ്രീംകോടതിയുടെ 13 അംഗ ബെഞ്ചിന്റെ സുപ്രസിദ്ധമായ കേശവാനന്ദ ഭാരതി കേസിലെ വിധിയുണ്ടായത്.

പാർലമെന്റിന് അനുച്ഛേദം 368 അനുസരിച്ച് ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങൾ ഭേദഗതി ചെയ്യാനോ വെട്ടിച്ചുരുക്കാനോ മാറ്റിയെഴുതാനോ അധികാരമില്ലെന്നതാണ് കേശവാനന്ദഭാരതി കേസിലെ ഭൂരിപക്ഷ വിധി. അതോടെ മൗലികാവകാശം ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമില്ലെന്ന നിയമം പ്രാബല്യത്തിലായി. കേശവാനന്ദഭാരതി കേസിലെ വിധിയെ അടിസ്ഥാനപ്പെടുത്തി പിന്നീടുണ്ടായ സുപ്രീംകോടതിയുടെ നിരവധി വിധികൾ ഭരണഘടനയുടെ അടിത്തറ കൂടുതൽ ശക്തിപ്പെടുത്തി. അത് ഇന്ത്യൻ ജനവിഭാഗങ്ങളുടെ നാനാവിധ അവകാശങ്ങളെ കൂടുതൽ ശാക്തീകരിക്കാനുതകത്തക്ക രീതിയിലുള്ളതായിരുന്നു. കാരണം, ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങളായ ഭരണഘടനയുടെ പരമാധികാരം, നിയമവാഴ്ച, ജൂഡീഷ്യറിയുടെ സ്വതന്ത്ര സ്വഭാവം, മതേതരത്വം എന്നിവ ഭരണഘടന ഭേദഗതിയിൽക്കൂടി ഭേദഗതി ചെയ്യാനോ മാറ്റിയെഴുതാനോ വെട്ടി ചുരുക്കാനോ സാധ്യമല്ലെന്ന അടിസ്ഥാന തത്ത്വങ്ങൾ രാജ്യത്ത് നിയമം മാറിയതോടു കൂടി ഭരണഘടന എല്ലാ അർത്ഥത്തിലും പരിരക്ഷിക്കപ്പെട്ടു.

**നീതി വ്യവസ്ഥയുടെ സ്വതന്ത്രസ്വഭാവം**

ഇന്ത്യൻ ജൂഡീഷ്യറി ലോകത്തിലെ ഏറ്റവും ശക്തവും സ്വതന്ത്രവുമായതായി മാറിയതാണ് ഭരണഘടനയുടെ അപ്രമാദിത്വം നാൾക്കുനാൾ രാജ്യത്ത് സ്ഥാപിക്കപ്പെട്ടത്. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയ്ക്ക് ഇന്നത്തെ സ്വതന്ത്രസ്വഭാവം നേടുന്നതിനു പിന്നിൽ എക്സിക്യൂട്ടിവും ജൂഡിഷ്യറിയും തമ്മിൽ നടന്ന നിരന്തരമായ പോരാട്ടങ്ങളുടെ ചരിത്രമുണ്ട്. കേശവാനന്ദഭാരതി കേസിൽ പാർലമെന്റിനു ഭരണഘടനാഭേദഗതി ചെയ്യാൻ അനിയന്ത്രിതമായ അധികാരം ഇല്ലെന്ന് വിധിയെഴുതിയ മൂന്നു സീനിയർ ജഡ്ജിമാരെ മറികടന്നു കൊണ്ടായിരുന്നു വിധിപ്രഖ്യാപനം നടന്ന് മണിക്കൂറുകൾക്കകം ജൂനിയർ ജഡ്ജ് ജസ്റ്റിസ് എ. എൻ. റെയെ ചീഫ് ജസ്റ്റിസായി നിയമിച്ച് രാഷ്ട്രപതി വിജ്ഞാപനം പുറപ്പെടുവിച്ചു. ജസ്റ്റിസ് എ. എൻ. റെയെ ചീഫ് ജസ്റ്റിസായി നിയമിച്ചതിൽ പ്രതിഷേധിച്ച് സീനിയർ ജഡ്ജിമാരായിരുന്ന ജസ്റ്റിസുമാരായ എ. എൻ. ഗ്രോവർ, കെ. എസ്. ഹെഗ്ഡെ, എച്ച്. ആർ. ഖന്ന എന്നിവർ രാജിവയ്ക്കുകയുണ്ടായി. പിന്നീടങ്ങോട്ട് ഇന്ത്യൻ ജൂഡീഷ്യറിയും എക്സിക്യൂട്ടീവും നിരവധി വിഷയങ്ങളിൽ ഏറ്റുമുട്ടുന്ന ചരിത്രമാണുണ്ടായത്.

ഹൈക്കോടതിയിലേയും സുപ്രീം കോടതിയിലേയും ന്യായാധിപന്മാരെ നിയമിക്കുന്നതിൽ രാജ്യത്തെ ചീഫ് ജസ്റ്റിസിന്റെ വാക്ക് അന്തിമമല്ലായെന്ന ഒന്നാം ജഡ്ജസ് കേസ് എന്ന പേരിലിറിയപ്പെടുന്ന എസ്.പി. ഗുപ്ത V/s.യൂണിയൻ ഓഫ് ഇന്ത്യ (1981 SCC 87)

കേസിലെ വിധി ഇന്ത്യൻ ജുഡീഷ്യറിയുടെ സ്വതന്ത്രസ്വഭാവം നഷ്ടപ്പെടുമോ എന്ന ആശങ്ക ഉയർത്തിയ കേസായിരുന്നു. പക്ഷേ, പിന്നീട് രണ്ടാം ജഡ്ജസ് കേസും (സുപ്രീംകോടതി അഡ്വക്കറ്റ്സ് അസോസിയേഷൻ ഓൺ റിക്കാർഡ് V/s. യൂണിയൻ (1993) 4 SCC 441 വിധിയിൽ കൂടിയും പിന്നീടുണ്ടായ പ്രസിഡൻഷ്യൽ റഫറൻസിലെ സുപ്രീംകോടതി വിധിയോടെ (1998) 7 SCC 739) ഉന്നത കോടതികളിലെ ന്യായാധിപന്മാരുടെ നിയമനത്തിൽ യൂണിയൻ ഗവൺമെന്റിന്റെ പങ്ക് നാമമാത്രമായി മാറി. ചീഫ് ജസ്റ്റിസും സുപ്രീംകോടതിയിലെ അഞ്ച് മുതിർന്ന ജഡ്ജിമാരടങ്ങിയ കൊളീജിയത്തിന് അപ്രമാദിത്വം ഉണ്ടാവുകയും ചെയ്തതോടെ ലോകത്തിലെ മറ്റ് പല ജനാധിപത്യ രാജ്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായി ഇന്ത്യൻ ജൂഡീഷ്യറി എക്സിക്യൂട്ടിവിന്റെ ഇടപെടലുകളിൽ നിന്നും പൂർണ്ണമായി മുക്തമായി.

രണ്ടും മൂന്നും ജഡ്ജസ് കേസുകളിലെ വിധികൾക്കു ശേഷം ഇന്ത്യൻ ജൂഡിഷ്യറിയിലെ ജഡ്ജിമാരുടെ നിയമന പ്രക്രിയയിൽ എക്സിക്യൂട്ടീവിനു യാതൊരുവിധ കൈകടത്തലുകളും സാധിക്കുകയില്ലെന്നു മാത്രമല്ല, നിയമ നിർമ്മാണ സഭകളും സർക്കാരുകളും ഭരണഘടനാതത്ത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയെന്ന് അവകാശപ്പെട്ടുകൊണ്ട് പാസാക്കുകയും ചെയ്തു. ഭരണഘടനാവിരുദ്ധമായ എല്ലാ നിയമങ്ങളും നടപടികളും ജൂഡീഷ്യറിയുടെ സൂക്ഷ്മ പരിശോധനകൾക്കു വിധേയമാവുകയും തെറ്റുകൾ തെറ്റാണെന്നു പ്രഖ്യാപിക്കാൻ നമ്മുടെ ഭരണഘടനാ കോടതികൾ കാണിക്കുന്ന ആർജ്ജവം ഭരണഘടനയുടെ അടിത്തറയെ കൂടുതൽ ശക്തിപ്പെടുത്തുകയുണ്ടായി.

അമേരിക്കയിൽ സൂപ്രീം കോടതിയിലേയും അപ്പീൽ കോടതിയിലേയും ജില്ലാ കോടതികളിലേയും ജഡ്ജിമാരെ സെനറ്റിന്റെ അംഗീകാരത്തോടു കൂടി പ്രസിഡന്റ് നിയമിക്കുന്നത് പലപ്പോഴും രാഷ്ട്രീയ പരിഗണനയുടെ അടിസ്ഥാനത്തിലാണെന്ന പരാതിയുണ്ടാകാറുണ്ട്. അത്തരം ജഡ്ജിമാരിൽ പലരേയും സെനറ്റർമാർ ശിപാർശ ചെയ്യുന്ന പതിവാണ് പരാതികൾക്കു കാരണം. പക്ഷേ, അമേരിക്കയിലെ ജഡ്ജിമാരെ നീക്കം ചെയ്യാൻ സാധിക്കാത്തതും നിയമന കാലാവധി ജീവിതകാലാവസാനം വരെയെന്ന രീതിയും ജഡ്ജിമാർക്ക് ഭീതിയോ പ്രീതിയോ കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കുമെന്നതാണ് സ്ഥിതി.

ദക്ഷിണാഫ്രിക്കയിലെ പുതിയ ഭരണഘടനയനുസരിച്ച് ജഡ്ജിമാരെ നിയമിക്കാനുള്ള നാഷണൽ ജൂഡിഷ്യൽ നിയമന കമ്മിഷൻ വഴിയുള്ള എക്സിക്യൂട്ടീവിന്റെ അധികാരം ജുഡീഷ്യറിയുടെ സ്വതന്ത്ര സ്വഭാവത്തെ കളങ്കപ്പെടുത്തിയെന്നു പരക്കെ പരാതി ഉണ്ടായിരുന്നു. ജഡ്ജിമാരെ നിയമിക്കുന്നതിനായി ബ്രിട്ടനിലും നിയമന കമ്മിഷൻ രീതിയുടെ ചുവടുപിടിച്ച് ഇന്ത്യയിലും നടപ്പിലാക്കാൻ ഉദ്ദേശിച്ച നാഷണൽ ജുഡീഷ്യൽ നിയമന കമ്മിഷനു രൂപം നൽകിയിട്ടുള്ള 99-ാം ഭരണഘടനാഭേദഗതി നിയമം മോദി പ്രധാനമന്ത്രിയായതിനു ശേഷം പാർലമെന്റിലെ ഇരുസഭകളിലും യോജിച്ചു പാസാക്കി. ജുഡീഷ്യറിയെ ബാധിക്കുന്ന ഭരണഘടനാ ഭേദഗതി രാജ്യത്തെ പകുതിയിലധികം നിയമസഭകൾ

ശരി വയ്ക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രാജ്യത്തെ 20 നിയമസഭകൾ ശരിവച്ച് രാഷ്ട്രപതി ഒപ്പിട്ട് നിയമം നടപ്പിലാക്കിയെങ്കിലും സുപ്രീംകോടതി പ്രസ്തുത ഭേദഗതി നിയമം ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്കെതിരാണെന്ന കാരണത്താൽ അസാധുവായി പ്രഖ്യാപിച്ച ചരിത്രവിധി ഒരിക്കൽക്കൂടി ഭരണഘടനയുടെ യഥാർത്ഥ കാവൽക്കാരായി ഇന്ത്യൻ ജുഡീഷ്യറി മാറിയെന്നതിന്റെ തെളിവാണ്. പാർല മെന്റിന്റെ പരമാധികാരത്തെക്കാൾ മുകളിലാണ് ജുഡീഷ്യറിയുടെ അപ്രമാദിത്വം എന്ന ധീരവും ശക്തവുമായ സന്ദേശമാണ് പ്രസ്തുത വിധി നൽകിയിരുന്നത്.

99-ാം ഭരണഘടനാഭേദഗതി നിയമം അനുസരിച്ചുള്ള നാഷണൽ ജുഡീഷ്യൽ നിയമന കമ്മിഷൻ ഇന്ത്യൻ ചീഫ് ജസ്റ്റിസും സുപ്രീംകോടതിയിലെ രണ്ട് മുതിർന്ന ജഡ്ജിമാർക്കും പുറമെ കേന്ദ്ര നിയമമന്ത്രിയും പ്രധാനമന്ത്രിയും ലോകസഭയിലെ പ്രതിപക്ഷനേതാവും ചീഫ് ജസ്റ്റിസുമടങ്ങുന്ന ഉപസമിതി നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രമുഖ വ്യക്തികളും ഉൾപ്പെട്ടതാണ്. മാത്രമല്ല, രണ്ട് പ്രമുഖ വ്യക്തികൾ ആരായിരി ക്കണമെന്ന് നിയമം നിർവ്വചിച്ചിട്ടില്ലെന്ന് മാത്രമല്ല, ജഡ്ജിമാരെ നിയമിക്കുന്ന സമിതിയിൽ ആ രണ്ട് പ്രമുഖ വ്യക്തികൾക്ക് വീറ്റോ അധികാരവും ഉണ്ടായിരുന്നു. ഫലത്തിൽ യൂണിയൻ ഗവൺമെന്റിന് ഉന്നത ജഡ്ജിമാരെ നിയമിക്കുന്നതിൽ അപ്രമാദിത്വം നൽകുന്നതായിരുന്നു നാഷണൽ ജുഡീഷ്യൽ നിയമന കമ്മിഷൻ. രാജ്യത്തെ ഏറ്റവും വലിയ വ്യവഹാരി യൂണിയൻ ഗവൺമെന്റായിരിക്കേ ന്യായാധിപന്മാരെ നിയമിക്കുന്നതിൽ വ്യവഹാരിക്ക് മുഖ്യ പങ്കാളിത്തം നൽകുന്നത് ജുഡീഷ്യറിയുടെ സ്വതന്ത്ര സ്വഭാവത്തെ നശിപ്പിക്കുമെന്നതായിരുന്നു 99-ാം ഭരണ ഘടനാ ഭേദഗതി നിയമത്തിനെതിരായി ഉയർന്നു വന്ന പ്രധാന ആക്ഷേപം ആയത് ഭരണ ഘടനയുടെ അടിസ്ഥാനഘടനയുടെ ആണിക്കല്ലിളക്കുമെന്ന ആശങ്കയാണ് നാഷണൽ ജുഡീഷ്യൽ നിയമന കമ്മിഷനെതിരെ രാജ്യത്തെമ്പാടും ഉയർന്നുവന്ന ശക്തമായ രോഷം. 99-ാം ഭേദഗതി നിയമം ഭരണഘടനാ വിരുദ്ധമെന്ന കാരണത്താൽ അസാധുവാക്കിയ സുപ്രീംകോടതി വിധി നൽകുന്ന ശക്തമായ സന്ദേശം നമ്മുടെ ഭരണഘടനാ കേന്ദ്രത്തിലെ ഭരണകക്ഷിയുടെ മൃഗീയ ഭൂരിപക്ഷം കൊണ്ടോ, ഭരണകക്ഷിയും പ്രതിപക്ഷവും യോജിച്ചാലോ ഭരണഘടനയുടെ അടിസ്ഥാനഘടനയെ ഭേദഗതി ചെയ്യാനോ പൊളിച്ചെഴുതാനോ സാധ്യമല്ലെന്നതാണ്.

ഇന്ത്യൻ ഭരണഘടനാ ചരിത്രം പരിശോധിച്ചാൽ ഭരണഘടന ഏറ്റവും വലിയ വെല്ലുവിളികളെ നേരിട്ടത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട 1975 ജൂൺ 26 തൊട്ടുള്ള 21 മാസക്കാല മായിരുന്നു. ആ കാലയളവിലാണ് ഭരണഘടന ഉറപ്പുനൽകുന്ന മൗലിക അവകാശം സസ്പെന്റ് ചെയ്യപ്പെട്ടത്. ഈ മൗലികാവകാശം സ്ഥാപിച്ചു കിട്ടുന്നതിനായി സുപ്രീംകോടതിയേയും ഹൈക്കോടതി കളേയും സമീപിക്കാനുള്ള വ്യക്തിയുടെ അവകാശവും സസ്പെന്റ് ചെയ്തിട്ടു ണ്ടായിരുന്നു. ആ കാലഘട്ടത്തിൽ പോലും സുപ്രീംകോടതി തങ്ങളുടെ അധികാര പരിധിക്കുള്ളിൽ നിന്നുകൊണ്ട് സക്രിയമായി പ്രവർത്തിച്ചിട്ടുണ്ടായിരുന്നുവെന്നതിന്റെ

തെളിവാണ് 39-ാം ഭരണഘടനാഭേദഗതി നിയമം അസാധു പ്രഖ്യാപിച്ചുകൊണ്ടുള്ള വിധി പ്രസ്താവിച്ചിരുന്നത് അടിയന്തരാവസ്ഥക്കാലത്തായിരുന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, ലോകസഭാ സ്പീക്കർ എന്നിവരുടെ തെരഞ്ഞെടുപ്പുകൾ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതായിരുന്നു 39-ാം ഭരണഘടനാഭേദഗതി നിയമം. ആ ഭേദഗതി ഭരണഘടനയുടെ അടിസ്ഥാന ഘടനയ്ക്കെതിരാണെന്ന കാരണത്താലാണ് സുപ്രീകോടതി അസാധുവായി പ്രഖ്യപിച്ചതെന്നത് തികച്ചും യാദൃച്ഛികമാണ്. പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി അലഹബാദ് ഹൈക്കോടതി തന്റെ തെരഞ്ഞെടുപ്പ് അസാധുവാക്കികൊണ്ടുള്ള വിധിക്കെതിരെ ബോധിപ്പിച്ച അപ്പീലാണ് 39-ാം ഭരണഘടനാ ഭേദഗതി സുപ്രീംകോടതി അസാധുവാക്കി പ്രഖ്യാപിച്ചത് എന്നത് യാദൃച്ഛികമാണ്. ഭരണഘടന ഭേദഗതി ചെയ്യാൻ പാർലമെന്റിന് അതിരറ്റ അധികാരമുണ്ടെന്നു വ്യവസ്ഥ ചെയ്യുന്ന 42-ാം ഭരണഘടനാ ഭേദഗതിയനുസരിച്ച് ഭരണഘടനയുടെ 368-ാം അനുഛേദത്തിൽ എഴുതിച്ചേർത്ത 5-ാം ഉപവകുപ്പ് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ച സുപ്രസിദ്ധമായ 1980-ലെ മിനർവമിൽ കേസും ഭരണഘടനയുടെ അടിത്തറയെ കൂടുതൽ ശാക്തീകരിക്കപ്പെട്ട മറ്റൊരു സുപ്രധാന വിധിയായിരുന്നു.

ഭരണഘടനയുടെ ആരംഭകാലത്ത് സുപ്രീംകോടതിയുടെയും വിവിധ ഹൈക്കോടതികളുടേയും വിധികൾ സാങ്കേതികമായി മാത്രം ഭരണഘടനയെ വ്യാഖ്യാനിച്ചതായിരുന്നു. അതിന്റെ ഏറ്റവും നല്ല ഉദാഹരണമായിരുന്നു കമ്യൂണിസ്റ്റ് നേതാവ് എ. കെ. ഗോപാലന്റെ കരുതൽ തടങ്കൽ സംബന്ധിച്ച കേസ്. ഭരണഘടന പ്രാബല്യത്തിൽ വന്ന് അഞ്ച് മാസത്തിനുശേഷം ഉണ്ടായ ആ കേസിലെ വിധി സുപ്രീംകോടതി തിരുത്തിയത് 28 വർഷത്തിനു ശേഷം 1978-ൽ മനേകാ ഗാന്ധിയുടെ കേസിലായിരുന്നു.

1947-ലെ മദ്രാസ് മെയിന്റനൻസ് ഓഫ് പബ്ലിക് ഓർഡർ ആക്റ്റ് അനുസരിച്ച് തടവിലാക്കപ്പെട്ട എ.കെ.ജി.യുടെ തടവ് കോടതി റദ്ദ് ചെയ്തതിനു ശേഷം 1950-ൽ പാർലമെന്റ് പാസാക്കി നടപ്പിലാക്കിയ കരുതൽ തടങ്കൽ നിയമമനുസരിച്ച് തുടർന്നും എ.കെ.ജി.യെ തടവിൽ പാർപ്പിക്കാനുള്ള മദ്രാസ് ഗവൺമെന്റിന്റെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ബോധിപ്പിച്ച ഹർജിയിലെ മുഖ്യവാദം പാർലമെന്റ് നടപടിക്രമം പാലിച്ചു പാസാക്കിയ നിയമമനുസരിച്ച് ഏതൊരു വ്യക്തിയുടെയും വ്യക്തിസ്വാതന്ത്ര്യമോ ജീവനോ ഇല്ലായ്മ ചെയ്യാൻ ഭരണകൂടത്തിന് അധികാരമില്ലെന്നും അപ്രകാരം പാസാക്കുന്ന നിയമം യുക്തിയുക്തവും ഉചിതവുമായിരിക്കണമെന്നും അല്ലാത്തവ ഭരണഘടനാസാധുതയില്ലാത്ത നിയമമായിരിക്കും എന്നായിരുന്നു.

എ.കെ.ജി.യുടെ വാദം ജസ്റ്റീസ് ഫൽ അലി, മഹാജൻ എന്നീ ജഡ്ജിമാർ ശരിവച്ചെങ്കിലും അഞ്ചംഗ ഭൂരിപക്ഷ വിധിയനുസരിച്ച് ഹർജി തള്ളുക ആണുണ്ടായത്. 1978-ൽ മനേകാ ഗാന്ധിക്ക് നിയമവിരുദ്ധമായ മാർഗ്ഗത്തിൽ പാസ്പോർട്ട് നിഷേധിച്ച കേസിലെ ഏഴംഗ ഭരണഘടനാ ബെഞ്ച് വിധിച്ചത് അനുച്ഛേദം 21 അനുസരിച്ച് ഇന്ത്യനതിർത്തിയിൽ

അധിവസിക്കുന്ന ഏതൊരു വ്യക്തി യുടേയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ ഹനിച്ചുകൊണ്ടുള്ള എത് നിയമവും വ്യവസ്ഥാപിതമായ നടപടിക്രമം പാലിച്ചു കൊണ്ട് മാത്രം പോരായെന്നും അത്തരം നിയമങ്ങൾ യുക്തിസഹവും ഉചിതവും ന്യായയുക്തവുമായിരിക്കണമെന്ന് വിധിച്ചു കൊണ്ടാണ്.

രാജ്യം നിരവധി വെല്ലുവിളികളെ നേരിടേണ്ടിവന്നപ്പോഴൊക്കെ നമ്മുടെ ജനാധിപത്യ പാർലമെന്ററി വ്യവസ്ഥ ഏഴുപതിറ്റാണ്ട് കാലം ശക്തമായി നിലനിന്നു വരുന്നതിന്റെ മൂലകാരണം ഭദ്രമായ അടിത്തറയുള്ള നമ്മുടെ ഭരണഘടനയും ആ ഭരണഘടനാ തത്ത്വങ്ങൾ പരിരക്ഷിച്ചു നിലനിർത്തുന്നതിൽ രക്ഷാകവചമായി പ്രവർത്തിക്കുന്ന ഇന്ത്യൻ ജുഡിഷ്യറിയും വഹിക്കുന്ന നിസ്തുലവും സക്രിയവുമായ പങ്കാണ്.

*(മുൻ കേരള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ)*

**സമകാലിക മലയാളം**
**ഡിസംബർ 16 2024**

# Supreme Court upholds the state's power to tax mines and minerals

**Atri Prasad Raut**

With an 8:1 majority, the Supreme court upheld states' power to tax mineral bearing lands. In India, Mines and Minerals are primarily regulated by the Mines and Minerals (Development and Regulations) (MMDR) Act, 1957.

The Court examined whether:(i) royalty collected on mining activities under the MMDR Act qualifies as a tax, (ii) states' power to tax land and building extends to mineral bearing land, and (iii) the Parliament can limit the state legislature's powers to imspose taxes on mines and minerals.

The Court held that royalty is not a tax. It is a payment that arises out of the contractual obligation to enjoy mineral rights.

The Court also held that power of states to tax mineral rights cannot be superseded by powers of Parliament to regulate the sector. Under the Constitution, states powers to tax mineral rights can be limited by an Act of Parliament. The Court noted that the MMDR Act, 1957 does not restrict the state's ability to collect taxes

The Court also held that states' power to tax land extends to mines and quarries. Such lands can be taxed based on mineral value or produce. It also stated that the Parliament cannot limit states powers to tax mineral bearing lands.

**PRS Legislative Research**
**July 2024**

# Bill to amend law regulating waqf property introduced in lok sabha

**Rutvik Upadhyaya**

The Waqf (Amendment) Bill, 2024 was introduced in Lok Sabha. It amends the Waqf Act, 1995. The Act regulates waqf property in India. The Act defines waqf as an endowment of movable or immovable property for purposes considered pious, religious, or charitable under Muslim law. Every state is required to constitute a Waqf Board to manage waqf. The Bill renames the Act to "United Waqf Management, Empowerment, Efficiency and Development Act. 1995." The Bill has been referred to a Joint Parliamentary Committee for scrutiny (Chair: Mr. Jagdambika Pal). Key features of the Bill include:

**Formation of waqf**: The Act allows waqf to be formed by: (i) declaration, (ii) recognition based on long-term use (waqf by user), or (iii) endowment when the line of succession ends (waqf-alal-aulad) The Bill states that only a person practicing Islam for at least five years may declare a waqf. It clarifies that the person must own the property being declared. It removes waqf by user. It also adds that waqf-alal-aulad must not result in denial of inheritance rights to the donor's heir including women heirs.

**Government property as waqf**: The Bill states that any government property identified as waqf will cease to be so. The Collector of the area will determine in case of uncertainity and submit a report to the state govenment.

**waqf Boards:** The Act provides for election of members to these boards. Upto two members each from electoral colleges of Muslim MPs, MLAs and MLCs, and Bar council members for the state elected. The Bill amends this to allow the state government to nominate one person to the Board from each of these electoral colleges. It also removes the criteria for these persons to be Muslim. Members from the Muslim Community will include mutawalli of the Waqf, and two or more elected members from the Municipalities or Panchayat. It adds that a Board must have : (i) two non-Muslim members, and (ii) at least one member each from Shias, Sunnis, and Backward classes of Muslims. It must also have one member each from Bohra and Agakhani communities if they have a waqf in the state. The Act provides for at least two of the members to be women. The Bill changes this to specify that two of the Muslim members must be women.

**PRS Legislative Research**
**August 2024**

# Bill to repeal Mussalman Wakf Act, 1923, introduced in Lok Sabha

